# സാന്ത്വനപ്രകാശം

പാലാ രൂപതാബുള്ളറ്റിൻ




Vol. LXXV No. 8 August 2025 കൈത്താക്കാലം

26.07.2025



















# പ്ലാറ്റിനം ജൂബിലി സമാപനം



"സീറോ മലബാർ സഭയുടെ ഏറ്റവും നല്ല വീഞ്ഞ് സൂക്ഷിക്കുന്ന കാനായാണ് പാലാ രൂപത. വിശ്വാസത്തിന്റെയും തനിമയുടെ മേന്മയുടെയും കലർപ്പില്ലാത്ത ഇടം. പാലാ രൂപതയാകുന്ന അടയാള നക്ഷത്രത്തിൽ നോക്കി യാത്ര ചെയ്താൽ വഴി തെറ്റില്ല."

**മാർ റാഫേൽ തട്ടിൽ**

"ഭാരതത്തിൽ പല മാതൃകാ രൂപതകളും ഉണ്ട്. അതിൽ മുന്നിൽ നിൽക്കുന്ന മാതൃകാ രൂപതയാണ് പാലാ രൂപത. പാലാ രൂപതയുടെ കരുത്ത് നല്ല നേതൃത്വമാണ്. അതിനാൽ അപസ്വരങ്ങൾ ഇല്ല."

**കർദിനാൾ മാർ ജോർജ് ആലഞ്ചേരി**






"പാലാക്കാർ സുവിശേഷത്തിന്റെ മർമ്മം തിരിച്ചറിഞ്ഞു ജീവിച്ചവരാണ്. പാലായുടെ അഭിവൃദ്ധി സുവി ശേഷത്തിന്റെ അഭിവൃദ്ധിയാണ്. ദൈവരാജ്യത്തിന്റെ വ്യാപനമാണ്."

**മോറോൻ മോർ ബസേലിയോസ് കർദിനാൾ ക്ലീമിസ് കാതോലിക്കാ ബാവ**

"പാലാ എന്നാൽ സംരക്ഷിക്കപ്പെടുന്ന സ്ഥലമെന്നാണ് അർത്ഥം. തോമാശ്ലീഹായുടെ മാർഗ്ഗവും, പൈതൃകങ്ങളും, പാരമ്പര്യങ്ങളും സംരക്ഷിക്കപ്പെടുന്ന നിലമാണ് പാലാ."

**മോറോൻ മോർ ബസേലിയോസ് ജോസഫ് കാതോലിക്കാ ബാവ**





"പാലാക്കാർ സഭയോടും സമൂഹത്തോടും ചേർന്നു നിന്നതിന്റെ ചരിത്രമാണ് ഈ 75 വർഷവും പറയാനുള്ളത്."

**മാർ ആൻഡ്രൂസ് താഴത്ത്**



"സുറിയാനിക്കത്തോലിക്കാത്തനിമ
സംരക്ഷിക്കുന്നതിൽ പാലാ രൂപത നൽകിയ
സംഭാവന അമൂല്യമാണ്."
**മാർ തോമസ് തറയിൽ**

"തലശ്ശേരി അതിരൂപത പാലായുടെ ഏറ്റവും
പ്രിയപ്പെട്ട സന്താനം."
**മാർ ജോസഫ് പാംപ്ലാനി**





"വിശ്വാസത്തിൽ തീക്ഷ്ണതയുള്ള ഒരു
സമൂഹമാണ് പാലായിൽ. ഈ സമൂഹം സീറോ
മലബാർ സഭയുടെ വിശ്വാസത്തിന്റെ
കോട്ടയാണ്."
**ശ്രീ റോഷി അഗസ്റ്റിൻ (മന്ത്രി)**

"പാലാ പവിത്രതയുടെ മണ്ണാണ്.
The Syro Malabar tradition which is so
beautifully preserved here in this
Cathedral, is both relic and revelation
bound with fidelity and responsibility.."
**ഡോ. ശശി തരൂർ എം പി**






"പാലായ്ക്കു പവിത്രമായ പാരമ്പര്യമുണ്ട്.
ആ പാരമ്പര്യം കേരളത്തിലെ വിവിധ
ഭാഗങ്ങളിലേക്കു പറിച്ചുനടുകയും
ചെയ്തിട്ടുണ്ട്. മലബാറും ഹൈറേഞ്ചുമെല്ലാം
പാലായുടെ മക്കളാണ്."
**സണ്ണി ജോസഫ് (കെ പി സി സി പ്രസിഡന്റ്)**

"ചരിത്രം നമ്മെ പിളർത്തിയെങ്കിലും വിശ്വാസം നമ്മെ
ഒന്നിപ്പിക്കട്ടെ. നാമെല്ലാം ഒന്നായിരുന്നു. ഒന്നായി
ഇനിയും മുന്നേറാം. പാലാ അതിനുള്ള
പാലമാകട്ടെ."
**ഡോ ഔഗിൻ കുര്യാക്കോസ്**
**(കൽദായ സുറിയാനിസഭയുടെ മെത്രാപ്പോലീത്ത)**





"പാലാ രൂപതയാകുന്ന വിളക്കിലെ
സുവിശേഷമാകുന്ന തീനാളം ദേശങ്ങൾക്ക്
അന്ധകാരത്തിൽ പ്രകാശമായി മാറി."
**കുര്യാക്കോസ് മാർ സേവേറിയോസ്**
**(ക്നാനായ യാക്കോബായ സമുദായ**
**വലിയ മെത്രാപ്പോലീത്ത)**

"പാലാ രൂപത ദൈവത്താൽ നയിക്കപ്പെട്ട
ദൈവം പ്രത്യേകമാംവിധം തിരഞ്ഞെടുത്ത
ഏദൻതോട്ടം."
**ഡോ. സിറിൽ മാർ ബസേലിയോസ്**
**മെത്രാപ്പോലീത്ത**





"പുണ്യപൈതൃകങ്ങളുടെ വിളനിലമാണ് പാലാ."
**മാർ ജോസ് പുളിക്കൽ**


"പുറപ്പാട് പുസ്തകത്തിലെ തേനും പാലും
ഒഴുകുന്ന വാഗ്ദാനദേശം, ഈ
കാലഘട്ടത്തിൽ പാലാതന്നെയാണ്."
**ശ്രീ ജോസ് കെ മാണി (എം പി )**





"പാലാ രൂപത ജാതിമത
വ്യത്യാസമില്ലാതെ നടത്തിയ
സേവനങ്ങളും ഇടപെടലുകളും
മഹത്തരമാണ്."
**ശ്രീ ഫ്രാൻസിസ് ജോർജ് എം പി**

"വിദ്യാഭ്യാസരംഗത്തും,
ആതുരസേവനരംഗത്തും, കാർഷിക
മേഖലയിലും ഈ നാടിനും രാജ്യത്തിനും
അതുല്യമായ സംഭാവനകൾ നൽകിയ
രൂപതയാണ് പാലാ."
**മാണി സി കാപ്പൻ എം എൽ എ**




01.07.2025








മാർ സ്ലീവാ മെഡിസിറ്റിയിൽ ഡോക്ടഴ്സ് ഡേ ദിനാചരണം
ഉദ്ഘാടനം ചെയ്തു സന്ദേശം നൽകുന്ന
അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ്

03.07.2025







ചേർപ്പുങ്കൽ മെഡിസിറ്റിയുടെ പുതിയ CEO
റവ. ഡോ. അഗസ്റ്റിൻ കൂട്ടിയാനിയച്ചൻ
അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിനോടൊപ്പം

03.07.2025







പുതുതായി നിർമ്മിക്കുന്ന മഞ്ഞാമറ്റം സെന്റ് സെബാസ്റ്റ്യൻസ്
ദൈവാലയത്തിന്റെ ശിലാസ്ഥാപനം രൂപതാധ്യക്ഷൻ
അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് നിർവഹിക്കുന്നു.

05.07.2025







കടുത്തുരുത്തിയിൽ നടന്ന 'വടക്കുംകൂർ രാജ്യവും കടുത്തുരുത്തിയും'
സംസ്ഥാനതല ചരിത്രസെമിനാറിൽ പാലാ രൂപതാധ്യക്ഷൻ
അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവും
ഗോവൻ ഗവർണർ പി.എസ്. ശ്രീധരൻപിള്ളയും

05.07.2025








പാലാ സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ വിജയദിനാചരണം
അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ്
ഉദ്ഘാടനം ചെയ്തു സന്ദേശം നൽകുന്നു.

07.07.2025








രൂപത ഫൊറോന വികാരിമാരുടെ സമ്മേളനത്തിൽ
അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ്
സന്ദേശം നൽകുന്നു.

10.07.2025







പൗരസ്ത്യ കൽദായ സുറിയാനി സഭയുടെ മുൻ അധ്യക്ഷൻ
കാലം ചെയ്ത മാർ അപ്രേം മെത്രാപ്പോലീത്തയുടെ മൃതസംസ്കാര
ശുശ്രൂഷയിൽ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് പങ്കെടുക്കുന്നു.

14.07.2025







പാലാ മുണ്ടുപാലം സ്റ്റീൽ ഇന്ത്യാ ക്യാമ്പസിൽ സ്ഥിതി ചെയ്യുന്ന
പാലാ സാന്തോം ഫുഡ് ഫാക്ടറിയുടെ വെഞ്ചരിപ്പുകർമ്മം
മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് നിർവഹിക്കുന്നു

**18.07.2025**








ചൂണ്ടച്ചേരി SJCET കാറ്ററിങ് കോളജിൽ നടന്ന
അന്താരാഷ്ട്ര സെമിനാറിൽ
അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് സന്ദേശം നൽകുന്നു.

**19.07.2025**







പാലാ രൂപതാ പ്ലാറ്റിനം ജൂബിലിയാഘോഷത്തിന്റെ ഭാഗമായി
ചൂണ്ടച്ചേരി SJCET യിൽവച്ച് പാലാ രൂപതാ പ്രവാസീ മൈഗ്രന്റ്യിൻ
അപ്പോസ്തലേറ്റിന്റെ ആഭിമുഖ്യത്തിൽ നടന്ന പ്രവാസീ കുടുംബസംഗമത്തിൽ
അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് സന്ദേശം നൽകുന്നു.

"നിങ്ങൾ ലോകത്തിന്റെ പ്രകാശമാകുന്നു...
മനുഷ്യർ നിങ്ങളുടെ സത്പ്രവൃത്തികൾ കണ്ട്,
സ്വർഗസ്ഥനായ നിങ്ങളുടെ പിതാവിനെ
മഹത്ത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം
അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ."

(മത്തായി 5: 14 – 16)

*'സാന്ത്വനപ്രകാശമേ, നയിച്ചാലും'*

# സാന്ത്വനപ്രകാശം

## പാലാ രൂപതാബുള്ളറ്റിൻ

AUGUST 2025
Vol. LXXV No. 8

# CONTENTS

ഇടയലേഖനം- 85 ........................................................ 495

സർക്കുലർ ........................................................ 532

സർക്കുലർ ........................................................ 540

സർക്കുലർ ........................................................ 547

സർക്കുലർ ........................................................ 550

അറിയിപ്പ് ........................................................ 560

Collection List ........................................................ 561

വാർത്തകൾ ........................................................ 569

അഭിവന്ദ്യപിതാവിന്റെ ഡയറി ........................................................ 609

ഇടയലേഖനം – 85

# അദൃശ്യമായ ദൈവകരുണയുടെ തിളക്കം: പാലാ രൂപതാ പ്ലാറ്റിനം ജൂബിലി ആഘോഷങ്ങൾ പകർന്നുതന്ന ചൈതന്യം

ബിഷപ് ജോസഫ് കല്ലറങ്ങാട്ട്

**രൂപതയിലെ വൈദികർക്കും സന്ന്യാസിനീസന്ന്യാസികൾക്കും വിശ്വാസികൾ ഏവർക്കും എഴുതുന്നത്: നമ്മുടെ കർത്താവീശോമിശിഹായിൽനിന്നു കൃപയും സമാധാനവും നിങ്ങൾക്കുണ്ടായിരിക്കട്ടെ.**

## ഭാഗം –1

**1. ജൂബിലിപ്രഖ്യാപനത്തിന്റെ ഇടയലേഖനം :** അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വയലിൽപിതാവ് മെത്രാൻപട്ടം സ്വീകരിച്ച റോമിലെ സെന്റ് തെരേസാസ് ബസിലിക്കയിൽ 2024 ജൂൺ 26 ന് വിശുദ്ധ കുർബാനയർപ്പിച്ചശേഷമാണ് പാലാ രൂപതയുടെ ജൂബിലിവർഷം ആചരിക്കാനുള്ള ഇടയലേഖനം ഞാൻ എഴുതിയത്. 2024 ജൂലൈ 2നു പ്രസിദ്ധീകരിച്ച ആ ഇടയ ലേഖനംവഴി ഔദ്യോഗികമായി രൂപതയുടെ പ്ലാറ്റിനംജൂബിലി വർഷം പ്രഖ്യാപിച്ചു. പതിനായിരക്കണക്കിനു വിശ്വാസികളും വൈദികരും സന്ന്യസ്തരും ജൂബിലിവർഷത്തിന്റെ വിജയത്തി നുവേണ്ടി കഠിനമായി അദ്ധ്വാനിച്ചു. ഓരോ ദിവസവും നമ്മൾ പ്രത്യേകമായി ജൂബിലിപ്രാർത്ഥനകൾ നടത്തിയിരുന്നു. ഇത് രൂപതയിലെ ഓരോരുത്തരുടെയും ജൂബിലിയാണെന്ന ചിന്തയോടെ ഏകമനസ്സായി, അക്ഷീണമായി പ്രവർത്തിക്കാൻ

ദൈവം ഇടയാക്കി. ദൈവം അതിനു പ്രതിഫലം നൽകുന്നത് നാം ഇന്ന് അനുഭവിച്ചറിയുന്നു. വർധിതമായ ചൈതന്യവും ഊർജവുമായി ഈ പ്രയത്നങ്ങളെയെല്ലാം ദൈവം രൂപാന്തരപ്പെടുത്തിയത് നമ്മുടെ ജീവിതങ്ങളിലും സമൂഹത്തിലും നാം തിരിച്ചറിയുന്നുണ്ട്. പാലാ രൂപതയെ അതാക്കിത്തീർത്തത് ഭാഗ്യസ്മരണാർഹനായ മാർ സെബാസ്റ്റ്യൻ വയലിൽപിതാവിന്റെയും സ്നേഹനിധിയായ മാർ ജോസഫ് പള്ളിക്കാപറമ്പിൽപിതാവിന്റെയും കഠിനാധ്വാനവും നിശ്ചയദാർഢ്യവും സഭാ-ചരിത്രപാരമ്പര്യത്തെക്കുറിച്ചുള്ള ആഴമേറിയ അറിവും സാമൂഹികവിഷയങ്ങളിലുള്ള പ്രതിബദ്ധതയുമാണ്. രൂപതയുടെ സഹായമെത്രാനായിരുന്ന മാർ ജേക്കബ് മുരിക്കൻപിതാവിനെയും അദ്ദേഹത്തിന്റെ എല്ലാ പ്രവർത്തനങ്ങളെയും സ്നേഹത്തോടെ ഓർക്കുന്നു.

**2. ഹോം മിഷൻ:** 2024 മേയ്മാസത്തിലെ ഇടയലേഖനത്തിൽ പറഞ്ഞിരുന്നതുപോലെ ബാഹ്യമായ വലിയ ആഘോഷങ്ങൾക്കപ്പുറം രൂപതയിലെ ഓരോ കുടുംബത്തിന്റെയും നവീകരണമാണ് രൂപത ഹോം മിഷനിലൂടെ ലക്ഷ്യമിട്ടത്. നമ്മുടെ രൂപതയിലെ എല്ലാ ഭവനങ്ങളും ബഹുമാനപ്പെട്ട സിസ്റ്റേഴ്സ് സന്ദർശനം നടത്തിക്കഴിഞ്ഞു. രൂപതയുടെ ഫാമിലി അപ്പോസ്തലേറ്റ് 2024 ജൂൺ 8നു നടത്തിയ മാതൃവേദി, പിതൃവേദി, പ്രോലൈഫ് സംഘടനകൾ ചേർന്ന കുടുംബസംഗമം ജൂബിലിയുടെ ആഘോഷങ്ങൾ കുടുംബങ്ങളിൽ തുടങ്ങിയതിന്റെ പ്രഖ്യാപനമായിരുന്നു.

**3. പ്ലാറ്റിനം ജൂബിലി ഔപചാരികമായ ഉദ്ഘാടനം:** അഭിവന്ദ്യ മേജർ ആർച്ചുബിഷപ്പിന്റെ മുഖ്യകാർമ്മികത്വത്തിൽ നടന്ന പരിശുദ്ധകുർബാനയോടെ പ്ലാറ്റിനം ജൂബിലിയുടെ ഔപചാരികമായ ഉദ്ഘാടനം 2024 ജൂലൈ 26 ന് ഭരണങ്ങാനം അൽഫോൻസാ ഷ്രൈനിൽ നടത്തപ്പെട്ടു. സീറോ മലബാർ സഭയുടെ മേജർ ആർച്ചുബിഷപ് അഭിവന്ദ്യ മാർ റാഫേൽ

തട്ടിൽ മുഖ്യകാർമ്മികത്വം വഹിച്ച പരിശുദ്ധ കുർബാനയിൽ രൂപതാധ്യക്ഷനും അഭിവന്ദ്യപിതാക്കന്മാരായ മാർ ജോസഫ് പള്ളിക്കാപറമ്പിൽ, മാർ ജേക്കബ് മുരിക്കൻ, വിൻസെന്റ് മാർ പൗലോസ് എന്നിവരും രൂപതയിലെ വൈദികരും സഹകാർമ്മികരായി. സഹനവും ത്യാഗവും പ്രതീക്ഷയും ദൈവികപദ്ധതിയായി സ്വീകരിക്കാൻ ശക്തി പകരുന്ന പരിശുദ്ധ കുർബാന സഭാതലവന്റെ മുഖ്യകാർമികത്വത്തിൽ സഹനപുഷ്പത്തിന്റെ കബറിടം സ്ഥിതിചെയ്യുന്ന ഭരണങ്ങാനത്ത് അർപ്പിച്ചുകൊണ്ടാണ് ഒരു വർഷം നീണ്ടുനിൽക്കുന്ന ആത്മീയപ്രാധാന്യമുള്ള സംരംഭങ്ങൾക്കു ജൂബിലിവർഷത്തിൽ തുടക്കമിട്ടത്.

**4. ദൈവാലയശുശ്രൂഷികളുടെയും കണക്ക്-കമ്പ്യൂട്ടർ വിദഗ്ധരുടെയും മറ്റു പള്ളിജീവനക്കാരുടെയും സംഗമങ്ങൾ:** രൂപതയുടെ ജൂബിലിത്തിളക്കം വർധിപ്പിച്ച സംഗമങ്ങളായിരുന്നു ദൈവാലയശുശ്രൂഷികളുടെയും കണക്ക്-കമ്പ്യൂട്ടർ വിദഗ്ധരുടെയും മറ്റു പള്ളിജീവനക്കാരുടെയും കൂടിവരവുകൾ എന്നു നമുക്കറിയാമല്ലോ. വിശുദ്ധസ്ഥലത്തിന്റെ പരിശുദ്ധി കാത്തുസൂക്ഷിക്കുന്നതോടൊപ്പം സ്വന്തം ജീവിതത്തിലും കുടുംബത്തിലും ആ പരിശുദ്ധി നിലനിർത്താൻ കടപ്പെട്ടവരാണ് ദൈവാലയശുശ്രൂഷികൾ. 1012ൽ ബെൽജിയത്തിൽ അന്തരിച്ച Guido of Anderlecht അഥവാ ആന്റെർലെഹ്റ്റിലെ സാധുമനുഷ്യനാണ് പാശ്ചാത്യരാജ്യങ്ങളിലെ ദൈവാലയശുശ്രൂഷികളുടെ സ്വർഗീയ മധ്യസ്ഥൻ. നമ്മുടെ സഭയിലും വിശുദ്ധരായ ദൈവാലയശുശ്രൂഷികൾ ഉണ്ടായിരിക്കണം. ചരിത്രം രേഖപ്പെടുത്താത്തതുമൂലം പലരുടെയും നന്മകൾ അറിയപ്പെടുന്നില്ല. അവരിൽ പരേതരായ നമ്മുടെ പൂർവികരിൽ വളരെപ്പേർ കഴിഞ്ഞ എഴുപത്തഞ്ചു വർഷങ്ങളിൽ ഈ രൂപതയുടെ പ്രവർത്തനങ്ങളിൽ പങ്കുചേർന്നവരാണ്. തങ്ങളുടെ പ്രവർത്തനമണ്ഡലങ്ങളിൽ അവർ നൽകിയ സംഭാവനകൾ ഭൗതികമൂല്യങ്ങളുടെ പേരിലല്ല, ആത്മീയമൂല്യങ്ങളുടെ പേരിലാണ് ഗണ്യമാകുന്നത്. അവരുടെ സംഭാവനകളെ നിസ്സാരമായി ദൈവം കാണുകയില്ല. ദൈവാലയം ശുചിയാക്കി

നിർമ്മലമാക്കിയവർ മുതൽ, ഹൃദയദൈവാലയങ്ങൾ വിശുദ്ധീകരിച്ചവർ വരെ നമ്മുടെ സ്മൃതികളിൽ എന്നും നിലനിൽക്കും. ദൈവാലയത്തിന്റെ വിശുദ്ധി കാത്തുസൂക്ഷിക്കുന്ന ദൈവാലയശുശ്രൂഷികളോടു ബഹുമാനം പുലർത്താൻ കുട്ടികളെയും സ്നേഹം പുലർത്താൻ മുതിർന്നവരെയും ഞാൻ ഉപദേശിക്കുന്നു. കണക്കെഴുത്തുകാരുടെ ശുശ്രൂഷ ഇടവകയ്ക്കും രൂപതയ്ക്കും വളരെ വിലപ്പെട്ടതാണ്.

**5. DCMS – ഉം സമുദായസമ്മേളനവും:** രാമപുരത്തുവച്ച് DCMS ന്റെ ആഭിമുഖ്യത്തിൽ 2024 നവംബർ 17 ഞായറാഴ്ച നടത്തപ്പെട്ട ദേശീയസിമ്പോസിയം രൂപതയുടെ പ്ലാറ്റിനം ജൂബിലിയാഘോഷങ്ങളിൽ ദേശീയമാനം കൈവരിച്ച ഒന്നായിരുന്നു. KCBC യുടെ SC/ST/BC കമ്മീഷൻ ചെയർമാൻ അഭിവന്ദ്യ ഗീവർഗീസ് മാർ അപ്രേം ഉദ്ഘാടനം ചെയ്ത് അഭിവന്ദ്യ മാർ മുരിക്കൻപിതാവ് അനുഗ്രഹപ്രഭാഷണം നടത്തിയ, പണ്ഡിതോചിതമായ വിചിന്തനങ്ങൾ പങ്കുവയ്ക്കപ്പെട്ട ദേശീയ സിമ്പോസിയം, യുക്തിസഹമായ ആലോചനയുടെ പാതയിൽ ഒരുമിച്ചുസഞ്ചരിക്കുവാൻ അവിടെ സന്നിഹിതരായവർക്കു കൈവന്ന അസുലഭമായ ഒരവസരമായിരുന്നു. രൂപതയുടെ ജൂബിലിയും DCMSന്റെ സപ്തതിയും ഒന്നുചേർന്ന ആ മഹാസംഗമം ദൈവപരിപാലനയുടെ ദിവ്യാനുഭവം പകർന്ന മണിക്കൂറുകളായിരുന്നു. വാഴ്ത്തപ്പെട്ട കുഞ്ഞച്ചന്റെ പുണ്യകബറിടത്തിൽ അഭിവന്ദ്യ മോറോൻ മോർ ബസേലിയോസ് കർദിനാൾ ക്ലീമിസ് കാതോലികാ ബാവാ അനുഗ്രഹപ്രഭാഷണം നടത്തിയ മഹായോഗം ഉദ്ഘാടനം ചെയ്തത് ചങ്ങനാശ്ശേരി അതിരൂപതാധ്യക്ഷൻ അഭിവന്ദ്യ മാർ തോമസ് തറയിൽ മെത്രാപ്പോലീത്ത ആയിരുന്നു. വാഴ്ത്തപ്പെട്ട തേവർപറമ്പിൽ കുഞ്ഞച്ചന്റെ കരങ്ങൾ വഴി മാമ്മോദീസാ സ്വീകരിച്ച അഭിവന്ദ്യ മാർ ജോസഫ് പള്ളിക്കാപറമ്പിൽ പിതാവിന്റെ സാന്നിധ്യം ഈ മഹായോഗത്തെ അനുഗൃഹീതമാക്കി. ചരിത്രത്തിലെ വലിയ ഒരു നിയോഗംപോലെ ഈ സമ്മേളനങ്ങൾ ചേരാൻ ദൈവം

ഇടയാക്കി എന്നു ഞാൻ കരുതുന്നു. അനുഗ്രഹത്തിന്റെ വഴിയിലെ ഈ നാഴികക്കല്ലുകളും പിന്നിട്ട് നമുക്കും അനന്തരതലമുറകൾക്കും അനേകദൂരം നടക്കാൻ ദൈവപരിപാലന നമുക്കു കൂട്ടായിരിക്കട്ടെ. DCMS ന്റെ എല്ലാ സംരംഭങ്ങൾക്കും യോഗങ്ങൾക്കും ചൈതന്യം പകരാൻ ഈ സിമ്പോസിയത്തിനും മഹാസമ്മേളനത്തിനും കഴിഞ്ഞു

**6. ലഹരിക്കെതിരെ നടത്തിയ സമ്മേളനങ്ങളും ജാഥയും:** ലഹരിക്കെതിരായ അവബോധം ഉണർന്നതിന്റെ ബാഹ്യപ്രകടനമായിരുന്നല്ലോ ജൂബിലിവർഷത്തിൽ നാം നടത്തിയ മൂന്നു സമ്മേളനങ്ങൾ. അധ്യാപകരും അധികാരികളും ജനപ്രതിനിധികളും ഉൾപ്പെടെ അനേകം പ്രമുഖരും അജപാലനപരമായ ഉത്തരവാദിത്വങ്ങൾ വഹിക്കുന്ന വൈദികരും സന്ന്യസ്തരും പങ്കെടുത്ത ഈ യോഗങ്ങൾ ഒളിപ്പോരാളികളുടെ ഉഗ്രരൂപംപൂണ്ട ലഹരിഭീകരതയ്ക്കെതിരെയുള്ള പടപ്പുറപ്പാടായിരുന്നു. ലഹരിയുടെ കടന്നാക്രമണത്തിന്റെ ഇരകളാകേണ്ടിവരുന്ന കുഞ്ഞുങ്ങളെ ഓർത്ത് നീറുന്ന മാതാപിതാക്കളോടും അധ്യാപകരോടും ഐക്യദാർഢ്യം പ്രഖ്യാപിക്കാനും, ലഹരിക്കെതിരെ പോരാടാൻ ഉത്തരവാദിത്വമുള്ള എല്ലാവരുടെയും പ്രവർത്തനങ്ങൾക്കു പിന്തുണ പ്രഖ്യാപിക്കുവാനുമായിരുന്നു ഈ സമ്മേളനങ്ങൾ. 2025 മാർച്ച് 17 നു നടത്തപ്പെട്ട ബോധവൽക്കരണജാഥ ഇതിന്റെ സജീവമായ ഒരു പ്രഖ്യാപനമായിരുന്നു. ജൂബിലിയുടെ പ്രത്യാശ കെടാതിരിക്കാനുള്ള യാഥാർത്ഥ്യബോധത്തോടെയുള്ള പ്രതിരോധമായി ലഹരിക്കെതിരെയുള്ള കൂട്ടായ ഈ പ്രവർത്തനങ്ങളെ ഭാവിതലമുറ വിലയിരുത്തും എന്നു നമുക്കറിയാം. വിവിധ സ്കൂളുകളിലും കോളജുകളിലും ലഹരിവിരുദ്ധ കാമ്പെയിനുകളും നടത്തിയിരുന്നു.

**7. എ.കെ.സി.സി സമ്മേളനങ്ങൾ:** 107 വർഷങ്ങൾ പൂർത്തിയാക്കിയ കത്തോലിക്കാ കോൺഗ്രസ് സീറോമലബാർ സഭയുടെ നെടുംതൂണുകളിൽ ഒന്നാണ്. 2025 മാർച്ച് 25ലെ ഇടയലേഖന

ത്തിൽ കത്തോലിക്കാ കോൺഗ്രസ് നാടിനും സമുദായത്തിനും സഭയ്ക്കും നൽകിയ സംഭാവനകൾ എടുത്തുപറഞ്ഞിട്ടുണ്ട്. മേയ് 6 ന് കൊഴുവനാൽ പള്ളി ഓഡിറ്റോറിയത്തിൽ വച്ച് സർ സി.പി.ക്കെതിരെയുള്ള സമരം മുതൽ കത്തോലിക്കാ കോൺഗ്രസ് നടത്തിയ സമരപോരാട്ടങ്ങളെ അനുസ്മരിച്ചതാണ്. തച്ചിൽ മാത്തൂത്തരകൻ മുതൽ കത്തോലിക്കാകോൺഗ്രസിന്റെ പ്രമുഖനേതാക്കളെയെല്ലാം അവരുടെ പ്രവർത്തനങ്ങൾ സഹിതം അവിടെ എടുത്തുപറഞ്ഞതാണ്. സ്ഥാപനകാലം മുതൽ നസ്രാണിസമുദായം കടന്നുപോന്ന ദുരിതവഴികളിൽ അവർക്കുവേണ്ടി ശബ്ദമുയർത്താനുള്ള ധീരത കൈമുതലായുണ്ടായിരുന്നവരുടെ ഈ കൂട്ടായ്മ സമുദായം എന്ന ചിന്തയുള്ളവരെല്ലാം ഏറെ വിലമതിക്കും. ജൂബിലിയുടെ അവസരത്തിൽ നിരവധി കർമ്മപരിപാടികളിലൂടെ നിസ്വാർത്ഥമായി സഭയ്ക്കും സമുദായത്തിനുംവേണ്ടി, ഇന്നത്തെ കാലത്തിനും സാഹചര്യത്തിനും ഇണങ്ങിയ രീതിയിൽ വ്യത്യസ്തങ്ങളായ കർമ്മപരിപാടികൾ ആവിഷ്കരിക്കുന്ന ഈ സംഘടനയുടെ ഐഡന്റിറ്റി സ്വയംപുകഴ്ചയുടെയോ, മത്സരബുദ്ധിയുടെയോ, അന്യവിരോധത്തിന്റെയോ അല്ലാത്തതിനാൽ ലൗകികാർത്ഥത്തിലുള്ള മികവ് അവകാശപ്പെടുന്നില്ല. എന്നാൽ, രാഷ്ട്രീയാധികാരമില്ലാതെ എങ്ങനെ സഭയുടെ ചട്ടക്കൂട്ടിൽനിന്ന് ചിട്ടയായി പ്രവർത്തിക്കാം എന്നതിന് മകുടോദാഹരണമാണ് കത്തോലിക്കാ കോൺഗ്രസ്. ഈ സംഘടന നാളിതുവരെ ചെയ്തതും ഇപ്പോൾ ചെയ്യുന്നതുമായ നന്മപ്രവൃത്തികൾ രേഖപ്പെടുത്താമെന്നു വച്ചാലും തീരാത്തത്ര വിപുലമാണ്. അതിലെ അംഗങ്ങൾക്കു മാത്രം അവകാശപ്പെട്ട സമുദായക്ഷേമചിന്തയും ചരിത്രബോധവും അടുത്തതലമുറയ്ക്കു പകരുക എന്നതായിരിക്കും അവർ നേരിടുന്ന വലിയ വെല്ലുവിളി. സൺഡേസ്കൂളിലെ മുതിർന്ന ക്ലാസിലെ കുട്ടികൾക്ക് എല്ലാവർഷവും കത്തോലിക്കാ കോൺഗ്രസിനെപ്പറ്റി ഉപന്യാസമെഴുതാൻ മത്സരം ക്രമീകരിക്കുന്നതും ആലോചിക്കാവുന്ന കാര്യമാണ് എന്നു ഞാൻ എടുത്തുപറയാനാഗ്രഹിക്കുന്നു.

**8. ഓട്ടോറിക്ഷാത്തൊഴിലാളികളുടെയും മറ്റു തൊഴിലാളി കളുടെയും സംഗമങ്ങൾ:** പിൻബലം ഉണ്ടോ അത്രയും ഉയരത്തിലേക്കു വളരാൻ സാധിക്കുന്ന ഒന്നാണ് നമ്മുടെ സമൂഹം. അപ്രകാരം നോക്കിയാൽ തൊഴിലെടുക്കുന്നവരെ യായിരിക്കും ആദ്യം നാം കാണുക. ഏതൊക്കെ തൊഴിലുകളാണ് നാടിനാവശ്യം എന്നു ചോദിച്ചാൽ അതിൽ മുമ്പിൽനിൽക്കു ന്നത് സംഘടിതത്തൊഴിലാളികൾ മാത്രമല്ല, അസംഘടിത ത്തൊഴിലാളികളുമാണ്. ഇവരെല്ലാം സഹായിക്കുന്നതുകൊ ണ്ടാണ് ഒരു കൊച്ചുകുട്ടിപോലും പഠിച്ചുവളർന്നു വലുതാകു ന്നത്. 'താങ്ക്യൂ' എന്നോ മലയാളത്തിൽ 'നന്ദി' എന്നോ പറയാ നുള്ള സമ്പ്രദായം ഇല്ലെങ്കിലും നന്ദി മനസ്സിൽ സൂക്ഷിക്കുന്ന വരാണല്ലോ മലയാളികൾ. കാരണം, സഹോദരീസഹോദരങ്ങ ളോടോ മാതാപിതാക്കളോടോ വാക്കുകൾകൊണ്ടല്ലല്ലോ നാം നന്ദി അറിയിക്കുന്നത്. നന്ദി പറയുകയാണെങ്കിൽ ഒരു ദിവസം എത്ര പേരോടു നാം നന്ദി പറയേണ്ടതുണ്ട്. അങ്ങനെ കടപ്പെ ട്ടിരിക്കുന്നവരെ ജൂബിലിവർഷത്തിൽ നമ്മൾ പല അവസരങ്ങളി ലായി കണ്ടെത്തി. നമ്മുടെ യാത്രാദുരിതം കുറയ്ക്കുന്നവർ, അവരുടെ ദുരിതം പറയാതെ നമ്മുടെ ദുരിതം കുറയ്ക്കുന്ന ഓട്ടോറിക്ഷാഡ്രൈവർമാരാണ്. ഓട്ടോറിക്ഷയിൽ യാത്ര ചെയ്യുമ്പോൾ അവർക്കുവേണ്ടി പ്രാർത്ഥിക്കുവാൻ സാധിക്കുന്ന വർ അപ്രകാരം ചെയ്യുന്നുണ്ട്. ഇതുതന്നെ ബസ്ഡ്രൈവർമാരുടെ കാര്യത്തിലും ഉണ്ടാകണം. ഭക്ഷണം ഉണ്ടാക്കി വിളമ്പുന്നവർ, പറമ്പിലും പാടത്തും വന്നു പണി ചെയ്യുന്നവർ, ശുചീകരണ ത്തൊഴിലാളികൾ, സെക്യൂരിറ്റി ജോലി ചെയ്യുന്നവർ, അലക്കു തൊഴിലാളികൾ, അന്യനാടുകളിൽനിന്നു വന്നു ജോലിചെയ്യുന്ന വർ, അതേസമയം അന്യനാടുകളിൽ പോയി ജോലിചെയ്യുന്ന നമ്മുടെ പുതിയതലമുറക്കാർ എല്ലാവരെയും പ്രാർത്ഥനയിൽ ഓർക്കാൻ നാം കടപ്പെട്ടിരിക്കുന്നു. വിദേശരാജ്യങ്ങളിൽ എല്ലാ ജോലികളും സ്വയം ചെയ്യേണ്ടിവരുന്നതുമൂലം വാർധക്യത്തിൽ അതിനു കഴിവില്ലാതെ വൃദ്ധസദനങ്ങളിൽ കഴിയുന്നവരുടെ

ദുർഗതി നമുക്ക് ഏറെ വന്നിട്ടില്ല. കാരണം, വീടുകളിൽ നമുക്കു ജോലിക്കാരെ വയ്ക്കാൻ കഴിയുന്നതുകൊണ്ടാണ്. ഇവർ എല്ലാവരെയും ജൂബിലിവർഷത്തിൽ നാം സ്മരിച്ചിട്ടുണ്ട്. ജൂബിലി കഴിഞ്ഞും നമുക്കു തൊഴിലെടുക്കുന്നവരെ സ്നേഹ പൂർവം പ്രാർത്ഥനയിൽ ഓർക്കാം.

**9. കുടുംബക്കൂട്ടായ്മ:** കുടുംബക്കൂട്ടായ്മയോഗങ്ങളിലൂടെ ദൈവികദാനങ്ങളെ ചെറിയസമൂഹങ്ങളിൽ പങ്കുവയ്ക്കുക എന്ന വലിയ ദൗത്യം അതിലെ അംഗങ്ങൾ ഏറ്റെടുക്കുന്നു. ക്രിസ്തീയ പ്രബോധനം കുടുംബക്കൂട്ടായ്മകൾ വഴി പങ്കുവയ്ക്കപ്പെടുന്നു. കുടുംബക്കൂട്ടായ്മ സഭയുടെ പ്രതിരോധശക്തിയാണെന്നു 2025 ഫെബ്രുവരി 12-ലെ പൊതുസമ്മേളനത്തിൽ പറയാൻ കഴിഞ്ഞത് ഈ സമൂഹത്തിന്റെ കാരിസം തിരിച്ചറിഞ്ഞതുകൊണ്ടായിരുന്നു. അതാരംഭിക്കുന്നത് കുടുംബത്തിലും ഇടവകയിലുമുള്ള ക്രിസ്തീയമായ അച്ചടക്കംവഴിയാണ്. കുടുംബക്കൂട്ടായ്മയുടെ കേന്ദ്രബിന്ദുവായി ബൈബിൾപ്രതിഷ്ഠയെയും ബൈബിൾവിചിന്തനങ്ങളെയും കരുതിയാൽ തിരുവചനങ്ങളെ ചെറിയ സമൂഹത്തിൽ പങ്കുവയ്ക്കുന്ന ഹൃദ്യമായ അനുഭവം നമ്മുടെ വലിയ സമ്പത്തുതന്നെയാണ്. രൂപതയിലെ 171 ഇടവകകളിലും സജീവമായി പ്രവർത്തിക്കുന്ന ഈ ചെറിയ സമൂഹത്തിന്റെ ആത്മീയസംഭാവന ലോകം മുഴുവനും സമ്പന്നമാക്കാൻ പര്യാപ്തമാണ്. ആരാധനാക്രമപ്രാർത്ഥനയായ റംശാ എല്ലാ കുടുംബക്കൂട്ടായ്മയിലും നടക്കുന്നതുകൊണ്ട് കുടുംബക്കൂട്ടായ്മാ സമ്മേളനം തന്നെ ഒരു വിശുദ്ധീകരണമാണ്. അതിൽ പങ്കെടുക്കുന്നവർ ഈ വിശുദ്ധീകരണത്തിന്റെ വക്താക്കളുമാണ്.

തിരുവചനം എന്നത് സിരകളിലൂടെ ഒഴുകേണ്ട സജീവമായ ഒരു ശക്തിയാണെന്ന് അനുസ്മരിപ്പിക്കുംവിധമാണ് പേനത്തുമ്പുകളിലൂടെ ആയിരക്കണക്കിനു വർഷം മുമ്പുണ്ടായിരുന്ന പകർത്തെഴുത്തുപാരമ്പര്യം മറ്റൊരർത്ഥത്തിൽ ആവർത്തി

ക്കുന്നത്. ഫോട്ടോകോപ്പിസംസ്കാരം സർവത്ര പടർന്നുപിടിച്ച ഈ കാലത്തും സമ്പൂർണ്ണ ബൈബിൾ പകർത്തിയെഴുതാൻ വ്യക്തികളും കുടുംബങ്ങളും മുമ്പോട്ടുവരുന്നത് ലോകത്തിനു മുഴുവൻ മാതൃകയാണ്. ഹൃദയത്തിൽ എഴുതുന്നതുപോലെയാണ് സ്വന്തം കൈപ്പടയിൽ ദൈവനിവേശിതവചനങ്ങളെ കടലാസിലേക്കു പകർത്തുന്നത്. ഹൃദയത്തിൽ മുഴങ്ങുന്ന തിരുവചനങ്ങളാണല്ലോ നാവിൻതുമ്പത്തുകൂടി ഇന്ന് അന്തരീക്ഷത്തെ വിശുദ്ധീകരിക്കുന്നത്.

**10. ഉഹ്ദാന Liturgical Quiz:** ദൈവികരഹസ്യങ്ങളിലേക്ക് ആരാധനാജീവിതംവഴി എത്തിച്ചേരുവാൻ സഹായകമായ സഭാപാരമ്പര്യമാണ് നമ്മുടേത്. ബുദ്ധികൊണ്ടും യുക്തികൊണ്ടും എത്തിപ്പെടാനാവാത്ത മേഖലയാണല്ലോ ദൈവികരഹസ്യങ്ങളുടേത്. വിശുദ്ധമായ ജീവിതംകൊണ്ട് താപസതുല്യമായ ജീവിതം നയിച്ചവർ അടുത്തറിയാൻ ശ്രമിച്ച ദൈവികസത്യങ്ങളെ ആരാധനക്രമത്തിലെ തൊട്ടറിയാവുന്ന വാക്കുകളുടെ സഹായത്തോടെ നമ്മൾ ദൂരെനിന്നു കാണാൻ ശ്രമിക്കുകയാണ്. പാശ്ചാത്യസഭയിൽ ഇഗ്നേഷ്യസ് ലെയോള നടപ്പാക്കിയ നാല്പതുദിവസത്തെ ധ്യാനത്തിൽ ഈശോയുടെ ജീവിതത്തിന്റെ ഓരോ ഘട്ടങ്ങളെയും നാല്പതുദിവസംകൊണ്ട് അടുത്തറിയാനുള്ള ശ്രമം നടത്തുന്നുണ്ട്. ആരാധനക്രമവർഷത്തിലെ തിരുക്കർമ്മങ്ങൾ പണ്ഡിതർക്കും സാധാരണക്കാർക്കും ദൈവികപദ്ധതിയുടെ ആത്മീയമായ അനുഭവം ഒരുപോലെ വെളിപ്പെടുത്തുന്നു. എന്നാൽ, അതു സ്വീകരിക്കാനുള്ള പരിശ്രമമാണ് അവയെ ഉൾക്കൊള്ളാൻ നമ്മെ സഹായിക്കുന്നത്. അത് ഒരു വാതിലാണ്. ചിലപ്പോൾ ഒരു കിളിവാതിൽ മാത്രം. ഹൃദയശുദ്ധിയുള്ളവർ ദൈവത്തെ കാണും എന്ന തിരുവചനം ഇവിടെ സാർത്ഥകമാണ്. 'കർത്താവേ നിന്റെ കൂടാരത്തിൽ ആരു വസിക്കാൻ യോഗ്യത നേടും' എന്ന സങ്കീർത്തനത്തിന്റെ പൊരുൾ ഈ അറിവുപരിശോധനയിൽ പങ്കെടുത്തവർ തിരിച്ചറിയാൻ ദൈവം ഇടയാക്കി എന്നു ഞാൻ കരുതുന്നു.

പാലാ രൂപതയുടെ പ്ലാറ്റിനം ജൂബിലിയാഘോഷത്തിന്റെ ഭാഗമായി രൂപതാംഗങ്ങൾക്കായി നടത്തപ്പെട്ട ലിറ്റർജിക്കൽ ക്വിസ്, 'ഉഹ്ദാന' കേവലം അറിവിന്റെ പരിശോധന അല്ലാ യിരുന്നു. അറിവിന്റെ താക്കോൽകൊണ്ട് തിരിച്ചറിവിന്റെ ഒരു വാതിലേ തുറന്നുകിട്ടൂ എന്നതുപോലെ ദിവ്യരഹസ്യങ്ങൾക്കായി ഹൃദയം തുറന്നിടുന്ന മനസ്സുള്ളവർക്കാണ് ഈ താക്കോൽ പ്രയോജനപ്പെടുക. മിസ്റ്റഗോജിക്കൽ വേദപഠനം എന്ന വാക്കു ഗ്രഹിക്കാൻ പ്രയാസമുള്ളതല്ല; എന്നാൽ, മിസ്റ്ററി അഥവാ ദിവ്യരഹസ്യങ്ങളുടെ ഉള്ളറ നമ്മുടെ സന്മനസ്സും ഹൃദയശുദ്ധി യും വഴിയാണ് തുറക്കപ്പെടുന്നത്. അതിന്റെ ചെറിയ അടയാളം മാത്രമാണ് നമ്മുടെ മദ്ബഹാവിരി. വിശുദ്ധ കൂദാശകളെ വിശുദ്ധിയോടെ പരികർമം ചെയ്യാൻ വൈദികനു കടമയുള്ള തുപോലെ അതേപ്പറ്റി പഠിപ്പിക്കുമ്പോഴും അതേ വിശുദ്ധിയും വിനയവും അതിന്റെ അധ്യാപകർക്കും അധ്യേതാക്കൾക്കും ഉണ്ടായിരിക്കണം. എങ്കിൽമാത്രമേ പരിശുദ്ധ കുർബാനയുടെ ആരാധനപോലും അതീവഹൃദ്യതയോടെ നടത്താൻ നമുക്കു കഴിയുകയുള്ളൂ. വിശുദ്ധ ഗ്രന്ഥം രൂപമെടുത്തത് ആരാധനയുടെ അന്തരീക്ഷത്തിലായിരുന്നു എന്നു നാം അറിയണം.

ഉഹ്ദാന ക്വിസ്സിലൂടെ പരിശുദ്ധകുർബാനയെ ആഴത്തിൽ മനസ്സിലാക്കാൻ നമുക്കു സാധിച്ചു. ഈ അറിവ് ആത്മീയ അനു ഭവതലത്തിലേക്ക് എത്തിക്കാൻ നാം പരിശ്രമിച്ചുകൊണ്ടിരി ക്കുകയാണല്ലോ. ഈ പരിശ്രമത്തെ കൂടുതൽ വിജയപ്രദമാ ക്കുവാൻ ഒരു പ്രായോഗികനിർദേശം ഞാൻ മുന്നോട്ടുവയ്ക്കു ന്നു. വരുംവർഷങ്ങളിൽ എല്ലാ ദിവസങ്ങളിലും പരിശുദ്ധകുർ ബാനയിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് ഇടവകതലത്തിൽ സമ്മാനങ്ങൾ നൽകി പ്രോത്സാഹിപ്പിക്കണം. അതിനായി നല്കപ്പെടുന്ന ഉഹ്ദാനഡയറിയിൽ ബഹു. വികാരിയച്ചനോ അല്ലെങ്കിൽ അദ്ദേഹം നിർദേശിക്കുന്ന വ്യക്തിയോ ഒപ്പിട്ട് കുഞ്ഞുങ്ങൾക്കു നൽകേണ്ടതാണ്.

ഈശോയുടെ കല്പന എന്ന നിലയിൽ പരിശുദ്ധ കുർബാന, കൂട്ടായ്മയുടെ അനുഭവവും ദൈവികരഹസ്യങ്ങളുടെ കലവറയും ആയിത്തീർന്നത് കേവലം നമ്മുടെ മാതൃഭാഷകൊണ്ടു മാത്രം മനസ്സിലാക്കാൻ നമുക്കു കഴിയില്ല. ഈശോയുടെതന്നെ സംസാരഭാഷ നമുക്ക് ഉപയോഗിക്കാൻ പാരമ്പര്യം നമുക്കിട വരുത്തിയത് ഓരോ സുറിയാനിവാക്കുച്ചരിക്കുമ്പോഴും നന്ദിയോടെ നാം ഓർക്കേണ്ടതാണ്. പരിശുദ്ധ ലെയോ XIV -ാമൻ മാർപാപ്പ പൗരസ്ത്യസഭകളുടെ തലവന്മാരോടു സംസാരിച്ചപ്പോൾ നിങ്ങളിൽ ചിലർ ഈശോയുടെ ഭാഷ (സുറിയാനി) സംസാരിക്കുന്ന, സംരക്ഷിക്കുന്ന സഭയുടെ തലവന്മാരാണെന്നു ഞാൻ തിരിച്ചറിയുന്നു എന്ന് എടുത്തുപറഞ്ഞല്ലോ. നാം ആഘോഷിക്കുന്ന ദിവ്യരഹസ്യങ്ങളും സുറിയാനിവാക്കുകളുടെ അർത്ഥപുഷ്ടിയിൽ കൂടുതൽ സുഗ്രാഹ്യമാണ്. അതിലേറെ ഞാൻ സന്തോഷിക്കുന്നത് ശിശുക്കൾക്ക് ഇവ വെളിപ്പെടുത്തിയ ദൈവത്തെ സ്തുതിക്കുന്നു എന്ന ഈശോയുടെ തിരുവചനമോർത്താണ്. ഹൃദയനൈർമ്മല്യത്തോടെയും തികഞ്ഞ വിശ്വാസതീക്ഷ്ണതയോടെയും ദൈവികരഹസ്യങ്ങളുടെ ആഘോഷങ്ങളെ മനസ്സിലാക്കാൻ കൂടുതൽ പേർ മുമ്പോട്ടു വരുന്നു എന്നതാണ് അതിനു കാരണം. സാമൂഹികമാധ്യമങ്ങളുടെ പിടിയിലമരാതെ ബുദ്ധിയെയും മനസ്സിനെയും നിർമലമായും നിർഭയമായും കാത്തുസൂക്ഷിച്ച് സഭയെ മഹത്ത്വപ്പെടുത്തുന്നവരെയോർത്ത് വിനയപൂർവം ഞാൻ ദൈവത്തെ മഹത്ത്വപ്പെടുത്തുന്നു.

**11. എൽ റോയ് യൂത്ത്, കെ.സി.വൈ.എം മീറ്റിങ്ങുകൾ:** നമ്മെ കാണുന്ന ദൈവത്തെ നാം കണ്ടുമുട്ടുന്ന സ്ഥലം എന്നർത്ഥമുള്ള 'എൽ റോയ്' യുവജനസംഗമം 2024 ഡിസംബർ 21 നു നടത്തപ്പെട്ടത് ദൈവപരിപാലനയായിരുന്നു. രൂപതയുടെ കരുത്തായ യുവജനങ്ങളെ ആത്മീയമായി നവീകരിക്കാനും ഐക്യത്തിലും സമുദായസ്നേഹത്തിലും ശക്തിപ്പെടുത്താനും ലക്ഷ്യം വയ്ക്കുന്ന ഈ സംഗമം തിരിതെളിച്ച് ഉദ്ഘാടനം ചെയ്തത്

അഭിവന്ദ്യ കർദിനാൾ മാർ ജോർജ് ആലഞ്ചേരിപ്പിതാവായിരുന്നു. യുവജനങ്ങളെ സ്നേഹിച്ച വിശുദ്ധ ജോൺ പോൾ രണ്ടാമന്റെ ജീവിതം കണ്ടവർക്ക് സഭയെ നവീകരിക്കാൻ എന്നും അത് ആവേശം പകരും എന്നുറപ്പുണ്ട്.

നവീകരിക്കപ്പെടാൻ സന്മനസ്സുള്ളവരായി യുവജനം മുമ്പോട്ടുവരുമ്പോൾ അവരെ നയിക്കുന്നവരുടെ വിശുദ്ധിയാണ് ക്ഷോഭമുള്ള കടൽത്തിരകളെ അടക്കിയ ദിവ്യനാഥന്റെ ഇന്നത്തെ മുഖം. യുവജനത്തെ നയിക്കുന്നവർ നൂറുവട്ടം ആത്മശോധനചെയ്തു വേണം മനസ്സിനെയും ആത്മാവിനെയും ബുദ്ധിയെയും പാകപ്പെടുത്തുവാൻ. ഈ ജൂബിലിവർഷം തങ്ങൾക്കെന്തു തന്നു എന്നു ലേഖനമായി ഇംഗ്ലീഷിലോ മലയാളത്തിലോ എഴുതുവാൻ യുവജനങ്ങളോടും അവരെ നയിക്കുന്നവരോടും ഞാൻ അഭ്യർത്ഥിക്കുന്നു. അതിലെ ആശയങ്ങൾ രൂപതയ്ക്കു വിലപ്പെട്ട നിധിയാണ്. കാരണം, സഭയുടെ ഭാവി ഇന്നത്തെ യുവജനങ്ങളുടെ കൈകളിലാണല്ലോ. വിശുദ്ധ ജോൺപോൾ രണ്ടാമൻ മാർപാപ്പയുടെ ഓർമ്മയാചരണവും യുവജനദിനവും 2024 ഒക്ടോബർമാസം 31-ാം തീയതി കീഴൂർ മൗണ്ട് കാർമ്മൽ ഇടവകയിൽവച്ചു നടത്തപ്പെട്ടു.

അതോടൊപ്പം ജൂബിലിവർഷത്തോടനുബന്ധിച്ച് എപ്പാർക്കിയൽ യൂത്ത് അസംബ്ലി 2025 സെപ്റ്റംബർ 1, 2, 3 തീയതികളിൽ നടത്തപ്പെടുകയാണ്. യുവജനപ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങളെക്കുറിച്ചു ചർച്ച ചെയ്യുവാനും സഭയോടും സമുദായത്തോടും ചേർത്തുനിർത്തി യുവജനങ്ങളെ വളർത്താനും വേണ്ടിയിട്ടുള്ള ചർച്ചകളും ക്ലാസ്സുകളുമാണ് അതിൽ ക്രമീകരിച്ചിരിക്കുന്നത്.

## ഭാഗം - 2

**12. ജൂബിലിവർഷത്തിലെ തിരുപ്പട്ടം:** ദിവ്യരഹസ്യങ്ങൾ പരികർമം ചെയ്യാനും ലോകത്തെ വിശുദ്ധീകരിക്കാനും വിളിക്കപ്പെട്ടവരാണല്ലോ വൈദികർ. ബാല്യംമുതൽതന്നെ ദൈവവിളി കേട്ട പ്രവാചകനായ സാമുവലിന്റെ അനുഭവം ഓരോ വൈദികനും ഉണ്ട് എന്നതു സത്യമാണ്. അതിനെ സാർത്ഥക മാക്കുന്ന ജീവിതം നയിക്കാനും ജീവിതത്തിന്റെ ത്യാഗങ്ങളെ വിശുദ്ധീകരിക്കുന്ന ദിവ്യബലി അർപ്പിക്കാനും ജീവിക്കുന്ന ഓരോ നിമിഷവും ബോധപൂർവം ജീവിക്കാനും വിളിക്കപ്പെട്ട രാണ് വൈദികർ. ഇതിനായി വൈദികരെ അഭിഷേകം ചെയ്യാൻ മെത്രാന്മാരെ തിരുസ്സഭ ചുമതലപ്പെടുത്തിയത് ദൈവപരിപാലന യുടെ മാത്രമല്ല, ദൈവസാന്നിധ്യത്തിന്റെ തെളിവുകൂടിയാ ണെന്നു കരുതാൻ ഞാൻ ആഗ്രഹിക്കുന്നു. ജൂബിലിവർഷത്തിൽ 12 വൈദികരുടെ തിരുപ്പട്ടം നമ്മുടെ രൂപതാ ഭദ്രാസനദൈവാല യത്തിൽ 2024 ഡിസംബർ 28-ാം തീയതി രൂപതാധ്യക്ഷനോടു ചേർന്ന് മാർ ജോസഫ് പള്ളിക്കാപറമ്പിൽ, മാർ ജേക്കബ് അങ്ങാ ടിയാത്ത്, മാർ ജോസഫ് സ്രാമ്പിക്കൽ, മാർ ജോസഫ് കൊല്ലം പറമ്പിൽ എന്നിവരുടെ കൈവെപ്പിലൂടെ ഒരുമിച്ചുനടത്തിയത് ഈ ദൈവസാന്നിധ്യത്തെ ഒരുമിച്ചുസ്തുതിക്കാനുള്ള അവസരമായി ജൂബിലിയെ കണ്ടതുമൂലമാണ്. ഒരുമിച്ചുസമ്മേളി ക്കുമ്പോഴുള്ള പരിമിതികളെ ഉൾക്കൊണ്ട എല്ലാവരെയും, പ്രത്യേകിച്ച് നവവൈദികരുടെ കുടുംബാംഗങ്ങളെ നന്ദിയോടെ സ്മരിക്കുന്നു.

**13. ഇടവകവിസീത്ത (ഇടയനടുത്ത സന്ദർശനം):** ഇടവക സന്ദർശനം ഇടയനടുത്ത ധർമ്മവും അതിലേറെ ദൈവികനന്മ നിറഞ്ഞ വ്യക്തികളെ നേരിട്ടുകാണുക എന്ന ഭാഗ്യവുമാണ്. വിസീത്തക്കായി നടത്തുന്ന ആത്മീയഒരുക്കം ഇടവകയുടെ ചുമതലക്കാരായ വൈദികരുടെയും കൈക്കാരന്മാരുടെയും ദൈവാലയശുശ്രൂഷികളുടെയുംമാത്രം ചുമതലയല്ലല്ലോ.

ഇടവകയിലെ ഓരോ കൊച്ചുകുഞ്ഞിനുപോലും അത് അനുഗ്രഹപ്രദമായ ദിവസമാക്കാൻ എത്രയോ പേർ എത്രയോ ദിവസങ്ങൾ അദ്ധ്വാനിക്കുന്നുണ്ട് എന്ന് എനിക്കറിയാം. ഒരു നിമിഷംകൊണ്ട് കഴിഞ്ഞുപോകേണ്ടതല്ല അതിന്റെ ആത്മീയാനുഭവം എന്ന് എനിക്കു ബോധ്യമുണ്ട്.

ഓരോ ഇടവകയെ ഓർത്തു പ്രാർത്ഥിക്കാനും അവരുടെ നിയോഗങ്ങൾ സാധിതമാക്കാനും രൂപത ഒന്നാകെ ശ്രമിക്കുന്നുണ്ട്. ഈശോമിശിഹാ വിഭാവനം ചെയ്യുകയും ആദിമക്രൈസ്തവസമൂഹം പഠിപ്പിക്കുകയും പരിശീലിക്കുകയും ചെയ്ത One Alter, One Holy Qurbana, One Bishop, One Community എന്ന ജീവിതചര്യയെ അനുസ്മരിപ്പിക്കുന്നതാണ് ഓരോ വിസീത്തകളും. അവയുടെ റിപ്പോർട്ടുകൾ അച്ചടിച്ചും സോഫ്റ്റ് കോപ്പിയായും നൽകാൻ ഇടവകവികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ. വിസീത്തയുടെ തലേനാൾ പള്ളിക്കമ്മിറ്റിക്കാരോടു ചേർന്നു പ്രാർത്ഥിക്കാനും വിശദമായി സംസാരിക്കാനും സാധിക്കുന്നത് ഇടവകയുടെ ആത്മീയവളർച്ചയുടെയും ദൈവാനുഭവത്തിന്റെയും വിലയിരുത്തലായി കണക്കാക്കുന്നു.

**14. നിഖ്യാ സൂനഹദോസ് ശില്പശാല:** നിഖ്യാ സൂനഹദോസ് നമ്മുടെ വിശ്വാസത്തെ ചിട്ടപ്പെടുത്തിയിട്ട് 1700 വർഷം പിന്നിടുന്നത് സമുചിതമായി നമ്മൾ പഠനത്തിന്റെയും വിചിന്തനത്തിന്റെയും അന്തരീക്ഷത്തിൽ അനുസ്മരിച്ചു. ഈശോമിശിഹാ ദൈവമല്ല എന്നു പഠിപ്പിച്ചവരെയും പഠിപ്പിക്കുന്നവരെയും നേരിടാനുള്ള ബോധ്യവും ആത്മീയധൈര്യവും സഭയുടെ പ്രബോധനം ഉൾക്കൊണ്ടവർക്കാണു കൈവന്നത്. തുർക്കിയിലുള്ള ഇന്നത്തെ ഇസിനിക്, അന്നു നിഖ്യാ എന്നു വിളിച്ചിരുന്ന സ്ഥലത്ത് ആരിയൂസിന്റെ പാഷണ്ഡതയെ നേരിടാൻ ഒരു സൂനഹദോസ്തന്നെയാണ് വിളിച്ചുചേർത്തത്. എന്റെ വിശ്വാസം എന്താണ് എന്നു ചിന്തിക്കുമ്പോൾ നിഖ്യാവിശ്വാസപ്രമാണം മനസ്സുകൊണ്ടു ചൊല്ലിനോക്കാനും വിശ്വാസത്തെ ഉറപ്പിക്കാനും

നമുക്കു സാധിക്കും. ദുഃഖവും ആകുലതയും ഭീതിയും സംജാത മാകുന്ന അവസരങ്ങളിലും മരണഭയം അലട്ടുമ്പോഴും ഈ വിശ്വാസപ്രമാണം ചൊല്ലുന്നത് നമുക്ക് ആത്മധൈര്യം ലഭിക്കാൻ വളരെ സഹായകമാണ്. ഉറച്ചുവിശ്വസിക്കാൻ കാല ദേശഭേദമെന്യേ ഏതു ക്രൈസ്തവനും സഹായകമാണ് നിഖ്യാ വിശ്വാസപ്രമാണം. പല സംഘടനകളും ചിന്താധാരകളും മുദ്രാ വാക്യങ്ങൾ വഴി അവരുടെ ആശയങ്ങൾ ആവേശമാക്കിയതും അവ അസ്തമിച്ചതും മുതിർന്നതലമുറ അനുസ്മരിക്കുന്നു ണ്ടാകും. ദൈവികരഹസ്യങ്ങളുടെ സമ്പത്തിനെ കൃത്യതയോടെ മനുഷ്യഭാഷയിൽ നിവേശിപ്പിച്ച നിഖ്യാ - കോൺസ്റ്റാന്റിനോ പ്പിൾ വിശ്വാസപ്രമാണം വിശുദ്ധകുർബാനമധ്യേ നാം ആഘോ ഷമായി ചൊല്ലുന്നത് ഹൃദ്യമായ അനുഭവമായി നിലനിൽക്കട്ടെ എന്നു ഞാൻ ആഗ്രഹിക്കുകയും അതിനായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

**15. വൈദികരുടെ തുടർപരിശീലനം:** ദൈവജനത്തിന്റെ ജീവിതത്തിലെ സന്തോഷങ്ങളും ബുദ്ധിമുട്ടുകളും വിഷമങ്ങളും അവരുടെ ആവശ്യങ്ങളും ഇടവകവൈദികർക്കറിയാം. ഇക്കാര ണത്താൽ ഒരു സിനഡാത്മകസഭയ്ക്ക് അതിന്റെ ഇടവകവൈദി കരെക്കൊണ്ട് ആവശ്യമുണ്ട്. എപ്രകാരമാണ് ഒരുമിച്ചുസഞ്ചരി ക്കേണ്ടതെന്നും എങ്ങനെയാണ് സിനഡാത്മകതയുടെ പാത യിൽ മുന്നേറേണ്ടതെന്നും വൈദികരില്ലാതെ നമുക്കറിയാനാ വില്ല.

രൂപതയുടെ ജൂബിലി തുടങ്ങുന്നതിനു മുമ്പുതന്നെ നില വിലിരുന്ന വൈദികരുടെ തുടർപരിശീലനം, അവർക്കു മാത്രമല്ല ജനങ്ങൾക്കും ഗുണകരമാകുന്നുണ്ട്. തുടർപരിശീലനത്തിൽ പങ്കെടുക്കുന്ന വൈദികർ അതേപ്പറ്റി അവലോകനം എഴുതി സൂക്ഷിക്കുന്നതു ഗുണകരമാണ്. കുറെ വർഷങ്ങൾ കഴിയു മ്പോൾ ഇന്നെഴുതിസൂക്ഷിക്കുന്ന അവലോകനം വളരെ വില പ്പെട്ട നിധിയായി അനുഭവപ്പെടുകതന്നെ ചെയ്യും. മാത്രമല്ല,

ജ്ഞാനവായനയും വിചിന്തനവും മറ്റുള്ളവർക്കുകൂടി ഗുണകരമാകാൻ അവ ഇംഗ്ലീഷിലോ മലയാളത്തിലോ രേഖപ്പെടുത്തിവയ്ക്കുന്നത് നന്നായിരിക്കും എന്നു ബഹു. വൈദികരെ ഞാൻ അനുസ്മരിപ്പിക്കട്ടെ.

സദാ സ്വയം വിശുദ്ധീകരിക്കുകയും അതുവഴി സ്വജനത്തിനു വാക്കിലും പ്രവൃത്തിയിലും ഈശോയായിത്തീരുകയും ചെയ്യുക എന്ന വലിയ വെല്ലുവിളി കൂടിയാണ് ഈ രൂപതയിൽ ജോലി ചെയ്യുന്ന വൈദികരും സമർപ്പിതരും സ്വീകരിച്ചിരിക്കുന്നത്. കഴിഞ്ഞ എഴുപത്തഞ്ചു വർഷങ്ങൾ തങ്ങളുടെ ദൈവവിളിയെ ഈ വെല്ലുവിളിയുടെ തീയിൽ സ്ഫുടം ചെയ്ത വൈദികരുടെയും സന്ന്യസ്തരുടെയും മാതൃക നമുക്കു മുമ്പിലുണ്ട്. ഇവിടെത്തന്നെ പ്രേഷിതരായി ജീവിച്ച വിശുദ്ധ അൽഫോൻസാമ്മയും വാഴ്ത്തപ്പെട്ട കുഞ്ഞച്ചനും ധന്യൻ കദളിക്കാട്ടിൽ മത്തായിയച്ചനും പുണ്യശ്ലോകരായ വൈദികരും സന്ന്യസ്തരും ആരാലും അറിയപ്പെടാതെ തങ്ങളുടെ പുണ്യചൈതന്യത്താൽ ഇവിടത്തെ മണ്ണിനെ ധന്യരാക്കിയ പതിനായിരക്കണക്കിന് സഹോദരീസഹോദരന്മാരും ലോകത്തിനു മുഴുവൻ മാതൃകകളാണ്. ശ്രദ്ധിക്കപ്പെട്ടില്ല എന്ന കാരണത്താൽ അവരുടെ ചൈതന്യം അവാസ്തവമോ അപ്രസക്തമോ അല്ല.

**16. പ്രെസ്ബിറ്ററൽ കൗൺസിലുകളും പാസ്റ്ററൽ കൗൺസിലുകളും:** അഭിവന്ദ്യ വയലിൽപിതാവിന്റെ കാലത്തുതന്നെ പാസ്റ്ററൽ കൗൺസിൽ രൂപമെടുത്തിരുന്നു. രണ്ടാം വത്തിക്കാൻ സൂനഹദോസിൽനിന്നു പ്രചോദനമുൾക്കൊണ്ടാണ് പാസ്റ്ററൽ കൗൺസിലുകൾ പിതാവു രൂപീകരിച്ചത്. പ്രെസ്ബിറ്ററൽ കൗൺസിലുകളും രൂപീകൃതമായത് സഭയുടെ പ്രബോധനങ്ങളോടു ചേർന്നുനിന്നുകൊണ്ടായിരുന്നു. സഭാംഗങ്ങളുടെ ഹൃദയത്തുടിപ്പ് അറിഞ്ഞുകൊണ്ട് സഭാശുശ്രൂഷ ചെയ്യുവാൻ ഇവ വളരെ സഹായകരമായിട്ടുണ്ട്. ജൂബിലിവർഷത്തിൽ ഈ സമ്മേളനങ്ങൾ നടത്തപ്പെട്ടപ്പോൾ വിശ്വാസവിഷയങ്ങളും സാമൂഹിക

വിഷയങ്ങളും ഗൗരവമായ രീതിയിൽ ഇവിടെ ചർച്ച ചെയ്തു. ഗൗരവത്തോടെയും ഉത്തരവാദിത്വത്തോടെയും സഭാശുശ്രൂഷ യിൽ പങ്കുചേരുവാൻ വളരെയേറെപ്പേർക്കു ദൈവം ഇടവരു ത്തിയത് നന്ദിയോടെ സ്മരിക്കുന്നു.

**17. മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലി:** അൽഫോൻ സിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ട് സുപ്രധാനമായ സമ്മേളന ങ്ങൾക്കു വേദിയായത് രൂപതയ്ക്കും നാടിനും അഭിമാനമുണർ ത്തിയ സന്ദർഭങ്ങളായിരുന്നു. അതിൽ ആദ്യത്തേത് 2014–ൽ നടന്ന CBCI സമ്മേളനമായിരുന്നു. അവസാനത്തേതായിരുന്നു 2024 ഓഗസ്റ്റിൽ നടന്ന അഞ്ചാമത് സീറോ മലബാർ മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലി. രാജ്യത്തിന്റെ നാനാഭാഗ ത്തുള്ള സീറോമലബാർ രൂപതകളിൽനിന്നുള്ള ആർക്കി എപ്പിസ്കോപ്പൽ അസംബ്ലിയംഗങ്ങളുടെ മഹാസമ്മേളനത്തിന് ആതിഥ്യം വഹിക്കാൻ നമുക്കു കഴിഞ്ഞത് ജൂബിലിവർഷ ത്തിലെ ദൈവകൃപയുടെ ഒരു അടയാളമായി സ്വീകരിക്കുന്നു. മെത്രാന്മാരും വൈദികരും സമർപ്പിതരും മ്ശംശാനമാരും അല്മായരുമടക്കം 348 അംഗങ്ങളാണ് അഞ്ച് ദശലക്ഷം സീറോമലബാർസഭാമക്കളെ പ്രതിനിധീകരിച്ച് കൂട്ടായ പ്രാർത്ഥനയുടെയും പഠനത്തിന്റെയും അന്തരീക്ഷത്തിൽ മേജർ ആർക്കിഎപ്പിസ്കോപ്പൽ അസംബ്ലി ഒരു വിജയമാക്കിയത്. രാഷ്ട്രീയ സാമൂഹികസാംസ്കാരിക മേഖലകളിലെ പ്രമുഖരായ വ്യക്തികൾ സംബന്ധിച്ച ഈ സമ്മേളനം ഉദ്ഘാടനം ചെയ തത് സീറോ മലബാർസഭാ മേജർ ആർച്ചുബിഷപ് മാർ റാഫേൽ തട്ടിൽ പിതാവാണ്. ഇന്ത്യയിലെ വത്തിക്കാൻ സ്ഥാനപതിയായ ആർച്ചുബിഷപ് ലെയോപോൾദോ ജിറേല്ലി അധ്യക്ഷത വഹിച്ചു. സമാപനസമ്മേളനം ഉദ്ഘാടനം ചെയ്തത് സീറോ മലങ്കര സഭാധ്യക്ഷൻ മോറോൻ മോർ ബസേലിയോസ് കർദിനാൾ ക്ലീമിസ് കാതോലിക്കാ ബാവയായിരുന്നു.

**18. വൈദികവിദ്യാർത്ഥികളുടെ സമ്മേളനം:** ആത്മീയ ചിന്തയുടെയും തത്ത്വചിന്തയുടെയും ദൈവദർശനപഠനങ്ങളുടെയും ആദ്യപാഠങ്ങൾ മനസ്സിലുറപ്പിക്കുന്ന സെമിനാരി വിദ്യാർത്ഥികൾക്ക് തങ്ങളുടെ രൂപതയുടെ ജൂബിലി കേവലം ആഘോഷമല്ല; പ്രത്യുത ആഴപ്പെടലാണ്. ബൗദ്ധികവളർച്ചയുടെ എല്ലാ സാധ്യതകളും സംയോജിപ്പിച്ച് വസ്തുപരതയിൽനിന്ന് ആശയപരതയിലേക്കുള്ള വളർച്ചയുടെ പടവുകളാണ് അവർ ചവിട്ടിക്കയറുന്നത്. ആശയവൽക്കരണം അഥവാ കൺസെപ്ച്വലൈസേഷൻ എന്ന് ഇംഗ്ലീഷിൽ പറയുന്ന മാനസികവും ബൗദ്ധികവുമായ വളർച്ചയുടെ ഉയർന്നഘട്ടത്തിലേക്കുള്ള അവരുടെ വളർച്ചയിൽ ഈ രൂപതയിൽ മേയ് 7-ന് നടത്തപ്പെട്ട സെമിനാരിവിദ്യാർത്ഥികളുടെ സമ്മേളനം വളരെ ഗുണകരമായി എന്നു ഞാൻ കരുതുന്നു. ആണ്ടുവട്ടത്തിൽ പലതവണ വൈദിക വിദ്യാർത്ഥികൾ രൂപതാകേന്ദ്രത്തിൽ വരുകയും, ഒരുമിച്ചു പ്രാർത്ഥിക്കുകയും താമസിക്കുകയും ചെയ്യുന്നത് രൂപതയെ അടുത്തറിയാൻ അവരെ സഹായിക്കുന്നു.

**19. മാർ സ്ലീവാ മെഡിസിറ്റി സെമിനാറുകൾ:** രൂപതയിലും പുറത്തുമുള്ള അനേകം ഇടവകകളിലും സ്ഥാപനങ്ങളിലും മാർ സ്ലീവാ മെഡിസിറ്റി നടത്തിയ സെമിനാറുകൾ ഈ ജൂബിലി വർഷത്തിൽ വളരെയേറെ ജനങ്ങൾക്കു സംപ്രാപ്യമായി. രൂപതയുടെ 75-ാം വർഷത്തിലും മെഡിസിറ്റിയുടെ അഞ്ചാം വർഷത്തിലും ഈ സെമിനാറുകൾ നടത്തിയത് എല്ലാവിഭാഗങ്ങളിലും പെട്ട ആളുകൾക്കു ഗുണകരമാകുന്നുവെന്നു തിരിച്ചറിയുന്നു. ഈ കാലയളവിൽ നടത്തിയ 112 വിവിധങ്ങളായ സെമിനാറുകളിലും ക്യാമ്പുകളിലുമായി നിരവധിയാളുകൾക്ക് മെഡിസിറ്റിയുടെ സേവനം എത്തിക്കാൻ കഴിഞ്ഞു. ഓങ്കോളജി ക്യാമ്പുകൾ, സ്ട്രോക് അവയർനെസ് ക്യാമ്പുകൾ, സ്റ്റുഡന്റ് വെൽബീയിങ് പ്രോഗ്രാംസ്, റൂറൽ മിഷൻ, പി എഫ് ടി മെഡിക്കൽ ക്യാമ്പ്, ബ്ലഡ് ഗ്രൂപ്പിങ് ക്യാമ്പ് എന്നിവയിലൂടെ 10000 പേർ ഇതിൽ പങ്കെടുത്തു. ആരോഗ്യമേഖലയിൽ പാലാ രൂപതയുടെ ഏറ്റവും

വലിയ സമ്മാനമാണ് പാലാ മെഡിസിറ്റി. മെഡിസിറ്റിയോടു ചേർന്നു പണിതുകൊണ്ടിരിക്കുന്ന ക്യാൻസർ സെന്ററിന്റെ നിർമ്മാണപ്രവർത്തനങ്ങൾ 2025 നവംബറിൽ പൂർത്തിയാകും.

**20. Missionary Meet 2025 May 10:** മാമ്മോദീസ സ്വീകരിച്ച വർ പ്രേഷിതശിഷ്യരായി പുറപ്പെടുകയും തങ്ങളുടെ സാക്ഷ്യം വഴിയായി കർത്താവ് ചെയ്ത അത്ഭുതകൃത്യങ്ങൾ വിവരിക്കാനായി സന്തോഷപൂർവം തിരികെവരികയും ചെയ്യുന്ന ഇടങ്ങളായി ഇടവകസമൂഹങ്ങൾ പരിണമിക്കണം. 2025 മേയ് 10 ന് പ്രവിത്താനം സെന്റ് അഗസ്റ്റിൻസ് ഫൊറോനാ ദൈവാലയത്തിൽ വച്ചു നടന്ന മിഷനറിസമ്മേളനം ഇത്തരത്തിലുള്ള ഒരു കൂടിവരവായിരുന്നു. സ്വന്തം വീട്ടിൽവന്ന് അപ്പനോടും അമ്മയോടും വിശേഷങ്ങൾ പറയുന്നവരെപ്പോലെയാണ് ഈ മിഷനറി സംഗമത്തിൽ പങ്കെടുത്ത എല്ലാവരുടെയും അനുഭവം. കടുത്ത ചൂടിലും തങ്ങളുടെ തീക്ഷ്ണത മങ്ങിയില്ല എന്ന് അവിടെക്കൂടിയ ബഹു. വൈദികരും സന്ന്യസ്തരും തെളിയിക്കുംവിധമായിരുന്നു അവരുടെ സ്നേഹസാന്നിധ്യം. തങ്ങളുടെ കർമ്മരംഗങ്ങളിലേക്കു മടങ്ങുമ്പോൾ തങ്ങളെ പ്രേഷിതജോലിക്കായി പ്രചോദിപ്പിച്ച രൂപതയുടെ ചൈതന്യംകൂടി അവർ യാത്രാഭക്ഷണമായി കൈയിൽ കരുതി എന്നു വിശ്വസിക്കാൻ ഞാനാഗ്രഹിക്കുന്നു. മാതൃരൂപതയുടെയും ഇടവകകളുടെയും ചുമതലയും അതാണ് — ഇവിടെനിന്നു ദൂരെ ജോലിചെയ്യുന്ന മിഷനറിമാർക്കു ശക്തിപകരുക. സ്വഭവനങ്ങളിൽ അവരെ ഓർത്ത് ദിവസവും പ്രാർത്ഥിക്കുന്ന മാതാപിതാക്കളോ സഹോദരങ്ങളോ അവരുടെ പിൻതലമുറയോ നിർവഹിക്കുന്നത് മാതൃരൂപതയുടെ ഈ ചുമതലകൂടിയാണല്ലോ. ദുരിതങ്ങളിലും വേദനകളിലും താങ്ങും തണലുമായി ഈ പ്രാർത്ഥനകളും അവരെ അനുഗമിക്കുന്നുണ്ട്. സ്വഭവനത്തിൽ വന്നുപോകുന്ന വൈദികരും സന്ന്യസ്തരും അവരെ വളർത്തി ദൈവവേലയ്ക്കായി ഒരുക്കിയ ഈ രൂപതയെ ആത്മീയതയുടെ അനുഗ്രഹംകൊണ്ടു നിറയ്ക്കു

കയാണ്. ഈ അനുഗ്രഹമാണ് രൂപതയുടെ ആത്മീയസമ്പത്ത്. രൂപതാ മിഷനറിസംഗമത്തോടനുബന്ധിച്ച് എല്ലാ ഇടവകക ളിലും മിഷൻസംഗമങ്ങൾ നടത്തുകയുണ്ടായി. ഇതു വലിയ സന്തോഷത്തിന്റെ കൂടിവരവായിരുന്നു. നാളുകൾക്കുശേഷം കണ്ടുമുട്ടി സൗഹൃദം പങ്കുവയ്ക്കാനും പരിചയപ്പെടാനുമുള്ള അവസരമായിരുന്നു ഈ സംഗമങ്ങൾ. തലമുറവ്യത്യാസമില്ലാതെ ഇടവകയുടെ പേരിൽ അഭിമാനിതരാകുന്ന മിഷനറിമാരാണ് ഇടവകയുടെ ശക്തി.

**21. 35-70 ഗ്രൂപ്പിന്റെ അല്മായസംഗമം:** 35നും 70 നും ഇടയ്ക്കു പ്രായമുള്ള അല്മായർക്കായി നാലു മേഖലകളിൽ നമ്മൾ നട ത്തിയ സംഗമങ്ങൾ സഭയുടെ കൃപാവരത്തിലുള്ള പങ്കാളിത്തം എത്രത്തോളം നൽകാൻ നമുക്കു കഴിഞ്ഞു എന്നതിനു തെളി വായി സ്വീകരിക്കാം. അവരിൽ വിവാഹിതരായവരുടെ വാർഷിക ദിനങ്ങളെപ്പറ്റിയും ചിന്തിക്കാൻ ഈ സമ്മേളനങ്ങൾ സഹായി ച്ചിട്ടുണ്ട്. ബന്ധുക്കളുടെയും സ്നേഹിതരുടെയും ജൂബിലിയെ ക്കാൾ പ്രധാനം അവരവരുടെ ജൂബിലിയാണല്ലോ. എന്നാൽ, രൂപതയുടെ ജൂബിലിവർഷം ആവശ്യപ്പെടുന്ന നവീകരണവും തിരുത്തലും എല്ലാ ജീവിതാന്തസ്സുകൾക്കും ഒരേപോലെ ബാധകമാണ്. കുടുംബം, വാർഡ്, ഇടവക, ഫൊറോന, രൂപത എന്നിങ്ങനെ വികസിതമാകുന്ന നമ്മുടെ വിശ്വാസമേഖല ആവശ്യപ്പെടുന്നത് വ്യക്തിയിൽനിന്നു സമൂഹത്തിലേക്കു വളരാനാണ്. പലരിലും ഏതാണ്ട് വാർധക്യം അടുക്കുമ്പോൾ മാത്രം നേടുന്ന സാമൂഹികമായ ഈ വളർച്ചയും ഉയർന്ന ഉത്തരവാദിത്വബോധവും കൂടുതൽ സഭാവിശ്വാസികൾക്കു പകർന്നുനൽകാൻ രൂപതയുടെ ജൂബിലി സാഹചര്യമൊരുക്കി എന്നു കരുതുന്നു. സഭയുടെ സാഹചര്യങ്ങളിൽ വിശ്വാസികൾ നേടുന്ന ഈ വളർച്ച വിശ്വസാഹോദര്യവും മാനവസ്നേഹവും ലോകസമാധാനവും ആത്മാർത്ഥമായി ആഗ്രഹിക്കുന്ന തല മുറയെ സൃഷ്ടിക്കും എന്ന കാര്യത്തിൽ സംശയമില്ല.

**22. ലിഫ്ഗോഷ് -To Encounter (75 വയസ്സുകാരുടെ സമ്മേളനം):** പിന്നോട്ടുമാത്രം ഏറെ സന്തോഷത്തോടെ നോക്കാൻ ഇഷ്ടപ്പെടുന്ന മുതിർന്ന തലമുറയുടെ സംഗമങ്ങൾ നാം ഇടവകകളിൽ സംഘടിപ്പിച്ചത് ജൂബിലിവർഷത്തിനു തിളക്കം വർധിപ്പിച്ചിട്ടുണ്ട് എന്നു നമുക്കറിയാം. ഈ രൂപതയുടെ ബാല്യകാലത്തിനു സമപ്രായക്കാരായിരുന്നല്ലോ ഇന്നത്തെ മുതിർന്ന തലമുറ. അതിനാൽത്തന്നെ ജൂബിലിയുടെ തിളക്കം അവരുടെ മനസ്സുകളിലും ചിന്തകളിലും നിറയ്ക്കാൻ ദൈവം അവസരം തന്നതും നന്ദിയോടെ നമുക്കു സ്മരിക്കാം. 75 വർഷം പൂർത്തിയാക്കുന്ന എല്ലാവരുടെയും സമ്മേളനം ഫാമിലി അപ്പോസ്തലേറ്റിന്റെ നേതൃത്വത്തിൽ നടത്തിയത് ഏറെ തനിമ നിറഞ്ഞ കൂടിവരവായിരുന്നു. അവരും പാലാ രൂപതയും ഒരുമിച്ചു പിറന്നവർ ആണല്ലോ.

**23. ഏഞ്ചൽസ് മീറ്റ് :** ആഘോഷമായ ദിവ്യകാരുണ്യം സ്വീകരിച്ച കുഞ്ഞുങ്ങളുടെ മേഖലാസംഗമങ്ങൾ അവരുടെ വളർച്ചയുടെ പാതയിലെ വലിയ ഒരു നാഴികക്കല്ലുതന്നെയായിരിക്കും. മാലാഖാവൃന്ദങ്ങൾ എന്ന സങ്കല്പം കേവലം ഭാവനയല്ല, ദൈവികചിന്തയിലേക്കുള്ള വളർച്ചയിലെ മനോഹരമായ ഒരു ഘട്ടംതന്നെയാണ്. മാലാഖാമാർക്കടുത്ത വിശുദ്ധിയിൽ കുഞ്ഞുങ്ങളെ വളർത്താൻ എല്ലാ മാതാപിതാക്കൾക്കും അധ്യാപകർക്കും ഭാഗ്യമുണ്ടാകട്ടെ എന്നാണു ഞാൻ പ്രാർത്ഥിക്കുന്നത്.

**24. ആശ്രമങ്ങളും ദയറകളും മിണ്ടാമഠങ്ങളും:** സഭയുടെ ആത്മീയവളർച്ചയ്ക്ക് ആശ്രമങ്ങളും ദയറയും മിണ്ടാമഠങ്ങളും നിർണായകപങ്കാണു വഹിക്കുന്നത്. അഗാധമായ പ്രാർത്ഥനയും ഉപവാസവും വഴി രൂപതയുടെ ആത്മീയോർജമായി ഇവ നിലകൊള്ളുന്നു. രൂപതയുടെ ആത്മീയതയുടെ ആഴവും വിശുദ്ധിയും നിലനിർത്തുന്നതിൽ ഇവ പ്രധാന പങ്കു വഹിക്കുന്നു. നമ്മുടെ ദയറകളും മിണ്ടാമഠങ്ങളും ആശ്രമങ്ങളും സീറോ

മലബാർപാരമ്പര്യത്തെ മുറുകെപ്പിടിച്ച് ഉറവിടങ്ങളോടു വിശ്വസ്തത പുലർത്തി സുറിയാനിപാരമ്പര്യവും മാർ തോമാ ചൈതന്യവും സംരക്ഷിക്കുന്നു. നമ്മുടെ രൂപതയിൽ കാപ്പുംതല മാർ അപ്രേം ദയറയും, പാലാ മാർ സ്ലീവാ മിണ്ടാമഠവും ഏവർക്കും പരിചയമുള്ളതാണല്ലോ. എഴുപതോളം കുഞ്ഞുങ്ങൾ നമ്മുടെ മാർ അപ്രേം ദയറയിൽ സുറിയാനിഭാഷ പഠിക്കാൻ വരുന്നു എന്നത് സഭ മുഴുവന്റെയും അഭിമാനമായി മാറുന്നു. നമ്മുടെ രൂപതാവൈദികരിൽനിന്ന് ആശ്രമജീവിതം നയിക്കാൻ താല്പര്യമുള്ളവർക്കായി ഒരു പുതിയ ദയറസ്ഥാപിക്കുന്നതിനുള്ള ചിന്തകൾ രൂപതയുടെ മനസ്സിലുണ്ടെന്ന് ഓർമ്മിപ്പിക്കട്ടെ.

**25. എക്യുമെനിക്കൽ മീറ്റിങ്ങുകൾ :** എക്യുമെനിക്കൽ മീറ്റിങ്ങുകൾ സഭയുടെ കൂട്ടായ്മയിലേക്കുള്ള വഴികൾ തുറക്കുന്നതിൽ വലിയ പങ്കു വഹിക്കുന്നു. വിവിധ ക്രിസ്ത്യൻവിഭാഗങ്ങൾ തമ്മിലുള്ള സ്നേഹപരമായ ബന്ധവും ആത്മീയസഹവാസവും വളർത്തുന്ന ഇത്തരത്തിലുള്ള സമ്മേളനങ്ങൾ എന്നും സന്തോഷത്തോടെ സ്വീകരിക്കാറുണ്ട്. നമ്മൾ അരുവിത്തുറ, കുറവിലങ്ങാട്, മുട്ടുചിറ, കടുത്തുരുത്തി എന്നിവിടങ്ങളിൽ നടത്തിയ നാലു പ്രധാന എക്യുമെനിക്കൽ സമ്മേളനങ്ങൾ ക്രിസ്ത്യൻ ഒരുമയുടെ ചിഹ്നങ്ങളായി മാറിക്കഴിഞ്ഞു. ചേർപ്പുങ്കൽ ഇടവകയിൽ പുനരുദ്ധരിച്ച മാർ തോമാശ്ലീഹയുടെ നാമധേയത്തിലുള്ള തറവാടുപള്ളിയും സഭൈക്യത്തിന്റെ ഇടമായി മാറിക്കഴിഞ്ഞു. മാർ സ്ലീവായിൽ ഒരുമിക്കാനുള്ള ആഹ്വാനമായിരുന്നു ഇത്തരം സമ്മേളനങ്ങൾ. ആരാധനാനുഭവങ്ങളിലൂടെ സ്നേഹവും സൗഹാർദവും പങ്കുവയ്ക്കുന്നതിനുള്ള അവസരങ്ങളും നല്കപ്പെട്ടു. വിവിധ സഭാതലവന്മാരുടെ സാന്നിധ്യവും വചനശുശ്രൂഷയും ഈ സമ്മേളനങ്ങളെ ആത്മീയമായി സമൃദ്ധമാക്കി. പ്രാർത്ഥനയും സംവാദവുമായിരുന്നു ഈ മീറ്റിങ്ങുകളുടെ ആകർഷണീയത. വിശ്വാസികളുടെ മനസ്സിൽ ഒരുമ വളർത്താൻ

രൂപതയുടെ ഈ ശ്രമങ്ങൾ വലിയ പങ്കു വഹിച്ചു എന്നത് ഏറെ അഭിമാനകരമാണ്. കുറവിലങ്ങാട് അർക്കദിയാക്കോൻ നഗറിലും, ഭരണങ്ങാനം അൽഫോൻസാ കബറിടത്തിലും, ഭാരതത്തിലെ മലങ്കര ഓർത്തഡോക്സ് സഭാധ്യക്ഷൻ ബസേലിയോസ് മാർ തോമാ മാത്യൂസ് മൂന്നാമൻ നടത്തിയ സന്ദർശനങ്ങൾ സഭൈക്യത്തിനു പ്രചോദനമായിത്തീർന്നു.

**26. പുതിയ ഫൊറോനകൾ :** രൂപതയുടെ ശുശ്രൂഷാനിർവഹണത്തിന്റെ സുഗമമായ നടത്തിപ്പിന്റെ ഭാഗമായി പുതിയ മൂന്നു ഫൊറോനകൾകൂടി രൂപപ്പെടുത്തി. ലോകത്തിലെതന്നെ ഏറ്റവും കൂടുതൽ സമർപ്പിതരെ സംഭാവന ചെയ്ത കൊഴുവനാൽ ഇടവകയും, പൗരാണികതയിൽ ആഴ്ന്ന വിശ്വാസിസമൂഹം ഉൾക്കൊള്ളുന്ന കടപ്ലാമറ്റവും, രൂപതയുടെ എക്യുമെനിക്കൽ ചൈതന്യം വിളിച്ചോതുന്ന കൂത്താട്ടുകുളവുമാണ് പുതിയ ഫൊറോനകൾ.പാലാ രൂപതയുടെ ആത്മീയവും ഭരണപരവുമായ വികസനത്തിൽ പുതിയ ഫൊറോനകളുടെ രൂപീകരണം ഒരു മുന്നേറ്റമായി വിലയിരുത്തപ്പെടുന്നു.

## ഭാഗം – 3

**27. ഫ്രാൻസിസ് മാർപാപ്പാ അനുസ്മരണം :** ജൂബിലി വർഷത്തിലെ ഏറ്റവും വലിയ നഷ്ടം പരിശുദ്ധ ഫ്രാൻസിസ് പിതാവിന്റെ മരണമാണ്. ആർക്കും അടയ്ക്കാൻ പറ്റാത്ത വാതിൽ തുറന്ന പാപ്പയായിരുന്നു ഫ്രാൻസിസ്. ഫ്രാൻസിസ് എന്നത് പാപ്പായുടെ ഒരു പേരു മാത്രമായിരുന്നില്ല; പാപ്പാ ജീവിക്കാൻ ആഗ്രഹിച്ച ജീവിതശൈലിയായിരുന്നു, പ്രഘോഷിക്കാൻ ആഗ്രഹിച്ച സുവിശേഷമായിരുന്നു, പഠിപ്പിക്കാൻ ആഗ്രഹിച്ച മതബോധനമായിരുന്നു. നിർവചനങ്ങൾക്കതീതമായി സമാനതകളില്ലാത്ത നേതൃത്വമികവിലൂടെ ഒരായുസ്സുമുഴുവൻ സുവിശേഷത്തിന്റെ മൂല്യങ്ങളെ ലോകത്തിനു പകർന്നുതന്ന വിശ്വപൗരനായിരുന്നു അദ്ദേഹം. 2025 ഏപ്രിൽ 24ന് പാലാ കത്തീദ്രൽദേവാലയത്തിൽ നടന്ന അനുസ്മരണത്തിൽ രൂപതയിലെ എല്ലാ വൈദികരും സമർപ്പിതരും പാസ്റ്ററൽ കൗൺസിൽ അംഗങ്ങളും സംബന്ധിച്ച് പ്രാർത്ഥിച്ചു.

**28. കോളജ് പ്രിൻസിപ്പൽ – മാനേജർ മീറ്റിങ് :** 2025 ജൂൺ 17ന് നടന്ന കോളജ്പ്രിൻസിപ്പൽമാരുടെയും മാനേജർമാരുടെയും സമ്മേളനം വലിയ ഒരു കൂടിവരവിന്റെ അവസരമായിരുന്നു. കാലത്തിനനുസരിച്ചുള്ള നവീകരണവും നൂതന സാങ്കേതികവിദ്യകളുടെ ഉപയോഗവും വഴി കൂടുതൽ ഫലപ്രദമായി വിദ്യാഭ്യാസരീതികൾ എപ്രകാരം വിദ്യാർത്ഥികളിൽ എത്തിക്കാം എന്നും സമ്മേളനം ചർച്ച ചെയ്തു. ഇതിനായി രൂപതയിലെ കോളജുകൾ കൈകോർക്കുന്നതും വലിയ ഒരു ഐക്യത്തെയും സാധ്യതയെയും സൂചിപ്പിക്കുന്നു. നമ്മുടെ സെന്റ് തോമസ് കോളജും ചൂണ്ടച്ചേരി എൻജിനീയറിങ് കോളജും ഓട്ടോണമസ് പദവിയിലേക്കെത്തിയത് ഏറെ അഭിമാനകരമാണ്.

**29. കെയർ ഹോംസ് :** വിശുദ്ധ ഗ്രന്ഥത്തിൽ ആലാഹായുടെ കൂട്ടുകാരായി മൂന്നുതരം ആൾക്കാരെ പരിചയപ്പെടുന്നു. *അനവിം യാഹ്‌വേ* എന്ന ഹീബ്രുപദത്തിലാണ് അറിയപ്പെടുന്നത്.

ആരാരുമാശ്രയമില്ലാത്തവർക്ക് ആലാഹ, ദൈവം ആശ്രയമാകുന്നു എന്നതാണ് ഈ പദത്തിന്റെ അർത്ഥം. നമ്മുടെ രൂപതയിലെ കെയർ ഹോംസുകൾ ഈയൊരു ദൗത്യം ഏറ്റെടുത്തവരാണ്. ആലാഹയുടെ പാവപ്പെട്ടവരുടെ പ്രാർത്ഥനകളാണ് രൂപതയുടെ ഏറ്റവും വലിയ ശക്തി. രൂപതയിലെ 46 കെയർ ഹോംസുകൾ ഈശോയുടെ കരുണയുടെ മുഖം അണിഞ്ഞു മുന്നേറുന്നു.

**30. മൗണ്ട് നെബോ:** രൂപതയുടെ ഏറ്റവും വലിയ ഒരു ശുശ്രൂഷാകേന്ദ്രമാണ് വാഗമണ്ണിലെ മൗണ്ട് നെബോ. വചനശുശ്രൂഷകളും പരിശുദ്ധ കുർബാനയും പരിശുദ്ധ കുമ്പസാരവും കൗൺസലിങ്ങുമാണ് അവിടത്തെ ശുശ്രൂഷകൾ.

**31. ടൗണിലെ കുരിശുപള്ളി:** ഈ പ്ലാറ്റിനം ജൂബിലിവർഷത്തിൽ പാലാ ടൗണിലെ കുരിശുപള്ളി അതിമനോഹരമാക്കി നവീകരിച്ചു. പാലായുടെ വിശ്വാസത്തിന്റെയും സംസ്കാരത്തിന്റെയും നിത്യസ്മാരകമായി കുരിശുപള്ളിയെ സംരക്ഷിക്കുവാൻ കഴിയുന്നത് വലിയ ഭാഗ്യമാണ്.

**32. പാലാ രൂപത പ്രവാസി അസോസിയേഷൻ (PDMA) :** പാലാ രൂപതയിൽനിന്നു ലോകത്തിന്റെ നാനാഭാഗങ്ങളിലുമുള്ള പ്രവാസികളുമായി online ലൂടെ ബന്ധപ്പെടാനുള്ള ക്രമീകരണങ്ങൾ രൂപതാ കേന്ദ്ര ഓഫീസിൽനിന്നു ഭംഗിയായി ക്രമീകരിച്ചു കഴിഞ്ഞു. നമ്മുടെ എഞ്ചിനീയറിങ് കോളജിൽ വച്ചുനടത്തിയ പ്രവാസിസംഗമം ഏറെ ശ്രദ്ധേയമായിരുന്നു.

**33. സെന്റ് തോമസ് പ്രസ്സും ദീപനാളവും:** രൂപതയുടെ സെന്റ് തോമസ് പ്രസ്സും ദീപനാളവും ആർട്ട് ഗാലറിയും സ്റ്റാളും ആധുനികരീതിയിൽ ഈ ജൂബിലിവർഷത്തിൽ പുനഃക്രമീകരിക്കുവാൻ സാധിച്ചത് വലിയ അനുഗ്രഹമായി.

**34. INFARM:** കർഷകരുടെയും മത്സ്യത്തൊഴിലാളികളുടെയും, കുടിയൊഴിപ്പിക്കൽ ഭീഷണിയിൽ കഴിയുന്നവരുടെയും കാര്യങ്ങ

ളിൽ ഇടപെടാൻ നമ്മൾ പരിശ്രമിച്ചിട്ടുണ്ട്. നമുക്ക് 150 പേർ അടങ്ങുന്ന ഒരു Think Tank ടീം ഉണ്ട്. അവരുമായി ബന്ധപ്പെട്ട് അഭിപ്രായക്രോഡീകരണങ്ങൾ നടത്തുന്നു.

**35 പാലാ മിഷൻ :** രൂപതയുടെ മിഷൻപ്രദേശമായ അദിലാബാദിൽ ഏകദേശം രണ്ടു പതിറ്റാണ്ട് നിസ്തുലമായ സഭാശുശ്രൂഷകൾ നടത്താൻ കഴിഞ്ഞു. ഷംഷാബാദ് രൂപതയുടെ സഹായമെത്രാൻ അഭിവന്ദ്യ മാർ ജോസഫ് കൊല്ലംപറമ്പിൽപിതാവിന്റെ നേതൃത്വത്തിലുള്ള സബർമതി മിഷനിലും (ഗുജറാത്ത്) തക്കല രൂപതയുടെ രണ്ടു ജില്ലകളിലും (രാമനാഥപുരം, രാമേശ്വരം) നമ്മുടെ രൂപതാവൈദികർ മിഷൻശുശ്രൂഷ നടത്തിക്കൊണ്ടിരിക്കുന്നു.

**36. സാഹിത്യകാരന്മാർ:** നമ്മുടെ രൂപതയിൽനിന്നുള്ള കട്ടക്കയം ചെറിയാൻ മാപ്പിള, സിസ്റ്റർ മേരി ബനീഞ്ഞ, മഹാകവി പ്രവിത്താനം പി.എം. ദേവസ്യാ തുടങ്ങിയവരുടെ മഹാകാവ്യങ്ങളും മറ്റു സാഹിത്യഗ്രന്ഥങ്ങളും ഈ ജൂബിലിവർഷത്തിൽ പഠനവിഷയമാക്കിയിട്ടുണ്ട്. അവരുടെ ഗ്രന്ഥങ്ങളിന്മേൽ മത്സരപ്പരീക്ഷകളും സമ്മാനങ്ങളും  ഏർപ്പെടുത്തുന്നതു നല്ലതാണ്.

**37. പാലാ ദൂത്:** പാലാ ദൂത് എന്ന പ്രസിദ്ധീകരണത്തിലൂടെ ആണ്ടുവട്ടത്തിൽ നാലു തവണ രൂപതയുടെ നാനാവിധ പ്രവർത്തനമേഖലകളുടെ ഒരു സംക്ഷിപ്തവിലയിരുത്തൽ നടത്തുന്നുണ്ട്.

നമ്മുടെ രൂപതയെക്കുറിച്ചും രൂപതയിലെ ചരിത്രപുരുഷൻമാരെക്കുറിച്ചും ഇനിയും ആഴമായ പഠനങ്ങൾ നമ്മൾ നടത്തേണ്ടതുണ്ട്. കുടുംബചരിത്രങ്ങൾ കൂടുതലായിട്ട് എഴുതിത്തുടങ്ങിയിട്ടുണ്ട്. സത്യസന്ധമായ കുടുംബചരിത്രങ്ങൾ രൂപതയിലെ അറിവിന്റെ അക്ഷയഖനിയായി അനുഭവപ്പെട്ടിട്ടുണ്ട്. വരുംതലമുറയ്ക്കുവേണ്ടിയുള്ള ഒരു കരുതലാണിത്.

**38. പാലാ സോഷ്യൽ സർവീസ് :** പാലാ അടിസ്ഥാനപരമായി കർഷകരൂപതയാണ്. ആയതുകൊണ്ട് കൃഷി നമ്മുടെ തൊഴിലും സംസ്കാരവുമാണ്. രൂപതയുടെ പ്ലാറ്റിനംജൂബിലിസ്മാരകമെന്നോണം സാന്തോം ഫുഡ് ഫാക്ടറി 2025 ജൂലൈ 14 ന് ഉദ്ഘാടനം ചെയ്തു. ജൂബിലിസമാപനത്തിൽ രൂപത നൽകുന്ന ഏറ്റവും വലിയ സമ്മാനമാണിത്. നമ്മുടെ നാട്ടിൻപുറങ്ങളിൽ സുലഭമായിട്ടുള്ള പച്ചക്കപ്പയും പച്ചക്കറികളും ചക്കയും കൈതച്ചക്കയും എത്തക്കാപ്പഴവുമടക്കമുള്ള ഭക്ഷ്യവിഭവങ്ങളെ സംഭരിച്ച് സംസ്കരിച്ച് മൂല്യവർധിത ഉൽപന്നങ്ങളാക്കി മാറ്റുന്നതിനാണ് സാൻതോം ഫുഡ് ഫാക്ടറി വേദിയാകുന്നത്. നമ്മുടെ കർഷകർക്ക് അവരുടെ വിളകളോ ഉൽപന്നങ്ങളോ ഉണക്കുവാനുള്ള ഒരു യൂണിറ്റ് അല്ല; മറിച്ച് ഉൽപന്നങ്ങൾക്കു ന്യായവില ഉറപ്പുവരുത്താനും അവയെ മൂല്യവർധിത ഉൽപന്നങ്ങളാക്കി മാറ്റി ഇന്ത്യയിലും ഇന്ത്യയ്ക്ക് പുറത്തും വിൽക്കാനുമുള്ള വിശാലമായ ഒരു വാതിലാണ്.

**39. പാലാ കോർപറേറ്റ് എജ്യുക്കേഷണൽ ഏജൻസി:** കേരളത്തിലെ ഏറ്റവും വലിയ വിദ്യാഭ്യാസ ഏജൻസികളിൽ ഒന്നായ പാലാ കോർപറേറ്റ് എജ്യുക്കേഷണൽ ഏജൻസിയുടെ കീഴിലുള്ള രണ്ടായിരത്തിയഞ്ഞൂറോളം അധ്യാപക - അനധ്യാപകരുടെ മഹാസംഗമം 2024 ഡിസംബർ 14 ശനിയാഴ്ച പാലാ സെന്റ് തോമസ് കത്തീഡ്രൽ പാരിഷ്ഹാളിൽവച്ചു നടത്തപ്പെട്ടു. രൂപതയുടെ 75-ാം വാർഷികാഘോഷങ്ങളോടനുബന്ധിച്ച് കോർപറേറ്റ് എജ്യുക്കേഷണൽ ഏജൻസിയുടെ കീഴിലുള്ള കാത്തലിക് ടീച്ചേഴ്സ് ഗിൽഡിന്റെ ആഭിമുഖ്യത്തിൽ രക്തദാന ക്യാമ്പ് സംഘടിപ്പിച്ചു. 28/09/2024 ശനിയാഴ്ച രാവിലെ 9.00 മുതൽ പാലാ സെന്റ് തോമസ് HSS ൽ വച്ചു നടത്തപ്പെട്ട രക്തദാനക്യാമ്പിൽ പാലാ കോർപറേറ്റിനു കീഴിലുള്ള എഴുപത്തിയഞ്ച് അധ്യാപക/അനധ്യാപകർ പങ്കെടുത്തു. പാലാ രൂപതയുടെ പ്ലാറ്റിനം ജൂബിലിയാഘോഷങ്ങളുടെ ഭാഗമായി പാലാ കോർപറേറ്റ് എജ്യുക്കേഷണൽ ഏജൻസിയുടെ കീഴിലുള്ള

രണ്ടായിരത്തിയഞ്ഞൂറോളം അധ്യാപക - അനധ്യാപകർ തങ്ങളുടെ ഒരു ദിവസത്തെ ശമ്പളം സംഭാവനയായി നൽകിയ തുക ഉപയോഗിച്ച് ഭവനരഹിതരായ നാലു വിദ്യാർത്ഥികൾക്ക് വീടു നിർമ്മിച്ചുനൽകി.

**40. KCSL :** കേരള കാത്തലിക് സ്റ്റുഡൻസ് ലീഗ് കുട്ടികളെ ജൂബിലിയുടെ ആത്മീയ ആഘോഷത്തിലേക്ക് വിവിധങ്ങളായ പരിപാടികളിലൂടെ സ്വാഗതം ചെയ്തു. കുട്ടികളുടെ സമഗ്ര വളർച്ച ലക്ഷ്യംവച്ചുള്ള വിവിധ ക്യാമ്പുകളും വർക്ക് ഷോപ്പുകളും നടത്തി. ഒപ്പം അപരനെ സഹായിക്കുന്നത് എന്റെ ഉത്തരവാദിത്വമാണെന്ന ചിന്തയിൽ നടത്തിയ ജൂബിലിപ്രോഗ്രാമിലൂടെ 174 കെയർ ഹോമിലേക്കായി കുട്ടികളിൽനിന്നുതന്നെ അവശ്യസാധനങ്ങൾ ശേഖരിച്ചു. പുതുതായി ആരംഭിച്ച കുട്ടികൾക്കായുള്ള ഏകവർഷകോഴ്സും, 900ൽപരം കുഞ്ഞുങ്ങൾ പങ്കാളികളായ ബൈബിൾ പകർത്തിയെഴുതലും മുതിർന്നവരിൽ പോലും അത്ഭുതമുളവാക്കി.

**41. ബൈബിൾ അപ്പോസ്തലേറ്റ്:** വചനത്തോടുള്ള സ്നേഹമാണ് ഓരോ കുടുംബത്തിന്റേയും അടിത്തറ. വചനം മാംസം ധരിച്ചവനാണല്ലോ ഈശോമിശിഹാ. പൗലോസ് ശ്ലീഹായുടെ ഭാഷയിൽ പറഞ്ഞാൽ, കർത്താവായ ഈശോമിശിഹായിൽ വിശ്വസിക്കുക; നീയും നിന്റെ കുടുംബവും രക്ഷ പ്രാപിക്കും.

432 കുടുംബങ്ങൾ തങ്ങളുടെ സ്വന്തം ഭവനങ്ങളിൽ മക്കളും മാതാപിതാക്കളുമായി ഒന്നിച്ചിരുന്ന് വി. ഗ്രന്ഥം പകർത്തിയെഴുതുന്ന ഒരു നല്ല സംസ്കാരത്തിനു തുടക്കം കുറിക്കാൻ ഈ ജൂബിലിവർഷം സാധിച്ചു. അല്മായർക്കായുള്ള ബൈബിൾ കോഴ്സും, ലോഗോസ് ക്വിസിൽ പരമാവധി ആളുകളെ പങ്കെടുപ്പിക്കാനുള്ള ശ്രമങ്ങളും, ലോഗോസിനൊരുക്കമായി കുട്ടികൾക്കു നൽകുന്ന ക്വിസ്പരമ്പരകളും അടങ്ങിയ പ്രവർത്തനാത്മകമായ വർഷമായിരുന്നു ഇത്.

**42. ബൈബിൾ കൺവെൻഷൻ:** പാലാ രൂപതയുടെ ഏറ്റവും വലിയ വചനവിരുന്നാണ് രൂപതാ ബൈബിൾ കൺവെൻഷൻ. 'ആർക്കെങ്കിലും ദാഹിക്കുന്നുവെങ്കിൽ എന്റെ അടുത്തു വന്നു കുടിക്കട്ടെ.' കൂടാരത്തിരുനാളിന്റെ അവസാനത്തെ മഹാദിനത്തിൽ ജെറുസലേംദേവാലയത്തിൽ മാറ്റൊലിക്കൊണ്ട ശബ്ദം. മാറ്റൊലിയുടെ ഈ ശബ്ദം പാലാ രൂപതയിൽ കഴിഞ്ഞ 42 വർഷങ്ങളായി മുഴങ്ങുന്നുണ്ട്. രൂപതയൊന്നാകെ ഈശോയുടെ പക്കലേക്കു വരുകയും നിത്യജീവന്റെ വചസ്സുകൾ കേൾക്കുകയും ധ്യാനിക്കുകയും ആഘോഷിക്കുകയും ചെയ്യുന്ന അവസരമാണ് ബൈബിൾ കൺവെൻഷൻ. രൂപത എന്നും തിളക്കമാർന്ന കണ്ണുകളോടുകൂടി കർത്താവിശോമിശിഹായുടെ ജനനത്തിരുനാളിലേക്കും, പുതുവർഷത്തേക്കും പ്രവേശിക്കാൻ വേണ്ട ഊർജം ഓരോ ബൈബിൾ കൺവെൻഷനിൽനിന്നും നേടുന്നു.

**43. ഹോം പാലാ പ്രോജക്ട്:** വാസയോഗ്യമല്ലാത്ത ഭവനങ്ങൾ പുനർനിർമ്മിച്ച് സുരക്ഷിതമായ ഭവനങ്ങൾ ഒരുക്കുകയായിരുന്നു ഹോം പാലാ പ്രോജക്ടിന്റെ ലക്ഷ്യം. നാമെല്ലാം വിളിക്കപ്പെട്ടിരിക്കുന്നത് ദൈവരാജ്യത്തിന്റെ നിർമ്മിതിക്കാണല്ലോ. ദൈവരാജ്യം ഒരു ഭവനമാണ്. ആ ഭവനത്തിൽ വസിക്കുന്നവർ സുരക്ഷിതരാണ്. ആ ഭവനത്തിന്റെ മുന്നാസ്വാദനമായാണ് ഹോം പാലാ പ്രോജക്ട് തയ്യാറാക്കിയത്. നാളിതുവരെയും 1500ൽ പരം കുടുംബങ്ങൾക്ക് സുരക്ഷിതമായ വാസസ്ഥലം ഉറപ്പാക്കാൻ നമുക്കായി. കേവലം ഭൗതികമായുള്ള ഭവനനിർമ്മാണമല്ല; മറിച്ച് രൂപതയും ഇടവകകളും സഹായവുമായി എത്തിയ എല്ലാവരും ഒന്നാകെ ഈ 1500 ഭവനാംഗങ്ങളുടെയും ഹൃദയങ്ങളിൽ സ്ഥാനം പിടിച്ചു എന്നുള്ളതാണ് പ്രധാനം. വിശ്വാസം പ്രവൃത്തികളിലൂടെ സജീവമാക്കണമെന്ന് യാക്കോബ്ശ്ലീഹാ പഠിപ്പിക്കുന്നു. ഹോം പാലാ പ്രോജക്ട് വിശ്വാസികളുടെ പ്രവർത്തനമൂല്യത്തെ നന്നായി പ്രതിനിധീകരിക്കുന്നു. ഈ പദ്ധതിയിൽ

പങ്കാളികളായവർക്ക് മിശിഹായുടെ കൈകളും കാൽപാദങ്ങളുമായി ലോകത്തെ സേവിക്കാൻ അവസരം കിട്ടി.

**44. രൂപതയിലെ വൈദികസമ്പത്ത് :** നമ്മുടെ രൂപത ദൈവ വിളികളാൽ സമ്പന്നമാണ്. പാലാരൂപത ദൈവവിളികളുടെ തറവാട് എന്നാണ് വിശേഷിക്കപ്പെടുക. 40 മെത്രാന്മാരെയും, 4000 മിഷനറിവൈദികരെയും 8000 സന്ന്യാസിനിമാരെയും ഇതുവരെ രൂപത തിരുസ്സഭയ്ക്കായി നൽകിയിട്ടുണ്ട്. ഇത്രമാത്രം വൈദികരെ തിരുസ്സഭയ്ക്കു നൽകുവാൻ കാരണം, നമ്മുടെ കുടുംബങ്ങളിലെ ആഴമേറിയ വിശ്വാസമാണ്. പ്രഭാതപ്രാർത്ഥനയും സന്ധ്യാനമസ്കാരവും ഒരുമിച്ചുള്ള ഭക്ഷണവും പരസ്പരം മനസ്സിലാക്കി സഹായിക്കുന്ന രീതികളുമെല്ലാം കുട്ടികളുടെ ഹൃദയത്തിൽ ചെറുപ്രായത്തിൽതന്നെ വിതച്ച വിശ്വാസവിത്തുകളാണ്.

പാലാ രൂപതയിൽ ഇപ്പോൾ 495 വൈദികരാണ് ശുശ്രൂഷ ചെയ്യുന്നത്. MST, SH, DST, SMS, SMC, സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മേരി ഇമ്മാക്കുലേറ്റ് തുടങ്ങിയവയെല്ലാം പാലായുടെ മണ്ണിൽപിറന്ന സമർപ്പിതകുടുംബങ്ങളാണ്. രൂപതയുടെ ദൈവ വിളികൾ ഒരിക്കലും ആകസ്മികമായിരുന്നില്ല. അക്ഷരാർത്ഥത്തിൽ ആത്മീയമായ പാരമ്പര്യത്തിന്റെയും ദൈവവിശ്വാസമുള്ള ജീവിതശൈലിയുടെയും ഫലമാണ്. ഈ സമൃദ്ധി ദൈവവചനത്തിന് അനുസരണമായും പരിശുദ്ധിയിലേക്കുള്ള ആഗ്രഹമായും നിലനിൽക്കുമ്പോൾ ഈശോയുടെ ദൗത്യത്തെ മുന്നോട്ടു കൊണ്ടുപോകുന്ന വലിയ ശക്തിയായി മാറുന്നു. ദൈവരാജ്യത്തിനുവേണ്ടി ശുശ്രൂഷ ചെയ്യുന്ന അനേകം മിഷനറിമാരെ ഇനിയും തിരുസ്സഭയ്ക്കു നൽകുവാൻ നമുക്ക് ആത്മാർത്ഥമായി പ്രാർത്ഥിക്കാം.

**45. വിശുദ്ധ പുഷ്പങ്ങൾ:** പാലാ രൂപതയാകുന്ന ആരാമത്തിൽ വിരിഞ്ഞ വിശുദ്ധ പുഷ്പങ്ങളാണ് വിശുദ്ധ അൽഫോൻസാമ്മയും വാഴ്ത്തപ്പെട്ട കുഞ്ഞച്ചനും. ആഗോള കത്തോലിക്കാ

സഭയിൽ; വിശിഷ്യാ സീറോ മലബാർസഭയിൽ പാലാ രൂപത യുടെ യശസ്സ് വാനോളം ഉയർത്തിയ പുണ്യസ്ഥലങ്ങളാണ് ഭരണങ്ങാനവും രാമപുരവും. ദൈവപിതാവ് പരിശുദ്ധ റൂഹായെക്കൊണ്ട് വചനം എന്നെഴുതിയ പുസ്തകമാണ് പരി ശുദ്ധ മറിയം. ഇപ്രകാരം ദൈവം പരിശുദ്ധപിതാവിനെക്കൊണ്ട് വിശുദ്ധ എന്ന് എഴുതിയ പുസ്തകമാണ് അൽഫോൻസാമ്മ. ഈ പുസ്തകമാണ് നിരന്തരമായി നാം വായിച്ചുപഠിക്കേണ്ടത്. എല്ലാവർക്കുംവേണ്ടിയുള്ള ശിപാർശക്കത്തുകളാണ് വിശുദ്ധ അൽഫോൻസാമ്മയും വാഴ്ത്തപ്പെട്ട കുഞ്ഞച്ചനും. രൂപതയുടെ പ്ലാറ്റിനംജൂബിലിയിൽ എത്തിനിൽക്കുമ്പോൾ ഈ രണ്ടു കബറിടങ്ങൾ നമ്മെ ഒരുപാട് പഠിപ്പിക്കുന്നു, വെല്ലുവിളിക്കുന്നു, സ്നേഹിക്കുന്നു. ഒപ്പം വിശുദ്ധിയുടെ വെള്ളവസ്ത്രങ്ങൾ ധരിച്ച് അൾത്താരവണക്കത്തിനായി കാത്തിരിക്കുന്ന ധന്യൻ കദളി ക്കാട്ടിൽ മത്തായിയച്ചനും, കണിയാരകത്ത് ബ്രൂണോ അച്ചനും, ആരംപുളിക്കൽ കൊളേത്താമ്മയും, കുട്ടൻതറപ്പേലച്ചനും പനങ്കുഴയ്ക്കലച്ചനും, മൈലപ്പറമ്പിലച്ചനും രൂപതയുടെ ആത്മീ യതയുടെ ആഴം ലോകത്തോടു വിളിച്ചുപറയുന്ന വ്യക്തിത്വ ങ്ങളാണ്. പാറേമ്മാക്കൽ ഗവോർണദോറിന്റെ ഭൗതികാവശിഷ്ടം രാമപുരം പഴയപള്ളിയിലെ ഭിത്തിയിൽനിന്നുമെടുത്ത് പുതിയ പള്ളിയുടെ ഹൈക്കലായുടെ മുൻഭാഗത്ത് ആഘോഷമായി സ്ഥാപിച്ചു എന്നതും ഞാൻ നിങ്ങളെ ഓർമ്മിപ്പിക്കട്ടെ. പ്ലാശ നാൽ ഇടവകയിൽ കുടക്കച്ചിറ ബഹുമാനപ്പെട്ട അന്തോണി ക്കത്തനാരുടെ പൂർണ്ണമായ പ്രതിമയും സ്ഥാപിച്ചുകഴിഞ്ഞു.

**46.ഛത്തീസ്ഗഡിൽ അറസ്റ്റിലായ സമർപ്പിതർക്കുവേണ്ടി ഭരണങ്ങാനത്തു നടത്തിയ പ്രദക്ഷിണം:** ഇന്ത്യൻ ഭരണഘടന തന്റെ പൗരന്മാർക്കു നൽകുന്ന അടിസ്ഥാനാവകാശങ്ങൾ പോലും ധ്വംസിക്കപ്പെടുന്ന ഈ കാലഘട്ടത്തിൽ ഛത്തീസ് ഗഡിൽ മതപരിവർത്തനം നടത്താൻ മനുഷ്യക്കടത്തു നടത്തി എന്ന വ്യാജ ആരോപണത്തിൽ അറസ്റ്റിലായ നമ്മുടെ പ്രിയപ്പെട്ട സമർപ്പിതർക്കുവേണ്ടി ഭരണങ്ങാനത്തു നടത്തിയ പ്രദക്ഷിണ

ത്തിൽ ആയിരങ്ങൾ പങ്കെടുത്തു. സമർപ്പിതർ ആരുമില്ലാത്ത വരല്ല, അവർക്കു ചോദിക്കാനും പറയാനും ആളുണ്ട് എന്നതിന്റെ തെളിവായിരുന്നു ഭരണങ്ങാനത്തെത്തിയ പതിനായിരങ്ങൾ. നാടും വീടും തമ്പുരാനുവേണ്ടി ഉപേക്ഷിച്ച് പാവപ്പെട്ടവർക്കും അശരണർക്കും താങ്ങായി, തണലായി സ്വന്തം ജീവിതം മാറ്റിവച്ചവരാണ് നമ്മുടെ പ്രിയപ്പെട്ട സഹോദരിമാർ. അടിസ്ഥാന സൗകര്യങ്ങളും വിദ്യാഭ്യാസവും നൽകി രാഷ്ട്രനിർമ്മിതിയിൽ പ്രതിഫലങ്ങൾ ഒന്നും കൈപ്പറ്റാതെ സേവനം ചെയ്യുന്ന സമർപ്പിതരെ രാഷ്ട്രം ഒരിക്കലും വിസ്മരിക്കാൻ പാടില്ല. അക്ഷരവും അന്നവും നൽകിയവരെ നന്ദിയോടെ കാണാതെ ആ കൈകളിൽ, രക്തം തിളയ്ക്കുന്ന മതപരിവർത്തനവും മനുഷ്യക്കടത്തുമാകുന്ന വിലങ്ങുകൾ വയ്ക്കുന്ന സംസ്കാരം അപകടമാണ്. തീവ്രവാദത്തിന്റെയും, വർഗീയതയുടെയും വിഷം തുപ്പുന്ന ഇന്ത്യൻ തെരുവുകളിൽ അനാഥബാല്യങ്ങളുടെ 'അമ്മേ' എന്ന ഒറ്റവിളി മതി സമർപ്പിതർക്ക് ഈശോയെ പ്രഘോഷിക്കാൻ. കാരണം വിളിച്ചവൻ ഉറപ്പുനൽകിയിട്ടുണ്ട് ഉപേക്ഷിച്ചതെല്ലാം നൂറിരട്ടിയായി തിരിച്ചുതരുമെന്ന്. സഹനത്തിലൂടെ ദൈവമഹത്ത്വം കണ്ടെത്തിയ വിശുദ്ധ അൽഫോൻസാമ്മയാണ് സമർപ്പിതരുടെ പവർഹൗസ്. ആ പുണ്യകുടീരത്തിനു മുമ്പിൽ മെത്രാന്മാരും വൈദികരും സമർപ്പിതരും അല്മായരും ആകുന്ന വൻജനാവലി ഒന്നിച്ചുചേർന്നു പ്രാർത്ഥിച്ചത് നമ്മുടെ രൂപതയുടെ കൂട്ടായ്മയെ ഉയർത്തിക്കാട്ടി.

**47. വിവിധ ശുശ്രൂഷകരുടെ വിവരങ്ങൾ ശേഖരിക്കൽ :** പ്രത്യേക സഭാശുശ്രൂഷയിൽ പങ്കെടുത്തവരുടെ വിവരങ്ങൾ ശേഖരിച്ചുവയ്ക്കുന്നത് വരുംതലമുറയ്ക്ക് ഉപകാരപ്പെടും. അവരുടെ പേരുകൾ ലഘുപുസ്തകമായി ഏതാനും കോപ്പികൾ മാത്രം അച്ചടിച്ച് പള്ളിയിലെ സങ്കീർത്തിയിലും യോഗശാലയിലും വയ്ക്കുന്നത് നമ്മുടെ ആത്മീയപാരമ്പര്യത്തെ കൂടുതൽ വിലമതിക്കുന്നതിനു തെളിവായി നിലകൊള്ളും. ഇടവക സന്ദർശിക്കുന്ന ആർക്കും അതു വായിച്ചാൽ ഇടവകയെപ്പറ്റി

ഒരു ചിത്രം ലഭിക്കുമല്ലോ. ഉദാഹരണം: വൈദികശുശ്രൂഷ ചെയ്തവരുടെ കാലഘട്ടം, കൈക്കാരശുശ്രൂഷ ചെയ്തവരുടെ കാലഘട്ടം, കണക്കെഴുത്തുശുശ്രൂഷ ചെയ്തവരുടെ കാലഘട്ടം, ദേവാലയശുശ്രൂഷികളുടെ കാലഘട്ടം (ദീർഘകാലം ദേവാലയ ശുശ്രൂഷി എന്ന നിലയിൽ സേവനം ചെയ്തവരുടെ ഫോട്ടോകൾ സങ്കീർത്തിയിൽ വയ്ക്കുന്നതു നല്ലതാണ്), ശുചീകരണ ശുശ്രൂഷികളുടെ കാലഘട്ടം, സിമിത്തേരിശുശ്രൂഷകരുടെ കാലഘട്ടം, കൂദാശാസ്വീകരണങ്ങൾക്കു പരിശീലനം നൽകിയവരുടെ കാലഘട്ടം, സുറിയാനിപ്പാട്ടുകാർ, അൾത്താരശുശ്രൂഷകർ, അടുക്കളയിൽ ഭക്ഷണവിഭവങ്ങൾ ഒരുക്കിയവർ തുടങ്ങിയവരുടെയെല്ലാം ഫോട്ടോകൾ ഇപ്രകാരം വയ്ക്കുന്നതു നല്ലതാണ്. ദൈവാലയവും നമ്മുടെ സ്ഥാപനങ്ങളും സന്ദർശിക്കുന്നവർക്ക് ഇവ കൂടുതൽ പ്രചോദനം നൽകും. അവ കണ്ടെത്തുന്നതിന് ഇടവകകളിലും സ്ഥാപനങ്ങളിലുമുള്ള എല്ലാവരും അവരുടെ ഓർമ്മകളിൽ ഈ ഗണത്തിൽപെട്ടവരുടെ പേരുകൾ കണ്ടെത്തി നൽകണം. ഇവരുടെ സ്മരണകൾ മൺമറഞ്ഞു പോകാതിരിക്കട്ടെ.

**48. Non-Christian Communities:** സഹവർത്തിത്വത്തിന്റെ ക്രിസ്തീയപാഠങ്ങൾ നാം പരിശീലിച്ചത് അക്രൈസ്തവരായ നമ്മുടെ സഹോദരങ്ങളുടെ സഹായംകൊണ്ടുകൂടിയാണ്. അവരിൽ നമ്മുടെ ഗുരുനാഥന്മാരുണ്ട്, സന്മാതൃകനൽകി നമ്മെ സമ്പന്നരാക്കിയവരുണ്ട്, ഈശോയുടെ കരുണയെപ്പറ്റിയും സഹനത്തെപ്പറ്റിയും പാടിയ കവികളുണ്ട്, ഗായകരുണ്ട്, പ്രസംഗകരുണ്ട്. പലപ്പോഴും ഈശോമിശിഹായുടെ കരുണയെപ്പറ്റിയും സഹനത്തെപ്പറ്റിയും കേട്ടിട്ടുള്ളതുകൊണ്ടു മാത്രം, ക്രിസ്തുനാമധാരികൾ ചെയ്തുപോയിരിക്കാവുന്ന ദ്രോഹങ്ങളെ ക്ഷമിച്ചവരുണ്ട്. നമ്മെ നാമാക്കിയ ഈ ബാഹ്യസാഹചര്യങ്ങളെയും നമുക്കു നന്ദിയോടെ സ്മരിക്കാം. രൂപതയുടെ ജൂബിലിയാഘോഷങ്ങൾ സമാപിക്കുമ്പോഴും അവ നമുക്കു പകർന്നുതന്ന ചൈതന്യം നന്ദിപൂർവം നമുക്കു സ്വീകരിക്കാം, കാരണം, ആ

ചൈതന്യം അദൃശ്യമായ ദൈവകരുണയുടെ തിളക്കംതന്നെ യാണ്.

**49. പ്ലാറ്റിനം ജൂബിലി സമാപനം :** പാലാ രൂപതാ പ്ലാറ്റിനം ജൂബിലിയാഘോഷങ്ങളുടെ സമാപനം 2025 ജൂലൈ 26 ന് രാവിലെ ഒൻപതു മണിക്ക് സെന്റ് തോമസ് കത്തീദ്രൽ ദേവാലയത്തിൽ ചങ്ങനാശ്ശേരി അതിരൂപതാധ്യക്ഷൻ മാർ തോമസ് തറയിൽ പിതാവിന്റെ മുഖ്യകാർമികത്വത്തിൽ അർപ്പിച്ച വിശുദ്ധ കുർബാനയോടുകൂടി ആരംഭിച്ചു. തലശ്ശേരി അതിരൂപ താധ്യക്ഷൻ മാർ ജോസഫ് പാംപ്ലാനിപ്പിതാവും ഞാനും സഹ കാർമ്മികരായി. സീറോ മലങ്കര സഭാതലവൻ കർദിനാൾ ബസേലിയോസ് മാർ ക്ലീമിസ് കാതോലിക്കാ ബാവാ സുവി ശേഷസന്ദേശം നൽകി.

10:45 ന് ആരംഭിച്ച ജൂബിലിസമാപനപൊതുസമ്മേളനത്തിൽ സീറോ മലബാർ സഭയുടെ മേജർ ആർച്ചുബിഷപ് എമരിത്തൂസ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി അധ്യക്ഷത വഹിച്ചു. സീറോ മലബാർ സഭാതലവൻ മാർ റാഫേൽ തട്ടിൽ ഉദ്ഘാടനം ചെയ്തു. യാക്കോബായ സുറിയാനി സഭാധ്യക്ഷൻ മോറോൻ മോർ ബസേലിയോസ് ജോസഫ് കാതോലിക്കാ ബാവ മുഖ്യപ്രഭാഷണം നടത്തി.

മോറോൻ മോർ ബസേലിയോസ് കർദിനാൾ ക്ലീമിസ് കാതോലിക്കാ ബാവ, മാർ ജോസഫ് പള്ളിക്കാപറമ്പിൽ, കോൺഗ്രസ് നേതാവ് ശശി തരൂർ എംപി, സിബിസിഐ പ്രസിഡന്റും തൃശ്ശൂർ അതിരൂപതാധ്യക്ഷനുമായ മാർ ആൻ ഡ്രൂസ് താഴത്ത്, ചങ്ങനാശ്ശേരി ആർച്ചുബിഷപ് മാർ തോമസ് തറയിൽ, തലശ്ശേരി ആർച്ചുബിഷപ് മാർ ജോസഫ് പാംപ്ലാനി, മന്ത്രി റോഷി അഗസ്റ്റിൻ, കെപിസിസി പ്രസിഡന്റ് സണ്ണി ജോസഫ് എംഎൽഎ, അസീറിയൻ സഭാ മെത്രാപ്പോലീത്ത മാർ ഔഗേൻ കുര്യാക്കോസ്, ജോസ് കെ. മാണി എം.പി, കുര്യാ ക്കോസ് മാർ സെവേറിയോസ് വലിയ മെത്രാപ്പോലീത്ത,

ഫ്രാൻസിസ് ജോർജ് എം.പി, മലബാർ സ്വതന്ത്രസുറിയാനി സഭാ മെത്രാപ്പോലീത്ത സിറിൾ മാർ ബസേലിയോസ്, മാണി സി. കാപ്പൻ എംഎൽഎ, പി.സി ജോർജ് എക്സ് എം.എൽ.എ, നിലയ്ക്കൽ മെത്രാപ്പോലീത്ത ജോഷ്വാ മാർ നിക്കദേമോസ്, മാർ ജോർജ് പുന്നക്കോട്ടിൽ, മാർ സെബാസ്റ്റ്യൻ വടക്കേൽ, മാർ ജോർജ് മഠത്തിക്കണ്ടത്തിൽ, മാർ ജോർജ് രാജേന്ദ്രൻ, യോഹന്നാൻ മാർ തെയഡോഷ്യസ്, മാത്യൂസ് മാർ പോളികാർപ്പൂസ്, സാമുവൽ മാർ ഐറേണിയൂസ്, യോഹന്നാൻ മാർ ക്രിസോസ്തോം, റൈറ്റ് റവ. ജെസ്റ്റിൻ അലക്സാണ്ടർ മഠത്തിപ്പറമ്പിൽ, റൈറ്റ് റവ. ജെയിംസ് റാഫേൽ ആനാപറമ്പിൽ, റൈറ്റ് റവ. സിൽവസ്റ്റർ പൊന്നുമുത്തൻ, മാർ ജോസ് പുളിക്കൽ, ബിഷപ് ഡോ. ജോസ് സെബാസ്റ്റ്യൻ തെക്കുംചേരിക്കുന്നേൽ, മാർ ജോസഫ് സ്രാമ്പിക്കൽ, മാർ ജേക്കബ് അങ്ങാടിയത്ത്, മാർ ജോസഫ് കൊല്ലംപറമ്പിൽ, മാർ തോമസ് പാടിയത്ത്, പാസ്റ്ററൽ കൗൺസിൽ ചെയർമാൻ ഡോ. കെ.കെ ജോസ്, സിസ്റ്റർ മരീന ഞാറക്കാട്ടിൽ എസ്എബിഎസ്, ഷീബ ബിനോയി പള്ളിപ്പറമ്പിൽ എന്നിവർ പ്രസംഗിച്ചു. പാലാ രൂപതാധ്യക്ഷൻ സ്വാഗതവും രൂപതാ മുഖ്യവികാരി ജനറാൾ മോൺ. ഡോ. ജോസഫ് തടത്തിൽ കൃതജ്ഞത അർപ്പിക്കുകയും ചെയ്തു. പ്ലാറ്റിനം ജൂബിലി നമ്മുടെ രൂപതയെ സംബന്ധിച്ചിടത്തോളം വലിയ ഒരു തിരിഞ്ഞുനോട്ടത്തിന്റെ അവസരമായിരുന്നു. കടന്നുപോയ വഴികളെ ഓർക്കാനും നന്ദി പറയാനും ദൈവം അനുവദിച്ചുതന്ന സമയം. പ്ലാറ്റിനം ജൂബിലി നമ്മുടെ എല്ലാവരുടെയും ജൂബിലിയാണ്. പാലാ രൂപതയെന്നാൽ അതിന്റെ ശക്തിയും ബലവും ഓരോ വിശ്വാസിയുമാണ്. ജൂബിലിസമാപനകർമ്മങ്ങളിൽ എത്തേണ്ടതും പങ്കെടുക്കേണ്ടതും നടത്തേണ്ടതും പാലാ രൂപതയിലെ എല്ലാ അംഗങ്ങളുമാണ്. കാരണം, ഇത് നമ്മുടെ ജൂബിലിയാണ്. ശാരീരികമായി എല്ലാവർക്കും എത്താൻ ബുദ്ധിമുട്ടായതിനാലും നമ്മുടെ പരിമിതികൾ അറിയാവുന്നതിനാലുമാണ് ഓരോ ഇടവകയിൽനിന്നും പ്രതിനിധികളെ മാത്രം

സമാപനകർമ്മകളിലേക്കു ക്ഷണിച്ചത്. ആത്മനാ എല്ലാവരുടെയും സാന്നിധ്യം ഉണ്ടായിരുന്നുവെന്ന് എനിക്കുറപ്പുണ്ട്. നിങ്ങളുടെ എല്ലാവരുടെയും നിയോഗങ്ങൾ അന്നത്തെ പരിശുദ്ധ കുർബാനയിൽ പ്രത്യേകം ഓർക്കുകയും പ്രാർത്ഥിക്കുകയും ചെയ്തു. വിശ്വാസം കൈമാറിത്തന്ന നമ്മുടെ പൂർവികരെയും ആ സമയം ഞാൻ ഓർത്തു. ഒപ്പം ക്ഷമയുടെ ഒരു വാക്കു കൂടി: ഈ 75 വർഷത്തെ ചരിത്രത്തിൽ ഏതെങ്കിലുംവിധത്തിൽ സഭാശുശ്രൂഷകരുടെ ഭാഗത്തുനിന്ന് ആർക്കെങ്കിലും മുറിവുകൾ ഉണ്ടായിട്ടുണ്ടെങ്കിൽ ആത്മാർത്ഥമായി ഞാൻ ക്ഷമ ചോദിക്കുന്നു. പിണക്കങ്ങൾ മറക്കാം, ഒരുമയോടെ കർത്താവിന്റെ കൂട്ടത്തിൽ സഞ്ചരിക്കാം. അകൽച്ചയുടെ എല്ലാ ഭിത്തികളും മാറ്റാം, ബന്ധത്തിന്റെ പാലങ്ങൾ പണിയുന്നവരാകാം.

**50. പ്രാർത്ഥന :** “ഞങ്ങളുടെ കർത്താവേ, ഞങ്ങളുടെ ദൈവമേ, കഴിഞ്ഞ എഴുപത്തഞ്ചുവർഷക്കാലം ഞങ്ങളുടെ രൂപതയെ നയിച്ച അങ്ങയുടെ പരിപാലനത്തെയോർത്തു നന്ദി പറയുന്നു. ഇരുൾ ഞങ്ങളെ വലയം ചെയ്യുമ്പോഴും അങ്ങയുടെ പ്രകാശം ഞങ്ങളെ നയിക്കുന്നതിനെയോർത്ത് അങ്ങയെ ഞങ്ങൾ സ്തുതിക്കുന്നു. കൗദാശികജീവിതത്തിലൂടെ ജീവന്റെ സമൃദ്ധി ഞങ്ങൾക്കു നൽകുന്ന ദൈവമേ, അങ്ങയെ ഞങ്ങൾ ആരാധിക്കുന്നു. അങ്ങിലുള്ള വിശ്വാസത്തിന്റെ ആഴത്തിലേക്കു ഞങ്ങളെ വളർത്തണമേ. കീറിപ്പോകാത്ത വലയായ അങ്ങയുടെ തിരുസ്സഭയിൽ ഞങ്ങൾ എക്കാലവും വസിക്കട്ടെ. ഞങ്ങളുടെ അമ്മയായ പരിശുദ്ധ മറിയമേ, ഈശോ പറയുന്നതു ചെയ്യുവാൻ തക്കവിധം ഞങ്ങളുടെ കുടുംബങ്ങളെ ഒരുക്കണമേ. ഞങ്ങളുടെ പിതാവായ മാർ തോമാശ്ലീഹായേ, ഈശോയ്ക്കുവേണ്ടി മാത്രം ജീവിക്കാൻ തക്കവിധം ഞങ്ങളുടെ വൈദികരെ ശക്തരാക്കണമേ. വിശുദ്ധ അൽഫോൻസാമ്മേ, ഈശോയോടുള്ള സ്നേഹത്താൽ എല്ലാ സന്ന്യസ്തരെയും ജ്വലിപ്പിക്കണമേ. വാഴ്ത്തപ്പെട്ട കുഞ്ഞച്ചാ, പാവങ്ങളെക്കുറിച്ചുള്ള ഓർമ്മ വിശുദ്ധ കുർബാനയുടെ

തുടർച്ചയാണെന്നു ഞങ്ങളെ പഠിപ്പിക്കണമേ. സാന്ത്വന പ്രകാശമേ, ഞങ്ങളെ നയിക്കണമേ. പിതാവും പുത്രനും പരിശുദ്ധ റൂഹായുമായ സർവേശ്വരാ, എന്നേക്കും, ആമ്മേൻ."

മിശിഹായിൽ സ്നേഹപൂർവം,

മെത്രാസനമന്ദിരം
പാലാ, 31.07.2025

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപതാമെത്രാൻ

---

NB: ഈ ഇടയലേഖനത്തിന്റെ **ഭാഗം-1, 2025 ഓഗസ്റ്റ് 3**-ാം തീയതി ഞായറാഴ്ചയും **ഭാഗം -2, 2025 ഓഗസ്റ്റ് 10**-ാം തീയതി ഞായറാഴ്ചയും **ഭാഗം-3, 2025 ഓഗസ്റ്റ് 17**-ാം തീയതി ഞായറാഴ്ചയും എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വിശുദ്ധ കുർബാനമദ്ധ്യേയുള്ള സുവിശേഷ വ്യാഖ്യാനത്തിനുശേഷം വായിക്കുകയോ ഇതിലെ ആശയങ്ങൾ വിശദീകരിക്കുകയോ ചെയ്യേണ്ടതാണ്.

No: 4120/K-5/KCBC/OL/DS 16.07.2025

# തടവറ പ്രേഷിത ഞായർ

**10 ഓഗസ്റ്റ് 2025**

## വീണുപോയ മനുഷ്യർക്ക് പ്രാർത്ഥനയുടെ ചിറകിൽ പറന്നുയരാം

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

നഷ്ടപ്പെട്ടതിനെ അന്വേഷിച്ചു രക്ഷിക്കാൻ വന്ന കർത്താവായ ഈശോമിശിഹായുടെ (ലൂക്കാ 19:10) കൃപയും കരുണയും സമാധാനവും നിങ്ങൾക്കുണ്ടാകട്ടെ. കത്തോലിക്കാസഭ തടവറപ്രേഷിതഞായർ ആചരിക്കുന്ന ഈ അവസരത്തിൽ ഇതിന്റെ ആപ്തവാക്യം – 'വീണുപോയ മനുഷ്യർക്ക് പ്രാർത്ഥനയുടെ ചിറകിൽ പറന്നുയരാം' എന്നത് ദൈവകൃപയാലും സഭയുടെ കരുണാർദ്രമായ പിൻബലത്താലും എപ്പോഴും നവീകരണം സാധ്യമാണ് എന്ന കാര്യം നമ്മെ ഓർമിപ്പിക്കുന്നു. മാപ്പേകാൻ വിസമ്മതിക്കുകയും അതേസമയം കുറ്റംവിധിക്കാൻ ധൃതികൂട്ടുകയും ചെയ്യുന്ന ഇന്നത്തെ ലോകത്ത് മറ്റൊരു വലിയ സത്യത്തിലേക്കു സുവിശേഷം നമ്മെ ക്ഷണിക്കുന്നു: ഓരോ മനുഷ്യവ്യക്തിയും, എത്ര വലിയ താഴ്ചയിലേക്കു വീണാലും, ദൈവത്തിന്റെ മുമ്പിൽ വിലമതിക്കപ്പെട്ടവനും നമ്മുടെ പ്രാർത്ഥനവഴി അവിടത്തെ കരുണ ലഭിച്ചു രൂപാന്തരപ്പെടാൻ സാധ്യതയുള്ളവനുമാണ്. ദൈവത്തിനു വീണ്ടെടുക്കാൻ കഴിയാത്തവരായി ആരുമില്ല.

### വീണ്ടെടുപ്പിനായുള്ള വിളി

വീണുപോയവരോടുള്ള ദൈവത്തിന്റെ അചഞ്ചലമായ സ്നേഹം വിശുദ്ധലിഖിതത്തിന്റെ ആരംഭം മുതൽ നാം കാണുന്നു. ആദവും ഹവ്വയും വീണുപോയെങ്കിൽപ്പോലും ഉപേക്ഷിക്കപ്പെട്ടില്ല. ദാവീദുരാജാവ് വലിയ പാപത്തിൽ വീണുപോയിരുന്നെങ്കിലും അനുതപിക്കുകയും ദൈവത്തിന്റെ

ഹൃദയത്തിനു ചേർന്ന വ്യക്തിയായി മാറുകയും ചെയ്തു. ഒരിക്കൽ സഭയെ പീഡിപ്പിച്ചിരുന്ന പൗലോസ് ജനതകളുടെ അപ്പസ്തോലനായി മാറി. ധൂർത്തപുത്രനു മാപ്പു ലഭിച്ചെന്നു മാത്രമല്ല, അവന്റെ തിരിച്ചുവരവ് ആഘോഷിക്കപ്പെടുകയും ചെയ്തു. ഇവയെല്ലാം കേവലം ഭൂതകാലകഥകൾ അല്ല. വിശ്വാസവും അനുതാപവും ഉള്ളപ്പോൾ ഒരു വീഴ്ചയും അതിൽത്തന്നെ അന്ത്യമല്ല; മറിച്ച്, തിരിച്ചുവരവിലേക്കും ഉയർപ്പിലേക്കുമുള്ള സാധ്യതയാണ്. എസക്കിയേൽപ്രവാചകൻവഴി ദൈവം പറയുന്നതുപോലെ, ദുഷ്ടൻ മരിക്കുന്നതിലല്ല, അവൻ ദുഷ്ടമാർഗത്തിൽനിന്നു പിന്തിരിഞ്ഞു ജീവിക്കുന്നതിലാണ് എനിക്കു സന്തോഷം (33:11).

**ക്രിസ്തു: കരുണാമയനും വീണ്ടെടുക്കുന്നവനും**

യേശു തന്റെ പരസ്യജീവിതത്തിൽ എല്ലാവരെയും തന്നോടു ചേർത്തുപിടിച്ചു. അനുതപിച്ച കള്ളനു മാപ്പു നൽകിക്കൊണ്ട് അവിടുന്നു പറഞ്ഞു: "നീ ഇന്ന് എന്നോടുകൂടെ പറുദീസയിൽ ആയിരിക്കും" (ലൂക്കാ 23:43). അവിടുന്ന് ചുങ്കക്കാരോടൊത്തു വിരുന്നിനിരുന്നു, വ്യഭിചാരത്തിൽ പിടിക്കപ്പെട്ടവർക്കു മാപ്പുകൊടുത്തു, നഷ്ടപ്പെട്ടതിനെ അന്വേഷിച്ചു കണ്ടെത്തി. നഷ്ടപ്പെട്ട നാണയത്തിന്റെയും നഷ്ടപ്പെട്ട ആടിന്റെയും നഷ്ടപ്പെട്ട പുത്രന്റെയും ഉപമകളിലൂടെ അവിടുന്ന് പിതാവിന്റെ ഹൃദയം വെളിപ്പെടുത്തി: മാനസാന്തരം ആവശ്യമില്ലാത്ത തൊണ്ണൂറ്റൊൻപതു നീതിമാന്മാരെക്കുറിച്ച് എന്നതിനേക്കാൾ, അനുതപിക്കുന്ന ഒരു പാപിയെക്കുറിച്ച് സ്വർഗത്തിൽ കൂടുതൽ സന്തോഷമുണ്ടാകും (ലൂക്കാ 15:7) എന്ന് അവിടുന്നു പ്രസ്താവിച്ചു. ക്രിസ്തുവിന്റെ ദൗത്യം, അന്നും ഇന്നും, എന്നും നഷ്ടപ്പെട്ടതിനെ അന്വേഷിച്ചു കണ്ടെത്തി രക്ഷപ്പെടുത്തുക എന്നതാണ് (ലൂക്കാ 19:10).

**സഭ: വീണുപോകുന്നവരുടെ മാതാവ്**

ക്രിസ്തുവിന്റെ ശരീരം എന്ന നിലയ്ക്ക് അവന്റെതന്നെ കരുണയുടെ ദൗത്യമാണ് സഭയെ ഭരമേല്പിച്ചിരിക്കുന്നത്.

ആരെയും കുറ്റംവിധിക്കാനല്ല അവൾ നിലകൊള്ളുന്നത്; മറിച്ച്, സ്വാഗതം ചെയ്യാനും സുഖപ്പെടുത്താനും, സമൂഹത്തിൽ തിരസ്കൃതരും വീണുപോയവരുമായവരെ പുനരുജ്ജീവിപ്പിക്കാനുമാണ്. അനുരഞ്ജനകൂദാശവഴി ആത്മാക്കൾ നവീകരിക്കപ്പെടുന്നു. ദിവ്യകാരുണ്യസ്വീകരണംവഴി മുറിവേറ്റ ജീവിതങ്ങൾ ബലപ്പെടുന്നു. സഭ ക്ഷണിക്കപ്പെട്ടിരിക്കുന്നത് മാപ്പും മോചനവും നൽകാൻവേണ്ടി മാത്രമല്ല; അതോടൊപ്പം സുഖപ്പെടുത്താനും അനുഗമനംചെയ്യാനും വേണ്ടിയാണ്. ഒരു അമ്മയെപ്പോലെ അവൾ പരിചരിക്കുകയും ആശ്വസിപ്പിക്കുകയും പ്രത്യാശപകരുകയും ചെയ്യുന്നു; അത് അഴികൾക്കുള്ളിലുള്ള ആളുകൾക്കുവേണ്ടിയും സഭ ചെയ്യുന്നു. പെറ്റമ്മ മറന്നാലും ഞാൻ നിന്നെ മറക്കുകയില്ല എന്ന് ഏശയ്യാ പ്രവാചകൻ വഴി അരുൾചെയ്യപ്പെട്ട വചനത്തിന്റെ ചൈതന്യത്തിലാണ് (ഏശ 49:15) പ്രിസൺ മിനിസ്ട്രി ഇന്ത്യ (PMI) യിലൂടെ അഴികൾക്കുപിന്നിലുള്ള സഹോദരീസഹോദരന്മാരുടെ പക്കലേക്കു സഭ കരുണാർദ്രഭാവത്തോടെ തിരിയുന്നത്.

**പ്രിസൺ മിനിസ്ട്രി ഇന്ത്യ:**
**സുവിശേഷം പ്രവർത്തനപന്ഥാവിൽ**

1981 ഡിസംബർ എട്ടാം തീയതി കോട്ടയത്തെ സെന്റ് തോമസ് അപ്പസ്തോലിക്ക് സെമിനാരിയിൽ രണ്ടു വൈദിക വിദ്യാർഥികളാൽ ആരംഭിച്ച പ്രിസൺ മിനിസ്ട്രി ഇന്ത്യ നമ്മുടെ നാട്ടിൽ ദൈവികകരുണയുടെ ദീപനാളമാണ്. പ്രിസൺ മിനിസ്ട്രി ഇന്ത്യയുടെ സന്നദ്ധപ്രവർത്തകർ തടവറകളിൽ പ്രവേശിക്കുന്നത് ആരെയും വിധിച്ചുകൊണ്ടല്ല; മറിച്ച്, അനുകമ്പയോടെയാണ്. അവർ അവിടത്തെ അന്തേവാസികളോടൊത്തു പ്രാർത്ഥിക്കുകയും, അവർക്ക് കൗൺസലിങ് നൽകുകയും അവരുടെ കഴിവുകൾ പ്രോത്സാഹിപ്പിക്കുകയും നിയമസഹായം നൽകുകയും ചെയ്യുന്നു. മാത്രമല്ല, അവർ ജയിൽമോചിതരായശേഷം അവർക്ക് ആവശ്യമായ അനുഗമനം നല്കി പുനരധിവസിപ്പിക്കുവാൻ ശ്രമിക്കുന്നു. ശിക്ഷകഴിഞ്ഞ്

പുറത്തിറങ്ങുമ്പോൾ എങ്ങോട്ടു പോകണമെന്നറിയാത്തവരെ PMI പുനരധിവാസകേന്ദ്രങ്ങളിൽ താമസിപ്പിക്കുകയും അവർക്ക് ജോലിസാധ്യതകൾ ഒരുക്കുകയും മുറിവേറ്റ ജീവിതങ്ങളെ സുഖപ്പെടുത്തുകയും ചെയ്യുന്നു. 'ഞാൻ കാരാഗൃഹത്തിൽ ആയിരുന്നു; നിങ്ങൾ എന്റെ അടുത്തു വന്നു' (മത്താ 25:36) എന്ന ക്രിസ്തുവചനം അപ്രകാരം അന്വർഥമാക്കുന്നു.

**പ്രാർത്ഥനയുടെ ചിറകുകളിൽ**

തടവുകാരെ പുനരധിവസിപ്പിക്കുന്ന പ്രക്രിയയിൽ പ്രാർഥനയും ഉപവാസവും അടിസ്ഥാനഘടകങ്ങളാണ്. പ്രാർഥനവഴിയാണ് ഹൃദയങ്ങൾ മൃദുലമാക്കപ്പെടുന്നതും മനസ്സാക്ഷി ഉണർത്തപ്പെടുന്നതും കൃപ സ്വീകരിക്കപ്പെടുന്നതും. ബംഗളുരുവിലുള്ള നാഷണൽ ഓഫീസിനോടു ചേർന്ന് PMI യുടെ ഒരു പ്രാർത്ഥനാഗോപുരം (prayer tower) ഉണ്ട്; ലോകം മുഴുവനുമുള്ള തടവുകാർക്കുവേണ്ടി ദിവ്യകാരുണ്യസവിധേ അവിടെ സന്നദ്ധപ്രവർത്തകർ നിരന്തരം മധ്യസ്ഥപ്രാർത്ഥന നടത്തുന്നു. ഈ അഖണ്ഡ മധ്യസ്ഥപ്രാർത്ഥനയിൽ (Incessant Intercessary Invocation) ഓൺലൈൻ ആയിട്ടോ ആത്മീയ മായിട്ടോ പങ്കുചേരാൻ നിങ്ങളെ സ്നേഹപൂർവം ക്ഷണിക്കുന്നു. അഖണ്ഡ ഉപവാസം, അഖണ്ഡ ദിവ്യബലി, അഖണ്ഡ ജപമാല, അഖണ്ഡ കരുണക്കൊന്ത എന്നിവ PMI സംഘടിപ്പിക്കുന്നുണ്ട്. നിങ്ങളുടെ നിത്യേനയുള്ള പ്രാർത്ഥനയും ആധ്യാത്മികശുശ്രൂഷകളും തടവുകാരെ, ഏറെ പ്രത്യേകിച്ച് ഭീകരപ്രവർത്തകർ, മനുഷ്യക്കടത്തുകാർ തുടങ്ങിയവരെ, കൃപയിലേക്ക് ഉയർത്തുന്ന യഥാർഥചിറകുകളായി പരിണമിക്കും.

**തടവറശുശ്രൂഷവഴിയുള്ള രൂപാന്തരം**

ഒരുകാലത്ത് നിരന്തരം കളവു ചെയ്തുകൊണ്ടിരുന്ന രാജേഷിന്റെ (പേര് സാങ്കല്പികം) കഥ ഞാൻ നിങ്ങളോടു പങ്കുവയ്ക്കാം. കുടുംബവും സമൂഹവും തിരസ്കരിച്ച അയാളെ തടവറശുശ്രൂഷയുടെ സന്നദ്ധപ്രവർത്തകർ ജയിലിൽ കണ്ടുമുട്ടി.

പ്രാർത്ഥനയും വചനവായനയും ശുശ്രൂഷകരുടെ പിൻബലവും വഴിയായി അയാൾക്ക് ആഴത്തിലുള്ള മാനസാന്തരാനുഭവം ഉണ്ടായി. തന്റെ മോചനത്തിനുശേഷം തൊഴിൽ കണ്ടെത്താനും തന്റെ അമ്മയുമായി രമ്യതപ്പെടാനും പുതിയൊരു ജീവിതശൈലി സ്വീകരിക്കാനും PMI അയാളെ സഹായിച്ചു. ഇന്ന് അയാൾ ഒരു നല്ല പിതാവാണ്; ഇടവകയിലെ സന്നദ്ധപ്രവർത്തകനും ദൈവത്തിന്റെ കരുണാർദ്രസ്നേഹത്തിന്റെ സജീവസാക്ഷിയുമായി പ്രശോഭിക്കുന്നു.

**ഇന്ത്യയിലെ സഭയുടെ വിളി**

നമ്മുടെ ഓരോ ഇടവകയും സന്ന്യാസസമൂഹവും പ്രാർഥനാക്കൂട്ടായ്മയും കുടുംബവും ദൈനംദിനം തടവറകളിലായിരിക്കുന്നവർക്കുവേണ്ടി പ്രാർഥിക്കണം, പ്രത്യേകിച്ച് മധ്യസ്ഥപ്രാർഥനവഴിയും ജപമാലവഴിയുമുള്ള പിൻബലം അനിവാര്യമാണ്. പ്രാർഥന, സംഭാവന, സന്നദ്ധപ്രവർത്തനം, പങ്കുവയ്ക്കൽ എന്നിവയിലൂടെ ജീവിതങ്ങളെ രൂപാന്തരപ്പെടുത്തുവാൻ കഴിയും. ഒരുകാലത്ത് തടവറയിലായിരുന്നവരെ നമ്മുടെ കൂട്ടായ്മയിലേക്കു സ്വാഗതം ചെയ്യാനും അവരുടെ മാഹാത്മ്യം അംഗീകരിക്കാനും അവരോട് അനുകമ്പയോടെ പെരുമാറാനും നാം തയ്യാറാകണം. തടവറയിൽ ആയിരിക്കുന്നവരുടെ കുടുംബങ്ങൾക്കു സഹായം എത്തിച്ചുകൊടുക്കാൻ നമ്മൾ ശ്രമിക്കണം; കാരണം, അവരെല്ലാവരും ക്രിസ്തുവിൽ നമ്മുടെ സഹോദരീസഹോദരന്മാരാണ്.

തടവറപ്രേഷിതഞായർ ആചരണം വിസ്മരിക്കപ്പെട്ടവരെ ശുശ്രൂഷിക്കാനും ശബ്ദമില്ലാത്തവരുടെ അഭിഭാഷകരാകാനും അഴികൾക്കുള്ളിലെ മനുഷ്യരോടു സദ്വാർത്ത അറിയിക്കാനും നമ്മെ കൂടുതൽ ധൈര്യപ്പെടുത്തട്ടെ. വിധി പറയുന്ന ഒരു കോടതിമുറിയല്ല സഭ; മറിച്ച്, സുഖപ്പെടുത്തുന്ന ഒരു ആതുരാലയമാണ്. 'ഞാനും നിന്നെ വിധിക്കുന്നില്ല; പൊയ്ക്കൊള്ളുക. ഇനിമേൽ പാപം ചെയ്യരുത്' (യോഹ 8:11) എന്ന ക്രിസ്തുവിന്റെ വചനം നമുക്ക് ഓർമിക്കാം.

**കൃതജ്ഞതയും ആശംസകളും**

സഹോദരമെത്രാന്മാരോടു ചേർന്നുനിന്നുകൊണ്ട്, എല്ലാ രൂപതകൾക്കും സന്ന്യാസസഭാമേലധികാരികൾക്കും ഉപകാരികൾക്കും നിങ്ങളുടെ പ്രാർത്ഥനയും ഉദാരമായ പിന്തുണയും അനുസ്മരിച്ചുകൊണ്ട് ഞാൻ നന്ദി രേഖപ്പെടുത്തുന്നു. തുടർന്നും നിങ്ങളുടെ നിർലോപമായ സഹകരണം അഭ്യർത്ഥിക്കുന്നു. നഷ്ടപ്പെട്ടതിനെ അന്വേഷിച്ചുവന്ന യേശു നിങ്ങളെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ. തടവറപ്രേഷിത ശുശ്രൂഷയിൽ ഏർപ്പെട്ടിരിക്കുന്ന സന്നദ്ധപ്രവർത്തകരുടെ ദൗത്യം വളരെയേറെ ഞങ്ങൾ വിലമതിക്കുന്നു; തടവറയിൽ ആയിരുന്നവരെ പുനരധിവസിപ്പിക്കുക എന്നതാണ് ഏറ്റവും വെല്ലുവിളി നിറഞ്ഞ, ശ്രമകരമായ പ്രവൃത്തി. പ്രിസൺ മിനിസ്ട്രിയുടെ സ്വർഗീയമധ്യസ്ഥരായ വിശുദ്ധ മാക്സ് മില്യൻ കോൾബേ, ധന്യൻ ഫ്രാൻസിസ് സേവ്യർഖാൻ തൂവാൻ എന്നിവരുടെ പ്രാർത്ഥനകൾ നമുക്കു യാചിക്കാം. നമ്മുടെ മാതാവായ പരിശുദ്ധ കന്യകാമറിയം എപ്പോഴും നമ്മെ സംരക്ഷിക്കുകയും നയിക്കുകയും ചെയ്യട്ടെ !

പൈതൃകാശിസ്സുകളോടെ,

**ബിഷപ് മാർ ജോസ് പുളിക്കൽ**

(ചെയർപേഴ്സൺ, പ്രിസൺ മിനിസ്ട്രി, ഇന്ത്യ
ചെയർമാൻ, കെസിബിസി ജസ്റ്റിസ്,
പീസ് ആൻഡ് ഡെവലപ്മെന്റ് കമ്മീഷൻ)

**ആർച്ചുബിഷപ് തോമസ് മാർ കൂറിലോസ്**

(വൈസ് ചെയർമാൻ, കെസിബിസി ജസ്റ്റിസ്,
പീസ് ആൻഡ് ഡെവലപ്മെന്റ് കമ്മീഷൻ)

**ആർച്ചുബിഷപ് തോമസ് ജെ. നെറ്റോ**

(വൈസ് ചെയർമാൻ, കെസിബിസി ജസ്റ്റിസ്,
പീസ് ആൻഡ് ഡെവലപ്മെന്റ് കമ്മീഷൻ)

**വിശ്വാസികളുടെ പ്രാർത്ഥന**

കാർമികൻ: പ്രിയ സഹോദരീസഹോദരന്മാരേ, പാപികളോടും ദരിദ്രരോടും ഈശോ വളരെയേറെ അനുകമ്പ കാണിച്ചു. അതിനാൽ, പരിശുദ്ധാത്മാവിന്റെ പ്രചോദനത്താൽ നാമും തടവറകളിലുള്ളവരോടു കരുണയോടെ പെരുമാറാൻ ഇടയാക്കണമെന്നു കർത്താവിനോടു നമുക്കു പ്രാർഥിക്കാം.

പ്രത്യുത്തരം: കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേട്ടരുളണമേ.

കർത്താവേ, അങ്ങ് നിഷ്കളങ്കനായ തടവുപുള്ളി എന്ന നിലയിൽ തടവുകാരുടെ അനുഭവത്തിൽ പങ്കുചേർന്നല്ലോ. അഴികളുടെ പിറകിലുള്ള ഞങ്ങളുടെ സഹോദരീസഹോദരന്മാരുടെ മാനസികവിഷമങ്ങളും ശാരീരിക അസ്വസ്ഥതകളും അങ്ങയുടെ മുമ്പിൽ ഞങ്ങൾ കൊണ്ടുവരുന്നു. അവരെയും അവരുടെ കുടുംബങ്ങളെയും അനുഗ്രഹിക്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു. അവരോടു കരുണയോടും സഹതാപത്തോടും കൂടി പെരുമാറാൻ തടവറയധികാരികളെ പ്രാപ്തരാക്കണമെന്നും ഞങ്ങൾ പ്രാർത്ഥിക്കുന്നു.

പ്രത്യുത്തരം: കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേട്ടരുളണമേ.

ഭാരതത്തിലെ തടവറശുശ്രൂഷയിൽ ആയിരിക്കുന്ന എല്ലാ സന്നദ്ധപ്രവർത്തകരെയും അനുഗ്രഹിക്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു. എളിയവരും തഴയപ്പെട്ടവരും താഴേത്തട്ടിലുള്ളവരും ആയവർക്കുവേണ്ടി തങ്ങളുടെ സമയവും കഴിവുകളും സമർപ്പിക്കുന്നവരെ നല്ല ഇടയനായ ഈശോ നയിക്കുകയും സംരക്ഷിക്കുകയും ചെയ്യാൻ ഇടവരുത്തണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

പ്രത്യുത്തരം: കർത്താവേ, ഞങ്ങളുടെ പ്രാർഥന കേട്ടരുളണമേ.

കർത്താവേ, തെറ്റായി കുറ്റാരോപിതരായി തുറുങ്കിലടയ്ക്കപ്പെട്ട എല്ലാവരെയും ഓർത്തു ഞങ്ങൾ പ്രാർത്ഥിക്കുന്നു. അവരുടെ യാതനയും തിക്തതയും അങ്ങേക്ക് അറിയാമല്ലോ.

കരുണാമയനായ ദൈവമേ, ശരിയായ അഭിഭാഷകപ്രവർത്തനം വഴി എത്രയും പെട്ടെന്ന് മോചിതരാകുവാൻ അവർക്ക് ഇടയാക്കണമേയെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

പ്രത്യുത്തരം: കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേട്ടരുളണമേ.

കാർമികൻ: പിതാവേ, അങ്ങയുടെ മക്കൾ അങ്ങയുടെ പക്കലേക്കു തിരിയുമ്പോൾ അങ്ങ് അതീവസന്തുഷ്ടനാണല്ലോ. അങ്ങയുടെ കരം നീട്ടി തടവറകളിൽ കഴിയുന്ന സഹോദരീ സഹോദരന്മാരെ സ്പർശിക്കുകയും അവർ നവീകരിക്കപ്പെട്ട ഒരു ജീവിതം നയിക്കാൻ ഇടയാക്കുകയും ചെയ്യേണമേ. കർത്താവായ ക്രിസ്തുവഴി ഈ പ്രാഥന കേട്ടരുളണമേ, ആമ്മേൻ.

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം,

കൊച്ചി: 682 025

Ref: 4124/K-35/KCBC/OL/DS 23.07.2025

# 2025 ഓഗസ്റ്റ് 17 കർഷകദിനം

## കെസിബിസി ഇൻഫാം കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

മിശിഹായിൽ പ്രിയ വൈദികരേ, സിസ്റ്റേഴ്സ്, മാതാപിതാക്കളേ, യുവജനങ്ങളേ, കുഞ്ഞുങ്ങളേ,

സമാനതകളില്ലാത്ത പ്രതിസന്ധികളിലൂടെ കർഷകർ കടന്നുപോവുകയും, കാടിറങ്ങുന്ന വന്യമൃഗങ്ങളാൽ നൂറുകണക്കിനാളുകൾ കൊല്ലപ്പെടുകയും അപരിഷ്കൃതനാടുകൾക്കു സമാനം കേരളത്തിന്റെ വഴിയോരങ്ങളിൽ ജനങ്ങളുടെ സ്വൈരവിഹാരത്തെ അപകടത്തിലാക്കുംവിധം തെരുവുനായ്ക്കൾ പെരുകുകയും ചെയ്യുന്ന ഗുരുതരമായ സാമൂഹിക പ്രതിസന്ധികൾക്കു നടുവിലാണ് കെ.സി.ബി.സി. ഇൻഫാം കമ്മീഷൻ ഈ സർക്കുലർ പുറപ്പെടുവിക്കുന്നത്. അന്നം തരുന്നവന്റെ സങ്കടങ്ങൾ സർക്കാരുകൾ തുടർച്ചയായി അവഗണിക്കുമ്പോൾ അവരുടെ ബുദ്ധിമുട്ടുകളിലേക്കു വിശ്വാസിസമൂഹത്തിന്റെയും പൊതുസമൂഹത്തിന്റെയും ശ്രദ്ധ ക്ഷണിക്കുകയാണ് ഈ സർക്കുലറിന്റെ ലക്ഷ്യം.

കേരളത്തിന്റെ കാർഷികപാമ്പര്യത്തിന്റെ ഉത്സവനാളുകൾകൂടിയായ ഈ ഓണക്കാലത്ത് കർഷകരോട് ഐക്യദാർഢ്യം പ്രകടിപ്പിക്കാനും നമ്മുടെ കുടുംബങ്ങളെ ബലപ്പെടുത്തിയിരുന്ന കാർഷികസംസ്കാരത്തെ അനുസ്മരിക്കാനുമായി ഈ ഞായറാഴ്ച നമുക്കു മാറ്റിവയ്ക്കാം.

**കാർഷികവൃത്തിയും സംസ്കാരവും**

കാർഷികവൃത്തിയെക്കുറിച്ചു ചിന്തിക്കുമ്പോൾ ലോകത്തിലെ എല്ലാ സംസ്കാരങ്ങളും വളർന്നുവന്നത് കൃഷിയിൽ നിന്നാണെന്നു നാം മനസ്സിലാക്കണം. കൃഷിക്കുവേണ്ടിയാണ് നദീതടങ്ങളുടെ സമീപം മനുഷ്യർ താമസിച്ചിരുന്നത്. അങ്ങനെ

യാണ് സിന്ധുനദീതടസംസ്കാരംപോലെയുള്ള മഹത്തായ ലോകസംസ്കാരങ്ങൾ ആവിർഭവിച്ചത്. കേരളത്തെക്കുറിച്ചു പറയുമ്പോൾ മലയാളിയുടെ നന്മനിറഞ്ഞ സംസ്കാരത്തെ രൂപപ്പെടുത്തിയതിൽ പ്രധാന പങ്കുവഹിച്ചത് കൃഷിയായിരുന്നുവെന്നു പറയേണ്ടിവരും. നെല്ലും വയലും പച്ചക്കറിത്തോട്ടങ്ങളും എല്ലാംകൂടി നമ്മുടെ ചുറ്റുപാടുകളിൽ സൃഷ്ടിച്ച ഒരു സംസ്കാരം ഉണ്ടായിരുന്നു. വാടിപ്പോയ ചെടികളെ വെള്ളവും വളവും നൽകി ഊർജസ്വലരാക്കിയെടുക്കുന്ന കർഷകൻ സ്കൂൾ അധ്യാപകനെക്കാൾ വലിയ ജീവിതമൂല്യങ്ങളായിരുന്നു പഠിപ്പിച്ചുകൊണ്ടിരുന്നത്. കാത്തിരിപ്പിന്റെയും ക്ഷമയുടെയും കൂട്ടിച്ചേർത്തുനിർത്തലിന്റെയും പ്രോത്സാഹനത്തിന്റെയും ദയയുടെയുമൊക്കെ വലിയ സുവിശേഷപാഠങ്ങളായിരുന്നു അവ. കുട്ടികളെ കൂടെനിർത്തി നടുകയും വളമിടുകയും അയൽപക്കക്കാരോടൊത്തു വിളവെടുക്കുകയും ചെയ്തിരുന്ന പഴയകാല മാതാപിതാക്കൾ പകർന്നുകൊടുത്തിരുന്ന ഉദാത്തമായ മൂല്യങ്ങളിലാണ് നമ്മുടെ നാട് നന്മയുള്ള നാടായി നിലനിന്നിരുന്നത്.

**ക്രിസ്തുവിന്റെ മനസ്സിലെ കൃഷിക്കാരൻ**

നമ്മുടെ കർത്താവ് ദൈവരാജ്യത്തെക്കുറിച്ചു പഠിപ്പിക്കാൻ മെനഞ്ഞെടുത്ത ഉപമകളിൽ ഏറിയപങ്കും കൃഷിയോടും കൃഷിക്കാരോടും ബന്ധപ്പെടുത്തിയുള്ളതായിരുന്നുവെന്നു നാം മറന്നുകൂടാ. തിരഞ്ഞെടുക്കപ്പെട്ട ജനമായ ഇസ്രായേൽ കൃഷിക്കാരായിരുന്നു. മുന്തിരിക്കൃഷിയും മീൻപിടിത്തവും ആടുമേയ്ക്കലും ഗോതമ്പുകൃഷിയുമൊക്കെ അവരുടെ പ്രധാന ഉപജീവനമാർഗങ്ങളായിരുന്നു. ആയതിനാൽ അവരുടെ കൃഷിയിടങ്ങളിൽനിന്നു മിശിഹാതമ്പുരാൻ ദൈവരാജ്യത്തെക്കുറിച്ചുള്ള ഉപമകൾ മെനഞ്ഞു. ദൈവരാജ്യം വയലിൽ വിതയ്ക്കപ്പെട്ട വിത്തിനു തുല്യമാണെന്നു പറഞ്ഞപ്പോഴും ദൈവരാജ്യം മുന്തിരിത്തോട്ടത്തിലെ കൃഷിക്കാർക്കു സമാനമാണെന്നു

പറഞ്ഞപ്പോഴുമൊക്കെ അവിടുന്ന് കർഷകന്റെ പ്രാധാന്യത്തെക്കുറിച്ച് പഠിപ്പിക്കുകയായിരുന്നു. പിന്നീട് അവിടുന്ന് നല്ലിടയന്റെ ഉപമ പറഞ്ഞു. കടുകുമണിയുടെ ഉപമ പറഞ്ഞു. കടലിൽ എറിയപ്പെട്ട വലയുടെ ഉപമ പറഞ്ഞു. അങ്ങനെ എത്രയോ ഉപമകളാണ് കർഷകബന്ധിയായി അവിടുന്നു പറഞ്ഞത്. കൃഷിയെയും കർഷകരെയും നമ്മുടെ കർത്താവ് സ്നേഹിച്ചുവെന്ന ഉത്തമ ബോധ്യത്തിൽനിന്നാണ് കത്തോലിക്കാസഭയും സഭയുടെ മാധ്യമങ്ങളും കർഷകർക്കുവേണ്ടി ശക്തമായ നിലപാടുകൾ സ്വീകരിക്കുന്നത്.

**കടുത്ത കർഷക അവഗണന**

'വിതയ്ക്കുന്ന കൈകളാണ് നമ്മുടെ ജീവൻ. കർഷകൻ നമ്മുടെ അമ്മയും പിതാവും' എന്നൊരു ചൊല്ലുണ്ടല്ലോ. കൃഷിക്കാരനെ ആദരവോടെ കണ്ടിരുന്ന ഒരു കാലം നമുക്കുണ്ടായിരുന്നു. കാർഷികവിളവെടുപ്പുകൾ ഉത്സവംപോലെയാണ് നമ്മുടെ നാട്ടിൽ കൊണ്ടാടിയിരുന്നത്. എന്നാൽ, ഇന്ന് ആ കാലമൊക്കെ പോയിരിക്കുന്നു. കർഷകൻ അധികാരികളുടെ മുമ്പിൽ അടിയാനെപ്പോലെ തൊഴുതുനിൽക്കേണ്ട ഗതികേടിലായിരിക്കുന്നു. ഉത്പാദനംമുതൽ വിപണനംവരെ സർവ മേഖലകളിലും കർഷകർ സമാനതകളില്ലാത്ത അവഗണന നേരിടുകയാണ്. കർഷകർക്ക് ആശ്രയമായ ഏതുതരം കൃഷിയുമാകട്ടെ, അത് നെല്ലോ റബ്ബറോ, ഏലമോ, കപ്പയോ എന്തുമാകട്ടെ, കർഷകന്റെ ജീവസന്ധാരണത്തിന് ഉപകരിക്കപ്പെടാത്തവിധം വിലത്തകർച്ചയെ നേരിടുകയോ വൻകിടകമ്പനികളുടെ ചൂഷണത്തിനു വിധേയമാവുകയോ ചെയ്യുകയാണ്. വിറ്റ നെല്ലിന്റെ വില കിട്ടാതെ ലോണെടുത്ത പണത്തിന് പലിശയടച്ച് കടക്കെണിയിലായിരിക്കുകയാണ് നെൽക്കർഷകർ. 19 കോടി രൂപയുടെ നെല്ല് സപ്ലൈകോ സംഭരിച്ചതിൽ ഇതുവരെ കർഷകർക്കു കൊടുത്തത് 17 കോടി രൂപ മാത്രമാണ്. സർക്കാരിന്റെ കടുത്ത അവഗണനയിൽ പ്രതിഷേധിച്ച് അപ്പർ കുട്ടനാട്ടിലെ നെൽക്കർഷകർ 1300 ഓളം ഏക്കർ പാടത്ത് അടുത്ത വിത

വേണ്ടെന്ന സങ്കടകരമായ തീരുമാനത്തിലെത്തിയിരിക്കുകയാണ്. പ്രകൃതിക്ഷോഭത്തിലൂടെ കൃഷിനാശം സംഭവിച്ച പല കർഷകരും നഷ്ടപരിഹാരത്തിനായി അപേക്ഷ നൽകിയിട്ട് വർഷങ്ങളായി കാത്തിരിക്കുകയാണ്. ഇൻഷുറൻസിന്റെയും മറ്റും പേരുപറഞ്ഞ് മുതിർന്ന പൗരന്മാരെപ്പോലും അവഗണിക്കുകയാണ്. ഇതിന്റെകൂടെ കർഷകന്റെ സ്വപ്നങ്ങളുടെമേൽ കരിനിഴൽ വീഴ്ത്തിക്കൊണ്ട് ഉത്പാദനച്ചെലവും ഉയർന്നിരിക്കുന്നു. 50 രൂപ മുതൽ 250 രൂപവരെയാണ് ഈ വർഷം രാസവളങ്ങൾക്കു വില കൂട്ടിയത്. രണ്ടു വർഷത്തിനിടയിൽ കേന്ദ്രസർക്കാർ വളം സബ്സിഡിയിൽ വെട്ടിക്കുറച്ചത് 84,000 കോടി രൂപയാണ്. റബർ കർഷകരുടെ കാര്യവും ദയനീയമാണ്. 250 രൂപ നൽകുമെന്നു പ്രകടനപത്രികയിൽ പറഞ്ഞവർക്ക് ഒന്നും ചെയ്യാനാകുന്നില്ല. കഴിഞ്ഞവർഷം കോട്ടയം, ഇടുക്കി ജില്ലകളിലായി 220 കോടിയുടെ കൃഷിനാശമാണുണ്ടായത്. ഒന്നിനും പരിഹാരമുണ്ടാകുന്നില്ല. കർഷകന്റെ രോദനങ്ങൾക്കു ചെവികൊടുക്കാൻ തയ്യാറാകാതെ സർക്കാർസംവിധാനങ്ങൾ കർഷകനെ ദരിദ്രനും നിസ്സഹായനുമാക്കിയിരിക്കുന്നു. കർഷകന്റെ മക്കളുടെ വിവാഹംപോലും നടക്കാതെ പോകുന്നു. മാധ്യമങ്ങൾപോലും കർഷകന്റെ പക്ഷംനിൽക്കാൻ മടിക്കുകയാണ്.

**വന്യജീവി ആക്രമണവും തെരുവുനായശല്യവും**

ഇതിനെല്ലാം പുറമേയാണ് മനുഷ്യന്റെ ആവാസവ്യവസ്ഥയിലേക്കു കടന്നുകയറി വന്യജീവികൾ നടത്തുന്ന ഭീകരാക്രമണം. 2014 മുതൽ 2025 കഴിഞ്ഞമാസംവരെ എൺപത്തഞ്ചോളം മനുഷ്യജീവനുകളാണ് വന്യജീവിയാക്രമണങ്ങളിൽ നഷ്ടപ്പെട്ടത് എന്നത് മനുഷ്യപ്പറ്റുള്ള ഏതൊരു സർക്കാരിന്റെയും ഉറക്കംകെടുത്തുന്ന ഭീകരമായ കണക്കാണ്. എന്നാൽ ഇന്നു മനുഷ്യദുരിതങ്ങളുടെമേൽ വീണ മീട്ടി രസിക്കുന്ന വകുപ്പായി വനം വകുപ്പ് മാറിക്കഴിഞ്ഞു. അവർക്കു നിയമാനുസൃതഭൂമിയിൽ സ്ഥാപിക്കപ്പെട്ട കുരിശുകൾ പൊളിച്ചുമാറ്റി വിശ്വാസത്തെ ആക്ഷേപിക്കാൻ തിടുക്കമാണ്. എന്നാൽ, ആനയിൽനിന്നും

പുലിയിൽനിന്നുമൊക്കെ മനുഷ്യനെ രക്ഷിക്കാൻ യാതൊരു തിടുക്കവുമില്ല. സംസ്ഥാനം കണ്ടതിൽ വച്ച് ഏറ്റവും കഴിവു കെട്ട വകുപ്പായി വനംവകുപ്പ് മാറിക്കഴിഞ്ഞു. 2022-25 കാലഘട്ട ത്തിൽ പാലക്കാടും വയനാടുമൊക്കെയായി ഏഴായിരത്തിൽപ്പരം കേസുകളാണ് വന്യമൃഗ ആക്രമണവുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്തത് എന്നറിയുമ്പോൾ എത്രമാത്രം ഭീകരമാണ് അതെന്നു ചിന്തിച്ചു നോക്കൂ. മനുഷ്യവിരുദ്ധമായ എല്ലാ നിയമങ്ങളെയും പൊളിച്ചെഴുതാനുള്ള ആർജവത്വം ജനപ്രതിനിധികൾ കാണിക്കണം. പ്രമുഖ പരിസ്ഥിതിശാസ്ത്രജ്ഞൻ മാധവ് ഗാഡ് ഗിൽ പറഞ്ഞതുപോലെ ആക്രമണകാരികളായ മൃഗങ്ങളെ കൊന്നു നിയന്ത്രിക്കണം. അതിനുള്ള നിയമം പാസാക്കാൻ രാഷ്ട്രീയഭേദമെന്യേ ജനപ്രതിനിധികൾ ഒന്നിക്കണം. മനുഷ്യവിരുദ്ധമായ എല്ലാ മൃഗസ്നേഹ വാഴ്ത്തലുകളെയും നാം സംഘടിതമായി ചെറുത്തുതോൽപ്പിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. പരിഷ്കൃതരാജ്യങ്ങളിൽ നിയതമായ എണ്ണത്തിൽ കൂടുതലായാൽ ദേശീയമൃഗമാണെങ്കിലും അതിന്റെ ഇറച്ചി ചന്തയിൽ വാങ്ങാൻ കിട്ടുമെന്ന് ഓർക്കണം. മനുഷ്യന്റെ ആവാസവ്യവസ്ഥയിൽ അതിക്രമിച്ചുകയറുന്ന വന്യമൃഗങ്ങളെ വെടിവച്ചുകൊല്ലാനുള്ള അധികാരം മലയോരമേഖലകളിലെ കർഷകക്കൂട്ടായ്മകൾക്കു നൽകണമെന്ന് കർഷകർക്കുവേണ്ടി കെ.സി.ബി.സി. ഇൻഫാം കമ്മീഷൻ സർക്കാരിനോട് ആവശ്യപ്പെടുന്നു.

തെരുവുനായ്ക്കൾ കടിച്ചുകൊന്നിട്ട താറാവുകളെ യോർത്തു വിലപിക്കുന്ന താറാവു കർഷകരുടെ വിലാപം നാം കേട്ടു. കേരളം ഇന്ന് നായ്ക്കളുടെ സ്വന്തം നാടായി മാറിക്കഴി ഞ്ഞിരിക്കുന്നു. ഓരോ 10 കിലോമീറ്ററിലും 10 തെരുവുനായ്ക്ക ളെയെങ്കിലും കാണാവുന്ന ദുർഗതിയിലായിരിക്കുന്നു. നമ്മുടെ നാട്ടിൽ കഴിഞ്ഞ 6 മാസത്തിനുള്ളിൽ ഒന്നരലക്ഷം പേരെയാണ് തെരുവുനായ്ക്കൾ കടിച്ചത് എന്ന വസ്തുത എത്ര ഭീകരമാണ്! മലപ്പുറത്തും തിരൂരങ്ങാടിയിലും പത്തനാപുരം വിളക്കുടിയിലും

വാക്സിൻ എടുത്തിട്ടും മരിച്ചുപോയ ഈ നാടിന്റെ കുഞ്ഞു ങ്ങളെ കണ്ണീരണിയാതെ നമുക്ക് ഓർമ്മിക്കാൻ ആവുമോ? വെറ്ററിനറിഡോക്ടർമാരുടെ പ്രൊഫഷണൽ സംഘടനയായ ഇന്ത്യൻ വെറ്ററിനറി അസോസിയേഷൻ, കേരളനായ്ക്കളുടെ വന്ധ്യംകരണം കൊണ്ട് അടുത്തകാലത്തൊന്നും അവയെ നിയന്ത്രിക്കാനാവില്ലായെന്നും അവയെ നശിപ്പിക്കുകമാത്രമേ വഴിയുള്ളൂ എന്നും പറഞ്ഞിട്ടും എന്തു ഫലപ്രദമായ നടപടി യാണ് സർക്കാരിനെടുക്കാൻ കഴിഞ്ഞത്? ഇത്രമാത്രം ജനങ്ങളെ ബാധിച്ച ഒരു വിഷയത്തിൽ കുഞ്ഞുങ്ങൾപോലും മൃതിയട ഞ്ഞിട്ടും സ്വമേധയാ കേസെടുക്കാൻ പറ്റുന്ന ഒരു ജഡ്ജി പോലും നമ്മുടെ ഹൈക്കോടതിയിൽ ഇല്ലാതെ പോയല്ലോ എന്നോർത്തു നാം സങ്കടപ്പെടുന്നു.

**സത്വരനടപടികൾ ആവശ്യം**

സർക്കാരുകളുടെ സഹായമില്ലാതെ കർഷകന് കൃഷികൊണ്ടു ജീവിക്കാനാവില്ല. കർഷകരോട് ആത്മാർത്ഥത ഉണ്ടെങ്കിൽ അവരുടെ പെൻഷനും കൃഷിനാശംമൂലമുണ്ടായ നഷ്ടപരിഹാരങ്ങളും കാലതാമസം കൂടാതെ വിതരണം ചെയ്യണം. മുതിർന്ന കർഷകർക്കു മുൻഗണന നൽകണം. കർഷകന്റെ ഭൂമിയിൽ കടന്നുകയറുന്ന വനംവകുപ്പിന്റെ നടപടി കൾ അവസാനിപ്പിക്കണം. കർഷകർക്കെതിരെ ചാർത്തപ്പെട്ട കേസുകൾ പിൻവലിക്കണം. വന്യജീവിയാക്രമണങ്ങൾ ചെറു ക്കാൻ പര്യാപ്തമാകുംവിധം പരിഷ്കൃതരാജ്യങ്ങളുടേതിനു സമാനം വനത്തിനുചുറ്റും കിടങ്ങുകളും ഇലക്ട്രിക് ഫെൻസി ങ്ങുകളും ശക്തമായ വേലിക്കെട്ടുകളും നിർമ്മിക്കണം. വിറ്റ ഉൽപന്നങ്ങളുടെ വില രണ്ടാഴ്ചയ്ക്കുള്ളിൽ നൽകാൻ നടപടി ഉണ്ടാകണം. സാമൂഹികജീവിതത്തിനു ഭീഷണിയാകുന്ന തെരുവുനായ്ക്കളെ ഉന്മൂലനം ചെയ്യാൻ നടപടികൾ സ്വീകരി ക്കണം. എറ ണാകുളം ജില്ലയിലെ ചെല്ലാനം തീരമേഖലയിലെ മത്സ്യത്തൊഴിലാളികളുടെ നിലനില്പിനായുള്ള സമരത്തിനും വേഗത്തിൽ പരിഹാരം ഉണ്ടാകണം. കർഷകരുടെ സങ്കടങ്ങൾ

പ്രാധാന്യത്തോടെ അവതരിപ്പിക്കാൻ മാധ്യമങ്ങൾ തയ്യാറാകണം.

**കാർഷികസംസ്കാരം വീണ്ടെടുക്കാം**

കാർഷികസംസ്കാരം നമ്മുടെ നാട്ടിൽ നിലനിർത്തിയിരുന്ന നന്മയുടെ ഇന്നലെകളെ ഈ ഓണക്കാലത്ത് നമുക്ക് അനുസ്മരിക്കാം. കൃഷിയുടെ സംസ്കാരം അന്യംനിന്നു പോകാതിരിക്കാൻ എല്ലാ വീടുകളിലും അടുക്കളത്തോട്ടം ആരംഭിക്കാൻ കെ സി.ബി.സി ഇൻഫാം കമ്മീഷൻ ആഹ്വാനം ചെയ്യുന്നു. മാറിയ കാലത്ത് നമുക്കു കൈമോശം വന്നുപോയ കുടുംബ കൃഷിയുടെ സംസ്കാരം നാം വീണ്ടെടുക്കണം. നമ്മുടെ യുവതലമുറയുടെ മൂല്യബോധം നിർണ്ണയിക്കുന്നതിൽ കൃഷിക്കു വലിയ പങ്കുണ്ടെന്നു മറക്കാതിരിക്കാം. ഒഴിവുസമയങ്ങളിൽ ഡോക്ടറും എഞ്ചിനീയറും അധ്യാപകനുമൊക്കെ കൃഷിക്കാരനാകണം. നാം സ്വന്തമായി ഉത്പാദിപ്പിച്ച ഭക്ഷ്യവിഭവങ്ങൾ കൂട്ടി ആഴ്ചയിൽ ഒരിക്കലെങ്കിലും ആഹാരം കഴിക്കാൻ കഴിഞ്ഞാൽ ഈ കാലത്ത് അത് വലിയ ഭാഗ്യംതന്നെയാകും. കർഷകന്റെ ശബ്ദമായ ഇൻഫാമിന് നിങ്ങൾ ഏവരുടെയും ശക്തമായ പിന്തുണയും സഹായവും ഉണ്ടാകണമെന്ന അഭ്യർത്ഥനയോടെ

മിശിഹായിൽ സ്നേഹപൂർവം

കെ.സി.ബി.സി ഇൻഫാം സമിതിക്കുവേണ്ടി

**ബിഷപ് റെമീജിയൂസ് ഇഞ്ചനാനിയിൽ**

---

ഇൻഫാം ദേശീയ രക്ഷാധികാരി

പി.ഒ.സി. കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം

കൊച്ചി - 682 025

NB: 2025 ഓഗസ്റ്റ് 17-ാം തീയതി ഈ സർക്കുലർ കേരള കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്കു വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

# പാലാ രൂപത
# എപ്പാർക്കിയൽ യൂത്ത് അസംബ്ലി

മിശിഹായിൽ പ്രിയ ബഹുമാനപ്പെട്ട വൈദികരേ, സന്ന്യസ്തരേ, സഹോദരീസഹോദരന്മാരേ, യുവജനസുഹൃത്തുക്കളേ,

2025 സെപ്റ്റംബർ 1 മുതൽ 3 വരെ അരുണാപുരം അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് പാലാ രൂപത എപ്പാർക്കിയൽ യൂത്ത് അസംബ്ലി നടത്തപ്പെടുന്നു. രൂപതയിലെ ഇടവകകളിൽനിന്നു തിരഞ്ഞെടുക്കപ്പെട്ട യുവജനങ്ങളും വൈദികരും സമർപ്പിതരും നമ്മുടെ രൂപതയിലെ മുഴുവൻ യുവ ജനങ്ങളെയും പ്രതിനിധാനം ചെയ്തുകൊണ്ട് ഈ അസംബ്ലി യിൽ പങ്കെടുക്കുന്നു. 1950 ൽ സ്ഥാപിതമായ നമ്മുടെ രൂപത, പ്ലാറ്റിനം ജൂബിലി ആഘോഷിക്കുന്ന പശ്ചാത്തലത്തിൽ കൂടിയാണ് അസംബ്ലി നടത്തുന്നത്.

നമ്മുടെ 'രക്ഷകനായ മിശിഹാ' എന്ന യുവാവായ ദൈവവുമായുള്ള സൗഹൃദമാണ് യുവജന ആത്മീയത എന്ന് പരി. ഫ്രാൻസിസ് മാർപാപ്പ 'ക്രിസ്തു ജീവിക്കുന്നു' എന്ന അപ്പസ്തോലിക ആഹ്വാനത്തിൽ പറയുന്നു. നമ്മുടെ രൂപത യ്ക്കുള്ളിലെ യുവതീയുവാക്കളുടെ ഇടപെടലുകൾ, ആത്മീയ പരിപാടികൾ, ദൈവമനുഷ്യസൗഹൃദം നിറഞ്ഞതാവണം. നമ്മുടെ യുവജനങ്ങൾ കേവലം രൂപതയുടെ ഭാവി മാത്രമല്ല, അവർ അതിന്റെ വർത്തമാനകാലത്തിന്റെ ഒരു സുപ്രധാന ഭാഗവുമാണ്. അലംകൃതമായ രാജകൊട്ടാരത്തിന്റെ തൂണുകൾ കണക്കാണ് യുവജനങ്ങൾ. നമ്മുടെ രൂപതയാകുന്ന കൊട്ടാര ത്തിന്റെ തൂണുകളാണ് ഓരോ യുവജനങ്ങളും. തൂണുകളെ ബലപ്പെടുത്തുന്നത് ഒരു പ്രക്രിയയാണ്. അതുപോലെതന്നെ നമ്മുടെ യുവജനങ്ങളെയും ബലപ്പെടുത്തേണ്ടത് നമ്മുടെ ഉത്തരവാദിത്വമാണ്. ഈ ഉത്തരവാദിത്വം പരിപൂർണാർത്ഥ ത്തിൽ പൂർത്തിയാക്കുവാൻ ഈ യൂത്ത് അസംബ്ലിക്കു സാധിക്കട്ടെ എന്ന് ആശംസിക്കുന്നു.

യുവജനസംഘടനയുടെ പ്രധാനപ്പെട്ട കാര്യങ്ങൾ തീരുമാനിക്കുവാനും കലോചിതമായി നടപ്പാക്കേണ്ട വിഷയ ങ്ങളെപ്പറ്റി ചർച്ചചെയ്യുവാനും സഭയോടും സമൂഹത്തോടും ചേർന്നു യുവജനങ്ങൾക്കു പ്രവർത്തിക്കുവാനുള്ള കർമ്മ പരിപാടികൾ രൂപീകരിക്കുന്നതിനും യുവജനസംഘടനകളെ മുന്നിലേക്കു നയിക്കുന്നതിനുള്ള മാർഗരേഖ ഉണ്ടാക്കുക എന്നതാണ് അസംബ്ലിയുടെ പ്രധാനദൗത്യം. യൂത്ത് അസംബ്ലി യുടെ പ്രമേയം 'കാലാനുസൃതമായ യുവജനങ്ങളുടെ ജീവിതം സീറോമലബാർ സഭയിലും സമൂഹത്തിലും' എന്നുള്ളതാണ്. ഇതിനെ അടിസ്ഥാനപ്പെടുത്തി വിശ്വാസജീവിതത്തിന്റെ നവീകരണം, യുവജനങ്ങളുടെ രാഷ്ട്രീയചിന്തയും പങ്കാളി ത്തവും, യുവജനഭാവിയും സഭയുടെ പങ്കും, ആധുനിക കാലത്തെ വിദ്യാഭ്യാസരീതികൾ, കുടുംബജീവിതത്തെപ്പറ്റിയുള യുവജനങ്ങളുടെ കാഴ്ചപ്പാടുകൾ എന്നീ വിഷയങ്ങൾ അസംബ്ലിയുടെ പ്രത്യേകവിചിന്തനത്തിനു വിഷയമാണ്.

പ്രാർത്ഥനയുടെയും വിചിന്തനത്തിന്റെയും ആത്മാ വിനാൽ അയയ്ക്കപ്പെട്ടുകൊണ്ടും, ദൈവം യുവജനങ്ങൾവഴി നമ്മുടെ രൂപതയ്ക്കു ചെയ്തുനല്കിയ എല്ലാ മഹത്തായ കാര്യ ങ്ങളും പ്രഘോഷിക്കുകയും ആഘോഷിക്കുകയും ചെയ്തു കൊണ്ട് യുവജനസംഘടനയുടെ മുന്നോട്ടുള്ള പ്രയാണത്തിൽ വഴികാട്ടിയായി നില്ക്കേണ്ട കാഴ്ചപ്പാടുകളും ആദർശങ്ങളും രൂപീകരിക്കുവാൻ ഇതിൽ പങ്കെടുക്കുന്ന എല്ലാവരേയും പരിശുദ്ധറൂഹായാൽ നയിക്കപ്പെടുവാനും പൊതുനന്മ ലക്ഷ്യമാക്കി ആശയങ്ങൾ പങ്കുവയ്ക്കുവാനും ദൈവമഹത്ത്വ ത്തിനും യുവജനങ്ങളുടെ വളർച്ചയ്ക്കുപകരിക്കുന്ന ആശയ രൂപീകരണം സാധ്യമാക്കുന്നതിനുംവേണ്ടി നമ്മുടെ രൂപത മുഴുവനും ഒരു മനസ്സോടെ പ്രാർത്ഥിക്കണമെന്നു ഞാൻ സ്നേഹത്തോടെ ആഹ്വാനം ചെയ്യുന്നു.

ഇതിനുവേണ്ടി പ്രവർത്തിക്കുന്ന പെരിയ ബഹു. മോൺ. സെബാസ്റ്റ്യൻ വേത്താനത്തച്ചനെയും രൂപത ഡയറക്ടർ മാണി

കൊഴുപ്പൻകുറ്റിയച്ചനെയും രൂപത പ്രസിഡന്റ് അൻവിൻ സോണി ഓടച്ചുവട്ടിൽ, മറ്റു രൂപതാ ഭാരവാഹികൾ എന്നിവരെയും ഞാൻ ആത്മാർത്ഥമായി അഭിനന്ദിക്കുന്നു. ഈ അസംബ്ലി ഇതു നടത്തുന്നവർക്കും ഇതിൽ പങ്കെടുക്കുന്നവർക്കും ദൈവാനുഗ്രഹപ്രദമാകട്ടെയെന്ന് പ്രത്യാശിക്കുന്നു. വി. അൽഫോൻസാമ്മയുടെയും യുവജനങ്ങളുടെ സ്വർഗീയ മധ്യസ്ഥനായ വി. ജോൺപോൾ രണ്ടാമൻ മാർപാപ്പയുടെയും മാധ്യസ്ഥ്യം വഴി ദൈവം നിങ്ങളെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.

മിശിഹായിൽ സ്നേഹപൂർവം

+ Jos Kallarangatt

മെത്രാസനമന്ദിരം **ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ, 30.07.2025 പാലാ രൂപതാമെത്രാൻ

---

NB: 2025 ഓഗസ്റ്റ് 24-ാം തീയതി ഈ സർക്കുലർ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കാനായി നല്കപ്പെട്ടത്.

# 2025 ലെ ലോകമിഷൻ ദിനം

## ഫ്രാൻസിസ് പാപ്പായുടെ സന്ദേശം

**ഒക്ടോബർ 19, 2025**

**"സകല ജനങ്ങൾക്കുമിടയിലെ പ്രത്യാശയുടെ ദൂതന്മാർ'**

പ്രിയ സഹോദരീസഹോദരന്മാരേ,

ജൂബിലിവർഷമായ 2025 ലെ ലോകമിഷൻ ദിനത്തിനായി ഞാൻ തിരഞ്ഞെടുത്തിരിക്കുന്ന ആപ്തവാക്യം 'സകല ജനങ്ങൾക്കുമിടയിലെ പ്രത്യാശയുടെ ദൂതന്മാർ' (Cf. Spes Non Confundit, 1) എന്നതാണ്.

ഇത് വ്യക്തിപരമായി ഓരോ ക്രൈസ്തവനെയും, ജ്ഞാനസ്നാനം സ്വീകരിച്ചവരുടെ കൂട്ടായ്മയായ സഭ മുഴുവനെയും, ക്രിസ്തുവിന്റെ പാതയിലെ പ്രത്യാശയുടെ സന്ദേശവാഹകരും നിർമ്മാതാക്കളുമാണ് തങ്ങൾ എന്നുള്ള നമ്മുടെ അടിസ്ഥാനവിളിയെ അനുസ്മരിപ്പിക്കുന്നതിനാണ്.

ഉത്ഥിതനായ ക്രിസ്തുവിൽ നമുക്കു പുതുജന്മം നല്കിയ വിശ്വസ്തനായ ദൈവത്താൽ ഏവർക്കുമിത് 'സജീവ പ്രത്യാശയിലേക്കുള്ള' (Cf. 1 പത്രോ. 1:3-4) കൃപയുടെ സമയമായിരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

ഇവിടെ, നമ്മുടെ ക്രൈസ്തവപ്രേഷിതസ്വത്വത്തിന്റെ പ്രസക്തമായ ചില വശങ്ങളെപ്പറ്റി പറയാൻ ഞാൻ ആഗ്രഹിക്കുന്നു. അതുവഴി, പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടാനും സഭയിൽ ഒരു നവസുവിശേഷവത്കരണത്തിനായുള്ള തീക്ഷ്ണതയാൽ കത്തി ജ്വലിക്കാനും നമുക്കു കഴിയട്ടെ! ഇരുണ്ട നിഴലുകൾ തങ്ങിനില്ക്കുന്ന ഒരു ലോകത്ത് പ്രത്യാശയെ പുനർജീവിക്കാൻ അയയ്ക്കപ്പെട്ടവളാണല്ലോ. സഭ' (Cf. Fratelli Tutti, 9-55).

### 1. ക്രിസ്തുവിന്റെ പാതയിൽ നമുക്കുള്ള പ്രത്യാശ

രണ്ടായിരമാണ്ടിലെ വിശുദ്ധ മഹാജൂബിലിവർഷത്തി

നുശേഷം, മൂന്നാം സഹസ്രാബ്ദത്തിലെ ആദ്യത്തെ സാധാരണ ജൂബിലിയാണ് നമ്മൾ ഇപ്പോൾ ആഘോഷിക്കുന്നത്. ചരിത്രത്തിലെ കേന്ദ്രമായ ക്രിസ്തുവിൽ നമ്മുടെ ദൃഷ്ടികളെ നാം ഉറപ്പിച്ചുകൊണ്ട് 'ക്രിസ്തു ഇന്നലെയും ഇന്നും എന്നും ഒരേ ആൾതന്നെ' (ഹെബ്രാ 13:8) എന്ന വാക്കുകൾ നമ്മൾ അനുസ്മരിക്കുന്നു. നസ്രത്തിലെ സിനഗോഗിൽവച്ച് യേശു പ്രഖ്യാപിച്ചത് ചരിത്രത്തിലെ തന്റെ സാന്നിധ്യത്തിന്റെ 'ഇന്ന്' എന്ന തിരുവെഴുത്ത് നിറവേറിയിരിക്കുന്നു എന്നാണ്. അപ്രകാരം, സകലജനത്തോടും ദൈവരാജ്യത്തിന്റെ സുവിശേഷം പ്രഘോഷിക്കാനും കർത്താവിന്റെ കൃപയുടെ വത്സരത്തിനു നാന്ദിക്കുറിക്കാനും പരിശുദ്ധാത്മാവിന്റെ അഭിഷേകത്തോടെ പിതാവിനാൽ അയയ്ക്കപ്പെട്ടവനാണ് താനെന്ന് യേശു സ്വയം വെളിപ്പെടുത്തി (CF. ലൂക്കാ 4:16-21).

ലോകാന്ത്യംവരെ നിലനില്ക്കുന്ന നിഗൂഢമായ 'ഇന്ന്' എന്ന കാലഘട്ടത്തിൽ, ക്രിസ്തു എല്ലാവർക്കും പ്രത്യേകിച്ച്, ദൈവംമാത്രം ഏകാശ്രയമായിട്ടുള്ളവർക്ക്, രക്ഷയുടെ പൂർണതയാകുന്നു.

യേശു തന്റെ പരസ്യജീവിതകാലത്ത്, 'നന്മ പ്രവർത്തിച്ചുകൊണ്ടും പിശാചുബാധിതരെ സുഖപ്പെടുത്തിക്കൊണ്ടും ചുറ്റി സഞ്ചരിച്ചു' (അപ്പ 10:38). ദരിദ്രർക്കും ഇതരജനതകൾക്കും ദൈവത്തിലുള്ള പ്രത്യാശയെ അവിടുന്ന് പുനഃസ്ഥാപിച്ചു. പാപമൊഴികെയുള്ള എല്ലാ മാനുഷികബലഹീനതകളും അവിടുന്ന് അനുഭവിച്ചു. ഗത്സമനിയിലെയും കുരിശിലെയും വേദനാജനകമായ നിമിഷങ്ങളിലും പ്രത്യാശ നഷ്ടപ്പെട്ടേക്കാവുന്ന നിർണായനിമിഷങ്ങളിലുമെല്ലാം അവിടുന്ന് തളർന്നില്ല. മനുഷ്യകുലരക്ഷയ്ക്കായി ദൈവമൊരുക്കിയ പദ്ധതിയോട് അനുസരണയും വിശ്വാസവുമുള്ളവനായി നിന്നുകൊണ്ട്. പ്രത്യാശയുള്ള ഒരു ഭാവിക്കായി, സമാധാനപദ്ധതിക്കായി, അവിടുന്ന് എല്ലാം പിതാവായ ദൈവത്തിൽ ഭരമേല്പിച്ചു (ജറെ

29:11). ഇപ്രകാരം, കടുത്ത പരീക്ഷണങ്ങൾക്കിടയിൽപ്പോലും പ്രത്യാശയുടെ ദിവ്യദൂതനായി, ദൈവം ഭരമേല്പിച്ച ദൗത്യം നിറവേറ്റുന്നവരുടെ ഉന്നതമാതൃകയായി യേശു മാറി.

തന്റെ ശിഷ്യരിലൂടെ, അവരെ എല്ലാ മനുഷ്യർക്കുമിടയിലേക്ക് അയച്ചുകൊണ്ടും ഒരു രഹസ്യസാന്നിധ്യമായി അവരോടൊപ്പം സഞ്ചരിച്ചുകൊണ്ടും, യേശു മനുഷ്യരാശിക്കായുള്ള പ്രത്യാശയുടെ ശുശ്രൂഷ തുടർന്നുകൊണ്ടിരിക്കുന്നു. ദരിദ്രർ, പീഡിതർ, നിരാശർ, അടിച്ചമർത്തപ്പെട്ടവർ എന്നിവരുടെയെല്ലാം പക്ഷം ചേർന്നുകൊണ്ട് അവരുടെ മുറിവുകളിൽ 'ആശ്വാസത്തിന്റെ തൈലവും പ്രത്യാശയുടെ വീഞ്ഞും' അവൻ ഒഴുക്കുന്നു (Preface, Jesus the Samaritan). ക്രിസ്തുവിന്റെ പ്രേഷിതശിഷ്യരുടെ സമൂഹമായ സഭയാകട്ടെ, തന്റെ കർത്താവും ഗുരുവുമായ അവിടുത്തെ അനുസരിച്ചുകൊണ്ട്, അതേ അരൂപിയിൽ അവളുടെ ജീവിതം സകല ജനതകൾക്കുമായി അർപ്പിച്ചിരിക്കുന്നു. അനുദിനം നേരിടുന്ന പീഡനങ്ങൾക്കും വേദനകൾക്കും വെല്ലുവിളികൾക്കും നടുവിലും, കൂടാതെ, സഭാംഗങ്ങളുടെ ദൗർബല്യങ്ങൾമൂലമുള്ള അപൂർണതകൾക്കും പരാജയങ്ങൾക്കും മധ്യേ അന്തിമവിമോചനത്തിനായി കാത്തിരിക്കുന്ന മനുഷ്യരാശിയുടെ മുറവിളിയും സൃഷ്ടിജാലങ്ങളുടെ രോദനവും ഹൃദയത്തിൽ പേറിക്കൊണ്ടും, ക്രിസ്തുസ്നേഹത്താൽ പ്രേരിതയായി സഭ അവിടുത്തോടൊപ്പം അവിടുന്നിൽ തന്റെ പ്രേഷിതയാത്ര തുടരുന്നു. തന്റെ പാത പിന്തുടരാനായി കർത്താവ് എപ്പോഴും എല്ലാക്കാലത്തേക്കുമായി വിളിച്ചിരിക്കുന്ന സഭ, 'നിശ്ചലമായ സഭയല്ല, തന്റെ നാഥനോടൊപ്പം ലോകത്തിന്റെ തെരുവീഥികളിലൂടെ യാത്ര ചെയ്യുന്ന ഒരു പ്രേഷിതസഭ'യാണ് (2024 ഒക്ടോബർ 27 ന് മെത്രാന്മാരുടെ സിനഡിന്റെ ജനറൽ അസംബ്ലിയിലെ പ്രസംഗത്തിൽ നിന്ന്).

കർത്താവായ യേശുവിന്റെ പാത പിന്തുടർന്ന്, ദൈവം നമ്മെ ജീവിക്കാൻ അനുവദിച്ചിട്ടുള്ള ഓരോ സ്ഥലത്തും സാഹചര്യത്തിലും അവിടുത്തോടുകൂടെ അവിടുന്നിൽ ഏവർക്കും

പ്രത്യാശയുടെ അടയാളങ്ങളും സന്ദേശവാഹകരുമാകാൻ നമ്മളും പ്രചോദിതരാകട്ടെ! ജ്ഞാനസ്നാനം സ്വീകരിച്ചവരെല്ലാം ക്രിസ്തുവിന്റെ പ്രേഷിതശിഷ്യരെന്നനിലയിൽ ഭൂമിയുടെ അതിർത്തികളോളം അവിടുത്തെ പ്രത്യാശയുടെ തിരി തെളിക്കട്ടെ.

**2. ക്രൈസ്തവർ - ജനതകൾക്കിടയിൽ പ്രത്യാശയുടെ സംവാഹകരും നിർമ്മാതാക്കളും**

കർത്താവായ ക്രിസ്തുവിനെ പിന്തുടരുന്ന ക്രൈസ്തവർ, തങ്ങൾ കണ്ടുമുട്ടുന്നവരുടെ യഥാർത്ഥജീവിതസാഹചര്യങ്ങളിൽ പങ്കുചേർന്നുകൊണ്ട് സുവിശേഷം കൈമാറാനും പ്രത്യാശയുടെ സംവാഹകരും നിർമ്മാതാക്കളുമാകാനും വിളിക്കപ്പെട്ടിരിക്കുന്നു. തീർച്ചയായും, 'ഇന്നത്തെ മനുഷ്യരുടെ പ്രത്യേകിച്ച്, ദരിദ്രരുടെയും കഷ്ടതയനുഭവിക്കുന്നവരുടെയും ആനന്ദവും പ്രതീക്ഷയും ക്ലേശവും തീവ്രവേദനയും, മിശിഹായുടെ ശിഷ്യരുടെ ആനന്ദവും പ്രതീക്ഷയും ക്ലേശവും തീവ്രവേദനയും തന്നെയാണ്. മാനുഷികമായി കാണപ്പെടുന്നവയിൽ ഒന്നുംതന്നെ അവരുടെ ഹൃദയത്തിൽ പ്രതിധ്വനി ഉയർത്താത്തതായില്ല' (Gaudium et Spes, 1).

രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ ഈ പ്രസ്താവന എല്ലാക്കാലത്തെയും ക്രൈസ്തവസമൂഹങ്ങളുടെ മനോഭാവത്തെയും ജീവിതശൈലിയെയും എടുത്തുകാട്ടുകയും സഭാംഗങ്ങളെ നിരന്തരം പ്രചോദിപ്പിച്ചുകൊണ്ട് ലോകത്തിലെ ഇതര സഹോദരങ്ങളോടൊപ്പം യാത്ര ചെയ്യാൻ സഹായിക്കുകയും ചെയ്യുന്നു. ഇവിടെ ഞാൻ ജനതകൾക്കിടയിൽ (ad Gentes) പ്രേഷിതപ്രവർത്തനം നടത്തുന്ന മിഷനറിമാരേ, നിങ്ങളെ പ്രത്യേകമായി അനുസ്മരിക്കുന്നു. നമ്മുടെ കർത്താവിന്റെ വിളി സ്വീകരിച്ചുകൊണ്ട് നിങ്ങൾ ദൈവസ്നേഹം പങ്കുവയ്ക്കാൻ എല്ലാ ജനതകൾക്കിടയിലേക്കും ക്രിസ്തുവിനോടു ചേർന്നു യാത്ര ചെയ്യുന്നു. ഞാൻ നിങ്ങൾക്കു ഹൃദയപൂർവം നന്ദിപറ

യുന്നു. എല്ലാ ജനതകളോടും സുവിശേഷം പ്രഘോഷിക്കാൻ തന്റെ ശിഷ്യന്മാരെ അയച്ച ഉത്ഥിതനായ കർത്താവിന്റെ ആഹ്വാനത്തിനുള്ള (CF, മത്താ. 28:18-20) മറുപടിയാണ് നിങ്ങളുടെ ജീവിതം. അപ്രകാരം, നിങ്ങൾ പരിശുദ്ധാത്മശക്തി യാലും അനുദിനപരിശ്രമത്താലും സകല ജനതകൾക്കുമിടയിൽ ക്രിസ്തുവിന്റെ പ്രേഷിതരും മഹത്തായ പ്രത്യാശയുടെ സാക്ഷി കളുമാകാനുള്ള സാർവത്രികവിളിയുടെ അടയാളങ്ങളായി നിലകൊള്ളുന്നു.

ഈ പ്രത്യാശയുടെ ചക്രവാളങ്ങൾ ലോകത്തിലെ ക്ഷണികമായവയെല്ലാം അതിജീവിച്ച് നാം ഇപ്പോഴും ജീവി ക്കുന്ന ദൈവികസത്യങ്ങളിലേക്കുള്ള വഴി തുറക്കുന്നു. വിശുദ്ധ പോൾ ആറാമൻ പാപ്പാ നിരീക്ഷിച്ചതുപോലെ, ദൈവകരുണ യുടെ വരദാനമായ സഭ സകലജനങ്ങൾക്കുമായി പങ്കു വയ്ക്കുന്ന ക്രിസ്തുവിലുള്ള രക്ഷ മനുഷ്യന്റെ ശാരീരികമോ, ആത്മീയമോ ആയ ഐഹികജീവിതത്തെ മാത്രം സ്പർശിക്കുന്ന ഒന്നല്ല; കേവലം ഭൗതികങ്ങളായ അഭിലാഷങ്ങളെയും പ്രത്യാശ കളെയും ജീവിതകൃത്യങ്ങളെയും പ്രതിസന്ധികളെയും മാത്രം ആസ്പദമാക്കി നിലകൊള്ളുന്നതുമല്ല. ഏറ്റവും ദിവ്യമായ പരമസത്തയോടു മനുഷ്യവ്യക്തിയെ ഐക്യപ്പെടുത്തു ന്നതി നാലാണ് അതിന്റെ പൂർത്തീകരണം സ്ഥിതിചെയ്യുന്നത്. സനാ തനവും അതിസ്വാഭാവികവുമായ പ്രസ്തുത സൗഭാഗ്യാസ്വാദന ത്തിന്റെ പ്രാരംഭം ഈ ലോകജീവിതത്തിൽത്തന്നെ മനുഷ്യന് ഏറെക്കുറെ അനുഭവപ്പെടുകയും ചെയ്യും (Evangelii Nuntiandi, 27).

മഹത്തായ ഈ പ്രത്യാശയാൽ പ്രചോദിതരായി ക്രൈസ് തവസമൂഹങ്ങൾക്ക് ഒരു നവമാനവികതയുടെ മുന്നോടിയായി ത്തീരാൻ കഴിയും. 'വികസിത' മേഖലകളിൽപ്പോലും മനുഷ്യരെ പ്രതിസന്ധിയിലാക്കുന്ന ഗുരുതരപ്രശ്നങ്ങൾ - അർത്ഥശൂന്യത, ഏകാന്തത, മുതിർന്നവരുടെ ആവശ്യങ്ങളോടുള്ള അവഗണന,

സഹായഹസ്തം ആവശ്യമുള്ള അയൽക്കാരനെ അവഗണിക്കുന്ന മനോഭാവം - തുടങ്ങിയവ വ്യാപകമായി കാണാം. സാങ്കേതികമായി ഏറെ വളർന്ന രാജ്യങ്ങളിൽപ്പോലും 'സാമീപ്യം' (Proximity) എന്നത് അപ്രത്യക്ഷമായിരിക്കുന്നു. നമ്മളെല്ലാവരും പരസ്പരം കണക്ഷനുള്ളവരാണ്, എന്നാൽ ബന്ധപ്പെട്ടു ജീവിക്കുന്നവരല്ല. നമ്മുടെതന്നെ കാര്യക്ഷമതയോടു നമുക്കുള്ള അമിതാസക്തിയും ഭൗതികവസ്തുക്കളോടും അഭിലാഷങ്ങളോടുമുള്ള ആസക്തിയും നമ്മെ സ്വാർത്ഥരും സഹജീവിയെക്കുറിച്ചു ബോധമില്ലാത്തവരുമാക്കുന്നു. എന്നാൽ, ഒരു സമൂഹത്തിൽ അനുഭവവേദ്യമാക്കുന്ന സുവിശേഷത്തിന് നമ്മെ സമഗ്രവും ശക്തവുമായ മാനവികതയിലേക്കു തിരികെക്കൊണ്ടുവരാൻ കഴിയും.

അതുകൊണ്ട്, ജൂബിലിയുടെ പ്രഖ്യാപനപ്രബോധനത്തിൽ (ബൂള. Nos. 7-15) പറഞ്ഞിട്ടുള്ള കാര്യങ്ങൾ ഏറെ പ്രത്യേകമായി, ദരിദ്രരെയും ദുർബലരെയും രോഗികളെയും മുതിർന്നവരെയും, ഭൗതികതയുടെയും ഉപഭോക്തൃസംസ്കാരത്തിന്റെയും പിടിയിലമർന്ന സമൂഹം അവഗണിച്ചു മാറ്റിനിർത്തിയിരിക്കുന്നവരെയും പ്രത്യേകം പരിഗണിക്കുന്ന കാര്യം നാമെല്ലാവരും പ്രവൃത്തിതലത്തിൽ കൊണ്ടുവരണമെന്ന് ഞാൻ വീണ്ടും ആഹ്വാനം ചെയ്യുന്നു. ഇവയെല്ലാം പിതാവായ ദൈവത്തിന്റെ 'ശൈലി'യിൽ നാം നിവർത്തിക്കണം. അതായത്, കരുണയോടും സ്നേഹാർദ്രതയോടെയുമുള്ള സമീപനത്തിലൂടെ നമ്മുടെ സഹോദരങ്ങളുടെ പ്രത്യേക ജീവിതസാഹചര്യങ്ങളെ മാനിച്ചും അവരുമായി വ്യക്തിപരമായ ബന്ധം വളർത്തിക്കൊണ്ടും നാമതു നിർവഹിക്കണം (Cf. Evangelii Gaudium, 127-128). പലപ്പോഴും പ്രത്യാശയോടെ ജീവിക്കേണ്ട തെങ്ങനെയെന്ന് അവരാണു നമ്മെ പഠിപ്പിക്കുന്നത്. അവരുമായുള്ള വ്യക്തിബന്ധത്തിലൂടെ കർത്താവിന്റെ അനുകമ്പാർദ്രഹൃദയത്തിൽ പങ്കുചേരാനും അതുവഴി നമുക്കു കഴിയും. സുവിശേഷ

ത്തിന്റെ പ്രാരംഭപ്രഘോഷണത്തിന്റെ കാതൽ ക്രിസ്തുവിന്റെ ഹൃദയമാണ് (Dilexit Nos, 32) എന്ന് ഇതിലൂടെ നമുക്കു ബോധ്യമാകും. ദൈവത്തിൽനിന്ന് നമ്മൾ വിനയപൂർവം സ്വീകരിച്ച പ്രത്യാശ, ഈ ഉറവിടത്തിൽനിന്നു ശേഖരിച്ച് സാധുതയോടെ പങ്കുവയ്ക്കാനും (CF. 1 പത്രോ. 1-21) ദൈവം നമ്മെ ആശ്വസിപ്പിച്ച അതേ ആശ്വാസം മറ്റുള്ളവരിലേക്കു പകരുവാനും നമുക്കാവും (CI. 2 കോറി 1:3-4). നമ്മെയെല്ലാം തന്റെ സ്നേഹത്തിലേക്ക് ആകർഷിക്കുന്ന ദൈവം, യേശുവിന്റെ മാനുഷികവും ദൈവികവുമായ ഹൃദയത്തിലൂടെ ഓരോ വ്യക്തിയുടെയും ഹൃദയത്തോടു സംസാരിക്കാൻ ആഗ്രഹിക്കുന്നു. ക്രിസ്തുവിന്റെ ഹൃദയത്തിന്റെ അടയാളവും പിതാവിന്റെ സ്നേഹത്തിന്റെ പ്രതീകവുമായിനിന്നുകൊണ്ട് ലോകത്തെ മുഴുവൻ സ്നേഹത്തിലേക്കു ചേർത്തുപിടിക്കാനായി നമ്മൾ അയയ്ക്കപ്പെട്ടിരിക്കുന്നു (പൊന്തിഫിക്കൻ മിഷൻ സൊസൈറ്റി ജനറൽ അസംബ്ലിയിൽ പങ്കെടുത്തവരോടു നടത്തിയ പ്രസംഗത്തിൽനിന്ന്, ജൂൺ 3, 2023).

**3. പ്രത്യാശയുടെ ദൗത്യത്തെ പുതുക്കൽ**

പ്രത്യാശയുടെ ദൗത്യത്തിന്റെ അടിയന്തരസ്വഭാവത്തെ നോക്കിക്കാണുന്ന ക്രിസ്തുശിഷ്യർ, ഇന്ന് പ്രധാനമായും വിളിക്കപ്പെട്ടിരിക്കുന്നത് പ്രത്യാശയുടെ 'ശില്പികൾ' ആകാനും അലസരും അസംതൃപ്തരുമായ മനുഷ്യസമൂഹത്തെ പുനരുദ്ധരിക്കാനുമാണ്.

ഈ ലക്ഷ്യപ്രാപ്തിക്കായി, ഉത്ഥാനത്തിന്റെ ആത്മീയത അനുഭവവേദ്യമാക്കുന്ന ഓരോ ദിവ്യകാരുണ്യ ആഘോഷത്തിലും വളരെ പ്രത്യേകമായി, ആരാധനാവത്സരത്തിന്റെ കേന്ദ്രവും പൂർണതയുമായ ഈസ്റ്റർ ത്രിദിനജാഗരണത്തിലും (Easter Triduum) നമ്മൾ നവീകൃതരാകേണ്ടതുണ്ട്.

നമ്മളെല്ലാവരും ക്രിസ്തുവിന്റെ വീണ്ടെടുപ്പിന്റെ അടയാളമായ മരണത്തിന്റെയും ഉത്ഥാനത്തിന്റെയും, ചരിത്രത്തിന്റെ

നിത്യതയുടെ വസന്തകാലം അടയാളപ്പെടുത്തുന്ന പെസഹാ രഹസ്യങ്ങളിലേക്കുള്ള സ്നാനം സ്വീകരിച്ചവരാണ്. അതുവഴി നമ്മൾ തന്നെ, എല്ലാവരോടും പങ്കുവയ്ക്കേണ്ട പ്രത്യാശയാൽ നിറഞ്ഞവരും മരണമോ വെറുപ്പോ മനുഷ്യജീവിതത്തിന്റെ അവസാനവാക്കല്ലെന്ന് വിശ്വസിക്കുകയും അറിയുകയും ചെയ്യുന്ന 'വസന്തകാലത്തിലെ ജനവും' ആകുന്നു (Cf. Catechesis, 23 ഓഗസ്റ്റ് 2017). ആരാധനക്രമ ആഘോഷങ്ങളി ലൂടെയും കൂദാശകളിലൂടെയും സന്നിഹിതമാകുന്ന പെസഹാ രഹസ്യങ്ങളിൽനിന്ന്, ലോകമെമ്പാടും ആവേശത്തോടും നിശ്ചയദാർഢ്യത്തോടും സഹിഷ്ണുതയോടുംകൂടെ സുവി ശേഷപ്രഘോഷണദൗത്യത്തിന്റെ ശുശ്രൂഷചെയ്യാൻ പരിശുദ്ധാ ത്മശക്തിയെ നിരന്തരം നാം സ്വീകരിക്കുന്നു. 'ഉത്ഥിതനും മഹത്ത്വീകൃതനുമായ ക്രിസ്തുതന്നെയാണ് നമ്മുടെ പ്രത്യാശ യുടെ ഉറവിടം. അവിടുന്നു നമ്മെ ഭരമേല്പിച്ചിരിക്കുന്ന ദൗത്യ നിർവഹണത്തിനാവശ്യമായ സഹായം നമുക്കൊരിക്കലും അവിടുന്ന് നഷ്ടപ്പെടുത്തുകയില്ല' (Evangelii Gaudium, 275). ദൈവ ത്തിന്റെ ദാനവും ക്രൈസ്തവരുടെ കടമയുമായ ആ വിശുദ്ധ പ്രത്യാശ ക്രിസ്തുവിൽ നാം ജീവിക്കുകയും അതിനു സാക്ഷ്യം നല്കുകയും ചെയ്യുന്നു. (Hope is A Light in The Night, Vatican City, 2024, 7).

പ്രാർത്ഥിക്കുന്ന മനുഷ്യർ പ്രത്യാശയുടെ പ്രേഷിതരാണ്. 'പ്രത്യാശിക്കുന്നവൻ പ്രാർത്ഥിക്കുന്നവനാണ്' എന്ന് ആത്മീയ പിതാവായ വാഴ്ത്തപ്പെട്ട കർദിനാൾ ഫ്രാങ്കോ സവിയേ വാൻതുവാൻ (Francis Xavier Van Thuan) പറയുകയുണ്ടായി. ദീർഘകാലം ജയിലിൽ കഴിയുമ്പോഴും വിശ്വാസത്തോടെയുള്ള പ്രാർത്ഥനയിലും ദിവ്യകാരുണ്യത്തിന്റെ ശക്തിയിലും തന്നെ യാണ് അദ്ദേഹം പ്രത്യാശയർപ്പിച്ച് ഉറച്ചുനിന്നത് (Cf. The Road of Hope, Boston, 2001, 963). നമ്മുടെ പ്രഥമപ്രേഷിതദൗത്യം പ്രാർത്ഥനയാണെന്നും 'പ്രത്യാശയുടെ ആദ്യ ശക്തി' പ്രാർത്ഥന തന്നെയാണെന്നും നാം മറന്നുകൂടാ. (Cf. Catechesis, 20, 2020).

അതിനാൽ നമുക്ക് പ്രാർത്ഥിച്ചുകൊണ്ട് ആരംഭിക്കാം. ദൈവവചനത്തിൽ അധിഷ്ഠിതമായ, ഏറെ പ്രത്യേകിച്ച്, പരിശുദ്ധാത്മാവ് രചയിതാവായുള്ള സങ്കീർത്തനങ്ങൾ എന്ന പ്രാർത്ഥനാസമാഹാരം വഴി പ്രത്യാശയുടെ പ്രേഷിതദൗത്യത്തെ നമുക്ക് നവീകരിക്കാം (Cf. Catechesis, ജൂൺ 19, 2024). കഷ്ടതകൾ നിറഞ്ഞ കാലത്തിലും നമ്മൾ പ്രത്യാശ വെടിയാതിരിക്കാനും നമുക്കു ചുറ്റുമുള്ള പ്രത്യാശയുടെ അടയാളങ്ങളെ എപ്പോഴും തിരിച്ചറിയാനും ദൈവം എല്ലാ ജനതകളിലും മഹത്ത്വപ്പെടണം എന്ന നിരന്തരമായ പ്രേഷിതതാത്പര്യത്തിൽ ആയിരുന്നു കൊണ്ടും മുന്നോട്ടു യാത്രചെയ്യാൻ സങ്കീർത്തനങ്ങൾ നമ്മെ പരിശീലിപ്പിക്കുന്നു (CF. സങ്കീ 41:12; 67:4).

ദൈവം നമ്മിൽ തെളിച്ച പ്രത്യാശയുടെ ദീപം പ്രാർത്ഥന യിലൂടെയും പ്രാർത്ഥന നമ്മെ പ്രചോദിപ്പിക്കുന്ന പുണ്യപ്രവൃ ത്തികളും സത്കർമ്മങ്ങൾ വഴിയും എപ്പോഴും ജ്വലിച്ചുകൊണ്ടി രിക്കുന്നു. അത് അഗ്നിയായി പടരുകയും അതുവഴി നമുക്ക് ചുറ്റുമുള്ളവരെയും പ്രകാശിപ്പിക്കാനും ജ്വലിപ്പിക്കാനും ആശ്വസിപ്പിക്കാനും നമ്മെ പ്രാപ്തരാക്കുകയും ചെയ്യട്ടെ! അവസാനമായി, സുവിശേഷപ്രഘോഷണം എപ്പോഴും എക്കാല ത്തിലും, ക്രിസ്തീയപ്രത്യാശപോലെതന്നെ, സാമൂഹികമായ ഒരു പ്രക്രിയയാണ് (CF. Benedict XVI, Spe Salvi, 41). ഈ പ്രക്രിയ സുവിഷേത്തിന്റെ പ്രാരംഭപ്രഘോഷണത്തിലോ, ജ്ഞാന സ്നാനത്തിലോ മാത്രം അവസാനിക്കുന്നില്ല; മറിച്ച്, ജ്ഞാനസ് നാനം സ്വീകരിച്ചവർ തങ്ങളുടെ സുവിശേഷപ്രഘോഷണപാത യിലെ കൂട്ടായ്മകൾ വഴി ക്രൈസ്തവസമൂഹങ്ങൾക്കു രൂപം കൊടുക്കുന്നതിലൂടെയും പണിതുയർത്തുന്നതിലൂടെയും തുടരുന്നു. ആധുനികസമൂഹത്തിൽ സഭയിൽ അംഗത്വം ഒരിക്കലും ഒരിക്കൽമാത്രം നേടിയെടുക്കാവുന്ന ഒന്നല്ല; മറിച്ച്, ക്രിസ്തുവിലുള്ള പക്വമായ വിശ്വാസം കൈമാറുന്നതിനും രൂപപ്പെടുത്തുന്നതിനുമായുള്ള പ്രേഷിതദൗത്യം 'സഭയുടെ എല്ലാ പ്രവർത്തനങ്ങൾക്കും മാതൃകയും' (Evangelii Gaudium,

15). പ്രാർത്ഥനയുടെയും പ്രവൃത്തിയുടെയും ഐക്യം ആവശ്യപ്പെടുന്ന ഒരു കാര്യവുമാണ്. ഇവിടെ ഞാൻ വീണ്ടും ഒരിക്കൽ കൂടെ, പ്രേഷിതദൗത്യനിർമ്മാണത്തിലെ സഭയുടെ സിനഡാലിറ്റിയുടെ പ്രാധാന്യവും മിഷനറി ഉത്തരവാദിത്വം പ്രോത്സാഹിപ്പിക്കുന്നതിൽ പൊന്തിഫിക്കൽ മിഷൻ സൊസൈറ്റികൾ ചെയ്യുന്ന മഹത്തായ സേവനവും എടുത്തുപറയട്ടെ. നിങ്ങളുടെ ജീവിതസാക്ഷ്യവും പ്രാർത്ഥനയും ബലിയർപ്പണവും സാമ്പത്തികസഹായവും വഴി സഭയുടെ സുവിശേഷവത്കരണദൗത്യത്തിൽ നിങ്ങളെല്ലാവരും, കുട്ടികളും യുവാക്കളും വാർദ്ധക്യത്തിലെത്തിയവരും, പങ്കുചേരാൻ ഞാൻ അഭ്യർത്ഥിക്കുന്നു. ഇക്കാര്യത്തിൽ ഞാൻ നിങ്ങൾക്കു നന്ദിപറയുന്നു!

പ്രിയ സഹോദരീസഹോദരന്മാരേ, നമ്മുടെ പ്രത്യാശയായ യേശുക്രിസ്തുവിന്റെ മാതാവായ മറിയത്തിലേക്കു നമുക്കു തിരിയാം. ഈ ജൂബിലിവർഷാചരണത്തിലും വരാനിരിക്കുന്ന വർഷങ്ങളിലേക്കുമുള്ള നമ്മുടെ പ്രാർത്ഥനകളെ നാം അവൾക്കു ഭരമേല്പിക്കുന്നു. ക്രൈസ്തവപ്രത്യാശയുടെ പ്രകാശം ദൈവസ്നേഹത്തിന്റെ സന്ദേശമായി സ്ത്രീപുരുഷഭേദമെന്യേ നമ്മുടെ എല്ലാവരുടെയും ജീവിതത്തെ പ്രകാശിപ്പിക്കട്ടെ. പ്രത്യാശയുടെ ഈ സന്ദേശത്തിന് സഭ ലോകമെമ്പാടും വിശ്വസ്തതയോടെ സാക്ഷ്യം വഹിക്കാൻ ഇടവരട്ടെ! (Spes Non Confundit, 6).

**ഫ്രാൻസിസ് പാപ്പാ**

Rome, Saint John Lateran, 25 January 2025.

Feast of Conversion of St. Paul the Apostle)

## സംഭാവനശേഖരണം

### തടവറപ്രേഷിതദിനം, ജസ്റ്റിസ് സൺഡേ

ഓഗസ്റ്റ് 10-ാം തീയതി ഞായറാഴ്ച തടവറപ്രേഷിത ദിനത്തോടനുബന്ധിച്ചും ഓഗസ്റ്റ് 17-ാം തീയതി ഞായറാഴ്ച ജസ്റ്റിസ് സൺഡേയോടനുബന്ധിച്ചും ഓഗസ്റ്റ് 24 മാസ്സ് മീഡിയ കളക്ഷൻ കാര്യവും മുൻകൂട്ടി അറിയിച്ച് ആ ദിവസങ്ങളിൽ വി. കുർബാനമധ്യേ പ്രത്യേക സംഭാവനശേഖരണം നടത്തുകയും ലഭിക്കുന്ന തുക സെപ്റ്റംബർ 20-നു മുമ്പായി രൂപതാകേന്ദ്രത്തിൽ ഏല്പിക്കുകയും ചെയ്യേണ്ടതാണ്.

# COLLECTION LIST FROM JANUARY TO APRIL

| No | Parish | Bible Sunday | Syro Malabar Mission | Holy Childhood | Madyavirudha Dinam | Hunger & Disease | Holy Land | Seminarin's Aid Fund |
|---|---|---|---|---|---|---|---|---|
| 1 | Adivaram | 450.00 | 500.00 | 500.00 | 500.00 | 350.00 | 4000.00 | 1488.00 |
| 2 | Adukkam | 500.00 | 500.00 | 500.00 | 500.00 | 500.00 | 500.00 | 2340.00 |
| 3 | Aimkombu | 2000.00 | 2000.00 | 1500.00 | 1500.00 | 3000.00 | 3500.00 | 3500.00 |
| 4 | Alphonsagiri | 500.00 | 500.00 | 500.00 | 500.00 | 500.00 | 2000.00 | 3302.00 |
| 5 | Alphonsapuram | 500.00 | 500.00 | 500.00 | 500.00 | 500.00 | 3045.00 | 1925.00 |
| 6 | Amparanirappel | 1000.00 | 1000.00 | 1000.00 | 1200.00 | 1100.00 | 5525.00 | 6700.00 |
| 7 | Anthialam | 1000.00 | 1000.00 | 1000.00 | 1000.00 | 1500.00 | 7900.00 | 20000.00 |
| 8 | Anthinad | 1130.00 | 4120.00 | 345.00 | 565.00 | 615.00 | 1218.00 | 18910.00 |
| 9 | Arakkulam New | 1500.00 | 5000.00 | 8500.00 | 4000.00 | 12000.00 | 5000.00 | 15000.00 |
| 10 | Arakkulam Old | 1000.00 | 1000.00 | 900.00 | 900.00 | 900.00 | 4740.00 | 3670.00 |
| 11 | Arunapuram | 2000.00 | 2000.00 | 1500.00 | 2000.00 | 6800.00 | 5430.00 | 6800.00 |
| 12 | Arunnoottimangalam | 2750.00 | 2405.00 | 2675.00 | 3755.00 | 2381.00 | 19798.00 | 15965.00 |
| 13 | Aruvithura | 8777.00 | 13000.00 | 12340.00 | 8955.00 | 30060.00 | 80000.00 | 140000.00 |
| 14 | Ayyampara | | | | | | | |
| 15 | Bharananganam | 3500.00 | 3000.00 | 3000.00 | 3500.00 | 4000.00 | 12000.00 | 25000.00 |
| 16 | Chakkampuzha | 4400.00 | 1000.00 | 4000.00 | 3500.00 | 10000.00 | 13136.00 | 12196.00 |
| 17 | Chemmalamattam | 6600.00 | 6750.00 | 7150.00 | 6100.00 | 26840.00 | 30090.00 | 32000.00 |
| 18 | Chempilavu | 2360.00 | 2920.00 | 3020.00 | 5360.00 | 7510.00 | 6030.00 | 4400.00 |
| 19 | Chennadu | 2055.00 | 2224.00 | 1776.00 | 2000.00 | 6000.00 | 9060.00 | 7510.00 |
| 20 | Cherpunkal | 20000.00 | 20000.00 | 20355.00 | 22146.00 | 24940.00 | 80226.00 | 45000.00 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 21 | Chettuthodu | 1000.00 | 1500.00 | 1000.00 | 1500.00 | 2000.00 | 8912.00 | 15000.00 |
| 22 | Chittar | 2500.00 | 2700.00 | 2500.00 | 3000.00 | 2500.00 | 11000.00 | 12000.00 |
| 23 | Cholathadam | 300.00 | 250.00 | 250.00 | 200.00 | 250.00 | 250.00 | 1500.00 |
| 24 | Choondacherry | 1000.00 | 1000.00 | 1000.00 | 1000.00 | 1000.00 | 4000.00 | 7000.00 |
| 25 | Edadu | 500.00 | 500.00 | 500.00 | 500.00 | 500.00 | 5010.00 | 2885.00 |
| 26 | Edamaruku | 2500.00 | 4000.00 | 2500.00 | 3000.00 | 3000.00 | 11100.00 | 11078.00 |
| 27 | Edappady | 1000.00 | 1500.00 | 1000.00 | 1000.00 | 3000.00 | 8000.00 | 9000.00 |
| 28 | Elamthottam | 500.00 | 3000.00 | 500.00 | 500.00 | 1000.00 | 10000.00 | 10000.00 |
| 29 | Elanji | 7000.00 | 7000.00 | 3000.00 | 4500.00 | 8000.00 | 30000.00 | 32000.00 |
| 30 | Elappally | 550.00 | 1100.00 | 450.00 | 450.00 | 550.00 | 2465.00 | 1627.00 |
| 31 | Eravimangalam | 1000.00 | 800.00 | 800.00 | 500.00 | 1000.00 | 1600.00 | 1750.00 |
| 32 | Ezhacherry | 2000.00 | 2000.00 | 2000.00 | 1000.00 | 2000.00 | 4000.00 | 5000.00 |
| 33 | Fathimapuram | 500.00 | 1000.00 | 700.00 | 500.00 | 1000.00 | 3000.00 | 2000.00 |
| 34 | Gagultha (Mattathippara) | 1010.00 | 1000.00 | 1000.00 | 1000.00 | 1010.00 | 5000.00 | 3000.00 |
| 35 | Geovalley | 500.00 | 2000.00 | 500.00 | 500.00 | 1000.00 | 4000.00 | 5000.00 |
| 36 | Idamattom | 3500.00 | 6500.00 | 3000.00 | 2500.00 | 2500.00 | 10207.00 | 7900.00 |
| 37 | Jaigiri | 1000.00 | 500.00 | 2510.00 | 1962.00 | 1000.00 | 5805.00 | 10000.00 |
| 38 | Jose Mount (Illiary) | 850.00 | 920.00 | 800.00 | 760.00 | 810.00 | 1100.00 | 1600.00 |
| 39 | Josegiri | 1400.00 | 1500.00 | 1200.00 | 1050.00 | 1100.00 | 5500.00 | 5000.00 |
| 40 | Kadanad | 6500.00 | 6000.00 | 18060.00 | 9000.00 | 7500.00 | 9050.00 | 4000.00 |
| 41 | Kadaplamattam | 2000.00 | 4000.00 | 2000.00 | 2000.00 | 2500.00 | 18000.00 | 17000.00 |
| 42 | Kaduthuruthy | 11000.00 | 9000.00 | 10000.00 | 10000.00 | 10000.00 | 41800.00 | 32950.00 |
| 43 | Kaippally | 500.00 | 1000.00 | 500.00 | 750.00 | 500.00 | 500.00 | 2000.00 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 44 | Kakkoor | 1500.00 | 2000.00 | 1000.00 | 1000.00 | 3000.00 | 14636.00 | 10000.00 |
| 45 | Kakombu | 1000.00 | 1000.00 | 1200.00 | 900.00 | 1000.00 | 2000.00 | 2500.00 |
| 46 | Kalathookadavu | 1500.00 | 1500.00 | 1500.00 | 1500.00 | 2000.00 | 4000.00 | 7000.00 |
| 47 | Kalathoor | 2600.00 | 4600.00 | 2800.00 | 2500.00 | 3200.00 | 8772.00 | 10410.00 |
| 48 | Kalikavu | 10000.00 | 6000.00 | 8000.00 | 7000.00 | 8000.00 | 13500.00 | 9800.00 |
| 49 | Kanjiramattam | 2000.00 | | 2000.00 | 2000.00 | 2500.00 | 8000.00 | 22000.00 |
| 50 | Kanjirathanam | 1500.00 | 5150.00 | 3250.00 | 3000.00 | 4000.00 | 7000.00 | 12000.00 |
| 51 | Karimpani | 1000.00 | 1000.00 | 1000.00 | 1000.00 | 1000.00 | 2000.00 | 7000.00 |
| 52 | Karoor | 1050.00 | 1100.00 | 1000.00 | 2000.00 | 1500.00 | 7000.00 | 7000.00 |
| 53 | Kattampak | 1000.00 | 1000.00 | 600.00 | 1200.00 | 1000.00 | 5000.00 | 5588.00 |
| 54 | Kavaly | 500.00 | 1000.00 | 600.00 | 600.00 | 800.00 | 2000.00 | 1000.00 |
| 55 | Kaveekunnu | 1000.00 | 2000.00 | 1000.00 | 1000.00 | 1000.00 | 1000.00 | 1000.00 |
| 56 | Kavumkandam | 2000.00 | 2000.00 | 2000.00 | 2000.00 | 2000.00 | 6008.00 | 2500.00 |
| 57 | Kayyoor | 500.00 | 500.00 | 500.00 | 500.00 | 500.00 | 500.00 | 5000.00 |
| 58 | Keezhoor | 500.00 | 500.00 | 500.00 | 500.00 | 500.00 | 9000.00 | 11000.00 |
| 59 | Kizhaparayar | 1517.00 | 1846.00 | 1806.00 | 1622.00 | 2117.00 | 11847.00 | 8175.00 |
| 60 | Kizhathadiyoor | 10358.00 | 11705.00 | 11603.00 | 11719.00 | 10336.00 | 25852.00 | 18920.00 |
| 61 | Kondadu | 400.00 | | 400.00 | 400.00 | 600.00 | 1500.00 | 1800.00 |
| 62 | Koodaloor | 5000.00 | 10000.00 | 5000.00 | 5000.00 | 20000.00 | 35000.00 | 33000.00 |
| 63 | Koothattukulam | 8000.00 | 10000.00 | 10000.00 | 5000.00 | 5000.00 | 23340.00 | 16129.00 |
| 64 | Koottikkal | 3000.00 | 2000.00 | 1700.00 | 1500.00 | 3000.00 | 2500.00 | 5000.00 |
| 65 | Kothanalloor | 17300.00 | 20000.00 | 9000.00 | 8000.00 | 20000.00 | 35500.00 | 50000.00 |
| 66 | Kozhuvanal | 2000.00 | 2500.00 | 1000.00 | 15000.00 | 2000.00 | 39445.00 | 31250.00 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 67 | Kudakkachira | | | 7200.00 | | | 14226.00 | 13642.00 |
| 68 | Kudayathoor | 1100.00 | 1200.00 | 1200.00 | 1300.00 | 2000.00 | 5000.00 | 3000.00 |
| 69 | Kulamavu | 600.00 | 500.00 | 300.00 | 400.00 | 500.00 | 500.00 | 1000.00 |
| 70 | Kunnonni | 1500.00 | 2000.00 | 1500.00 | 1500.00 | 2000.00 | 10000.00 | 6000.00 |
| 71 | Kuravilangadu | 24750.00 | 26910.00 | 12570.00 | 17200.00 | 18700.00 | 57120.00 | 102100.00 |
| 72 | Kurichithanam | 3000.00 | 2500.00 | 3000.00 | 3000.00 | 3200.00 | 13000.00 | 17000.00 |
| 73 | Kurinji | 2000.00 | 1000.00 | 500.00 | 500.00 | 500.00 | 4000.00 | 5000.00 |
| 74 | Kurumannu | 1500.00 | 3450.00 | 1000.00 | 2200.00 | 1000.00 | 12770.00 | 7590.00 |
| 75 | Kuruvinal | 1500.00 | 2000.00 | 1500.00 | 1500.00 | 2000.00 | 14240.00 | 5000.00 |
| 76 | Lalam New | 13270.00 | 15758.00 | 15180.00 | 14057.00 | 13762.00 | 22911.00 | 15010.00 |
| 77 | Lalam Old | 10766.00 | 10653.00 | 10466.00 | 10623.00 | 11000.00 | 13354.00 | 62405.00 |
| 78 | Lourds Mount | 320.00 | 360.00 | 320.00 | 380.00 | 300.00 | 2500.00 | 1500.00 |
| 79 | Malapuram | 2000.00 | 2000.00 | 2000.00 | 2200.00 | 2300.00 | 14717.00 | 7720.00 |
| 80 | Malayinchippara | 1000.00 | 1000.00 | 1500.00 | 1000.00 | 1000.00 | 9372.00 | 5668.00 |
| 81 | Mallikassery | 1750.00 | 3000.00 | 2000.00 | 1500.00 | 3000.00 | 7500.00 | 10000.00 |
| 82 | Manalumkal | 1300.00 | 4500.00 | 1500.00 | 1100.00 | 1500.00 | 14600.00 | 19700.00 |
| 83 | Manathoor | 2000.00 | 1000.00 | 1000.00 | 1000.00 | 3000.00 | 13808.00 | 10053.00 |
| 84 | Mangalagiri | 1000.00 | 2000.00 | 2900.00 | 1000.00 | 1000.00 | 4500.00 | 4500.00 |
| 85 | Mangalaram | 2200.00 | 3000.00 | 2000.00 | 1000.00 | 2000.00 | 3000.00 | 2000.00 |
| 86 | Maniyamkulam | 500.00 | 1000.00 | 250.00 | 250.00 | 500.00 | 1527.00 | 5440.00 |
| 87 | Maniyamkunnu | 1000.00 | 1200.00 | 800.00 | 750.00 | 1200.00 | 2500.00 | 1000.00 |
| 88 | Manjamattam | 1208.00 | 1110.00 | 1050.00 | 1176.00 | 1175.00 | 3125.00 | 3990.00 |
| 89 | Mannakanad | 3000.00 | 4000.00 | 2000.00 | 1500.00 | 2000.00 | 10000.00 | 9000.00 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 90 | Mannar | 2000.00 | 3000.00 | 2000.00 | 2000.00 | 28000.00 | 25116.00 | 19425.00 |
| 91 | Mannarappara | 10000.00 | 10000.00 | 8500.00 | 5000.00 | 9000.00 | 10000.00 | 17000.00 |
| 92 | Manvettom | 2000.00 | 4000.00 | 3500.00 | 4000.00 | 4000.00 | 26597.00 | 14046.00 |
| 93 | Marangattupally | 5300.00 | 2000.00 | 4600.00 | 5200.00 | 7200.00 | 22259.00 | 31262.00 |
| 94 | Marangoly | 4310.00 | 5000.00 | 3680.00 | 4074.00 | 3640.00 | 4000.00 | 6000.00 |
| 95 | Maryland | 1000.00 | 1200.00 | 800.00 | 1000.00 | 800.00 | 7700.00 | 13170.00 |
| 96 | Mattakkara | 700.00 | 1000.00 | 800.00 | 600.00 | 500.00 | 10522.00 | 8201.00 |
| 97 | Mavady | 500.00 | 500.00 | 500.00 | 500.00 | 600.00 | 8670.00 | 5213.00 |
| 98 | Meenachil | 1100.00 | 2000.00 | 1000.00 | 750.00 | 1050.00 | 13310.00 | 13460.00 |
| 99 | Melukavumattom | 2500.00 | 2500.00 | 3000.00 | 3000.00 | 3000.00 | 6000.00 | 6000.00 |
| 100 | Mevada | 1000.00 | 1000.00 | 1200.00 | 1000.00 | 1500.00 | 15807.00 | 10000.00 |
| 101 | Monippally | 4500.00 | 4250.00 | 3250.00 | 4910.00 | 3000.00 | 16225.00 | 17170.00 |
| 102 | Moolamattom | 5000.00 | 10000.00 | 9975.00 | 10775.00 | 10205.00 | 15000.00 | 10000.00 |
| 103 | Moonnani | 270.00 | 330.00 | 300.00 | 210.00 | 280.00 | 500.00 | 10000.00 |
| 104 | Moonnilavu | 1600.00 | 1590.00 | 1500.00 | 2000.00 | 1800.00 | 28940.00 | 10690.00 |
| 105 | Moozhoor | 1300.00 | 2000.00 | 1350.00 | 1300.00 | 1250.00 | 12480.00 | 12600.00 |
| 106 | Mulakulam | 750.00 | 1000.00 | 600.00 | 600.00 | 4000.00 | 10000.00 | 12500.00 |
| 107 | Mundankal | 2000.00 | 5000.00 | 2000.00 | 2000.00 | 4000.00 | 12005.00 | 20062.00 |
| 108 | Mutholapuram | 4000.00 | 5000.00 | 4000.00 | 5143.00 | | 13010.00 | 20187.00 |
| 109 | Mutholy | 4852.00 | 4575.00 | 5214.00 | 5836.00 | 5380.00 | 9795.00 | 11329.00 |
| 110 | Muttuchira | 3700.00 | 3500.00 | 3600.00 | 7050.00 | 5844.00 | 29600.00 | 41266.00 |
| 111 | Nambiakulam | 1000.00 | 1000.00 | 1000.00 | 500.00 | 1000.00 | 10000.00 | 5000.00 |
| 112 | Narianganam | 500.00 | | 500.00 | 500.00 | 500.00 | 1600.00 | 1700.00 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 113 | Neeloor | 5000.00 | 8000.00 | 3000.00 | 3000.00 | 2500.00 | 6000.00 | 10000.00 |
| 114 | Neeranthanam | 1200.00 | 1200.00 | 1100.00 | 1500.00 | 1000.00 | 14250.00 | 10200.00 |
| 115 | Nellappara | 800.00 | 1500.00 | 1000.00 | 1000.00 | 1000.00 | 4000.00 | 2000.00 |
| 116 | Nelliyani | 1300.00 | 1600.00 | 1350.00 | 1350.00 | 1200.00 | 1150.00 | 5500.00 |
| 117 | Paduva | 1628.00 | 1270.00 | 1773.00 | 1267.00 | 1300.00 | 1686.00 | 2014.00 |
| 118 | Paika | 800.00 | 2250.00 | 750.00 | 1000.00 | 2500.00 | 20000.00 | 15000.00 |
| 119 | Paingulam | 1700.00 | 5200.00 | 2100.00 | 2200.00 | 6200.00 | 4300.00 | 5200.00 |
| 120 | Pala Cathedral | 30540.00 | 30515.00 | 29340.00 | 29919.00 | 30816.00 | 43656.00 | 104045.00 |
| 121 | Palakad | 200.00 | 500.00 | 250.00 | 250.00 | 250.00 | 3500.00 | 11000.00 |
| 122 | Palakattumala | 1300.00 | 1200.00 | 1100.00 | 1100.00 | 1000.00 | 7600.00 | 5099.00 |
| 123 | Palayam | 900.00 | 1000.00 | 900.00 | 900.00 | 1200.00 | 2250.00 | 5000.00 |
| 124 | Parathanam | 1000.00 | 1000.00 | 800.00 | 800.00 | 800.00 | 10110.00 | 7000.00 |
| 125 | Payyanithottam | 1000.00 | 1000.00 | 1000.00 | 1000.00 | 1000.00 | 2000.00 | 2000.00 |
| 126 | Periappuram | | | | | | 16898.00 | 8675.00 |
| 127 | Peringulam | 1500.00 | 2000.00 | 1200.00 | 3000.00 | 2000.00 | 4885.00 | 10812.00 |
| 128 | Perumthuruth | 500.00 | 500.00 | 500.00 | 500.00 | 500.00 | 2000.00 | 2000.00 |
| 129 | Piousmount | 200.00 | 800.00 | 800.00 | 800.00 | 600.00 | 5650.00 | 10000.00 |
| 130 | Piravom | 3500.00 | 5000.00 | 3500.00 | | 15100.00 | 18050.00 | |
| 131 | Plassanal | 2763.00 | 12666.00 | 2876.00 | 1920.00 | 3010.00 | 19080.00 | 11580.00 |
| 132 | Poonjar | 8000.00 | 3000.00 | | 4000.00 | 20000.00 | 17600.00 | 16300.00 |
| 133 | Poovakkulam | 500.00 | 500.00 | 500.00 | 500.00 | 700.00 | 3000.00 | 1770.00 |
| 134 | Poovarany | 2100.00 | 3200.00 | 1600.00 | 1600.00 | 2400.00 | 23620.00 | 11000.00 |
| 135 | Poovathod | 1450.00 | 1850.00 | 1200.00 | 1300.00 | 1330.00 | 6000.00 | 7500.00 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 136 | Poozhikkol | 1500.00 | 2000.00 | 1500.00 | 1000.00 | 2500.00 | 5000.00 | 5000.00 |
| 137 | Pravithanam | 1500.00 | 2000.00 | 1450.00 | 1100.00 | 1250.00 | 2250.00 | 13775.00 |
| 138 | Ramapuram | 9440.00 | 25640.00 | 9550.00 | 9785.00 | 18400.00 | 6450.00 | 30000.00 |
| 139 | Retnagiri | 11355.00 | 13463.00 | 11700.00 | 14844.00 | 12556.00 | 18832.00 | 40000.00 |
| 140 | Santhigiri | 300.00 | 350.00 | 350.00 | 400.00 | 900.00 | 3525.00 | 5510.00 |
| 141 | Santhipuram | 500.00 | 1000.00 | 1000.00 | 500.00 | 1000.00 | 4900.00 | 4600.00 |
| 142 | Sibigiri (Muttom) | 3000.00 | 6000.00 | 2500.00 | 4000.00 | 8000.00 | 6000.00 | 12000.00 |
| 143 | Sleevapuram | 600.00 | 600.00 | 500.00 | 500.00 | 9700.00 | 9000.00 | 5175.00 |
| 144 | Teekoy | 1500.00 | 3875.00 | 1750.00 | 1800.00 | 3250.00 | 24000.00 | 22550.00 |
| 145 | Thakidi | 200.00 | 200.00 | 200.00 | 200.00 | 200.00 | 3000.00 | 1000.00 |
| 146 | Thidanadu | 3500.00 | 3500.00 | 3000.00 | 3000.00 | 3000.00 | 22000.00 | 13000.00 |
| 147 | Thirumarady | 800.00 | 800.00 | 800.00 | 800.00 | 800.00 | 800.00 | 1800.00 |
| 148 | Thodanal | 4121.00 | 3204.00 | 2500.00 | 2750.00 | 5700.00 | 12716.00 | 8550.00 |
| 149 | Thudanganad | 3125.00 | 3057.00 | 1523.00 | 1364.00 | 3649.00 | 17478.00 | 14730.00 |
| 150 | Thuruthippally | 1450.00 | 4300.00 | 1300.00 | 1800.00 | 1200.00 | 8234.00 | 7960.00 |
| 151 | Udayagiri | 4980.00 | 1000.00 | 3490.00 | 1000.00 | 2000.00 | 4000.00 | 12000.00 |
| 152 | Ullanad | 1500.00 | 2000.00 | 1500.00 | 2500.00 | 3000.00 | 10130.00 | 20790.00 |
| 153 | Urulikunnam | 1000.00 | 1500.00 | 1100.00 | 1500.00 | 2000.00 | 10000.00 | 8535.00 |
| 154 | Urumpukavu (Pizhaku) | 1000.00 | 1000.00 | 1000.00 | 1000.00 | 2000.00 | 6000.00 | 5000.00 |
| 155 | Vadakara | 2900.00 | 4300.00 | 2500.00 | 2800.00 | 2400.00 | 16288.00 | 16950.00 |
| 156 | Vagamon | 790.00 | 440.00 | 860.00 | 870.00 | 1010.00 | 1200.00 | 2110.00 |
| 157 | Vakakkad | 2000.00 | 2500.00 | 1600.00 | 1400.00 | 2300.00 | 5800.00 | 5200.00 |
| 158 | Vakkad | 1000.00 | 1000.00 | 1000.00 | 500.00 | 800.00 | 900.00 | 1600.00 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 159 | Valachira | 700.00 | 2000.00 | 600.00 | 1100.00 | 1500.00 | 11430.00 | 5552.00 |
| 160 | Valavoor | 1460.00 | 1530.00 | 1800.00 | 2200.00 | 1800.00 | 14130.00 | 11700.00 |
| 161 | Varianikkad | 500.00 | 800.00 | 500.00 | 500.00 | 500.00 | 600.00 | 1500.00 |
| 162 | Vayala | 2000.00 | 4000.00 | 2200.00 | 2400.00 | 2800.00 | 10500.00 | 10000.00 |
| 163 | Vedagiri | 500.00 | 500.00 | 500.00 | 500.00 | 500.00 | 6281.00 | 13502.00 |
| 164 | Velanilam | 500.00 | 500.00 | 500.00 | 500.00 | 500.00 | 7487.00 | 8515.00 |
| 165 | Velliamattom | 3000.00 | 1000.00 | 3000.00 | 2000.00 | 3000.00 | 5000.00 | 5000.00 |
| 166 | Vellikulam | 2100.00 | 2000.00 | 600.00 | 2300.00 | 2200.00 | 3500.00 | 3000.00 |
| 167 | Vezhanganam | 250.00 | 250.00 | 250.00 | 250.00 | 250.00 | 4100.00 | 3200.00 |
| 168 | Vilakkumadom | 1000.00 | 1000.00 | 1000.00 | 1500.00 | 1000.00 | 7000.00 | 7700.00 |
| 169 | Vimalagiri (Chakkikkavu) | | | | | | | |
| 170 | Xavierpuram | 550.00 | 600.00 | 515.00 | 512.00 | 516.00 | 7957.00 | 5225.00 |
| 171 | Yenthayar | 8000.00 | 6000.00 | 6000.00 | 9000.00 | 10000.00 | 17500.00 | 11000.00 |
| 172 | Kalloorkulam Chapel | 490.00 | | | 520.00 | | 3465.00 | 2060.00 |
| 173 | Valakattukunnu Chapel | | | | | | 2835.00 | 2000.00 |




# മാർ സ്ലീവാ മെഡിസിറ്റി, പാലാ

**മാർ സ്ലീവാ മെഡിസിറ്റിയിൽ പ്രവർത്തനപരിചയമുള്ള നഴ്സുമാരുടെ ഒഴിവുകൾ**

മാർ സ്ലീവാ മെഡിസിറ്റിയിൽ പ്രവർത്തനപരിചയമുള്ള നഴ്സുമാരുടെ ഒഴിവുകളുണ്ട്. താൽപര്യമുള്ളവർ ബയോഡാറ്റ, ഫോട്ടോ, സർട്ടിഫിക്കറ്റു കളുടെ കോപ്പികൾ എന്നിവ സഹിതം jobs@marsleevamedicity.com എന്ന മെയിലിലേക്ക് അപേക്ഷകൾ അയയ്ക്കണം. കൂടുതൽ വിവരങ്ങൾക്ക് 9188525970, 8281699258, 04822 266813/ 814 എന്നീ നമ്പറുകളിൽ ബന്ധ പ്പെടണം.

**മാർ സ്ലീവാ മെഡിസിറ്റിയിൽ ഡോക്ടേഴ്സ് ദിനാചരണവും നേത്രദാന കേന്ദ്രം ലോഞ്ചിങ്ങും നടത്തി**

മാർ സ്ലീവാ മെഡിസിറ്റിയിൽ ഡോക്ടേഴ്സ് ദിനാചരണം നടത്തി. കോട്ടയം ഗവ. മെഡിക്കൽ കോളജ് പ്രിൻസിപ്പൽ ഡോ.വർഗീസ് പി. പുന്നൂസ് ഉദ്ഘാ ടനം ചെയ്തു. മാർ സ്ലീവാ മെഡിസിറ്റിയിൽ ആരംഭിച്ച നേത്രദാനകേന്ദ്രം പുതുവെളിച്ചത്തിന്റെ ലോഞ്ചിങ്ങും അദ്ദേഹം നിർവഹിച്ചു. പാലാ രൂപത ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് അധ്യക്ഷത വഹിച്ചു. ദി മാർ സ്ലീവൻസ് എന്ന ഇ മാഗസിന്റെ പ്രകാശനവും ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് നിർവഹിച്ചു. മുതിർന്ന ഡോക്ടർമാരായ ഓർത്തോപീഡിക്സ് വിഭാഗം മേധാവിയും സീനിയർ കൺസൾട്ടന്റുമായ പ്രഫ.ഡോ. മാത്യു എബ്രഹാം, ചൈൽഡ് ഡവലപ്മെന്റ് സെന്റർ സീനിയർ കൺസൾട്ടന്റ് ഡോ.തോമസ് എബ്രഹാം, സൈക്യാട്രി വിഭാഗം സീനിയർ കൺസൾട്ടന്റ് ഡോ. റോയി

എബ്രഹാം കള്ളിവയലിൽ, ലബോറട്ടറി വിഭാഗം സീനിയർ കൺസൾട്ടന്റ് ഡോ.റോസമ്മ തോമസ്, ജനറൽ മെഡിസിൻ വിഭാഗം സീനിയർ കൺസൾട്ടന്റ് ഡോ.ജോയി മാണി തെക്കേടത്ത് എന്നിവരെ ചടങ്ങിൽ പൊന്നാടയണിയിച്ച് ആദരിച്ചു. ആശുപത്രി മാനേജിങ് ഡയറക്ടർ മോൺ.ഡോ.ജോസഫ് കണിയോടിക്കൽ, ചീഫ് ഓഫ് മെഡിക്കൽ സർവീസസ് എയർ കോമഡോർ ഡോ.പോളിൻ ബാബു, മെഡിക്കൽ സൂപ്രണ്ട് ഡോ.നിതീഷ് പി.എൻ. എന്നിവർ പ്രസംഗിച്ചു. മധുര വിതരണം, ഡോക്ടർമാരുടെ കലാപരിപാടികൾ എന്നിവയും നടന്നു.

**മാർ സ്ലീവാ മെഡിസിറ്റിയിൽ കണ്ടിന്യൂയിംഗ് മെഡിക്കൽ എജ്യൂക്കേഷൻ സെമിനാർ നടന്നു.**

മാർ സ്ലീവാ മെഡിസിറ്റിയിൽ ജനറൽ മെഡിസിൻ വിഭാഗത്തിന്റെ നേതൃത്വത്തിൽ ഇൻസുലിൻ തെറാപ്പി ആൻഡ് ന്യൂവർ ഇൻസുലിൻസ് എന്ന പേരിൽ കണ്ടിന്യൂയിങ് മെഡിക്കൽ എജ്യുക്കേഷൻ സെമിനാർ നടന്നു. ആശുപത്രി മാനേജിങ് ഡയറക്ടർ മോൺ.ഡോ.ജോസഫ് കണിയോടിക്കൽ ഉദ്ഘാടനം ചെയ്തു. ജനറൽ മെഡിസിൻ വിഭാഗം മേധാവി പ്രഫ.ഡോ.ഷീല കുര്യൻ വി, സീനിയർ കൺസൾട്ടന്റ് ഡോ.ജൂബിൽ ജോസ് കുര്യൻ എന്നിവർ പ്രസംഗിച്ചു. ഇൻസുലിൻ തെറാപ്പി, ന്യൂവർ ഇൻസുലിൻസ് തുടങ്ങിയ വിഷയങ്ങളിൽ മാർ സ്ലീവാ മെഡിസിറ്റിയിലെ എൻഡോക്രൈനോളജിസ്റ്റുമാരായ ഡോ. ആനന്ദ്.എസ്, ഡോ.ജോൺസ് ടി.ജോൺസൺ എന്നിവർ പ്രബന്ധം അവതരിപ്പിച്ചു. വിവിധ ഡോക്ടർമാർ പങ്കെടുത്തു.

**ബോധവൽക്കരണ ക്ലാസ്സ് – രാമപുരം**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ രാമപുരം എസ്.എച്ച്.ജി. എച്ച്.എസിലെ അധ്യാപകർക്കും വിദ്യാർഥികളുടെ മാതാപിതാക്കൾക്കുമായി എഫക്ടീവ് പേരന്റിങ് എന്ന വിഷയത്തിൽ ബോധവൽക്കരണക്ലാസ്സ് സംഘടിപ്പിച്ചു. ന്യൂറോളജി വിഭാഗം കൺസൾട്ടന്റ് ഡോ. ജോസി ജെ.വള്ളിപ്പാലം ക്ലാസ്സ് നയിച്ചു.

**സൗജന്യ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ചു**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ പാലാ രൂപത കെയർ ഹോംസിലെ വിവിധ സ്പെഷ്യൽ സ്കൂളുകളിൽ സൗജന്യ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ചു. അന്തിനാട് ശാന്തിനിലയം സ്പെഷ്യൽ സ്കൂളിൽ നടത്തിയ ക്യാമ്പിന് ഇ.എൻ.റ്റി വിഭാഗം സീനിയർ കൺസൾട്ടന്റ് ഡോ. ജോൺ മാത്യു നേതൃത്വം നൽകി. പുലിയന്നൂർ ഷലോം ഡി.സി.എം.ആറിൽ നടത്തിയ ക്യാമ്പിന് ജനറൽ മെഡിസിൻ വിഭാഗം കൺസൾട്ടന്റ് ഡോ. ജ്യോതിഷ് രാജ് നേതൃത്വം നൽകി.

**പാലാ രൂപത മെഡിക്കൽ രംഗത്തേക്ക് എന്ന പുസ്തകം പ്രകാശനം ചെയ്തു.**

പാലാ മാർ സ്ലീവാ മെഡിസിറ്റി ആരംഭകാലചരിത്രം രേഖപ്പെടുത്തുന്ന മുൻ വികാരി ജനറാൾ റവ.ഫാ.ഫിലിപ്പ് ഞരളക്കാട്ട് രചിച്ച 'പാലാ രൂപത മെഡിക്കൽ രംഗത്തേക്ക്' എന്ന പുസ്തകത്തിന്റെ പ്രകാശനം പാലാ രൂപത ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് നിർവഹിച്ചു. രൂപതയുടെ പ്രോട്ടോ സിഞ്ചെല്ലൂസ് റവ.ഡോ. ജോസഫ് തടത്തിൽ പുസ്തകം ഏറ്റുവാങ്ങി. ആശുപത്രി മാനേജിങ് ഡയറക്ടർ മോൺ.ഡോ. ജോസഫ് കണിയോടിക്കൽ, പ്രൊജക്ട്സ്, ഐടി, ലീഗൽ ആൻഡ് ലെയ്സൺ ഡയറക്ടർ റവ.ഫാ.ജോസ് കീരഞ്ചിറ, ഓപ്പറേഷൻസ്, ബ്രാൻഡിങ് ആൻഡ് ഹെൽത്ത്കെയർ പ്രമോഷൻസ് ഡയറക്ടർ റവ.ഫാ.ഗർവാസീസ് ആനിത്തോട്ടത്തിൽ, ഫിനാൻസ് ആൻഡ് മെറ്റീരിയൽസ് ഡയറക്ടർ റവ.ഡോ. ഇമ്മാനുവേൽ പാറേക്കാട്ട്, ആയുഷ് ഡയറക്ടർ റവ.ഫാ.മാത്യു ചേന്നാട്ട്, റവ.ഫാ. ജോസഫ് കുഴിഞ്ഞാലിൽ എന്നിവർ പങ്കെടുത്തു.

**സൗജന്യ ബോധവൽക്കരണ ക്ലാസ്സ് - അരുവിത്തുറ**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ അരുവിത്തുറ സെന്റ് അൽഫോൻസ പബ്ലിക് സ്കൂളിൽ മാതാപിതാക്കൾക്കായി ബോധവൽക്കരണക്ലാസ്സ് നടത്തി. റെമഡിയൽ തെറാപ്പിസ്റ്റ് ലയമോൾ മാത്യു ക്ലാസ്സ് നയിച്ചു.

**സൗജന്യ ഫൈബ്രോസ്കാൻ ക്യാമ്പ് - പാലാ**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ പാലായിൽ പ്രവർത്തിക്കുന്ന മാർ സ്ലീവാ സർവീസ് സെന്ററിൽ വച്ച് കരൾരോഗനിർണയത്തിനുള്ള സൗജന്യ ഫൈബ്രോസ്കാൻ ക്യാമ്പ് നടത്തി. വിദഗ്ധഡോക്ടർമാർ നേതൃത്വം നൽകി.

**സൗജന്യ ബോധവൽക്കരണ ക്ലാസ്സ് - എലിക്കുളം**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ യംങ് സീനിയർ ഫൗണ്ടേഷനുമായി സഹകരിച്ചു വയോജനങ്ങൾക്കായി എലിക്കുളം പഞ്ചായത്ത് ഓഫീസിൽ സൗജന്യബോധവൽക്കരണക്ലാസ്സ് നടത്തി. ഫിസിക്കൽ മെഡിസിൻ ആൻഡ് റീഹാബിലിറ്റേഷൻ വിഭാഗത്തിലെ ഡോ.അനിറ്റ് കാതറീൻ ചാൾസ് ക്ലാസ്സിനു നേതൃത്വം നൽകി.

**സൗജന്യ ഹൃദയപരിശോധന ക്യാമ്പ് - പാലാ**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ പാലാ ഡി.വൈ.എസ്.പി ഓഫീസുമായി സഹകരിച്ച് പൊലീസ് ഉദ്യോഗസ്ഥർക്കായി പാലാ പൊലീസ് സ്റ്റേഷനിൽ വച്ച് സൗജന്യ ഹൃദയപരിശോധന ക്യാമ്പ് നടത്തി. ഡിവൈഎസ്പി കെ.സദൻ ഉദ്ഘാടനം ചെയ്തു. വിദഗ്ധഡോക്ടർമാർ നേതൃത്വം നൽകി.

**സൗജന്യ ബോധവൽക്കരണക്ലാസ്സ് - എസ്.എച്ച് മൗണ്ട്**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ എസ്.എച്ച്.മൗണ്ട് സീനിയർ

സിറ്റിസൺ ഫോറവുമായി സഹകരിച്ച് സൗജന്യ ബോധവൽക്കരണക്ലാസ്സ് നടത്തി. കാർഡിയോളജി വിഭാഗം സീനിയർ കൺസൾട്ടന്റ് പ്രഫ. ഡോ. രാജു ജോർജ് ക്ലാസ്സിനു നേതൃത്വം നൽകി.

**സൗജന്യ ബേസിക് ലൈഫ് സപ്പോർട്ട് പരിശീലനം - കാഞ്ഞിരപ്പള്ളി**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ കാഞ്ഞിരപ്പള്ളി എസ്.ഡി കോളജിലെ അധ്യാപകർക്കും ഉദ്യോഗസ്ഥർക്കുമായി ബേസിക് ലൈഫ് സപ്പോർട്ട് പരിശീലനം നൽകി. ക്ലിനിക്കൽ എജ്യൂക്കേറ്റർ നീതു ജോർജ് പരിശീലനത്തിനു നേതൃത്വം നൽകി.

**സൗജന്യ മെഡിക്കൽ ക്യാമ്പ് - ഒളശ്ശ**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ ഒളശ്ശ സെന്റ് ജോൺസ് യാക്കോബായ സിറിയൻ പള്ളിയുമായി സഹകരിച്ച് സൗജന്യ മെഡിക്കൽ ക്യാമ്പ് നടത്തി. തിരുവഞ്ചൂർ രാധാകൃഷ്ണൻ എം.എൽ.എ ഉദ്ഘാടനം ചെയ്തു. വിദഗ്ധഡോക്ടർമാർ നേതൃത്വം നൽകി.

**സൗജന്യ ബോധവൽക്കരണ ക്ലാസ്സ് - പാമ്പാടി**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ പാമ്പാടി സീനിയർ സിറ്റിസൺ ഫോറവുമായി സഹകരിച്ച് സൗജന്യ ബോധവൽക്കരണക്ലാസ്സ് നടത്തി. ന്യൂറോസർജറി ആൻഡ് സ്പൈൻ സർജറി വിഭാഗം സീനിയർ കൺസൾട്ടന്റ് ഡോ.സരീഷ് കുമാർ എം.കെ. ക്ലാസ്സിനു നേതൃത്വം നൽകി.

**സൗജന്യ ഹൃദയപരിശോധന ക്യാമ്പ് - എം.ആർ.എഫിൽ**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ എം.ആർ.എഫ് ജീവനക്കാർക്കായി വടവാതൂർ എം.ആർ.എഫിൽ വച്ച് സൗജന്യ ഹൃദയപരിശോധന ക്യാമ്പ് നടത്തി. വിദഗ്ധഡോക്ടർമാർ പരിശോധനയ്ക്കു നേതൃത്വം നൽകി.

**സൗജന്യ ലഹരിവിരുദ്ധ ക്ലാസ്സ് - മേലുകാവുമറ്റം**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ ലോകലഹരിവിരുദ്ധ ദിനത്തോടനുബന്ധിച്ച് ഹ്യൂമൺ റൈറ്റ്സ് ഫോറം ജില്ല കമ്മിറ്റി, മേലുകാവ് ഹെൻട്രി ബേക്കർ കോളജ് എൻ.എസ്.എസ്. യൂണിറ്റ് എന്നിവയുമായി സഹകരിച്ച് ലഹരിവിരുദ്ധ ബോധവൽക്കരണക്ലാസ്സ് നടത്തി. ക്ലിനിക്കൽ സൈക്കോളജിസ്റ്റ് ഡോ.സി. ജൂലി എലിസബത്ത് ക്ലാസ്സിനു നേതൃത്വം നൽകി.

**സൗജന്യ രക്തദാന ക്യാമ്പ് - ചൂണ്ടച്ചേരി**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ ചൂണ്ടച്ചേരി സെന്റ് ജോസഫ് കോളജ് ഓഫ് എൻജിനീയറിങ്ങിൽ സൗജന്യരക്തദാനക്യാമ്പ് നടത്തി. വിദ്യാർഥികൾ രക്തം ദാനം ചെയ്തു.

**സൗജന്യ കാൻസർ ബോധവൽക്കരണക്ലാസ്സ് സംഘടിപ്പിച്ചു**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ ചേർപ്പുങ്കൽ മാർ സ്ലീവാ നഴ്സിങ് കോളജിൽ സൗജന്യ കാൻസർ ബോധവൽക്കരണക്ലാസ്സ് നടത്തി.

ഓങ്കോളജി വിഭാഗം സീനിയർ കൺസൾട്ടന്റ് ഡോ. റോണി ബെൻസൺ ക്ലാസ്സിനു നേതൃത്വം നൽകി.

**സൗജന്യ ബേസിക് ലൈഫ് സപ്പോർട്ട് പരിശീലനം - രാമപുരം**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ രാമപുരം മാർ ആഗസ്തിനോസ് കോളജിലെ വിദ്യാർത്ഥികൾക്കായി ബേസിക് ലൈഫ് സപ്പോർട്ട് പരിശീലനം നൽകി. ക്ലിനിക്കൽ എജ്യൂക്കേറ്റർ നീതു ജോർജ് പരിശീലനത്തിനു നേതൃത്വം നൽകി.

**സൗജന്യ ബേസിക് ലൈഫ് സപ്പോർട്ട് പരിശീലനം - പാലാ**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ പാലാ സെന്റ് തോമസ് കോളജിലെ എൻ.എസ്.എസ് യൂണിറ്റ് വിദ്യാർത്ഥികൾക്കായി ബേസിക് ലൈഫ് സപ്പോർട്ട് പരിശീലനം നൽകി. അസി.നഴ്സിങ് സൂപ്രണ്ട് അലോഷ്യസ് ഫ്രാൻസീക്ക ഫ്രാൻസിസ് പരിശീലനത്തിനു നേതൃത്വം നൽകി.

**സൗജന്യ പിഎഫ്ടി, ബ്ലഡ്ഗ്രൂപ്പിങ് ക്യാമ്പുകൾ നടത്തി**

പാലാ രൂപതയുടെ പ്ലാറ്റിനം ജൂബിലി, മാർ സ്ലീവാ മെഡിസിറ്റിയുടെ അഞ്ചാം വാർഷികം എന്നിവയോടനുബന്ധിച്ചു നടപ്പാക്കുന്ന സാമൂഹിക പദ്ധതികളുടെ ഭാഗമായി തീക്കോയി സെന്റ് മേരീസ് ഫൊറോന ചർച്ചിൽ സൗജന്യ പിഎഫ്ടി, ബ്ലഡ്ഗ്രൂപ്പിങ് ക്യാമ്പുകൾ നടത്തി. പൾമണറിവിഭാഗം അസോസിയേറ്റ് കൺസൾട്ടന്റ് ഡോ. മിഥുൻ ജെ. നേതൃത്വം നൽകി.

**സൗജന്യ ബോധവൽക്കരണക്ലാസ്സ് - കോട്ടയം**

കേരള പത്രപ്രവർത്തക യൂണിയൻ സംസ്ഥാനവ്യാപകമായി നടത്തുന്ന ലഹരി വിരുദ്ധപരിപാടികളുടെ ഭാഗമായി കോട്ടയം പ്രസ് ക്ലബ്ബിന്റെ നേതൃത്വത്തിൽ നടത്തിയ ലഹരിവിരുദ്ധബോധവൽക്കരണപരിപാടിയിൽ മാർ സ്ലീവാ മെഡിസിറ്റി ന്യൂറോ സർജറി ആൻഡ് സ്പൈൻ സർജറിവിഭാഗം മേധാവി ഡോ.സരീഷ് കുമാർ എം.കെ. ബോധവൽക്കരണക്ലാസ്സ് നയിച്ചു. തിരുവഞ്ചൂർ രാധാകൃഷ്ണൻ എം.എൽ.എ. ഉദ്ഘാടനം ചെയ്തു.

**സൗജന്യ ബോധവൽക്കരണ ക്ലാസ്സ് - കുറുമണ്ണ്**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ കുറുമണ്ണ് സെന്റ് ജോൺസ് ഹൈസ്കൂളിൽ കൊല്ലപ്പള്ളി ലയൺസ് ക്ലബ്ബുമായി സഹകരിച്ച് യൂത്ത് എംപവർമെന്റ് പ്രോഗ്രാം നടത്തി. ക്ലിനിക്കൽ സൈക്കോളജിസ്റ്റ് ഡോ. സി. ജൂലി എലിസബത്ത് ക്ലാസ്സിനു നേതൃത്വം നൽകി.

**സൗജന്യ ബോധവൽക്കരണക്ലാസ്സ് - അരുവിത്തുറ**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ അരുവിത്തുറ സെന്റ് ജോർജ് കോളജിൽ ജീവിതശൈലീരോഗങ്ങളെക്കുറിച്ചു സൗജന്യ ബോധവൽക്കരണക്ലാസ്സ് നടത്തി. ജനറൽ മെഡിസിൻ വിഭാഗം അസോ. കൺസൾട്ടന്റ് ഡോ.ജ്യോതിഷ് രാജ് ക്ലാസ്സ് നയിച്ചു.

**സൗജന്യഹൃദ്രോഗപരിശോധന ക്യാമ്പ് – നെടുങ്കണ്ടം**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ നെടുങ്കണ്ടം കൈലാസം സെന്റ് ജോസഫ് പള്ളിയുമായി സഹകരിച്ച് സൗജന്യ ഹൃദ്രോഗപരിശോധന ക്യാമ്പ് നടത്തി. വിദഗ്ധഡോക്ടർമാർ നേതൃത്വം നൽകി.

**സൗജന്യ ബോധവൽക്കരണ ക്ലാസ്സ് – ഭരണങ്ങാനം**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ ഭരണങ്ങാനം അൽഫോൻസ റസിഡൻഷ്യൽ സ്കൂളിലെ വിദ്യാർത്ഥികൾക്കും മാതാപിതാക്കൾക്കുമായി സൗജന്യ ബോധവൽക്കരണക്ലാസ്സ് നടത്തി. റെമഡിയൽ തെറാപ്പിസ്റ്റ് ലയമോൾ മാത്യു ക്ലാസ്സ് നയിച്ചു.

**സൗജന്യ കാൻസർ ബോധവൽക്കരണ ക്ലാസ്സ് – കോട്ടയം മിൽമ**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ കോട്ടയം മിൽമയിലെ ഉദ്യോഗസ്ഥർക്കായി സൗജന്യ കാൻസർ ബോധവൽക്കരണക്ലാസ്സ് സംഘടിപ്പിച്ചു. സർജിക്കൽ ഓങ്കോളജി വിഭാഗം കൺസൾട്ടന്റ് ഡോ. ജോഫിൻ കെ. ജോണി ക്ലാസ്സ് നയിച്ചു.

**സൗജന്യ ബോധവൽക്കരണ ക്ലാസ്സ് – ഭരണങ്ങാനം**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ ഭരണങ്ങാനം സെന്റ് മേരീസ് എച്ച്.എസ്.എസിൽ നടന്ന പി.ടി.എ പൊതുയോഗത്തിൽ സൗജന്യ ബോധവൽക്കരണ ക്ലാസ്സ് നടത്തി. സീനിയർ ക്ലിനിക്കൽ സൈക്കോളജിസ്റ്റ് ഡോ.എയ്ഞ്ചൽ തോമസ് ക്ലാസ്സ് നയിച്ചു.

**സൗജന്യ ബേസിക് ലൈഫ് സപ്പോർട്ട് പരിശീലനം – ചൂണ്ടച്ചേരി**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ ചൂണ്ടച്ചേരി സെന്റ് ജോസഫ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആൻഡ് കേറ്ററിങ് ടെക്നോളജിയിൽ സൗജന്യ ബേസിക് ലൈഫ് സപ്പോർട്ട് പരിശീലനം നൽകി. ക്ലിനിക്കൽ എജ്യൂക്കേറ്റർ നീതു ജോർജ് പരിശീലനത്തിനു നേതൃത്വം നൽകി.

**സൗജന്യ ബോധവൽക്കരണ ക്ലാസ്സും ബി.എൽ.എസ്. പരിശീലനവും – പാലാ**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ പാലാ കെ.എസ്.ഇ.ബി ട്രാൻസ്മിഷൻ ഓഫീസിലെ ഉദ്യോഗസ്ഥർക്കായി ജീവിതശൈലീരോഗങ്ങളെക്കുറിച്ച് ബോധവൽക്കരണക്ലാസ്സും ബേസിക് ലൈഫ് സപ്പോർട്ട് പരിശീലനവും നൽകി. എമർജൻസി വിഭാഗം മേധാവി ഡോ. ശ്രീജിത്ത് ആർ. നായർ ക്ലാസ്സിനു നേതൃത്വം നൽകി.

**മാർ സ്ലീവാ മെഡിസിറ്റിയിൽ ബയോഫെയർ ഉപകരണത്തിന്റെ ആശീർവാദം നടത്തി**

മാർ സ്ലീവാ മെഡിസിറ്റിയിലെ മൈക്രോബയോളജി വിഭാഗത്തിൽ സ്ഥാപിച്ച ബയോഫെയർ ഉപകരണത്തിന്റെ ആശീർവാദം നടത്തി. ആശു

പത്രി മാനേജിങ് ഡയറക്ടർ മോൺ.ഡോ.ജോസഫ് കണിയോടിക്കൽ മുഖ്യകാർമികത്വം വഹിച്ചു.

**സൗജന്യ ബേസിക് ലൈഫ് സപ്പോർട്ട് പരിശീലനം - ചൂണ്ടച്ചേരി**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ ചൂണ്ടച്ചേരി സെന്റ് ജോസഫ്സ് കോളജ് ഓഫ് എൻജിനീയറിങ് ആൻഡ് ടെക്നോളജിയിൽ സൗജന്യ ബേസിക് ലൈഫ് സപ്പോർട്ട് പരിശീലനപരിപാടി നടത്തി. അസി.നഴ്സിങ് സൂപ്രണ്ട് അലോഷ്യസ് ഫ്രാൻസീക്ക ഫ്രാൻസിസ് നേതൃത്വം നൽകി.

**ഓൺസൈറ്റ് ഹെൽത്ത് ചെക്ക് അപ്പ് - പാമ്പാടി**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ ഓൺസൈറ്റ് ഹെൽത്ത് ചെക്ക് അപ്പ് പാമ്പാടി സീനിയർ സിറ്റിസൺ ഫോറവുമായി സഹകരിച്ചു നടത്തി. കോർപറേറ്റ് സ്ഥാപനങ്ങളിലും പ്രമുഖ സംഘടനകളിലും നേരിട്ടെത്തി രക്തസാമ്പിളുകൾ ശേഖരിച്ചശേഷം ഡോക്ടർ കൺസൾട്ടേഷൻ ഉൾപ്പെടെ സേവനം നൽകുന്ന പ്രവർത്തനങ്ങളാണ് ഓൺസൈറ്റ് ഹെൽത്ത് ചെക്ക് അപ്പിലൂടെ നടത്തുന്നത്.

**സൗജന്യ ബി.എൽ.എസ്. പരിശീലനം - കുറവിലങ്ങാട്**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ കുറവിലങ്ങാട് ദേവമാതാ കോളജിലെ വിദ്യാർത്ഥികൾക്കായി ബേസിക് ലൈഫ് സപ്പോർട്ട് പരിശീലന പരിപാടി നടത്തി. ക്ലിനിക്കൽ എജ്യൂക്കേറ്റർ നീതു ജോർജ് ക്ലാസ്സിനു നേതൃത്വം നൽകി.

**സൗജന്യ മെഗാമെഡിക്കൽ ക്യാമ്പ് - അരുവിത്തുറ**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ എസ്.എം.വൈ.എം. അരുവിത്തുറ യൂണിറ്റുമായി സഹകരിച്ച് സെന്റ് ജോർജ് ഫൊറോന ചർച്ചിൽ മെഗാ മെഡിക്കൽ ക്യാമ്പ് നടത്തി. ആശുപത്രി പ്രൊജക്ട്സ്, ഐ.ടി, ലീഗൽ ആൻഡ് ലെയ്സൺ ഡയറക്ടർ റവ.ഫാ.ജോസ് കീരഞ്ചിറ ഉദ്ഘാടനം ചെയ്തു. വികാരി റവ.ഫാ. സെബാസ്റ്റ്യൻ വെട്ടുകല്ലേൽ അധ്യക്ഷത വഹിച്ചു. വിദഗ്ധഡോക്ടർമാർ നേതൃത്വം നൽകി.

**ഫാ. ജോസഫ് കണിയോടിക്കൽ**

മാനേജിങ് ഡയറക്ടർ, മാർ സ്ലീവാ മെഡിസിറ്റി, പാലാ

# അൽഫോൻസാ തീർഥാടനകേന്ദ്രം

**സഹനപുഷ്പം (Passion Flower) പുനഃപ്രസിദ്ധീകരണം**

വിശുദ്ധ അൽഫോൻസാ തീർത്ഥാടനകേന്ദ്രത്തിൽനിന്നു പ്രസിദ്ധീകരിച്ചിരുന്ന 'സഹനപുഷ്പം' എന്ന ത്രൈമാസികയുടെ പുനഃപ്രസിദ്ധീകരണം ആരംഭിക്കുവാൻ തീരുമാനിച്ചു. ഇതിനോടനുബന്ധിച്ചുള്ള ഒരു മീറ്റിങ് ജൂലൈ

5-ാം തീയതി സെന്റ് അൽഫോൻസാ സ്പിരിചാലിറ്റി സെന്ററിൽ വച്ചു നടത്തപ്പെട്ടു. തീർത്ഥാടനകേന്ദ്രം റെക്ടർ വെരി. റവ.ഫാ. അഗസ്റ്റിൻ പാലയ്ക്കാപറമ്പിലിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തീർത്ഥാടനകേന്ദ്രം അഡ്മിനിസ്ട്രേറ്റർ റവ.ഫാ. മാത്യു കുറ്റിയാനിക്കൽ, സ്പിരിചൽ ഡയറക്ടർ റവ.ഫാ. സെബാസ്റ്റ്യൻ നടുത്തടം, പാലാ സെന്റ്തോമസ് കോളജ് വൈസ് പ്രിൻസിപ്പാൾ റവ. ഫാ. കുര്യാക്കോസ് കാപ്പിലിപ്പറമ്പിൽ, റവ. ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം (DFC, KLM& Care Homes) Pastoral Centre Pala), അൽഫോൻസാ കോളജ് പ്രിൻസിപ്പൽ സി. റിയ മാത്യു FCC, ഡോ. സിബി കുര്യൻ (HOD മലയാളം ഡിപ്പാർട്ട്മെൻറ്, ദേവമാതാ കോളജ്, കുറവിലങ്ങാട്) എന്നിവർ പങ്കെടുത്തു. ഈ വർഷത്തെ തിരുനാളിനോടനുബന്ധിച്ച് പുതിയ പതിപ്പിന്റെ പ്രസിദ്ധീകരണം തുടങ്ങുവാൻ യോഗത്തിൽ തീരുമാനിച്ചു.

**മാനേജിങ് കമ്മിറ്റി മീറ്റിങ്**

വിശുദ്ധ അൽഫോൻസാ തീർത്ഥാടനകേന്ദ്രത്തിന്റെ മാനേജിങ് കമ്മിറ്റിയുടെ ഒരു യോഗം ജൂലൈ 7-ാം തീയതി സെന്റ് അൽഫോൻസാ സ്പിരിചാലിറ്റി സെന്ററിൽ വച്ചു നടന്നു. പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ടിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ വികാരി ജനറാൾ മാരായ വെരി.റവ.ഫാ. ജോസഫ് തടത്തിൽ, വെരി.റവ.ഫാ. ജോസഫ് മലേപ്പറമ്പിൽ, വെരി.റവ.ഫാ. സെബാസ്റ്റ്യൻ വേത്താനത്ത്, വെരി.റവ.ഫാ. ജോസഫ് കണിയോടിക്കൽ, രൂപതാ പ്രൊക്യുറേറ്റർ റവ.ഫാ. ജോസഫ് മുത്തനാട്ട്, ജോയി എബ്രാഹം MLA, മറ്റ് മാനേജിങ് കമ്മിറ്റിയംഗങ്ങൾ എന്നിവർ പങ്കെടുത്തു. തീർത്ഥാടനകേന്ദ്രത്തിന്റെ ദൈനംദിന പ്രവർത്തനങ്ങളെക്കുറിച്ചും ഈ വർഷത്തെ തിരുനാൾനടത്തിപ്പിനെക്കുറിച്ചും യോഗത്തിൽ ചർച്ച ചെയ്യുകയുണ്ടായി.

**വോളണ്ടിയേഴ്സ് മീറ്റിങ്**

വിശുദ്ധ അൽഫോൻസാ തീർത്ഥാടനകേന്ദ്രത്തിലെ വോളണ്ടിയർമാരുടെ ഒരു മീറ്റിങ് ജൂലൈ ഒന്നാം തീയതി അൽഫോൻസാ സ്പിരിചാലിറ്റി സെന്ററിൽവച്ചു നടന്നു. ഈ വർഷത്തെ തിരുനാളിനോടനുബന്ധിച്ചുള്ള ക്രമീകരണങ്ങളെക്കുറിച്ചും വോളണ്ടിയേഴ്സിന്റെ വിവിധ ടീമുകളുടെ പ്രവർത്തനങ്ങളെക്കുറിച്ചും വേണ്ട നിർദേശങ്ങൾ നൽകുന്നതിനും മറ്റുമായി കൂടിയ യോഗത്തിൽ തീർത്ഥാടനകേന്ദ്രം റെക്ടർ വെരി.റവ.ഫാ. അഗസ്റ്റിൻ പാലയ്ക്കാപറമ്പിൽ അധ്യക്ഷനായിരുന്നു. തീർത്ഥാടനകേന്ദ്രം അഡ്മിനിസ്ട്രേറ്റർ റവ. ഫാ. മാത്യു കുറ്റിയാനിക്കൽ, വൈസ് റെക്ടർമാരായ റവ.ഫാ.ജോസഫ് അമ്പാട്ട്, റവ.ഫാ.ആന്റണി തോണക്കര എന്നിവരും സന്നിഹിതരായിരുന്നു. മീറ്റിങ്ങിൽ 80 വോളണ്ടിയർമാർ പങ്കെടുത്തു.

**പത്രസമ്മേളനം നടത്തി**

വി. അൽഫോൻസാമ്മയുടെ തിരുനാളിനോടനുബന്ധിച്ച് ജൂലൈ 14-ാം തീയതി സെന്റ് അൽഫോൻസാ ടവർ ഹാളിൽ വച്ച് ഒരു പത്രസ

മ്മേളനം നടത്തി. ഷ്റൈൻ റെക്ടർ വെരി.റവ.ഡോ.അഗസ്റ്റിൻ പാലയ്ക്കാപറമ്പിൽ, അഡ്മിനിസ്ട്രേറ്റർ റവ.ഫാ. മാത്യു കുറ്റിയാനിക്കൽ, ഭരണങ്ങാനം സെന്റ് മേരിസ് ഫൊറോനപ്പള്ളി വികാരി വെരി. റവ.ഫാ.സഖറിയാസ് ആട്ടപ്പാട്ട്, വൈസ് റെക്ടർമാരായ റവ.ഫാ. ജോസഫ് അമ്പാട്ട്, റവ.ഫാ. ആന്റണി തോണക്കര എന്നിവർ സന്നിഹിതരായിരുന്നു. വിവിധ ദിനപ്പത്ര, ഓൺലൈൻ മീഡിയ പ്രതിനിധികളടക്കം 22 പേർ പത്രസമ്മേളനത്തിൽ പങ്കെടുത്തു.

**ഉദ്യോഗസ്ഥസമ്മേളനം**

ഈ വർഷത്തെ തിരുനാളിന്റെ സുരക്ഷാക്രമീകരണങ്ങളെക്കുറിച്ചും മറ്റും ചർച്ച ചെയ്യാനായി ഉന്നത ഉദ്യോഗസ്ഥരുടെ ഒരു യോഗം അൽഫോൻസാ ടവർ ഹാളിൽ വച്ചു നടത്തപ്പെട്ടു. ബഹു. മാണി സി.കാപ്പൻ എംഎൽഎയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ഷ്റൈൻ റെക്ടർ റവ.ഡോ. അഗസ്റ്റിൻ പാലയ്ക്കാപറമ്പിൽ, വൈസ് റെക്ടർമാരായ ഫാ. ജോസഫ് അമ്പാട്ട്, ഫാ. ആന്റണി തോണക്കര, RDO കെ.എസ്. ദീപ, വിവിധ വകുപ്പുദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.

**ആരാധന നടത്തി**

ഈ വർഷത്തെ തിരുനാളിനൊരുക്കമായി തീർഥാടനകേന്ദ്രത്തിലെ വോളണ്ടിയർമാർക്ക് ജൂലൈ 11 വെള്ളിയാഴ്ച വൈകിട്ട് 7 മുതൽ 8 മണിവരെ ആരാധന നടത്തുകയുണ്ടായി. തിരുനാളിന് എല്ലാവരെയും ആത്മീയമായി ഒരുക്കുന്നതിനുവേണ്ടി നടത്തിയ ശുശ്രൂഷയ്ക്ക് തീർത്ഥാടനകേന്ദ്രം വൈസ് റെക്ടർ റവ.ഫാ. ആന്റണി തോണക്കര നേതൃത്വം നൽകി.

**തിരുനാൾ**

സെന്റ് അൽഫോൻസാ തീർത്ഥാടനകേന്ദ്രത്തിലെ ഈ വർഷത്തെ തിരുനാൾ ജൂലൈ 19 മുതൽ 28 വരെ ആഘോഷിച്ചു. 19 ന് രാവിലെ 11.15ന് പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കലറങ്ങാട്ട് തിരുനാളിന്റെ കൊടിയേറ്റു കർമ്മം നിർവഹിച്ചു. തുടർന്ന് കാഞ്ഞിരപ്പള്ളി രൂപതാ മുൻ അധ്യക്ഷൻ മാർ മാത്യു അറയ്ക്കൽ ആഘോഷമായ വിശുദ്ധ കുർബാനയർപ്പിച്ചു. തിരുനാളിൽ 9 ദിവസങ്ങളിലായി 13 പിതാക്കന്മാർ തീർത്ഥാടനകേന്ദ്രത്തിലെത്തി വിശുദ്ധ കുർബാന അർപ്പിച്ചു.

ജൂലൈ 27 ന് ഉച്ചകഴിഞ്ഞ് 5 മണിക്ക് മാർ ജേക്കബ് അങ്ങാടിയത്ത്, ഇടവകപ്പള്ളിയിൽ ആഘോഷമായ വിശുദ്ധ കുർബാനയർപ്പിച്ചു. തുടർന്ന് അൽഫോൻസാമ്മയുടെ മഠത്തിലേക്ക് ആഘോഷമായ മെഴുകുതിരി ജപമാല പ്രദക്ഷിണവും നടന്നു. പ്രദക്ഷിണത്തിൽ മാർ ജേക്കബ് അങ്ങാടിയത്ത്, മാർ ജോസഫ് സ്രാമ്പിക്കൽ, മാർ ജോസഫ് കൊല്ലംപറമ്പിൽ എന്നിവർ മുഖ്യകാർമികത്വം വഹിച്ചു.

**തിരുനാൾദിവസങ്ങളിൽ വിശുദ്ധ കുർബാനയർപ്പിച്ച പിതാക്കന്മാർ**

ജൂലൈ 19: മാർ മാത്യു അറയ്ക്കൽ
(ബിഷപ് എമരിറ്റസ്, കാഞ്ഞിരപ്പള്ളി രൂപത)

ജൂലൈ 20: മാർ മാത്യു മൂലക്കാട്ട് (കോട്ടയം അതിരൂപതാധ്യക്ഷൻ)

ജൂലൈ 21: മാർ ജെയിംസ് റാഫേൽ ആനാപറമ്പിൽ
(ആലപ്പുഴ രൂപതാധ്യക്ഷൻ)

ജൂലൈ 22: സാമുവൽ മാർ ഐറേനിയസ് (പത്തനംതിട്ട രൂപതാധ്യക്ഷൻ)
മാർ റെമീജിയൂസ് ഇഞ്ചനാനിയിൽ (താമരശ്ശേരി രൂപതാധ്യക്ഷൻ)

ജൂലൈ 23: മാർ ജോസഫ് കൊല്ലംപറമ്പിൽ
(സഹായമെത്രാൻ, ഷംഷാബാദ് രൂപത)

ജൂലൈ 24: മാർ ജോസ് പുളിക്കൽ (കാഞ്ഞിരപ്പള്ളി രൂപതാധ്യക്ഷൻ)

ജൂലൈ 25: മാർ സെബാസ്റ്റ്യൻ വടക്കേൽ MST (ഉജ്ജൈൻ രൂപതാധ്യക്ഷൻ)

ജൂലൈ 27: മാർ ജോസഫ് സ്രാമ്പിക്കൽ (ഗ്രേറ്റ്ബ്രിട്ടൻ രൂപതാധ്യക്ഷൻ)
മാർ തോമസ് തറയിൽ (ചങ്ങനാശ്ശേരി അതിരൂപതാധ്യക്ഷൻ)
മാർ ജേക്കബ് അങ്ങാടിയത്ത്
(ബിഷപ് എമരിറ്റസ്, ചിക്കാഗോ രൂപത)

ജൂലൈ 28: മാർ ജോസഫ് കല്ലറങ്ങാട്ട് (പാലാ രൂപതാദ്ധ്യക്ഷൻ)

**മേജർ ആർച്ചുബിഷപ്പിന്റെ സന്ദർശനം**

സീറോ മലബാർ സഭയുടെ മേജർ ആർച്ചുബിഷപ് മാർ റാഫേൽ തട്ടിൽ, ജൂലൈ 29ന് വിശുദ്ധ അൽഫോൻസാമ്മയുടെ കബറിടം സന്ദർശിച്ച് പ്രാർത്ഥിച്ചു.

**അൽഫോൻസാമ്മയെപ്പറ്റി മൂന്നു പുതിയ പുസ്തകങ്ങൾ**

**അൽഫോൻസാമ്മയുടെ കത്തുകളും സംഭാഷണങ്ങളും –** അൽഫോൻസാമ്മയുടെ ആത്മീയതയുടെ ആഴങ്ങൾ മനസ്സിലാക്കുന്നതിന് നമുക്ക് ലഭ്യമായിരിക്കുന്ന കത്തുകളുടെയും സംഭാഷണങ്ങളുടെയും ശേഖരമായ 'അൽഫോൻസാമ്മയുടെ കത്തുകളും സംഭാഷണങ്ങളും' എന്ന പുസ്തകം ജൂലൈ 27 ന് ചങ്ങനാശ്ശേരി അതിരൂപതാധ്യക്ഷൻ മാർ തോമസ് തറയിൽ ഭരണങ്ങാന ത്തുവച്ച് ആദ്യകോപ്പി സ്വീകരിച്ചുകൊണ്ട് പ്രകാശനം ചെയ്തു. ഷഷ്റൈൻ റെക്ടർ റവ.ഡോ. അഗസ്റ്റിൻ പാലയ്ക്കാപറമ്പിലാണ് ഈ ഗ്രന്ഥത്തിന്റെ എഡിറ്റിങ് നിർവഹിച്ചിരിക്കുന്നത്.

**സഹനപുഷ്പം**

അൽഫോൻസാമ്മയുടെ ആത്മീയജീവിതത്തെപ്പറ്റി പഠിക്കുന്നതിനു സഹായകമായ 'സഹനപുഷ്പം' എന്ന ത്രൈമാസികയുടെ ആദ്യപ്രതി

സീറോ മലങ്കരസഭയുടെ അധ്യക്ഷൻ ബസേലിയോസ് മാർ ക്ലീമിസ് കാതോലിക്ക ബാവാ പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാടിന് ആദ്യപുസ്തകം നൽകി പ്രകാശനം ചെയ്തു. ഫാ. സെബാസ്റ്റ്യൻ നടുത്തടമാണ് ഇതിന്റെ ചീഫ് എഡിറ്റർ.

**ഞാൻ സ്നേഹിച്ചുകൊണ്ടിരിക്കുന്നു**

അൽഫോൻസാമ്മയുടെ ജീവിതത്തിന്റെ നേർസാക്ഷ്യമായി 'ഞാൻ സ്നേഹിച്ചുകൊണ്ടിരിക്കുന്നു' എന്ന പേരിൽ ഫാ. ജോസഫ് പാമ്പാറ എഴുതി എറണാകുളം സെന്റ് പോൾസ് പ്രസിദ്ധീകരിക്കുന്ന പുസ്തകത്തിന്റെ പ്രകാശനകർമ്മം ജൂലൈ 28 ന് ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് നിർവഹിച്ചു. 'ഉറങ്ങാത്ത രാത്രികളിൽ രോഗിയായി കിടക്കയിൽ ആയിരിക്കുമ്പോൾ നീ എന്തുചെയ്യും' എന്ന കാളശ്ശേരി മെത്രാനച്ചന്റെ ചോദ്യത്തിനു മറുപടിയായി അൽഫോൻസാമ്മ പറഞ്ഞു: ഞാൻ സ്നേഹിച്ചുകൊണ്ടിരിക്കുകയാണ്. അൽഫോൻസാമ്മയുടെ സ്നേഹബലിയുടെ അർത്ഥം വ്യാഖ്യാനിക്കുന്ന ഗ്രന്ഥമാണിത്.

**ഇതര സംസ്ഥാന ക്രൈസ്തവസഹോദരങ്ങൾക്കുവേണ്ടിയുള്ള ആത്മീയശുശ്രൂഷ**

ഹിന്ദി സംസാരിക്കുന്ന ഇതരസംസ്ഥാനക്കാരായ ക്രൈസ്തവ സഹോദരങ്ങൾക്കുവേണ്ടിയുള്ള ഈ മാസത്തിലെ ആത്മീയശുശ്രൂഷകൾ തിരുനാൾദിനമായ ജൂലൈ 20-ാം തീയതി നടത്തപ്പെട്ടു. അന്ന് ഉച്ചയ്ക്ക് 1 മണിക്ക്, ഹിന്ദിയിൽ വിശുദ്ധ കുർബാനയും, കുമ്പസാരിക്കാനുള്ള സൗകര്യവും തീർത്ഥാടനകേന്ദ്രത്തിൽ ഒരുക്കിയിരുന്നു. റവ.ഫാ. ബാബു കാക്കാനിയിൽ SVD ശുശ്രൂഷകൾക്കു നേതൃത്വം നൽകി.

**ശ്രവണപരിമിതർക്കുവേണ്ടിയുള്ള വിശുദ്ധ കുർബാന**

ഈ വർഷത്തെ തിരുനാളിനോടനുബന്ധിച്ച് ജൂലൈ 26 ന് ഉച്ചകഴിഞ്ഞ് 2.30 ന് ശ്രവണപരിമിതർക്കായി പ്രത്യേക കുർബാന നടത്തി. റവ.ഫാ. ബിജു മൂലക്കര (നവധ്വനി, കോട്ടയം) ഇവർക്കായി വിശുദ്ധ കുർബാനയർപ്പിച്ചു.

**ഫാ. അഗസ്റ്റിൻ പാലയ്ക്കാപറമ്പിൽ** (റെക്ടർ)

## വിശ്വാസപരിശീലനകേന്ദ്രം

**കലോത്സവം 2025 – 26**

ഈ വർഷത്തെ രൂപത കലോത്സവം സംബന്ധിച്ച വിശദവിവരങ്ങളടങ്ങിയ ബുള്ളറ്റിൻ (Bulletin No. 1/2025-26) Pdf രൂപത്തിൽ വികാരിയച്ചന്മാരുടെയും ഡയറക്ടറച്ചന്മാരുടെയും പ്രഥമാധ്യാപകരുടെയും WhatsApp

ഗ്രൂപ്പുകളിലേക്കു നൽകിയിട്ടുണ്ട്. മത്സരയിനങ്ങളും മത്സരങ്ങളെ സംബന്ധിച്ച നിബന്ധനകളും വിശദാംശങ്ങളും ഈ വാർത്താപത്രികയിൽനിന്നു വായിച്ചു മനസ്സിലാക്കാവുന്നതാണ്. ഈ വർഷത്തെ രൂപത രചനാമത്സരങ്ങൾ 2025 ഓഗസ്റ്റ് 31 ഞായറാഴ്ച ഭരണങ്ങാനം മാതൃഭവനിൽ വച്ചും കലാമത്സരങ്ങൾ 2025 ഒക്ടോബർ 11-ാം തീയതി ശനിയാഴ്ച രാവിലെ 8.15 മുതൽ പാലാ സെന്റ് തോമസ് ഹൈസ്കൂളിൽ വച്ചും നടത്തപ്പെടും. കലോത്സവത്തെ സംബന്ധിച്ച് ഡയറക്ടേഴ്സ് മീറ്റിങ്ങിൽവച്ച് എടുത്ത തീരുമാനങ്ങളും മാറ്റങ്ങളും WhatsApp ഗ്രൂപ്പുകളിലൂടെ അറിയിച്ചിട്ടുണ്ട്.

**രൂപത വിശ്വാസപരിശീലന പ്രമോട്ടേഴ്സ് ടീം സമ്മേളനം**

രൂപത വിശ്വാസപരിശീലന പ്രമോട്ടർമാരുടെ സൺഡേസ്കൂൾ സന്ദർശനത്തിനു മുന്നോടിയായി രൂപതയിലെ വിശ്വാസപരിശീലന പ്രമോട്ടേഴ്സ് ടീം അംഗങ്ങളുടെ മീറ്റിങ് 2025 ജൂലൈ 26-ാം തീയതി ഞായറാഴ്ച്ച ഉച്ചകഴിഞ്ഞ് 2 ന് ഷലോം പാസ്റ്ററൽ സെൻററിൽവച്ചു നടത്തപ്പെട്ടു.

**ക്വസ്റ്റ്യൻ ബോർഡ് മീറ്റിങ്**

2025-26 അധ്യയനവർഷത്തിലെ സ്കൂൾ മതബോധന-സന്മാർഗ പാഠ്യപദ്ധതിയുടെ ഭാഗമായിട്ടുള്ള ക്വസ്റ്റ്യൻ ബോർഡ് മീറ്റിങ് 2025 ജൂലൈ 25 വെള്ളിയാഴ്ച മൂന്നരയ്ക്ക് ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെട്ടു. ഡയറക്ടർ ഫാ.ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, സി.ആൻസ് പൈകട എന്നിവർ നേതൃത്വം നൽകി.

**സ്കൂൾ കാറ്റിക്കിസം അധ്യാപകസംഗമം**

സ്കൂളുകളിൽ 11,12 ക്ലാസ്സുകളിൽ കാറ്റിക്കിസം പഠിപ്പിക്കുന്ന അധ്യാപകരുടെ സംഗമം 12/07/2025 ശനിയാഴ്ച ഭരണങ്ങാനം മാതൃഭവനിൽ വച്ചു നടന്നു. ഫാ. ജോർജ് പുല്ലുകാലായിൽ ഉദ്ഘാടനം ചെയ്തു. ഫാ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, ശ്രീ അനിൽ മാനുവൽ, ശ്രീ ജോസുകുട്ടി ഇലവനാതൊടുകയിൽ എന്നിവർ ക്ലാസുകൾ നയിച്ചു.

**CTP കോഴ്സ് 2025-26**

2025-26 വിശ്വാസപരിശീലനവർഷത്തിലെ CTP കോഴ്സിന്റെ ജൂലൈ മാസത്തിലെ ക്ലാസുകൾ 2025 ജൂലൈ പന്ത്രണ്ടാം തീയതി ശനിയാഴ്ചയും ഇരുപത്തിനാലാം തീയതി വ്യാഴാഴ്ചയും നടന്നു. ഫാ. ജോൺ കണ്ണന്താനം, പ്രൊഫ. അലക്സ് കാവുകാട്ട് എന്നിവർ ക്ലാസുകൾ നയിച്ചു.

***ഓഗസ്റ്റ് മാസത്തിലെ ക്ലാസുകൾ***

ഓഗസ്റ്റ് 9 ശനിയാഴ്ച - Bible I റവ. ഫാ. ആൻഡ്രൂസ് മേക്കാട്ടുകുന്നേൽ

ഓഗസ്റ്റ് 28 -ശനിയാഴ്ച - Patrology റവ. ഫാ. ജോൺ കണ്ണന്താനം

**ജീവദർശൻ കോഴ്സ് 2025-26**

രൂപതയിലെ വിശ്വാസപരിശീലകർക്കുവേണ്ടി ചെറുപുഷ്പമിഷൻ ലീഗ് സംഘടിപ്പിക്കുന്ന തുടർപരിശീലനപദ്ധതിയായ ജീവദർശൻ കോഴ്സ് 2025 ജൂലൈ 12-ാം തീയതി ശനിയാഴ്ച ആരംഭിച്ചു. രണ്ടാമത്തെ ക്ലാസ്സ് ജൂലൈ 24-ാം തീയതി വ്യാഴാഴ്ചയും നടന്നു. 'സെന്റ് ജോൺ ആൻഡ് യൂക്കരിസ്റ്റ്' എന്ന വിഷയം ആസ്പദമാക്കി ഫാ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ ക്ലാസ്സ് നയിച്ചു.

**ഡയറക്ടറച്ചന്മാരുടെ മീറ്റിങ്**

നമ്മുടെ സൺഡേ സ്കൂളുകളുടെ പൊതുവായ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെട്ടതാക്കുവാൻ ഡയറക്ടറച്ചന്മാരോടൊപ്പമുള്ള ഒരു ആലോചനായോഗം ജൂലൈ പത്തൊൻപതാം തീയതി ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് ഭരണങ്ങാനം മാതൃഭവനിൽവച്ചു നടന്നു.

**സ്കോളർഷിപ്പ് വിതരണം**

2025-26 അധ്യയനവർഷത്തിലെ സ്കൂൾ മതബോധന-സന്മാർഗ പരിശീലന പരീക്ഷയിൽ സമ്മാനാർഹരായവർക്കുള്ള സ്കോളർഷിപ്പ് വിതരണം 2025 ഓഗസ്റ്റ് 15 വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് രണ്ടുമണിക്ക് പാലാ അരുണാപുരം അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽവച്ചു നടത്തപ്പെടുന്നതാണ്.

**അൽഫോൻസാ തീർത്ഥാടനം**

പാലാ രൂപത മിഷൻലീഗിന്റെ നേതൃത്വത്തിൽ ഈ വർഷം അൽഫോൻസാ തീർത്ഥാടനം നടത്തപ്പെടുന്നുണ്ട്. അൽഫോൻസാമ്മയെ വിശുദ്ധയാക്കി പ്രഖ്യാപിച്ച ഒക്ടോബർ 12 ഞായറാഴ്ചയാണ് ഈ വർഷത്തെ തീർത്ഥാടനം ക്രമീകരിച്ചിരിക്കുന്നത്. 10, 11, 12 ക്ലാസിൽ പഠിക്കുന്ന കുട്ടികളെയാണ് ഈ വർഷം തീർത്ഥാടനത്തിൽ പങ്കെടുപ്പിക്കേണ്ടത്. മേഖലകളുടെ നേതൃത്വത്തിലാണ് ഓരോ ഇടവകകളിൽനിന്നും കുട്ടികൾ വന്നു പങ്കെടുക്കേണ്ടത്. വട്ടോളിക്കടവ്, മേരിഗിരി ആശുപത്രി ജംഗ്ഷൻ എന്നിവിടങ്ങളിൽനിന്നു കുട്ടികൾ റാലിയായി ആരംഭിച്ച് കബറിടത്തിൽ എത്തിയാൽ മതിയാകും.

റാലിയായി ആരംഭിച്ച് കബറടത്തിങ്കൽവന്നു പ്രാർഥിച്ചതിനുശേഷം ഇടവകപ്പള്ളിയായ സെന്റ് മേരീസ് ഫൊറോന ദേവാലയത്തിൽ വന്ന് പരി. കുർബാനയിൽ പങ്കെടുത്ത് തിരിച്ചുപോകുന്ന രീതിയിലാണ് ക്രമീകരണം ചെയ്തിരിക്കുന്നത്. അൽഫോൻസാമ്മയുടെ കബറിടപ്പള്ളിയിൽ രാവിലെ മുതൽ തുടർച്ചയായി കുർബാനയുള്ളതിനാൽ കുട്ടികൾക്കു തന്നെയായി ഒരു കുർബാന ക്രമീകരിക്കുവാൻ സാഹചര്യമില്ലാത്തതിനാലാണ് അൽഫോൻസാമ്മ വിശുദ്ധ കുർബാനയിൽ പങ്കെടുത്തിരുന്ന ഫൊറോനാപ്പള്ളിയിൽ പരിശുദ്ധകുർബാന ക്രമീകരിച്ചിരിക്കുന്നത്. എല്ലാ കുട്ടികളും ബാഡ്ജ് ധരിച്ച്

തീർത്ഥാടനത്തിൽ പങ്കെടുക്കാൻ ശ്രദ്ധിക്കുമല്ലോ. ശാഖകൾക്കും മേഖലകൾക്കും അവരവരുടെ ബാനറുകളും കൊടികളും ഉപയോഗിക്കാവുന്നതാണ്. മേഖലകളുടെ നേതൃത്വത്തിൽ കുട്ടികൾ റാലി ആരംഭിച്ച് കബറിടപ്പള്ളിയിൽ എത്തിച്ചേരേണ്ട സമയക്രമം ചുവടെ ചേർക്കുന്നു.

1st Batch
കടനാട്, പ്രവിത്താനം - (വട്ടോളി കടവിൽനിന്ന്)
പാലാ കത്തീഡ്രൽ, ചേർപ്പുങ്കൽ - (മേരിഗിരി ജംഗ്ഷനിൽ നിന്ന്)
കബറിടപ്പള്ളിയിൽ എത്തിച്ചേരേണ്ട സമയം - 9:00 AM
സെന്റ് മേരീസ് ഇടവകപ്പള്ളിയിൽ പരി. കുർബാനയ്ക്കായി എത്തിച്ചേരേണ്ട സമയം - 10:00 AM

2nd Batch
തീക്കോയി, മൂലമറ്റം, അരുവിത്തുറ, കൂട്ടിക്കൽ - (വട്ടോളി കടവിൽനിന്ന്).
കോതനല്ലൂർ, കൂത്താട്ടുകുളം - (മേരിഗിരി ജംഗ്ഷനിൽ നിന്ന്)
കബറിടപ്പള്ളിയിൽ എത്തിച്ചേരേണ്ട സമയം -11:00 AM
സെന്റ് മേരീസ് ഇടവകപ്പള്ളിയിൽ പരി. കുർബാനയ്ക്കായി എത്തിച്ചേരേണ്ട സമയം -11:45 AM

3rd Batch
തുടങ്ങനാട് - (വട്ടോളികടവിൽനിന്ന്).
ഇലഞ്ഞി, കടപ്ലാമറ്റം, കടുത്തുരുത്തി, കൊഴുവനാൽ, മുട്ടുചിറ - (മേരിഗിരി ജംഗ്ഷനിൽനിന്ന്)
കബറിടപള്ളിയിൽ എത്തിച്ചേരേണ്ട സമയം -1:00 PM
സെന്റ് മേരീസ് ഇടവകപ്പള്ളിയിൽ പരി.കുർബാനയ്ക്കായി എത്തിച്ചേരേണ്ട സമയം -1:30 PM

4th Batch
ഭരണങ്ങാനം, പൂഞ്ഞാർ - (വട്ടോളികടവിൽനിന്ന്).
രാമപുരം, കുറവിലങ്ങാട് - (മേരിഗിരി ജംഗ്ഷനിൽ നിന്ന്)
കബറിടപ്പള്ളിയിൽ എത്തിച്ചേരേണ്ട സമയം -2:30 PM
സെന്റ് മേരീസ് ഇടവകപ്പള്ളിയിൽ പരി.കുർബാനയ്ക്കായി എത്തിച്ചേരേണ്ട സമയം - 3:00 PM

**ഫാ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ** (ഡയറക്ടർ)

# മിഷൻലീഗ് വാർത്തകൾ

**രൂപത പ്രവർത്തനോദ്ഘാടനം**

ചെറുപുഷ്പം മിഷൻ ലീഗിന്റെ പാലാ രൂപതയുടെ 2025-2026 പ്രവർത്തന വർഷത്തിന്റെ ഉദ്ഘാടനം ജൂൺ 22-ാം തീയതി രത്നഗിരിശാഖയിൽ വച്ചു നടന്നു.

**വൈസ് ഡയറക്ടേഴ്സ് സമ്മേളനം**

പാലാ രൂപത മിഷൻ ലീഗ് വൈസ് ഡയറക്ടർമാരുടെ സമ്മേളനം ജൂൺ 15-ാം തീയതി ഭരണങ്ങാനം സേക്രട്ട് ഹാർട്ട് ഗേൾസ് ഹൈസ്കൂൾ ഓഡിറ്റോറിയത്തിൽവച്ചു നടന്നു. ശാഖ, മേഖല വൈസ് ഡയറക്ടർമാർ സമ്മേളനത്തിൽ പങ്കെടുത്തു.

**രൂപത എക്സിക്യൂട്ടീവ്**

ചെറുപുഷ്പ മിഷൻ ലീഗ് പാലാ രൂപത സമിതിയുടെ 2025 ജൂൺമാസത്തെ എക്സിക്യൂട്ടീവ് യോഗം ജൂൺമാസം 1-ാം തീയതി ഉച്ചകഴിഞ്ഞ് 3 മണിക്ക് ഭരണങ്ങാനം മാതൃഭവനിൽ വച്ചു നടന്നു. മിഷൻ ലീഗ് രൂപത പ്രസിഡൻറ് ശ്രീ ബെന്നി മുത്തനാട്ട് അധ്യക്ഷത വഹിച്ച യോഗത്തിൽ രൂപത സെക്രട്ടറി ഡോ.ടോം ജോസ് ഒട്ടലാങ്കൽ റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. മിഷൻലീഗ് രൂപത ഡയറക്ടർ റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ മിഷൻ ലീഗിന്റെ ജൂൺമാസത്തെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ജൂലൈമാസത്തിൽ നടത്തേണ്ട പ്രവർത്തനങ്ങൾ യോഗത്തിൽ വിശദീകരിക്കുകയും ചെയ്തു.

**ഫാ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ** (ഡയറക്ടർ)

# കെ.സി.എസ്.എൽ.

**ലീഡേഴ്സ് ക്യാമ്പ്**

ജൂലൈ 4, 5 തീയതികളിലായി കെ.സി.എസ്.എൽ ലീഡേഴ്സ് ക്യാമ്പ് പാലാ ചെത്തിമറ്റം ക്രിസ്തുജ്യോതി റിട്രീറ്റ് സെന്ററിൽവച്ചു നടത്തപ്പെട്ടു. ജൂലൈ 4 ന് ഹൈസ്കൂൾ, ഹയർസെക്കൻഡറിവിഭാഗത്തിനും, ജൂലൈ 5 ന് യു.പി വിഭാഗത്തിനുമാണ് ക്യാമ്പ് നടത്തിയത്. പാലാ രൂപത ചാൻസലർ റവ. ഫാ. ജോസഫ് കുറ്റിയാങ്കൽ ഉദ്ഘാടനകർമ്മം നിർവഹിച്ചു. 184 കുട്ടികൾ ക്യാമ്പിൽ പങ്കെടുത്തു. സാബു വല്ലയിൽ, ഷാജി സി. മാണി എന്നിവർ ലീഡർഷിപ്പിനെക്കുറിച്ചു കുട്ടികൾക്കു ക്ലാസ്സ് എടുത്തു. സ്റ്റുഡന്റ്സ് എക്സിക്യൂട്ടീവ് തിരഞ്ഞെടുപ്പും അന്നേദിവസം നടത്തപ്പെട്ടു. സ്റ്റുഡന്റ്സ് എക്സിക്യൂട്ടീവിലേക്ക് തിരഞ്ഞെടുക്കപ്പെട്ട കുട്ടികൾ.

CHAIRPERSON: IVIN SHERIN THAYYIL, ST. MARY'S HSS, BHARANANGANAM
GENERAL SECRETARY : JO ANNE SAJI, ST. AGNES HS, MUTTUCHIRA
HSS SECRETARY : CHRISVIN JUSTINE, ST. ANTONY'S HSS, PLASSANAL,
ALONA ALBY, ST. GEROGE HSS, ARUVITHURE
HSS EXECUTIVE : ALPHONSA JOSEPH, ST. MARY'S HSS, PALA,
MINTU BIJU, ST. GEORGE HSS, ARUVITHURA
HS SECRETARY : DEON GEROGE, LFHS, CHEMMALAMATTOM,
ROSE MARIYA SACHIN, ST. ANTONYS' HSS, PLASSANAL

HS EXECUTIVE : DIYON JOSE, ST. THOMAS HS, MARANGATTUPILLY,
HANNA MARIA JOSEPH, ST. SEBASTIAN'S HSS, KADANAD
UP SECRETARY : ROHAN K. RIJO, ST. THOMAS HSS, PALA,
IRIN SHRIN THAYYIL, LFHS, CHEMMALAMATTOM
UP EXECUTIVE : MARIYA NELSON, ST. JOSEPH HS, MUTHOLY,
NOEL JOBIN, ST. JOHN'S HS, KURUMANNU

**അൽഫോൻസാ കളറിങ്**

കെ.സി.എസ്.എൽ കുട്ടികൾക്കായി നടത്തുന്ന അൽഫോൻസാ കളറിങ് മത്സരം പാലാ രൂപതയിലെ എല്ലാ സ്കൂളുകളിലും നടത്തപ്പെട്ടു. 15000 ത്തോളം കുട്ടികൾ മത്സരത്തിൽ പങ്കെടുത്തു.

**പഠനപുസ്തകം വിതരണം ചെയ്തു**

കെ.സി.എസ്.എൽ പഠനപുസ്തകങ്ങളായ പ്രത്യാശയുടെ പ്രകാശ പാതയിൽ, വി. ദേവസാഹായം എന്നിവ സ്കൂളുകളിൽ വിതരണം ചെയ്തു.

**ഏകവർഷ കോഴ്സ്**

കെ.സി.എസ്.എലിന്റെ ആഭിമുഖ്യത്തിൽ 8-ാം ക്ലാസ്സിലെ 50 കുട്ടികൾക്കായി ഏകവർഷകോഴ്സ് നടത്തുന്നു. മാസത്തിൽ ഒരു ദിവസം ഒരു വർഷത്തേക്ക് വിവിധ വിഷയങ്ങളെക്കുറിച്ച് ക്ലാസ്സ് ഉണ്ടായിരിക്കുന്നതാണ്.

**ഫാ. ജോർജ് പുല്ലുകാലായിൽ** (ഡയറക്ടർ)

**ഫാ. തോമസ് പുതുപ്പറമ്പിൽ** (അസി. ഡയറക്ടർ)

# എസ്.എം.വൈ.എം. – കെ.സി.വൈ.എം.

**സൗജന്യ മെഡിക്കൽ ക്യാമ്പ്**

എസ്.എം.വൈ.എം പാലാ രൂപതയുടെയും മാർ സ്ലീവാ മെഡിസിറ്റി യുടെയും സഹകരണത്തോടെ എസ്.എം.വൈ.എം. തീക്കോയി ഫൊറോന & യൂണിറ്റിൽ വച്ച് സൗജന്യ മെഡിക്കൽ ക്യാമ്പ് നടത്തപ്പെട്ടു.

**വൈ.എ.റ്റി.പി. (YATP)**

പാലാ രൂപത യുവജനപ്രസ്ഥാനത്തിന്റെ യൂത്ത് ആനിമേറ്റേഴ്സ് ട്രെയിനിങ് പ്രോഗ്രാമായ വൈ.എ.റ്റി.പിയുടെ നാലാം ക്ലാസ്സ് (19/07/2025) കൂടല്ലൂർ യൂണിറ്റിൽ വച്ച് നടത്തപ്പെട്ടു.

**ലഹരിവിരുദ്ധദിനം**

ജൂൺ 26 ലോക ലഹരിവിരുദ്ധദിനമായി ആചരിച്ചു. വർദ്ധിച്ചുവരുന്ന ലഹരി ഉപയോഗത്തിനെതിരെ യുവജനങ്ങൾ ജാഗ്രതയോടെ പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകത മുൻനിർത്തി, അന്നേ ദിവസം Drug Free Youth Campaign ന്റെ ഭാഗമായി ഫൊറോനകളിലും യൂണിറ്റുകളിലും ലഹരിവിരുദ്ധപ്രതിജ്ഞ, ബോധവത്കരണങ്ങൾ എന്നിവ നടത്തുവാൻ രൂപത സമിതി ആഹ്വാനം ചെയ്തു.

**ജൂലൈ 3 പൊതു അവധി നൽകണം**

ജൂലൈ 3 പൊതു അവധിയായി പ്രഖ്യാപിക്കണം; അന്നേദിവസം നടത്തുവാൻ നിശ്ചയിച്ചിരിക്കുന്ന യൂണിവേഴ്സിറ്റി പരീക്ഷകൾ മാറ്റിവയ്ക്കണം എന്നീ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് മന്ത്രിമാരായ ശ്രീമതി ആർ ബിന്ദു, ശ്രീ റോഷി അഗസ്റ്റിൻ, ജോസ് കെ. മാണി എം.പി., മാണി സി. കാപ്പൻ എം.എൽ.എ. എന്നിവർക്ക് പാലാ രൂപത യുവജനപ്രസ്ഥാനം നിവേദനം നൽകി.

**പ്രാർത്ഥനാശംസകൾ**

പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ടു പിതാവിൽനിന്നു മ്ശംശാന പട്ടം സ്വീകരിച്ച പാലാ രൂപത യുവജനപ്രസ്ഥാനത്തിന്റെ മുൻ റീജന്റ് ഡാൻ കടുപ്പിലിന് പ്രാർത്ഥനാശംസകൾ നേർന്നു.

**ദുക്റാന - റംശാപ്രാർത്ഥന നടത്തി**

എസ്.എം.വൈ.എം. - കെ.സി.വൈ.എം. പാലാ രൂപതയുടെയും, എസ്.എം. വൈ.എം. കൊഴുവനാൽ ഫൊറോനയുടെയും ആഭിമുഖ്യത്തിൽ കൊഴുവനാൽ യൂണിറ്റിന്റെ സഹകരണത്തോടെ മാർത്തോമാശ്ലീഹായുടെ ദുക്റാനത്തിരുനാളിനോടനുബന്ധിച്ച് റംശാപ്രാർത്ഥന നടത്തി.

**ഫൊറോന സന്ദർശനം - 'വർത്തമാനം'**

പാലാ രൂപത യുവജനപ്രസ്ഥാനത്തിന്റെ ഫൊറോനസന്ദർശനങ്ങൾ 'വർത്തമാനം' കൊഴുവനാൽ ഫൊറോനയിലും കടപ്ലാമറ്റം ഫൊറോനയിലും നടത്തപ്പെട്ടു.

**ഡോക്ടേഴ്സ് ദിനം - ഫോൺ ഇൻ പരിപാടി**

ഡോക്ടേഴ്സ്ദിനത്തോടനുബന്ധിച്ച്, കരിയർ സംശയങ്ങൾ നേരിട്ടു ചോദിച്ചറിയാൻ 'ഡോക്ടർ കരിയർ' ഫോൺ ഇൻ പരിപാടി സംഘടിപ്പിച്ചു. രണ്ടു ഡോക്ടേഴ്സ് പരിപാടിയിൽ സംശയനിവാരണത്തിനായി എത്തി.

**എക്സിക്യൂട്ടീവ് മീറ്റിങ്**

എസ്.എം.വൈ.എം. - കെ.സി.വൈ.എം. പാലാ രൂപത സമിതിയുടെ എക്സിക്യൂട്ടീവ് യോഗം 06/07/2025 ഞായറാഴ്ച SMYM ഓഫീസിൽ വച്ചു നടത്തപ്പെട്ടു.

**ആദരാഞ്ജലികൾ**

എസ്.എം.വൈ.എം. അരുവിത്തുറ യൂണിറ്റ് സെക്രട്ടറി ഐറിൻ ജിമ്മിയുടെ നിര്യാണത്തിൽ, എസ്.എം.വൈ.എം. പാലാ രൂപതസമിതി അനുശോചനം അറിയിച്ചു. രൂപത ഡയറക്ടർ ഫാ. മാണി കൊഴുപ്പൻകുറ്റിയുടെ നേതൃത്വത്തിൽ രൂപത സമിതിയംഗങ്ങൾ ഭവനത്തിലെത്തി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

**എസ്എംവൈഎം മെഗാ തൊഴിൽ മേള നടത്തപ്പെട്ടു**

പാലാ രൂപത യുവജനപ്രസ്ഥാനം എസ്എംവൈഎം - കെസിവൈഎം പാലാ രൂപതയുടെ ആഭിമുഖ്യത്തിൽ മെഗാ തൊഴിൽമേള നടത്തപ്പെട്ടു. ജൂലൈ 12 ശനിയാഴ്ച രാവിലെ 9:30 മുതൽ വൈകുന്നേരം 3:30 വരെ നടത്തപ്പെട്ട തൊഴിൽ മേളയിൽ ജാതിമതപ്രായ ഭേദമെന്യേ നാനൂറോളം പേർ പങ്കെടുത്തു. പത്തിലധികം തൊഴിൽമേഖലകളിലായി, കേരളത്തിന് അകത്തും പുറത്തുമുള്ള മുപ്പതിലധികം കമ്പനികൾ വിവിധ തൊഴിലവസരങ്ങളുമായി എത്തിയിരുന്നു. ഉദ്യോഗാർത്ഥികൾ തങ്ങളുടെ വിദ്യാഭ്യാസയോഗ്യതയ്ക്കനുസരിച്ച് വിവിധ കമ്പനികളുടെ ഇന്റർവ്യൂകളിൽ പങ്കെടുക്കുകയും പ്ലേസ്മെന്റ് നേടുകയും ചെയ്തു.

**എസ്എംവൈഎം അൽഫോൻസാ തീർഥാടനം നടത്തപ്പെട്ടു**

പാലാ രൂപത യുവജനപ്രസ്ഥാനം എസ്എംവൈഎം - കെസിവൈഎം പാലാ രൂപതയുടെ നേതൃത്വത്തിൽ അൽഫോൻസാതീർത്ഥാടനം നടത്തി. രൂപതയിലെ 20 ഫൊറോനകളിൽനിന്നുള്ള എസ്എംവൈഎം പ്രവർത്തകർ തീർഥാടനത്തിൽ പങ്കെടുത്തു. വൈകിട്ട് 4.30 ന് ഭരണങ്ങാനം അൽഫോൻസ തീർഥാടനകേന്ദ്രത്തിൽ നടത്തപ്പെട്ട റംശാ പ്രാർത്ഥനയ്ക്ക് എസ്എംവൈഎം പാലാ രൂപത ഡയറക്ടർ ഫാ. മാണി കൊഴുപ്പൻകുറ്റി നേതൃത്വം നൽകി. തുടർന്ന് പാലാ രൂപത വികാരി ജനറാൾ വെരി. റവ.ഫാ. സെബാസ്റ്റ്യൻ വേത്താനത്ത് വി. കുർബാന അർപ്പിച്ചശേഷം ജപമാലപ്രദക്ഷിണം നടത്തി. എസ്എംവൈഎം പാലാ രൂപത പ്രസിഡന്റ് അൻവിൻ സോണി ഓടച്ചുവട്ടിൽ, ജനറൽ സെക്രട്ടറി റോബിൻ റ്റി. ജോസ് താന്നിമല, വൈസ് പ്രസിഡന്റ് ബിൽന സിബി, ജോസഫ് തോമസ് തുടങ്ങിയവർ നേതൃത്വം നൽകി.

**ഫാ. മാണി കൊഴുപ്പൻകുറ്റി** (ഡയറക്ടർ)

# ജീസസ് യൂത്ത്

**അൽഫോൻസാ തീർത്ഥാടനം**

വി.അൽഫോൻസാമ്മയുടെ തിരുനാളിനോടനുബന്ധിച്ച് ജൂലൈ 20, ഞായറാഴ്ച പാലാ രൂപതയിലുള്ള യുവജനങ്ങൾ ജീസസ് യൂത്ത്, എസ്.എം. വൈ.എം എന്നീ സംഘടനകളുടെ നേതൃത്വത്തിൽ ഭരണങ്ങാനത്ത് ഒത്തുചേർന്നു. ജീസസ് യൂത്ത് ഡയറക്ടർ ഫാ. മാത്യു എണ്ണയ്ക്കപ്പള്ളിൽ എസ്.എം. വൈ.എം രൂപത ഡയറക്ടർ ഫാ.മാണി കൊഴുപ്പൻകുറ്റി എന്നിവർ ജപമാല പ്രദക്ഷിണം നയിച്ചു. പാലാ രൂപതയിലെ വിവിധ ഇടവകകളിൽനിന്നായി എത്തിച്ചേർന്നവർ വിശുദ്ധ കുർബാനയിലും ഭക്തിസാന്ദ്രമായ ജപമാല പ്രദക്ഷിണത്തിലും പങ്കുചേർന്നു.

**ദിവ്യകാരുണ്യ ആരാധന**

എല്ലാ മാസവും ആദ്യതിങ്കളാഴ്ചയും മൂന്നാംതിങ്കളാഴ്ചയും അരുവിത്തുറ സെന്റ് ജോർജ് ഫൊറോനദൈവാലയത്തിന്റെ ചാപ്പലിൽവച്ച് അരുവിത്തുറ ജീസസ് യൂത്ത് അംഗങ്ങളുടെ നേതൃത്വത്തിൽ ആരാധന നടത്തിവരുന്നു. അതോടൊപ്പം, പാലാ സോണിന്റെ എല്ലാ നിയോഗങ്ങളും സമർപ്പിച്ച് പ്രാർത്ഥിക്കാനായി എല്ലാ തിങ്കളാഴ്ചയും വൈകുന്നേരം 4 മുതൽ 5 മണി വരെ പാലാ എസ്.എച്ച്. മീഡിയ ഹൗസിൽ വച്ച് ആരാധന നടത്തപ്പെടുന്നു.

**ബുധനാഴ്ച കൂട്ടായ്മ**

എല്ലാ ബുധനാഴ്ചയും വൈകിട്ട് 5:15 ന്റെ വിശുദ്ധ കുർബാനയ്ക്കുശേഷം ളാലം പള്ളിയിലെ മിനി ഹാളിൽ വച്ച് ബുധനാഴ്ച കൂട്ടായ്മ നടന്നുവരുന്നു.

**നൈറ്റ് വിജിൽ**

ജൂലൈ 4 ആദ്യവെള്ളിയാഴ്ച പാലാ ളാലം പുത്തൻപള്ളിയിൽവച്ച് സോണൽ നൈറ്റ് വിജിൽ നടത്തപ്പെട്ടു. വൈകുന്നേരം 5:30 നുള്ള വി. കുർബാനയോടെ ആരംഭിച്ച് രാത്രി 10:30 വരെ നടത്തപ്പെട്ട ആരാധനയിൽ അനേകർ പങ്കെടുക്കുകയും ദൈവത്തെ ആരാധിക്കുകയും സോണിന്റെ വിവിധ നിയോഗങ്ങൾക്കായി ഒന്നുചേർന്നു പ്രാർത്ഥിക്കുകയും ചെയ്തു.

**മ്യൂസിക് മിനിസ്ട്രി ഗാതറിങ്**

സംഗീതത്തിൽ അഭിരുചിയുള്ള യുവജനങ്ങളെ ഒരുമിച്ചുചേർത്ത് ക്രിസ്തുവിനുവേണ്ടി ആ കഴിവുകളെ ഉപയോഗപ്പെടുത്തുവാൻ സഹായിക്കുന്നതിനായി ജൂൺ 29 ന് പാലാ അൽഫോൻസാ കോളജിൽ വച്ച് സംഗീത ക്കൂട്ടായ്മ സംഘടിപ്പിച്ചു.

**ഹൗസ്ഹോൾഡ്**

2025 ജൂലൈ 6 ഞായറാഴ്ച അരുവിത്തുറ, പാലാ, കടുത്തുരുത്തി, മുട്ടം എന്നീ സ്ഥലങ്ങളിൽ വച്ച് ജീസസ് യൂത്ത് ഹൗസ്ഹോൾഡ് നടത്തപ്പെട്ടു.

**SVD കൂട്ടായ്മ**

ജൂൺ 28 ശനിയാഴ്ച കടുത്തുരുത്തി SVD ധ്യാനകേന്ദ്രത്തിൽ വച്ച് പതിവുപോലെ ജീസസ് യൂത്ത് കൂട്ടായ്മ നടത്തപ്പെട്ടു.

**ഫാമിലി ഗാതറിങ്**

ജൂലൈ 13 ഞായർ 3.30 PM മുതൽ 7 PM വരെ കുറവിലങ്ങാട് മുത്തിയമ്മ ഹാളിൽവച്ച് ഫാമിലി ഗാതറിങ് നടന്നു. ജപമാല, സ്തുതി ആരാധന, വചന സന്ദേശം, ഗ്രൂപ്പ് സെഷൻ, ദിവ്യകാരുണ്യ ആരാധന എന്നിവ ശുശ്രൂഷയുടെ ഭാഗങ്ങളായിരുന്നു.

ഇടവകവൈദികർ, സോണൽ കോർഡിനേറ്റർ ആൽബിൻ കൊട്ടാരം, ചാപ്ലെൻ ഫാ. റോഷൻ എണ്ണയ്ക്കാപ്പള്ളിൽ എന്നിവരുടെ സാന്നിധ്യത്തിൽ

നൂറോളം പേർ പങ്കെടുത്ത പ്രോഗ്രാമിൽ കുട്ടികൾക്കുവേണ്ടി പ്രത്യേകം സെഷൻ ക്രമീകരിച്ചിരുന്നു.

**AVIV**

പാലാ സോണിലെ ടീൻസ്, കാമ്പസ് കുട്ടികൾക്കായി ജൂലൈ 24, രാവിലെ 9:30 മുതൽ 3:30 വരെ അൽഫോൻസാ കോളജിൽ വെച്ച് AVIV ഗാതറിങ് നടത്തപ്പെട്ടു.

**SIXTH HOUR**

കേരളത്തിലെ വിവിധ കാമ്പസ് ലീഡേഴ്സിനായി കറുകുറ്റി അസ്സീസി ശാന്തി കേന്ദ്രയിൽ വച്ച് നടത്തപ്പെട്ട '6th HOUR' എന്ന ട്രെയിനിങ് പ്രോഗ്രാമിൽ പാലാ സോണിലെ കാമ്പസ് ടീം അംഗങ്ങൾ പങ്കെടുത്തു.

**പാരിഷ് കോർ ടീം**

ഇടവകകളിലെ ജീസസ് യൂത്ത് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാനും ശക്തിപ്പെടുത്തുവാനുമായി പാലാ പാരിഷ് ടീമിന്റെ നേതൃത്വത്തിൽ അടുത്ത ഒരു വർഷത്തേക്കുള്ള പുതിയ കോർ ടീമുകൾ അരുവിത്തുറ, കൂത്താട്ടുകുളം ഇടവകകളിൽ രൂപീകരിച്ചു.

**പാരിഷ് പ്രോഗ്രാം**

ജൂലൈ 27, ഞായറാഴ്ച ജിയോവാലി സെന്റ് ജോർജ് ദേവാലയത്തിൽ വച്ച് എകദിനപ്രോഗ്രാം നടത്തപ്പെട്ടു. ഒന്നു മുതൽ പന്ത്രണ്ടുവരെയുള്ള ക്ലാസുകളിലെ കുട്ടികളെ 3 സെഷനുകളായി തിരിച്ച് നടത്തിയ പ്രോഗ്രാം ആരാധനയോടെ അവസാനിച്ചു.

**സ്കൂൾ ഏകദിനപ്രോഗ്രാം**

കണ്ണാടിയുറുമ്പ് മേരിമാതാ സ്കൂളിലെ കുട്ടികൾക്കായി ജൂലൈ 23, ബുധനാഴ്ച ഏകദിനപ്രോഗ്രാം നടത്തപ്പെട്ടു. ഫാ. ഐവിൻ വെട്ടുകല്ലുമ്പുറത്ത്, റോയ് എന്നിവർ ക്ലാസുകൾ നയിച്ചു.

**ഫാ. മാത്യു എണ്ണയ്ക്കാപ്പള്ളിൽ** (ഡയറക്ടർ)

## കുടുംബക്കൂട്ടായ്മ

1. 02/7/2025 4 pm ന് തോമസ് നാമധാരികൾക്ക് ആശംസകൾ നേരുന്നതിനായി ഷലോം പാസ്റ്ററൽസെന്ററിൽ ഡയറക്ടർ റവ.ഫാ. ജോർജ് വർഗീസ് ഞാറക്കുന്നേലിന്റെ അധ്യക്ഷതയിൽ യോഗം ചേർന്നു. യോഗത്തിൽ കുടുംബക്കൂട്ടായ്മ അസി. ഡയറക്ടർ ഫാ. തോമസ് പുതുപ്പറമ്പിലിന് ഡയറക്ടർ റവ.ഫാ. ജോസഫ് അരിമറ്റത്തും എക്സിക്യൂട്ടീവ് അംഗങ്ങളും ആശംസകൾ നേർന്നു.

2. 03/07/2025 ൽ ഡയറക്ടർ റവ.ഫാ.ജോസഫ് അരിമറ്റത്ത് കുന്നോന്നി സെന്റ് ജോസഫ് ഇടവകയുടെ കുടുംബക്കൂട്ടായ്മ വാർഷികത്തിൽ പങ്കെടുത്ത് ആശംസകളർപ്പിച്ചു.

3) 06/7/2025 7 am ന് പൂഴിക്കോൽ സെന്റ് ആന്റണീസ് ദേവാലയത്തിൽ ഡയറക്ടർ ഫാ. ജോസഫ് അരിമറ്റത്ത് ദിവ്യബലി അർപ്പിച്ചു. കുടുംബ ക്കൂട്ടായ്മ, ജാഗ്രതാവിഷയങ്ങളെക്കുറിച്ചുള്ള സന്ദേശവും നൽകി.

4) 3 pm ന് കുറവിലങ്ങാട് ഇടവകയിലെ കുടുംബക്കൂട്ടായ്മയുടെ ഇടവകതല പ്രവർത്തനോദ്ഘാടനം പാലാ രൂപത മുഖ്യവികാരി ജനറാൾ റവ.ഡോ. ജോസഫ് തടത്തിൽ നിർവഹിച്ചു. സമ്മേളനത്തിൽ ആർച്ചുപ്രീസ്റ്റ് റവ. ഡോ. തോമസ് മേനാച്ചേരി അധ്യക്ഷനായിരുന്നു. പ്രസ്തുത സമ്മേളനത്തിൽ രൂപത ഡയറക്ടർ റവ. ഡോ. ജോസഫ് അരിമറ്റത്ത് കെൻശ് ബയ്ത്തേ കൈപ്പു സ്തകപ്രകാശനം നടത്തി. കുടുംബക്കൂട്ടായ്മ ഡയറക്ടർ ഫാ. പോൾ കുന്നും പുറത്ത്, ഫാ. തോമസ് താന്നിമലയിൽ, സെബാസ്റ്റ്യൻ ജോസഫ് പയ്യാനി മണ്ഡപത്തിൽ, ബിജു താന്നിക്കതറപ്പേൽ, ബോബിച്ചൻ നിധീരി, ബെന്നി കോച്ചേരി, ഷൈജു പാവുത്തിയേൽ, ഷൈനി സാബു മഞ്ഞപ്പള്ളി തുടങ്ങിയ വർ സംസാരിച്ചു.

5) 4.30 pm ന് വികാരി ഫാ. തോമസ് കുറ്റിക്കാട്ടിന്റെ പ്രാർത്ഥനയോടെ പൂഴിക്കോൽ സെന്റ് ആന്റണീസ് ഇടവകയിലെ എല്ലാ വാർഡുകളിലും രൂപത റിസോഴ്സ് ടീമംഗങ്ങൾ കുടുംബക്കൂട്ടായ്മ, ജാഗ്രതാ വിഷയങ്ങളെ സംബന്ധിച്ച് ക്ലാസുകൾ നയിച്ചു.

6) 6.30 ന്കുടക്കച്ചിറ സെന്റ് ജോസഫ് ദേവാലയത്തിലെ കുടുംബക്കൂട്ടായ്മ വാർഷികത്തിൽ ഡയറക്ടർ റവ.ഫാ. ജോസഫ് അരിമറ്റത്ത് പങ്കെടുത്തു.

7) 14/7/2025 10 am ന് കുടുബക്കൂട്ടായ്മ കൊഴുവനാൽ ഫൊറോനാ കൗൺസിലിന്റെ പ്രഥമയോഗം ചേർന്നു. വികാരി റവ.ഫാ. ജോസ് നെല്ലിക്ക ത്തെരുവിൽ സന്ദേശം നൽകി. ഡയറക്ടർ ഫാ. ജോസഫ് അരിമറ്റത്തും, ഫാ. ജെയിംസ് ആണ്ടശ്ശേരിലും കൂട്ടായ്മയെക്കുറിച്ചു സംസാരിച്ചു.

***ഭാരവാഹികൾ***

പ്രസിഡന്റ് - മാത്യൂ കെ.എം. കളത്തൂർ, വൈസ് പ്രസിഡന്റുമാർ -ജോസ് പി മറ്റത്തിൽ, സൗമ്യ നിക്സൺ പാറക്കുളങ്ങര, ജനറൽ സെക്രട്ടറി -സജിമോൻ ജോസഫ് നാഗമറ്റത്തിൽ, ജോയിന്റ് സെക്രട്ടറിമാർ -ജോർജ് തോമസ് നരിച്ചിറയിൽ, സീന സിബി കോയിപ്രായിൽ, ട്രഷറർ - രാജു എം. തോമസ്, എക്സി. കമ്മിറ്റി അംഗങ്ങൾ - കുര്യൻ മാത്യു കണിപറമ്പിൽ, വി.പി.ജോസഫ് വെങ്ങാലൂർ. രൂപത സെക്രട്ടറി ബാബു പോൾ, പ്രസിഡന്റ് സെബാസ്റ്റ്യൻ ജോസഫ് എന്നിവർ ആശംസകൾ നേർന്നു.

**8) 20/7/2025** കടപ്ലാമറ്റം ഫൊറോനാ കൗൺസിലിന്റെ ആദ്യയോഗം ചേർന്നു. വികാരി റവ.ഫാ. ജോസഫ് മുളഞ്ഞനാൽ അധ്യക്ഷത വഹിച്ച യോഗത്തിൽ

രൂപത ഡയറക്ടർ ഫാ. ജോസഫ് അരിമറ്റത്ത് ആമുഖപ്രസംഗം നടത്തി. ഫാ.ജോസഫ് തേവർപറമ്പിൽ, ബാബു പോൾ, സെബാസ്റ്റ്യൻ ജോസഫ്, സെല്ലി അഗസ്റ്റിൻ തുടങ്ങിയവർ പ്രസംഗിച്ചു.

ഭാരവാഹികൾ

പ്രസിഡന്റ് - ജോസഫ് ലൂക്കാ മരുതൂക്കുന്നേൽ, വൈസ് പ്രസിഡന്റുമാർ - ജോസഫ് നിരവത്ത്, മിനി ജോസ് ആലാട്ടുകണ്ടത്തിൽ, ജനറൽ സെകട്ടറി -ജോണി കുര്യാക്കോസ് ചെറുകര, ജോയിൻറ് സെക്രട്ടറിമാർ -ജോഷി പി. ജെ. പുളിക്കിയിൽ, സെല്ലി അഗസ്റ്റിൻ തോണിക്കുഴിയിൽ, ട്രഷറർ -പി.വി.ജോസ് പുളിനിൽക്കുംതടത്തിൽ, എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ -മേരിക്കുട്ടി ജോർജ് നടുത്തടത്തിൽ മോളി ജോയി കുടിലിൽ.

**9) 27/7/2025** 7 am ന് ഡയറക്ടർ ഫാ. ജോസഫ് അരിമറ്റത്ത് പ്രവിത്താനം സെന്റ് അഗസ്റ്റിൻസ് ഫൊറോനാദേവാലയത്തിൽ ദിവ്യബലിയർപ്പിച്ച് കുടുംബ കൂട്ടായ്മ ജാഗ്രത വിഷയങ്ങളെ സംബന്ധിച്ച സന്ദേശംനൽകി.

**10) 24/7/2025** 3 pm ന് കുടുംബക്കൂട്ടായ്മ കൂത്താട്ടുകുളം ഫൊറോന കൗൺസിലിന്റെ പ്രഥമയോഗം ചേർന്നു. വികാരി റവ. ഫാ. ജെയിംസ് കുടിലിൽ അധ്യക്ഷത വഹിച്ചു. രൂപത ഡയറക്ടർ റവ. ഫാ. ജോസഫ് അരിമറ്റത്ത് ആമുഖപ്രസംഗം നടത്തി. ഫാ. ജോസഫ് മരോട്ടിക്കൽ, ബാബു പോൾ പെരിയപ്പുറം, സെബാസ്റ്റ്യൻ ജോസഫ് പയ്യാനിമണ്ഡപത്തിൽ തുടങ്ങിയവർ പ്രസംഗിച്ചു.

ഭാരവാഹികൾ

പ്രസിഡന്റ് - ജോസഫ് ജെയിംസ് കൈതക്കുളത്ത് പുത്തൻപുരയിൽ, വൈസ് പ്രസിഡന്റുമാർ - ജോസുകുട്ടി സ്കറിയ നെടിയാക്കൽ, മെജോമോൾ ജോൺ തുരുത്തിപ്പള്ളി, ജനറൽ സെക്രട്ടറി - ജെൻസി ജോസ് കോക്കാട്ടുകുന്നേൽ, ജോയിന്റ് സെക്രട്ടറി - ഷൈനി ജോസ് തോട്ടുവേലിൽ, ട്രഷറർ- അനു സേവ്യർ പുഷ്പവിലാസം, എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ - നൈജു മാത്യു അരയത്തുങ്കര, സുനി ശശി വാട്ടപ്പള്ളി.

**ഫാ. ജോസഫ് അരിമറ്റത്ത്**

**ഫാ. തോമസ് പുതുപ്പറമ്പിൽ**

(ഡയറക്ടർ)

# ഫാമിലി അപ്പോസ്തലേറ്റ്

## A. വിവാഹ ഒരുക്ക ധ്യാനം

### 1. സർട്ടിഫിക്കറ്റ് കരസ്ഥമാക്കി

**ജൂലൈ 10-12, 22-24** തീയതികളിലെ വിവാഹ ഒരുക്ക സെമിനാറിൽ 121 പേർ സംബന്ധിച്ച് സർട്ടിഫിക്കറ്റ് നേടി.

**2. രജിസ്ട്രേഷൻ**

**ഓഗസ്റ്റ് 01–03, 28–30, സെപ്റ്റംബർ 09–11, 30–02,** എന്നീ തിയതികളിൽ നടക്കുന്ന കോഴ്സിന്റെ രജിസ്ട്രേഷൻ തുടരുന്നു.

**3. പേരന്റ്സ് മീറ്റ്**

ജൂലൈമാസത്തിലെ വിവാഹ ഒരുക്കധ്യാനത്തിലെ കുട്ടികളുടെ പേരന്റ്സ് മീറ്റിങ്ങിൽ റവ. ഫാ. ജോസഫ് കടുപ്പിൽ, ഡോ. ആൻസി ജോസ് വടക്കേച്ചിറയാത്ത് തുടങ്ങിയവർ ക്ലാസ്സെടുത്തു. 231 മാതാപിതാക്കൾ മീറ്റിങ്ങിൽ പങ്കെടുത്തു.

**4. ചർച്ച**

ജൂലൈ 1, 2 തീയതികളിൽ തക്കലയിൽ വച്ചു നടന്ന ഇന്റർ ഡയോസിഷൻ മീറ്റിങ്ങിൽ വിവാഹകോഴ്സുമായി ബന്ധപ്പെട്ട ചർച്ചയിൽ ബഹുമാനപ്പെട്ട ഡയറക്ടർ റവ.ഫാ.ജോസഫ് നരിതൂക്കിൽ സംബന്ധിച്ചു. വിവാഹ ഒരുക്ക സെമിനാറുമായി ബന്ധപ്പെട്ടു നിലനിൽക്കുന്ന സമകാലീകവിഷയങ്ങൾ അച്ചൻ ചർച്ചയിൽ അവതരിപ്പിച്ചു.

**5. സമാപനസമ്മേളനചർച്ച**

ജൂലൈ 4–ാം തീയതി രാവിലെ 10.30 ന് പാലാ രൂപത പ്ലാറ്റിനം ജൂബിലിയുടെ സമാപനസമ്മേളനത്തോടനുബന്ധിച്ചുള്ള ചർച്ചയിൽ ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിൽ സംബന്ധിച്ചു.

**6. പ്ലാറ്റിനം ജൂബിലി ആഘോഷം**

ജൂലൈ 26–ാം തീയതി പാലാ സെന്റ് തോമസ് കത്തീഡ്രലിൽ വച്ച് നടത്തപ്പെട്ട പ്ലാറ്റിനം ജൂബിലിസമാപനത്തിൽ ഫാമിലി അപ്പോസ്തലേറ്റിന്റെ പ്രവർത്തനമേഖലകളായ മാതൃവേദി, പിതൃവേദി, പ്രോലൈഫ് സംഘടനകളുടെ ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിലും രൂപതാസമിതിയംഗങ്ങളും സംബന്ധിച്ചു.

## B. പിതൃവേദി

**1. എക്സിക്യൂട്ടീവ് മീറ്റിങ്**

ജൂലൈ 17–ാം തീയതി 2.30 ന് ഷലോമിൽ വച്ച് പിതൃവേദി പ്രവർത്തനങ്ങൾ വിലയിരുത്താനായി എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി

**2. അൽഫോൻസാതീർത്ഥാടനം**

ജൂലൈ 18–ാം തീയതി മാതൃവേദിയുടെ അൽഫോൻസാതീർത്ഥാടനത്തിൽ പിതൃവേദി രൂപതാസമിതിയംഗങ്ങൾ പങ്കെടുത്തു.

**3. പരിശീലനം**

ജൂലൈ 25–ാം തീയതി ജൂലൈ 26 ന് നടക്കുന്ന പാലാ രൂപത പ്ലാറ്റിനം ജൂബിലിയുടെ സമാപനസമ്മേളനത്തിന്റെ ഭാഗമായി മാതൃവേദി –പിതൃവേദി വോളണ്ടിയേഴ്സിന് പരിശീലനം നടത്തി.

## C. മാതൃവേദി

### 1. മേഖലസമ്മേളനം

ജൂലൈ 4-ാം തീയതി വൈകുന്നേരം 3 മണിക്ക് മാതൃവേദിയുടെ പുതുതായി രൂപീകരിക്കപ്പെട്ട കൂത്താട്ടുകുളം മേഖലയുടെ ഉദ്ഘാടനസമ്മേളനത്തിൽ ഡയറക്ടറച്ചൻ സംബന്ധിച്ചു. പുതിയ മേഖലയുടെ പ്രസക്തിയെക്കുറിച്ചും ആവശ്യകതയെക്കുറിച്ചും അച്ചൻ സംസാരിച്ചു.

ജൂലൈ 5-ാം തീയതി വൈകുന്നേരം 3 മണിക്ക് മാതൃവേദിയുടെ പുതുതായി രൂപീകരിക്കപ്പെട്ട കൊഴുവനാൽ മേഖലയിലും, ഉച്ചകഴിഞ്ഞ് 2.30 ന് കടപ്ലാമറ്റം മേഖലയിലും ഉദ്ഘാടനസമ്മേളനത്തിൽ ഡയറക്ടറച്ചൻ സംബന്ധിച്ചു.

### 2. എക്സിക്യൂട്ടീവ് യോഗം

ജൂലൈ 9-ാം തീയതി രാവിലെ 9.30 ന് മാതൃവേദി എക്സിക്യൂട്ടീവ് യോഗം കൂടി. അൽഫോൻസാ തീർത്ഥാടനത്തിനുവേണ്ട ക്രമീകരണത്തെക്കുറിച്ചു ചർച്ച ചെയ്തു.

### 3. അൽഫോൻസാതീർത്ഥാടനക്രമീകരണം

ജൂലൈ 17-ാം തീയതി ഉച്ചകഴിഞ്ഞ് വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാളിനോടനുബന്ധിച്ച് മാതൃവേദിയുടെ നേതൃത്വത്തിൽ ഭരണങ്ങാനത്തുവച്ചു നടത്തുന്ന തീർത്ഥാടനത്തിന് ഒരുക്കമായി കബറിടം സന്ദർശിച്ച് വിലയിരുത്തൽ നടത്തി.

### 4. അൽഫോൻസാതീർത്ഥാടനം

ജൂലൈ 18-ാം തീയതി വിശുദ്ധ അൽഫോൻസാമ്മയുടെ പുണ്യകുടീരം സ്ഥിതിചെയ്യുന്ന ഭരണങ്ങാനത്തേക്ക് പാലാ രൂപത മാതൃവേദിയംഗങ്ങൾ നടത്തിയ തീർത്ഥാടനം ഭക്തിസാന്ദ്രമായി. പാലാ രൂപത മാതൃവേദിയുടെ നേതൃത്വത്തിൽ 3000 ത്തോളം അമ്മമാരാണ് 171 ഇടവകകളിൽനിന്നായി എത്തിച്ചേർന്നത്. വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാളിനോടനുബന്ധിച്ച് പാലാ രൂപത മാതൃവേദിയാണ് ചടങ്ങുകൾക്കു നേതൃത്വം നൽകിയത്. രാവിലെ 9.30 നു നടന്ന ജപമാലയ്ക്കുശേഷം ഭരണങ്ങാനം അൽഫോൻസാ ഷ്റൈൻ റെക്ടർ ഫാ.ഡോ.അഗസ്റ്റിൻ പാലയ്ക്കാപറമ്പിൽ ഏവർക്കും സ്വാഗതം ആശംസിച്ചു. 10 മണിക്കു നടന്ന പരിശുദ്ധ കുർബാനയ്ക്ക് ഫാമിലി അപ്പോസ്തലേറ്റ് അസിസ്റ്റന്റ് ഡയറക്ടർ ഫാ. മാത്യു മുതുപ്ലാക്കൽ നേതൃത്വം നൽകിയപ്പോൾ പാലാ രൂപത മാതൃവേദി ഡയറക്ടർ ഫാ.ജോസഫ് നരിതൂക്കിൽ വചനസന്ദേശം നൽകി. തുടർന്ന് മാതൃവേദി ഭരണങ്ങാനം മേഖലയുടെയും യൂണിറ്റിന്റെയും നേതൃത്വത്തിൽ ഫൊറോനപ്പള്ളിലേക്ക് ആഘോഷമായ ജപമാലപ്രദക്ഷിണം നടത്തി. 3000 അമ്മമാർ കൈയിൽ ജപമാലയേന്തി നടത്തിയ റാലി ഭക്തിസാന്ദ്രമായി. സെന്റ് മേരീസ് ഫൊറോനപ്പള്ളിയിൽ എത്തിച്ചേർന്ന റാലിയുടെ സമാപനത്തിൽ വികാരി

റവ. ഫാ. സഖറിയാസ് ആട്ടപ്പാട്ട് ആശീർവാദം നൽകി. പാരീഷ് ഹാളിൽ നടന്ന സ്നേഹവിരുന്നോടെ ചടങ്ങുകൾ അവസാനിച്ചു. പാലാ രൂപത മാതൃവേദി ഭാരവാഹികളായ ഷേർളി ചെറിയാൻ, സബീന സക്കറിയാസ്, മേഴ്സി മാണി, ലൗലി ബിനു, ഡയാന രാജു, ഭരണങ്ങാനം മേഖല-യൂണിറ്റ് ഭാരവാഹികൾ എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

## D. പ്രോലൈഫ്

### 1. യോഗം

ജൂലൈ 20-ാം തീയതി പ്ലാറ്റിനം ജൂബിലി സമാപനസമ്മേളനത്തിനു ക്രമീകരണചർച്ചയ്ക്കായി കമ്മിറ്റിയംഗങ്ങളുടെ യോഗം പ്രോലൈഫ് ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിലിന്റെ അധ്യക്ഷതയിൽ കൂടി.

## E. ഹോംമിഷൻ

ജൂലൈ 6-ാം തീയതി രാവിലെ 10 മണിക്ക് പാലാ രൂപത ഹോം മിഷനുവേണ്ടി പാലായിൽ വന്ന് സഹകരിച്ച ഹോളി ഫാമിലി സിസ്റ്റേഴ്സിന്റെ ഇരിങ്ങാലക്കുട പ്രോവിൻസ് സന്ദർശിച്ച് നന്ദിപ്രകാശനം നടത്തി.

## F. സീറോ മലബാർ പാലാ മാട്രിമണി

### 1. ഡേറ്റ സ്വീകരണം

നമ്മുടെ രൂപതയുടെ മാട്രിമോണിയൽ സേവനവിഭാഗമായ ‘സീറോ മലബാർ മാട്രിമണി’ സീറോ മലബാർ സഭയിലെ 35 രൂപതകളുടെയും മാട്രിമണികളുമായി ചേർന്ന് പ്രവർത്തിക്കുകയാണ്. നമ്മുടെ രൂപതയിലെ വിവാഹാർത്ഥികൾക്ക് ഉത്തമരായ ജീവിതപങ്കാളികളെ തിരെഞ്ഞടുക്കുവാൻ ഈ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് സീറോ മലബാർ മാട്രിമണിയുടെ പാലാ ഓഫീസിലെ **7306915897, 9778199182** എന്നീ നമ്പറുകളിൽ വിളിക്കാവുന്നതാണ്.

### 2. സ്റ്റാഫ് മീറ്റിങ്

ജൂലൈ 22-ാം തീയതി മാട്രിമണിയുടെ സ്റ്റാഫ് അംഗങ്ങൾക്കായുള്ള ഓൺലൈൻ മീറ്റിങ് നടത്തി കാര്യങ്ങൾ ചർച്ച ചെയ്തു.

## G. മഡോണ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോം ലൈഫ്

പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റിന്റെ കീഴിലുള്ള **മഡോണ ഇൻസ്റ്റിറ്റ്യൂട്ടിൽ ഹോംസയൻസ് ക്ലാസുകൾ നടത്തപ്പെടുന്നു**. ഉത്തമകുടുംബജീവിതത്തിനാവശ്യമായ കുടുംബവിജ്ഞാനപരമായ ക്ലാസ്സുകൾ, പാചകകലയിൽ പരിശീലനം, തയ്യൽപരിശീലനം, ഹാന്റി ക്രാഫ്റ്റ്സ്, പൂക്കൾ നിർമ്മാണം, ഫ്ളവർ അറേഞ്ച്മെന്റ്സ്, ഫേബ്രിക് പെയ്ന്റിങ്, നീഡിൽ വർക്ക്, ബിഡ്സ് വർക്കുകൾ, ഗ്ലാസ്സ് പെയ്ന്റിങ്, മെറ്റൽ എംബോസ്സിങ്, ഹാന്റ് എംബ്രോയ്ഡറി, സെറാമിക് വർക്കുകൾ, ക്രോച്ചറ്റ് വർക്കുകൾ, കോളാഷ് വർക്കുകൾ, ടോയി മേക്കിങ്, പോട്ട് പെയിന്റിങ്, കോഫി പെയിന്റിങ്, ഓർണമെന്റ്സ് മേക്കിങ് തുടങ്ങിയ വിഷയങ്ങൾക്കുള്ള ക്ലാസ്സു

കൾ നടത്തപ്പെടുന്നു. കോഴ്സുകളിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ മഡോണ ഇൻസ്റ്റിറ്റ്യൂട്ടുമായി ബന്ധപ്പെടുക. **വിശദവിവരങ്ങൾക്ക് വിളിക്കേണ്ട നമ്പർ – 7306293048.**

**H. മംഗല്യനിധി**

പാലാ രൂപതാ ഫാമിലി അപ്പോസ്തലേറ്റിന്റെ വിവാഹസഹായപദ്ധതിയായ മംഗല്യനിധി വഴി പൂവക്കുളം ഇടവകയിലെ പെൺകുട്ടിക്ക് വിവാഹസഹായം നൽകി.

**ഫാ. ജോസഫ് നരിതൂക്കിൽ (ഡയറക്ടർ)**

# കത്തോലിക്കാ കോൺഗ്രസ്

**സഭാദിനാഘോഷം**

സീറോമലബാർ സഭാദിനാഘോഷം ജൂലൈ 3 ന് കത്തോലിക്കാ കോൺഗ്രസ് പാലാ രൂപതാസമിതിയുടെയും ചേർപ്പുങ്കൽ യൂണിറ്റിന്റെയും സംയുക്താഭിമുഖ്യത്തിൽ നടത്തി. ചേർപ്പുങ്കൽ സെന്റ് തോമസ് സ്മാരകത്തിൽ കൂടിയ യോഗം ചേർപ്പുങ്കൽ ഫൊറോനാപ്പള്ളി വികാരി പെരിയ ബഹു. മാത്യു തെക്കേലച്ചൻ ഉദ്ഘാടനം ചെയ്തു. രൂപതാപ്രസിഡന്റ് എമ്മാനുവൽ ജോൺ നിധീരി അധ്യക്ഷത വഹിച്ചു. എടത്വാ കോളജ് പ്രിൻസിപ്പാളും ലിറ്റർജിപണ്ഡിതനുമായ ശ്രീ പി.സി. അനിയൻകുഞ്ഞ് മുഖ്യപ്രഭാഷണം നടത്തി. റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, ജോസ് വട്ടുകുളം, ജോയി കണിപറമ്പിൽ, ആൻസമ്മ സാബു തുടങ്ങിയവർ സംസാരിച്ചു.

**അടുക്കളത്തോട്ടം മത്സരം 2025**

പതിനൊന്നോളം അടുക്കളത്തോട്ടം മത്സരത്തിന്റെ രൂപതാതല വിത്തുവിതരണോദ്ഘാടനം പാലാ ബിഷപ്സ് ഹൗസിൽ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ടു പിതാവ് നിർവഹിച്ചു. എമ്മാനുവൽ നിധീരി അധ്യക്ഷത വഹിച്ചു. റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, ജോസ് വട്ടുകുളം, ജോയി കണിപറമ്പിൽ, ആൻസമ്മ സാബു എന്നിവർ ആശംസകൾ നേർന്നു സംസാരിച്ചു. പാലാ സോൺ ഇടവകകളിലൂടെ വിത്തുകളും വിതരണം ചെയ്തു. തുടർന്ന് കാർഷിക സെമിനാർ കർഷികവേദി ചെയർമാൻ റ്റോമി കണ്ണിറ്റുമ്യാലിൽ നയിച്ചു.

ഒന്നാം സമ്മാനം 10,000 രൂപ
രണ്ടാം സമ്മാനം 5000 രൂപ
മൂന്നാം സമ്മാനം 3000 രൂപ
നാലാം സമ്മാനം 2000 രൂപ
അഞ്ചാം സമ്മാനം 1500 രൂപ

പ്രോത്സാഹനസമ്മാനങ്ങൾ

രൂപതാതലത്തിൽ ആദ്യം വരുന്ന 20 പേർക്ക്

നിബന്ധനകൾ

ഇടവകതലത്തിൽ മുൻകൂട്ടി പേരുരജിസ്റ്റർ ചെയ്യുന്നവർക്ക് വിത്തുകൾ സൗജന്യമായി വിതരണം ചെയ്യുന്നു.

ഒരു ഇടവകയിൽനിന്ന് 10 കുടുംബങ്ങൾ രജിസ്റ്റർ ചെയ്തെങ്കിൽ മാത്രമേ മത്സരത്തിൽ പങ്കെടുക്കാൻ സാധിക്കുകയുള്ളൂ.

ഇടവകയിൽനിന്ന് ഒന്നും രണ്ടും സ്ഥാനം നേടുന്നവർക്ക് ഫൊറോന തലത്തിൽ മത്സരിക്കാം. ഫൊറോനയിൽ നിന്ന് ഒന്നും രണ്ടും സ്ഥാനം നേടുന്നവർക്ക് രൂപതയിൽ മത്സരിക്കാം.

മത്സരത്തിന് പച്ചക്കറിയിനങ്ങളിൽ മിനിമം 7 ഇനവും മാക്സിമം 10 ഇനവും മാത്രമേ പരിഗണിക്കുകയുള്ളൂ.

പച്ചക്കറിയിനങ്ങൾ

പയർ, പാവൽ, വെണ്ട, ചീര, വഴുതന, മുളക്, കോവൽ, തക്കാളി, വെള്ളരി, മുരിങ്ങ.

മാർക്ക് ഇടീൽ തീയതികൾ

യൂണിറ്റ് തലത്തിൽ 2025 നവംബർ 5, 6 തീയതികളിൽ

ഫൊറോന തലത്തിൽ 2025 നവംബർ 3, 9 തീയതികളിൽ

രൂപതാ തലത്തിൽ 2025 നവംബർ 11, 12, 13 തിയതികളിൽ

മാർക്ക് വിഭജനരീതി

ഫലദായകത്വം-50%

പുഷ്ടിമ / കരുത്ത്- 30%

ക്രമീകരണ മികവ് -20

**കർഷകസംഗമവും വിത്തുവിതരണവും**

**കുറവിലങ്ങാട് സോൺ**

കുറവിലങ്ങാട്, കോതനല്ലൂർ, മുട്ടുചിറ, കടുത്തുരുത്തി, ഇലഞ്ഞി ഫൊറോനയിലുള്ള ഇടവകകൾക്ക് 2025 ഓഗസ്റ്റ് 10-ാം തീയതി ഇലഞ്ഞി ഫൊറോനാപ്പള്ളി ഹാളിൽവച്ച് കർഷകസംഗമവും സെമിനാറും വിത്തുവിതരണവും നടത്തും.

**അരുവിത്തുറ സോൺ**

അരുവിത്തുറ, തീക്കോയി, പൂഞ്ഞാർ, കൂട്ടിക്കൽ ഫൊറോനാകളിലെ ഇടവകകൾക്കുവേണ്ടി 2025 ഓഗസ്റ്റ് 17-ാം തീയതി മൂന്നിലവ് പള്ളി ഹാളിൽവച്ച് കർഷകസംഗമവും സെമിനാറും വിത്തുവിതരണവും നടത്തും.

**മൂലമറ്റം സോൺ**

മൂലമറ്റം, തുടങ്ങനാട്, കടനാട്, രാമപുരം ഫൊറോനാ ഇടവകകൾക്കുവേണ്ടി 2025 ഓഗസ്റ്റ് 24 ഞായറാഴ്ച നീലൂർപള്ളി ഹാളിൽവച്ച് കർഷകസംഗമവും സെമിനാറും വിത്തുവിതരണവും നടത്തുന്നു.

**കത്തോലിക്കാ കോൺഗ്രസ്സ് വോയ്സ്**

കത്തോലിക്കാ കോൺഗ്രസ് പാലാ രൂപതാസമിതിയുടെ പ്രവർത്തനമാർഗരേഖ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പുസ്തകത്തിന്റെ പ്രകാശനം അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ടുപിതാവ് നിർവഹിച്ചു. റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, ജോസ് വട്ടുകുളം എന്നിവർ ആശംസകൾ നേർന്നു. ശ്രീ ജോയി കണിപറമ്പിൽ ചീഫ് എഡിറ്ററായ എഡിറ്റോറിയൽ കമ്മിറ്റിയാണ് നേതൃത്വം നല്കിയത്.

**ജൂബിലിഭവനം വെഞ്ചരിച്ചു.**

പാലാ രൂപത പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച് കത്തോലിക്കാ കോൺഗ്രസ് ഫൊറോനാ കമ്മിറ്റികൾ നിർവഹിക്കുന്ന 'പാലാ രൂപതാ പ്ലാറ്റിനം ജൂബിലി കത്തോലിക്കാ കോൺഗ്രസ് ഭവനങ്ങളിൽ ആദ്യഭവനം കൂട്ടിക്കൽ ഫൊറോനായിൽ മലയിഞ്ചിപ്പാറ ഇടവകയിൽ നിർമ്മാണം പൂർത്തിയാക്കി. ഇതിന്റെ വെഞ്ചരിപ്പ് അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ടുപിതാവ് നിർവഹിച്ചു. റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, കൂട്ടിക്കൽ ഫൊറോനാ വികാരി പെരിയ ബഹു. ജോസഫ് വടക്കേമംഗലത്ത്, മലയിഞ്ചിപ്പാറ പള്ളി വികാരി ഫാ. തോമസ് ഓലിക്കൽപുത്തൻപുര എന്നിവർ സംസാരിച്ചു. ശ്രീ എമ്മാനുവൽ നിധീരി, ഗ്ലോബൽ പ്രസിഡന്റ് രാജീവ് കൊച്ചുപറമ്പിൽ, ജോസ് വട്ടുകുളം തുടങ്ങി രൂപതാ, ഫൊറോനാ യൂണിറ്റ് ഭാരവാഹികളും അംഗങ്ങളും സംസാരിച്ചു. രൂപതാസെക്രട്ടറിയും കൂട്ടിക്കൽ ഫൊറോനാചാർജുമായ ശ്രീ സാബു പൂണ്ടിക്കുളമാണ് ഭവനനിർമ്മാണത്തിനു നേതൃത്വം നല്കിയത്.

**വനിതാ കൗൺസിൽ**

കത്തോലിക്കാ കോൺഗ്രസ് വനിതാ കൗൺസിലിന്റെ എക്സിക്യൂട്ടീവ് യോഗം ഷലോം പാസ്റ്ററൽ സെന്ററിൽ ചേർന്നു. മുഖ്യ കോർഡിനേറ്റർ ശ്രീമതി റൗസി രാജേഷ് അധ്യക്ഷതവഹിച്ചു. ഗ്ലോബൽ സെക്രട്ടറിയും വനിതാകൗൺസിൽ ഇൻചാർജുമായ ശ്രീമതി ആൻസമ്മ സാബു ആമുഖപ്രഭാഷണം നടത്തി. റവ.ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ ഉദ്ഘാടനം ചെയ്തു.

**തീരുമാനങ്ങൾ**

1. എല്ലാ ഫൊറോനാകളിലും കോർഡിനേറ്റേഴ്സിനെ തിരഞ്ഞെടുക്കുക.
2. ഏകദിന നേതൃത്വശില്പശാല നടത്തുക.
3. കഴിയുന്നത്ര ഇടവകകളിൽ വനിതാഅംഗങ്ങളെ ചേർക്കുക.

**യൂത്ത് കൗൺസിൽ**

കത്തോലിക്കാ കോൺഗ്രസ് പാലാ രൂപതാ യൂത്ത് കൗൺസിലിന്റെ യോഗം ഷലോം പാസ്റ്ററൽ സെന്ററിൽ നടത്തി. മുഖ്യ കോർഡിനേറ്റർ അജിത് അരിമറ്റം അധ്യക്ഷത വഹിച്ചു. സമ്മേളനം രൂപതാ ഡയറക്ടർ റവ.ഡോ.

ജോർജ് വർഗീസ് ഞാറക്കുന്നേൽ ഉദ്ഘാടനം ചെയ്തു. എമ്മാനുവൽ നിധീരി മുഖ്യപ്രഭാഷണം നടത്തി. വിദേശത്തേക്കു പോകുന്ന മുഖ്യകോർഡിനേറ്റർ അജിത് അരിമറ്റത്തിന് ഊഷ്മളമായ യാത്രയയപ്പു നല്കി. പകരമായി തിരഞ്ഞെടുക്കപ്പെട്ട ശ്രീ ക്ലിന്റ് അരീപ്ലാക്കലിന് ആശംസകളും നേർന്നു. യൂത്ത് കൗൺസിൽ വിപുലീകരിക്കാനും തദ്ദേശതിരഞ്ഞെടുപ്പുകളിൽ കൂടുതൽ അംഗങ്ങളെ പങ്കെടുപ്പിക്കാനും തീരുമാനിച്ച് നേതൃത്വശില്പശാല നടത്തുന്നതിനും തീരുമാനിച്ചു.

## ഫൊറോനാ വാർത്തകൾ

**കടുത്തുരുത്തി**

ഫൊറോന പ്രസിഡന്റ് രാജേഷ് കോട്ടയിലിന്റെ അധ്യക്ഷതയിൽ മാന്നാർപള്ളി ഹാളിൽ കൂടിയ യോഗം മാന്നാർപള്ളി വികാരി ഫാ. സിറിയക് കൊച്ചുകൈപ്പട്ടിയിൽ ഉദ്ഘാടനം ചെയ്തു. രൂപതാ പ്രസിഡന്റ് എമ്മാനുവൽ നിധീരി, ജനറൽ സെക്രട്ടറി ജോസ് വട്ടുകുളം, ജോർജ് മങ്കുഴിക്കരി, ജെറി പനയ്ക്കൽ തുടങ്ങിയവർ സംസാരിച്ചു.

**ചേർപ്പുങ്കൽ**

മൂഴൂർപള്ളി ഹാളിൽ കൂടിയ യോഗം ഫാ. സെബാസ്റ്റ്യൻ കണിയാംപടി ഉദ്ഘാടനം ചെയ്തു. ഫൊറോനാ പ്രസിഡന്റ് ജോർജ് മണിയങ്ങാട്ട് അധ്യക്ഷതവഹിച്ചു. രൂപതാ ട്രഷറർ ജോയി കണിപറമ്പിൽ, ഫൊറോനാ സെക്രട്ടറി ജോസഫ് പോൾ എന്നിവർ സംസാരിച്ചു.

**കോതനല്ലൂർ**

ഫൊറോനാ പ്രസിഡന്റ് ജോസഫ് ചീനോത്തുപറമ്പിലിന്റെയും കർഷകവേദി ചെയർമാൻ റ്റോമി കണ്ണീറ്റുമ്യാലിന്റെയും നേതൃത്വത്തിൽ 11-ാമത് അടുക്കളത്തോട്ടം മത്സരത്തിനുള്ള വിത്തുകൾ പാക്ക് ചെയ്തു. ഫൊറോനാവികാരി വെരി. റവ. ഫാ. സെബാസ്റ്റ്യൻ പടിക്കകുഴുപ്പിൽ ഉദ്ഘാടനം ചെയ്തു. രൂപതാ ജനറൽ സെക്രട്ടറി ജോസ് വട്ടുകുളം, സി.എം. ജോർജ് എന്നിവർ ആശംസകൾ നേർന്നു. കാഞ്ഞിരത്താനം, നമ്പ്യാകുളം തുടങ്ങിയ യൂണിറ്റുകളിൽനിന്നും കോതനല്ലൂർ ഇടവകയിലെ യൂണിറ്റ് അംഗങ്ങളും മാതൃവേദി, എസ്.എം.വൈ.എം., സൺഡേസ്കൂൾ അംഗങ്ങളും സംബന്ധിച്ചു.

## യൂണിറ്റ് വാർത്തകൾ

**തീക്കോയി**

10, +2 പരീക്ഷകളിൽ മികച്ച വിജയം നേടിയ വിദ്യാർത്ഥികളെ യൂണിറ്റ് നേതൃത്വത്തിൽ അനുമോദിച്ചു. ഫൊറേനാവികാരി റവ. ഫാ. ജോർജ് ഞാറക്കുന്നേൽ സമ്മേളനം ഉദ്ഘാടനം ചെയ്തു.

ശ്രീ സെബാസ്റ്റ്യൻ തോമസ് അധ്യക്ഷത വഹിച്ചു. ഫാ. തോമസ് വാഴയിൽ, ജോസ് മുത്തനാട്ട്, ജോ. സെബാസ്റ്റ്യൻ തുടങ്ങിയവർ ആശംസകൾ അറിയിച്ചു.

**പൈക**

പൈക യൂണിറ്റിന്റെ ലഘുനിക്ഷേപപദ്ധതിയുടെ ഉദ്ഘാടനം രൂപത ഡയറക്ടർ റവ. ഫാ. ജോർജ് വർഗീസ് ഞാറക്കുന്നേൽ നിർവഹിച്ചു. പ്രസിഡന്റ് ജോണി കുന്നപ്പള്ളി അധ്യക്ഷത വഹിച്ചു. രൂപത ജനറൽ സെക്രട്ടറി ജോസ് വട്ടകുളം മുഖ്യപ്രഭാഷണവും ഫാ. മാത്യു വാഴയ്ക്കാപ്പാറ അനുഗ്രഹപ്രഭാഷണവും നടത്തി. ശ്രീമതി സിന്ധു ജെയ്ബു, അരുൺ പോൾ, ഷാജി ചീരകുന്നേൽ എന്നിവർ സംസാരിച്ചു.

**കാഞ്ഞിരത്താനം**

പ്രസിഡന്റ് ബാബു നടുവിലേക്കുറ്റിന്റെ അധ്യക്ഷതയിൽ കൂടിയ യോഗം വികാരി ഫാ. ജെയിംസ് വയലിൽ ഉദ്ഘാടനം ചെയ്തു. സീനിയർ സിറ്റിസൺ കൂട്ടായ്മ നടത്തുന്നതിനും ഓൾഡ് ഏജ് ഹോമിൽ ഭക്ഷണം കൊടുക്കുന്നതിനും തീരുമാനിച്ചു. അടുക്കളത്തോട്ടമത്സരത്തിൽ എല്ലാ കുടുംബങ്ങളെയും പങ്കെടുപ്പിക്കാൻ ശ്രമിക്കണമെന്നും തീരുമാനിച്ച് ജനറൽ സെക്രട്ടറി ജോസ് വട്ടുകുളം, സിബി പാറത്തോട്ടി, ബിജു ഓരത്തേൽ തുടങ്ങിയവർ സംസാരിച്ചു.

**മലയിഞ്ചിപ്പാറ**

പ്രസിഡന്റ് ജസ്റ്റിൻ ഇടയോടിയിലിന്റെ അധ്യക്ഷതയിൽ കൂടിയ യോഗം വികാരി ഫാ. തോമസ് ഓലിക്കപുത്തൻപുര ഉദ്ഘാടനം ചെയ്തു. കത്തോലിക്കാ കോൺഗ്രസ് നിർമ്മിച്ച ഭവനത്തിന്റെ വെഞ്ചരിപ്പുകർമ്മം വളരെ ഭംഗിയായി നടത്താൻ വേണ്ടുന്ന കാര്യങ്ങൾ ചർച്ചചെയ്തു തീരുമാനിച്ചു. രൂപത സെക്രട്ടറി ശ്രീ സാബു പുണ്ടിക്കുളമാണ് ഭവനനിർമ്മാണത്തിനു നേതൃത്വം വഹിച്ചു. അഭിവന്ദ്യ പിതാവിനെയും കത്തോലിക്കാ കോൺഗ്രസ് ഭാരവാഹികളെയും സ്വീകരിക്കുന്നതിനും സ്നേഹവിരുന്നു കൊടുക്കുന്നതിനും തീരുമാനിച്ചു. ജയ്സൺ ഓലിക്കൽ സംസാരിച്ചു.

**മൂന്നിലവ്**

മൂന്നിലവുപള്ളി വികാരി റവ. ഫാ. കുര്യൻ തടത്തിലിന്റെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു.

പ്രസിഡന്റ് - വർഗീസ് ജോർജ് ഇളംതുരുത്തിയിൽ
സെക്രട്ടറി - ജിമ്മി തോമസ് കൊച്ചെട്ടൊന്നിൽ
ട്രഷറർ - ജയിംസ്കുട്ടി മൂലേചാലിൽ
രൂപത പ്രതിനിധികൾ- അഡ്വ. ജോൺസൺ മാത്യു
ജോർജ് കുട്ടി ജോസഫ്

**അഭിനന്ദനങ്ങൾ**

കത്തോലിക്കാ കോൺഗ്രസ് മുൻ സംസ്ഥാന പ്രസിഡന്റും ചരിത്രകാരനുമായ ശ്രീ ജോൺ കച്ചിറമറ്റത്തിന് തലശ്ശേരി രൂപത പ്രഥമമെത്രാൻ മാർ സെബാസ്റ്റ്യൻ വള്ളോപള്ളിയുടെ പേരിൽ ഏർപ്പെടുത്തിയിട്ടുള്ള മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി ഫൗണ്ടേഷൻ അവാർഡ് ലഭിച്ചതിന് പാലാ

രൂപതാ സമിതിയുടെ ആശംസകളും അനുമോദനങ്ങളും അറിയിച്ചു. രൂപത പ്രസിഡന്റ് എമ്മാനുവൽ നിധിരി, റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, ഗ്ലോബൽ പ്രസിഡന്റ് രാജീവ് കൊച്ചുപറമ്പിൽ, ജോസ് വട്ടുകുളം. എം.എം. ജേക്കബ് എന്നിവർ സംസാരിച്ചു.

**ജോസ് വട്ടുകുളം** (ജനറൽ സെക്രട്ടറി)

# പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി

**പാലാ സാന്തോം ഫുഡ്ഫാക്ടറി ഉദ്ഘാടനം**

കാർഷികമേഖലയിലെ നിരവധിയായ പ്രശ്നങ്ങൾക്കുമദ്ധ്യേ പാലാ രൂപത ആവിഷ്കരിച്ച കർഷകശക്തീകരണപദ്ധതിയായ കർഷകബാങ്കിന്റെ പത്താം വാർഷികവേളയിൽ പാലാ സാന്തോം ഫുഡ്ഫാക്ടറി യാഥാർത്ഥ്യമായി. പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി പ്രമോട്ടുചെയ്യുന്ന പാലാ സാന്തോം ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയുടെ നേതൃത്വത്തിൽ ആരംഭിച്ച ഫാക്ടറിയുടെ ഔപചാരികമായ ഉദ്ഘാടനം 2025 ജൂലൈമാസം 14-ാം തീയതി പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ടിന്റെ അധ്യക്ഷതയിൽ ബഹു. കൃഷിവകുപ്പുമന്ത്രി ശ്രീ. പി. പ്രസാദ് ഉദ്ഘാടനം ചെയ്തു. ബഹു. സഹകരണ തുറമുഖ ദേവസ്വം വകുപ്പുകളുടെ മന്ത്രി ശ്രീ. വി. എൻ. വാസവൻ സമ്മേളനം ഉദ്ഘാടനം ചെയ്തു. രൂപതയുടെ പ്ലാറ്റിനം ജൂബിലി വേളയിൽ ഫാക്ടറിയുടെ ഉദ്ഘാടനസമ്മേളനമദ്ധ്യേ കാർഷികരംഗത്തു മാതൃകാപ്രവർത്തനങ്ങൾ കാഴ്ചവച്ച വൈദികരെയും സിസ്റ്റേഴ്സിനെയും മെമന്റോ നല്കി ആദരിച്ചു. രൂപതാവികാരി ജനറാൾ മോൺ. സെബാസ്റ്റ്യൻ വേത്താനത്ത് പദ്ധതിവിശദീകരണം നടത്തി. ബഹു. ജോസ് കെ.മാണി എം.പി., കെ. ഫ്രാൻസീസ് ജോർജ് എം.പി., ശ്രീ മോൻസ് ജോസഫ് എം.എൽ.എ., ശ്രീ സെബാസ്റ്റ്യൻ കുളത്തുങ്കൽ എം.എൽ.എ., മുനിസിപ്പൽ ചെയർമാൻ ശ്രീ തോമസ് പീറ്റർ, കൃഷിവകുപ്പിലെ സ്റ്റേറ്റ് ലവൽ ഗവ. ഉദ്യോഗസ്ഥർ, കാഞ്ഞിരമറ്റം അഗ്രോ പ്രൊഡ്യൂസർ കമ്പനി സി.ഇ.ഒ. ശ്രീ ടോം ജേക്കബ് ആലയ്ക്കൽ തുടങ്ങിയവർ ആശംസ അറിയിച്ചു. പരിപാടിയോടനുബന്ധിച്ച് ഫാ. ജോസഫ് തറപ്പേൽ മോഡറേറ്ററായി കർഷകസംവാദവും നടന്നു. വിവിധ സ്വാശ്രയസംഘങ്ങളുടെ നേതൃത്വത്തിൽ കലാപരിപാടികളും നടത്തുകയുണ്ടായി.

**കർഷകമേള**

**ഇലഞ്ഞി സോൺ അഗ്രിഫെസ്റ്റ്**

ഇലഞ്ഞി സോണൽ അഗ്രിഫെസ്റ്റ് സോണൽ ഡയറക്ടർ ഫാ. ജോസഫ് ആലാനിയുടെ അധ്യക്ഷതയിൽ രക്ഷാധികാരി റവ. ഫാ. ജോസഫ് ഇടത്തുപറമ്പിൽ നിർവഹിച്ചു. വിദേശസ്വദേശഫലവൃക്ഷത്തൈകൾ, ഹൈബ്രീഡ് പച്ചക്കറിത്തൈകൾ, വിത്തുകൾ, പുഷ്പസസ്യങ്ങൾ, കൃഷിയുപകരണങ്ങൾ, ജൈവവളം, കീടനാശിനി, നടീൽവസ്തുക്കൾ തുടങ്ങി കൃഷി

യുമായി ബന്ധപ്പെട്ട എല്ലാ സാധനസാമഗ്രികളും മേളയിൽ വില്പന നടത്തി. ഇടവകയിലെ കുടുംബക്കൂട്ടായ്മകൾ, സ്വാശ്രയസംഘങ്ങൾ, പിതൃവേദി, മാതൃവേദി, മറ്റു സംഘടനകൾ മേളയിൽ മുഖ്യപങ്കാളികളായി.

**നീലൂർ അഗ്രിഫെസ്റ്റ്**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുമായി ചേർന്നു എ.കെ.സി.സി. നീലൂർ യൂണിറ്റും നീലൂർ സ്വാശ്രയസംഘവും സംയുക്തമായി സ്വദേശവിദേശഫലവൃക്ഷത്തൈകൾ, ഹൈബ്രീഡ് പച്ചക്കറിത്തൈകൾ, വിത്തുകൾ, കാർഷികമൂല്യാധിഷ്ഠിത ഉത്പന്നങ്ങൾ കൃഷിയുപകരണങ്ങൾ, നടീൽവസ്തുക്കൾ തുടങ്ങിയവയുടെ പ്രദർശനവും വിപണനവും നടത്തി.

**വാർഷികാഘോഷങ്ങൾ**

**പ്രവിത്താനം സോൺ**

പ്രവിത്താനം സോണിന്റെ വാർഷികം സോണൽ രക്ഷാധികാരി റവ. ഫാ. ജോർജ് വേളൂപ്പറമ്പിലിന്റെ അധ്യക്ഷതയിൽ PSWS ഡയറക്ടർ റവ. ഫാ. തോമസ് കിഴക്കേൽ നിർവഹിച്ചു. വിവിധ കലാപരിപാടികളും മത്സരങ്ങളും നടത്തപ്പെടുകയുണ്ടായി.

**കടനാട് സോൺ**

കടനാട് സോണിന്റെ വാർഷികം സോൺ രക്ഷാധികാരി റവ. ഫാ. ജോസഫ് പാനാമ്പുഴയുടെ അധ്യക്ഷതയിൽ PSWS ഡയറക്ടർ റവ. ഫാ. തോമസ് കിഴക്കേൽ ഉദ്ഘാടനം ചെയ്തു. വിവിധ പഠനമേഖലകളിൽ മികവു പുലർത്തിയ വിദ്യാർത്ഥിനീ വിദ്യാർത്ഥികളെ ആദരിച്ചു.

**ഫാ. തോമസ് കിഴക്കേൽ** (ഡയറക്ടർ)

# ഡി.സി.എം.എസ്.

**മേഖലമീറ്റിങ് - ചേർപ്പുങ്കൽ**

ചേർപ്പുങ്കൽ ഫൊറോനയിൽപ്പെട്ട DCMS യൂണിറ്റിൽനിന്നുള്ള ഫൊറോന സമിതി തിരഞ്ഞെടുക്കുന്നതിനുവേണ്ടി ഫൊറോനാ കൗൺസിൽ അംഗങ്ങളുടെ യോഗം 2025 ജൂലൈ 13 ഞായറാഴ്ച ഉച്ചകഴിഞ്ഞു 2 മണിക്ക് ചേർപ്പുങ്കൽ ഫൊറോനാപ്പള്ളി പാരീഷ് ഹാളിൽ കൂടുകയുണ്ടായി. യോഗത്തിൽ മേഖല കൗൺസിൽ അംഗങ്ങളും DCMS രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റും പങ്കെടുക്കുകയുണ്ടായി.

**മേഖലമീറ്റിങ് - കൊഴുവനാൽ**

പുതുതായി രൂപീകരിച്ച കൊഴുവനാൽ ഫൊറോനയിൽപ്പെട്ട DCMS യൂണിറ്റിൽ നിന്നുള്ള ഫൊറോനസമിതി തിരഞ്ഞെടുക്കുന്നതിനുവേണ്ടി ഫൊറോനാ കൗൺസിൽ അംഗങ്ങളുടെ യോഗം 2025 ജൂലൈ 20 ഞായറാഴ്ച ഉച്ചകഴിഞ്ഞു 2 മണിക്ക് കൊഴുവനാൽ ഫൊറോനാപ്പള്ളി പാരിഷ്

ഹാളിൽ കൂടുകയുണ്ടായി. യോഗത്തിൽ മേഖല കൗൺസിൽ അംഗങ്ങളും DCMS രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റും പങ്കെടുക്കുകയുണ്ടായി.

**മേഖലമീറ്റിങ് - കടപ്ലാമറ്റം**

പുതുതായി രൂപീകരിച്ച കടപ്ലാമറ്റം ഫൊറോനയിൽപ്പെട്ട DCMS യൂണിറ്റിൽ നിന്നുള്ള ഫൊറോനസമിതി തിരഞ്ഞെടുക്കുന്നതിനുവേണ്ടി ഫൊറോനാ കൗൺസിൽ അംഗങ്ങളുടെ യോഗം 2025 ജൂലൈ 27 ഞായറാഴ്ച ഉച്ചകഴിഞ്ഞു 2 മണിക്ക് കടപ്ലാമറ്റം ഫൊറോനാപ്പള്ളിപാരീഷ്ഹാളിൽ കൂടുകയുണ്ടായി. യോഗത്തിൽ മേഖല കൗൺസിൽ അംഗങ്ങളും DCMS രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റും പങ്കെടുക്കുകയുണ്ടായി.

**എംപ്ലോയീസ് ഫോറം മീറ്റിങ്**

DCMS രൂപത സമിതിയുടെ നേതൃത്വത്തിൽ ഒന്നാം ക്ലാസ് മുതലുള്ള ദളിത് കത്തോലിക്കാ വിദ്യാർത്ഥികളുടെ പഠനനിലവാരം ഉയർത്തുന്നതിനും, അവരെ വിവിധ മത്സരപ്പരീക്ഷകൾക്കു സജ്ജരാക്കുന്നതിനുംവേണ്ടിയുള്ള വിവിധ കർമ്മപരിപാടികൾ നടപ്പിൽ വരുത്തുന്നതിനുള്ള ആലോചനാ മീറ്റിങ്ങുകൾ ജൂലൈ 24, 28 എന്നീ തീയതികളിൽ ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് രൂപത പ്രസിഡന്റ് ശ്രീ ബിനോയ് ജോണിന്റെ അധ്യക്ഷതയിൽ DCMS ഓഫീസിലും, ഷലോം പാസ്റ്ററൽ സെന്ററിലുംവെച്ച് കൂടുകയുണ്ടായി. രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ്, സെക്രട്ടറി ബിന്ദു ആന്റണി, ഖജാൻജി മേരി എം.പി., ഓർഗനൈസർ ബേബി ആന്റണി എന്നിവരും ഉദ്യോഗസ്ഥ - ഉദ്യോഗാർത്ഥികളും മീറ്റിങ്ങിൽ പങ്കെടുത്തു.

**2024- 2025 KCBC, പാലാ രൂപത DCMS സ്കോളർഷിപ്പുകൾക്ക് അപേക്ഷകൾ സ്വീകരിക്കുന്ന തിയതി നീട്ടി**

പാലാ രൂപത ദളിത് കത്തോലിക്കാ കുട്ടികൾക്ക് നൽകുന്ന KCBC, DCMS സ്കോളർഷിപ്പിനർഹരായ കുട്ടികളിൽനിന്നും അപേക്ഷകൾ ക്ഷണിച്ചു. 2025 അദ്ധ്യയനവർഷം പാസ്സായ കുട്ടികളാണ് അപേക്ഷകൾ നൽകേണ്ടത്.

KCBC സ്കോളർഷിപ്പിന് SSLC-80%, Plus Two-70%, UG, PG, BSc Nursing, Engineering, Medicine, B.Ed, TTC-60% മാർക്കും, പാലാ രൂപത DCMS സ്കോളർഷിപ്പിന് SSLC-60%, Plus Two-60%, UG, PG, BSc Nursing, Engineering, Medicine, B.Ed, TTC-60% മാർക്ക് വാങ്ങി പാസ്സായ കുട്ടികളാണ് അപേക്ഷകൾ നൽകേണ്ടത്. പൂർണ്ണമായും പൂരിപ്പിച്ച അപേക്ഷകൾ ആവശ്യമായ രേഖകളോടെ രൂപത ഓഫീസിൽ 2025 ആഗസ്റ്റ് 25നു മുമ്പ് നൽകേണ്ടതാണ്. അപേക്ഷ ഫോം രൂപത ഓഫിസിൽനിന്നും ലഭിക്കുന്നതാണ്.

**ജപമാല റാലി**

ഛത്തീസ്ഘട്ടിലെ ജയിലിൽ കഴിയുന്ന സമർപ്പിതർക്ക് ശക്തമായ പിന്തുണ നൽകികൊണ്ട് വി. അൽഫോൻസാമ്മയുടെ പള്ളിയങ്കണത്തിൽ വെച്ച്

നടത്തിയ ജപമാല പ്രാർത്ഥനയിൽ രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ്, രൂപത പ്രസിഡന്റ് ബിനോയ് ജോൺ, രൂപത സെക്രട്ടറി ബിന്ദു ആന്റണി മറ്റ് രൂപത കമ്മിറ്റി അംഗങ്ങളും കൗൺസിൽ അംഗങ്ങളും പങ്കെടുത്തു.

**രൂപത പ്ലാറ്റിനം ജൂബിലി**

DCMS സപ്തതി വർഷാചരണത്തിന്റെയും രൂപത പ്ലാറ്റിനം ജൂബിലിയുടെയും ഭാഗമായി നടത്തി വന്നിരുന്ന ദളിത് കത്തോലിക്ക കുടുംബങ്ങളുടെ ഭവനസർശനവും, കുടുംബസർവേയും നടത്താനും ഇടവകകളിലെ ഭവനസന്ദർശനവും കുടുംബസർവ ശേഖരിക്കലും 2025 ഓഗസ്റ്റ് 31 നകം പൂർത്തീകരിച്ച് രൂപത ഓഫിസിൽ എൽപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**ഫാ. ജോസ് വടക്കേക്കുറ്റ്** (ഡയറക്ടർ)

**ഫാ. മാണി കൊഴുപ്പൻകുറ്റി** (അസി. ഡയറക്ടർ)

# കെയർ ഹോംസ്

**. രൂപത എക്സിക്യൂട്ടീവ് മീറ്റിങ്**

ഓൾഡേജ് ഹോമിന്റെ രൂപതാ എക്സിക്യൂട്ടീവ് മീറ്റിങ് നടത്തപ്പെട്ടു.

**2. സ്പെഷ്യൽ സ്കൂൾ മെഡിക്കൽ ക്യാമ്പ്**

ഷലോം ഡി.സി.എം.ആർ പുലിയന്നൂരിൽവച്ച് മെഡിക്കൽ ക്യാമ്പ് നടത്തി.

**3. മാർ സ്ലീവാ മെഡിസിറ്റി – കെയർ ഹോം പ്രോജക്ട് രണ്ടാം ഘട്ടം**

മാർ സ്ലീവാ മെഡിസിറ്റി – കെയർ ഹോം പ്രോജക്ട് രണ്ടാം ഘട്ടം ജൂലൈ 11 മുതൽ ആരംഭിച്ചു.

**4. സ്പെഷ്യാലിറ്റി ക്യാമ്പ്**

അന്തീനാട് ശാന്തിനിലയം സ്പെഷ്യൽ സ്കൂളിൽവച്ച് സ്പെഷ്യാലിറ്റി ക്യാമ്പ് (ഇ.എൻ.റ്റി) നടത്തപ്പെട്ടു.

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

# കെ.എൽ.എം.

**1. കെ.എൽ.എം സംസ്ഥാന എക്സിക്യൂട്ടീവ് മീറ്റിംഗ്**

കർഷികത്തൊഴിലാളി ഫോറത്തിന്റെ സംസ്ഥാന നേതൃത്വസമ്മേളനം ജൂലൈ 15–ാം തിയതി ചൊവ്വാഴ്ച രാവിലെ 10 മണി മുതൽ 2 മണി വരെ പാലാരിവട്ടം പി.ഒ.സിയിൽ വച്ചു നടത്തപ്പെട്ടു. പാലാ രൂപതയിൽനിന്നു രണ്ടു

പ്രതിനിധികൾ സമ്മേളനത്തിൽ പങ്കെടുത്തു. കർഷകത്തൊഴിലാളി ക്ഷേമനിധി ഓഫീസർ ക്ലാസ്സുകൾ നയിച്ചു. പാലാ രൂപതയിൽനിന്നുള്ള സ്വപ്ന ജോർജ് കെ.എൽ.എം. സംസ്ഥാന വൈസ് പ്രസിഡന്റായി ചുമതലയേറ്റു.

**2. ക്ഷേമനിധി അംഗങ്ങളുടെ സമ്മേളനം**

75-ാമതു പ്ലാറ്റിനം ജൂബിലിയുടെ ഭാഗമായി അസംഘടിതം, സുരക്ഷ, നിർമ്മാണം, തയ്യൽത്തൊഴിലാളി എന്നീ ക്ഷേമനിധി അംഗങ്ങളുടെ സംഗമം പാലാ ബിഷപ്സ് ഹൗസിൽ ജൂലൈ 6, 2 pm അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് ഉദ്ഘാടനം ചെയ്തു. സമ്മേളനത്തിൽ 75 അസംഘടിത തൊഴിലാളി പ്രതിനിധികൾ പങ്കെടുത്തു. കെ.എൽ.എം ഡയറക്ടർ ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം ആമുഖസന്ദേശം നൽകി. രൂപതാ പുരുഷവിഭാഗം പ്രസിഡന്റ് ജോയിക്കുട്ടി മാനുവൽ, വനിതാവിഭാഗം പ്രസിഡന്റ് സ്വപ്ന ജോർജ്, ഡെയ്സി ജിബു, എൽസിറ്റ് സാബു, ഡോണാ മരിയാ പോൾ എന്നിവർ സമ്മേളനത്തിന് നേതൃത്വം നൽകി.

**3. വിവിധ ക്ഷേമനിധിയിൽ അംഗത്വം തുടർന്നുകൊണ്ടിരിക്കുന്നു**

1. നിർമ്മാണത്തൊഴിലാളി ക്ഷേമനിധി
2. അസംഘടിത തൊഴിലാളി ക്ഷേമനിധി
3. കർഷകത്തൊഴിലാളി ക്ഷേമനിധി
4. മോട്ടോർ തൊഴിലാളി ക്ഷേമനിധി
5. തയ്യൽത്തൊഴിലാളി ക്ഷേമനിധി

വിശദവിവരങ്ങൾക്ക് ഷലോം പാസ്റ്ററൽ സെന്ററിലെ കെ.എൽ.എം ഓഫീസിലോ അഥവാ താഴെ കാണുന്ന ഫോൺനമ്പറിലോ ബന്ധപ്പെടുക.

Mob: 8304981275 (O), 9400661492 (P)

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

# ബൈബിൾ അപ്പോസ്തലേറ്റ്

**ലോഗോസ് ക്വിസ് 2025**

ലോഗോസ് ക്വിസ് മത്സരത്തിന്റെ ഹെഡ്ഷീറ്റും തുകയും ഓഗസ്റ്റ് 8 നുമുമ്പായി ഓഫീസിൽ ഏല്പിക്കണം. ഒരാൾക്ക് 18/- രൂപ വച്ചാണ് ഏല്പിക്കേണ്ടത്. ലോഗോസ് പഠനസഹായിയുടെ കോപ്പികൾ ഓഫീസിൽ ലഭ്യമാണ്.

| | | |
|---|---|---|
| പഠനവിഷയം : | ന്യായാധിപന്മാർ | 11-21 |
| | പ്രഭാഷകൻ | 41-50 |
| | ലൂക്കാ | 17-24 |
| | എഫേസോസ് | 1-6 |

പരീക്ഷാത്തീയതി :2025 സെപ്തംബർ 28 ഞായർ 2.00 pm മുതൽ 3.30 pm വരെ

സെപ്തംബർ 10 മുതൽ ഹാൾടിക്കറ്റ് വെബ് സൈറ്റിൽനിന്നു ലഭിക്കുന്നതാണ്.

**ബൈബിൾ കോഴ്സ്**

ബൈബിൾ അപ്പോസ്തലേറ്റ് അല്മായർക്കായി സംഘടിപ്പിക്കുന്ന ബൈബിൾ കോഴ്സിന്റെ പുതിയ ബാച്ച് ആരംഭിച്ചു.

**അഭിനന്ദനങ്ങൾ**

കേരളാ കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ എക്സിക്യൂട്ടീവ് മെമ്പറായി വീണ്ടും തിരഞ്ഞെടുക്കപ്പെട്ട ശ്രീമതി കവിത ജിസ്മോന് (പ്രവിത്താനം) അഭിനന്ദനങ്ങൾ.

**ഫാ. തോമസ് പുതുപ്പറമ്പിൽ** (ഡയറക്ടർ)

# കരിസ്മാറ്റിക് വാർത്തകൾ

**1.** പാലാ കത്തീദ്രൽ ദൈവാലയത്തിൽ വച്ച് എല്ലാം വെള്ളിയാഴ്ചകളിലും കരിസ്മാറ്റിക്കൂട്ടായ്മയുടെ നേതൃത്വത്തിൽ ബേത്സദാശുശ്രൂഷ നടത്തപ്പെടുന്നു. രാവിലെ 9 മണിമുതൽ 2 മണിവരെയും കരുണക്കൊന്ത, ജപമാല, കുരിശിന്റെ വഴി, സ്തുതി ആരാധന, വിശുദ്ധ കുർബാന, വചനപ്രഘോഷണം, ദിവ്യകാരുണ്യ ആരാധന എന്നീ ശുശ്രൂഷകൾ നടത്തപ്പെട്ടു. 2025 ജൂലൈമാസത്തിൽ ബ്രദർ മാർട്ടിൻ മൈക്കിൾ വാഴേപ്പറമ്പിൽ, ഫാ. സെബാസ്റ്റ്യൻ കുറ്റിയാനിക്കൽ, ബ്രദർ രവി തോമസ് രാമപുരം, ഫാ തോമസ് ഓലായത്തിൽ എന്നിവർ ഓരോ ആഴ്ചയിലും വചനപ്രഘോഷണം നടത്തി.

**2. ജൂബിലേവൂസ് 2026**

കേരള കത്തോലിക്കാ കരിസ്മാറ്റിക് നവീകരണ സുവർണ്ണജൂബിലി സഹസ്രദിന ഒരുക്കത്തിന്റെ ഭാഗമായി ചെയിൻ ഉപവാസ മധ്യസ്ഥപ്രാർത്ഥനാദിനമായി പാലാ സോണിനു നല്കപ്പെട്ടിരിക്കുന്ന ജൂലൈ 7 ന് കടനാട് സെന്റ് അഗസ്റ്റിൻസ് ഫൊറോന ദൈവലയത്തിൽവച്ച് ഉപവാസ മധ്യസ്ഥപ്രാർത്ഥന നടത്തി. റവ. ഫാ. ജോസഫ് പാനാംമ്പുഴ (കടനാട് ഫൊറോനാ വികാരി) തിരിതെളിച്ച് ശുശ്രൂഷകൾ ഉദ്ഘാടനം ചെയ്തു. ഫാ. ജോസഫ് അരിമറ്റത്ത് (ഇവാഞ്ചലൈസേഷൻ ഡയറക്ടർ) വിശുദ്ധ കുർബാനയർപ്പിച്ചു. ശ്രീമതി ജാൻസി ഫ്രാൻസിസ് വചനപ്രഘോഷണം നടത്തി. ഫാ. ജോജി ആട്ടങ്ങാട്ടിൽ, ഫാ. ആൽബിൻ പുതുപ്പറമ്പിൽ, സോണൽ – കടനാട് സബ് സോൺ സർവീസ് ടീം അംഗങ്ങൾ എന്നിവർ ശുശ്രൂഷകൾക്കു നേതൃത്വം നൽകി.

**3.** പാലാ കരിസ്മാറ്റിക് സോൺ ക്രിസ്റ്റീൻ മിനിസ്ട്രി പാലാ സെന്റ് ജോർജ് പുത്തൻപള്ളിയിൽ വച്ച് എല്ലാം വെള്ളിയാഴ്ചകളിലും വൈകുന്നേരം 6.30 മുതൽ 8.30 വരെ ക്രിസ്റ്റീൻധ്യാനം നടത്തി.

**4.** ജൂലൈമാസത്തിലെ എല്ലാം വെള്ളിയാഴ്ചകളിലും രാത്രി 8.30 ന് ഓൺലൈനിൽ കുരിശിന്റെ വഴി നടത്തപ്പെട്ടു.

**5.** ജൂലൈ 19 ശനി പാലാ കിഴതടിയൂർ ദൈവാലയ പാരിഷ് ഹാളിൽവച്ച് കരിസ്മാറ്റിക് കുടുംബസംഗമം നടത്തപ്പെട്ടു. റവ. ഫാ ആൽബിൻ പുതുപ്പറമ്പിൽ വചനസന്ദേശം നൽകി. സോൺ, സബ് സോൺ സർവീസ് ടീം അംഗങ്ങളും രൂപതയിലെ മറ്റു കരിസ്മാറ്റിക് നവീകരണശുശ്രൂഷകളിലായിരുന്നവരും ഒന്നിച്ചുകൂടി വിശേഷങ്ങൾ പങ്കുവയ്ക്കുകയും പ്രാർത്ഥിക്കുകയും ചെയ്തു. അതോടൊപ്പം എല്ലാം മിനിസ്റ്ററികളും കൗൺസിലുകളും മീറ്റിങ്ങുകൾ നടത്തി.

**6. ലൈഫ് ഇൻ ദി സ്പിരിറ്റ് സെമിനാർ (LSS)**

ആഴ്ചയിൽ ഒരിക്കൽ മൂന്നു മണിക്കൂർ സമയംവീതം 7 ആഴ്ചകൾകൊണ്ട് പൂർത്തിയാകുന്ന എൽ.എസ്.എസ്. സെമിനാർ പാലാ ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് എല്ലാ ഞായറാഴ്ചകളിലും രണ്ടു മണിമുതൽ 5 മണിവരെയും നടന്നു കൊണ്ടിരിക്കുന്നു. 50 പേർ പങ്കെടുത്തുകൊണ്ടിരിക്കുന്നു.

**7. സബ്സോൺ വിസിറ്റിങ്**

ജൂലൈമാസത്തിൽ റവ.ഫാ. ജോസഫ് അരിമറ്റത്തും (പാലാ സോൺ ആനിമേറ്റർ) ശ്രീ മാത്തുക്കുട്ടി താന്നിക്കലും (കോ-ഓർഡിനേറ്റർ) ഓരോ സബ് സോണിന്റെയും ചുമതയുള്ള സർവീസ് ടീം അംഗത്തിനൊപ്പം 18 സബ് സോണുകളിലും സന്ദർശനംനടത്തി.

**ഫാ. ജോസഫ് അരിമറ്റത്ത്** (ഡയറക്ടർ)

**ഫാ. തോമസ് പുതുപ്പറമ്പിൽ**

## ജീസസ് ഫ്രട്ടേണിറ്റി

**യൂണിറ്റ് സമ്മേളനം**

ജീസസ് ഫ്രട്ടേണിറ്റി പാലാ യൂണിറ്റ് അംഗങ്ങൾ ഒത്തുചേർന്ന് തുടർ പ്രവർത്തനങ്ങളും യൂണിറ്റ്തല മാസസമ്മേളനവും, പ്രാർത്ഥനായോഗങ്ങളും നടത്തി.

**ജയിൽസന്ദർശനം**

പാലാ മീനച്ചിൽ സബ് ജയിൽ സന്ദർശിക്കുകയും, ബോധവൽക്കരണക്ലാസ് നയിക്കുകയും, അധികാരികളുമായി ചർച്ച നടത്തുകയും ചെയ്തു.

**പ്രാർത്ഥനാകൂട്ടായ്മ**

ജീസസ് ഫ്രട്ടേണിറ്റി അംഗങ്ങൾ അഡോർട്ടിൽ ഒത്തുകൂടി തടവറയിൽ കഴിയുന്നവർക്കുവേണ്ടിയും അവർക്കിടയിലെ ജീസസ് ഫ്രട്ടേണിറ്റി പ്രവർത്തനങ്ങൾക്കായും പ്രാർത്ഥിച്ചു.

**ഫാ. ജെയിംസ് പൊരുന്നോലിൽ** (ഡയറക്ടർ)

# മൗണ്ട് നെബോ ധ്യാനകേന്ദ്രം

**1.ഏകദിന ദൈവരാജ്യപ്രഘോഷണധ്യാനം**

രണ്ടാം ശനിയാഴ്ചകൾതോറും നടത്തപ്പെടുന്ന ഏകദിന ദൈവരാജ്യപ്രഘോഷണധ്യാനം - രാവിലെ 9 മണിക്ക് ആരംഭിച്ച്, വിശുദ്ധ കുർബാന, തിരുവചനപ്രഘോഷണം, ആരാധന, വിടുതൽശുശ്രൂഷ, അഭിഷേക-കൈവയ്പു ശുശ്രൂഷകൾ എന്നിവയോടുകൂടി 3 മണിക്ക് പൂർത്തിയാകുന്ന ധ്യാനം - ജൂലൈ 12 ന് മൗണ്ട് നെബോ ആബാഭവനത്തിൽ വച്ചു നടത്തി.

**2.പഞ്ചദിന ദൈവരാജ്യാനുഭവധ്യാനം**

ജൂലൈ 13 മുതൽ 19 വരെ മൗണ്ട് നെബോ ആബാഭവനത്തിൽ വച്ച് പഞ്ചദിന ദൈവരാജ്യാനുഭവധ്യാനം നടത്തി.

**3.** നിങ്ങൾ ഇപ്രകാരം പ്രാർത്ഥിക്കുവിൻ എന്നുള്ള നിഷ്കർഷയോടെ നമ്മുടെ കർത്താവ് പഠിപ്പിച്ച സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ എന്ന പ്രാർത്ഥനയെപ്പറ്റി, കത്തോലിക്കാത്തിരുസഭയുടെ മതബോധനഗ്രന്ഥത്തെ അടിസ്ഥാനമാക്കി, പ്രായോഗിക ആത്മീയപ്രസക്തിയോടെ വ്യാഖ്യാനിച്ചു പഠിപ്പിക്കുന്ന പുതിയ തിരുവചനവിചിന്തന പരമ്പര, ആഴ്ചയിൽ 3 ദിവസം വീതം, ജൂലൈ 21 മുതൽ, മൗണ്ട് നെബോയുടെ യൂട്യൂബ് ചാനലിൽ പ്രക്ഷേപണം ആരംഭിച്ചു.

**4. മൗണ്ട് നെബോ ആബാഭവനത്തിൽ അടുത്ത മാസങ്ങളിലെ ശുശ്രൂഷകൾ താഴെപ്പറയുംവിധം ആയിരിക്കും:**

എല്ലാ രണ്ടാം ശനിയാഴ്ചയും 9 am – 3 pm:
ഏകദിന ദൈവരാജ്യപ്രഘോഷണധ്യാനം

2025 ഓഗസ്റ്റ് 10 ഞായർ, 5 pm - 16 ശനി, 9 am:
പഞ്ചദിന ദൈവരാജ്യാനുഭവധ്യാനം

2025 ഓഗസ്റ്റ് 31 ഞായർ, 5 pm - സെപ്റ്റംബർ 6 ശനി, 9 am:
പഞ്ചദിന ദൈവരാജ്യാനുഭവധ്യാനം

2025 ഒക്ടോബർ 12 ഞായർ, 5 pm - 18 ശനി, 9 am:
പഞ്ചദിന ദൈവരാജ്യാനുഭവധ്യാനം

ധ്യാനങ്ങൾക്ക് ബുക്കിങ്ങിന്: mountnebo.online

അന്വേഷണങ്ങൾക്ക്: 9847472522; 7306371028

**ഫാ. തോമസ് വാഴചാരിക്കൽ** (ഡയറക്ടർ)

**ഫാ. മാത്യു കാടൻകാവിൽ** (അസി. ഡയറക്ടർ)

# ദീപിക ഫ്രണ്ട്സ് ക്ലബ്

**1. രൂപതാ എക്സിക്യൂട്ടീവ്**

ദീപിക ഫ്രണ്ട്സ് ക്ലബ് രൂപതാ എക്സിക്യൂട്ടീവ് മീറ്റിങ് കൂടി. 2025 അധ്യയന വർഷത്തിൽ സ്കൂളുകളിലെ ടീച്ചേഴ്സ് കോപ്പി ശേഖരിക്കുന്നതിനും നമ്മുടെ ഭാഷാ പദ്ധതി നടപ്പിലാക്കുന്നതിനും തീരുമാനിക്കുകയുണ്ടായി.

**2. നമ്മുടെ ഭാഷാപദ്ധതി**

നമ്മുടെ ഭാഷാപദ്ധതി സ്കൂൾതലപ്രവർത്തനങ്ങൾ ആരംഭിച്ചു. ചേർപ്പുങ്കൽ ഹോളിക്രോസ് സ്കൂളിലും മുട്ടുചിറ സെന്റ് ആഗ്നസ് എൽ.പി സ്കൂളിലും നമ്മുടെ ഭാഷാപദ്ധതി നടപ്പിലാക്കി.

**3. ദീപിക നമ്മുടെ ഭാഷാ പദ്ധതി ഉദ്ഘാടനം ചെയ്തു**

മഞ്ഞാമറ്റം സെന്റ് ജോസഫ്സ് ഹൈസ്കൂളിൽ ദീപിക നമ്മുടെ ഭാഷാപദ്ധതി ആരംഭിച്ചു. ഹെഡ്മിസ്ട്രസ് സി. റിന്റാ വേത്താനത്ത് എഫ്.സി.സി അധ്യക്ഷത വഹിച്ച യോഗം ദീപിക ഫ്രണ്ട്സ് ക്ലബ് പാലാ രൂപത ഡയറക്ടർ ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം ഉദ്ഘാടനം നിർവ്വഹിച്ചു.

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

# ഇൻഫാം

**എക്സിക്യൂട്ടീവ് കമ്മിറ്റി**

ഇൻഫാം പാലാ കാർഷികജില്ലാ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ ഒരു യോഗം 05-07-2025, 3 pm ന് അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ചു നടത്തി. പ്രസിഡന്റ് ശ്രീ കെ.കെ. ജോസ് കരിപ്പാക്കുടിയിൽ അധ്യക്ഷത വഹിച്ചു. ഡയറക്ടർ ഫാ. ജോസ് തറപ്പേൽ യോഗം ഉദ്ഘാടനം ചെയ്തു. വിവിധ ഇടവകകളിൽ യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള കാര്യങ്ങൾ ആലോചിച്ചു. 8-ാം തീയതി ചേർപ്പുങ്കൽ യൂണിറ്റ് സമ്മേളനത്തിൽ പങ്കെടുക്കുന്നതിനു തീരുമാനിച്ചു. ശ്രീ. പി.സി. ജോസഫ് പന്തിരുപറയിൽ, തോമസ് മറ്റം, ഉണ്ണിക്കുഞ്ഞ് ജോർജ് വെള്ളൂക്കുന്നേൽ, സണ്ണി മുണ്ടയ്ക്കൽ തറപ്പേൽ എന്നിവർ പ്രസംഗിച്ചു.

**ഇൻഫാം ചേർപ്പുങ്കൽ യൂണിറ്റ് സമ്മേളനം**

ഇൻഫാം ചേർപ്പുങ്കൽ യൂണിറ്റിന്റെ ഒരു സമ്മേളനം 08.07.2025 ചൊവ്വാഴ്ച വൈകുന്നേരം 5.30 ന് വികാരി ഫാ. മാത്യു തെക്കേലിന്റെ അധ്യക്ഷതയിൽ പള്ളിമേടയിൽ വച്ചു നടത്തി. യൂണിറ്റ് പ്രസിഡന്റ് ശ്രീ ജോർജ് മുണ്ടുവാലായിൽ സ്വാഗതം ആശംസിച്ചു. ഇൻഫാം പാലാ കാർഷിക ജില്ലാഡയറക്ടർ ഫാ. ജോസ് തറപ്പേൽ യോഗം ഉദ്ഘാടനം ചെയ്തു. യൂണിറ്റ് സെക്രട്ടറി ജോർജുകുട്ടി കൊല്ലംപറമ്പിൽ, ജെയ്സൺ കുഴികോടിയിൽ, ജില്ലാ സെക്രട്ടറി തോമസ് മറ്റം എന്നിവർ പ്രസംഗിച്ചു. യോഗത്തിൽ നാല്പതോളം പേർ പങ്കെടുത്ത് ഇൻഫാം അംഗത്വഫോം പൂരിപ്പിച്ച് ജില്ലാ ഭാരവാഹികളെ ഏല്പിച്ചു.

**സാന്തോം പ്രൊഡ്യൂസർ കമ്പനി ഉദ്ഘാടനത്തോടനുബന്ധിച്ച് കർഷക സംവാദം**

പി.എസ്.ഡബ്ല്യു.എസ്. ആഭിമുഖ്യത്തിലുള്ള സാന്തോം പ്രൊഡ്യൂസർ കമ്പനിയുടെ ഉദ്ഘാടനത്തോടനുബന്ധിച്ച് 14.07.2025 തിങ്കളാഴ്ച ഉച്ചയ്ക്ക് 1.30 ന് കരൂരിൽ വച്ച് ഒരു കർഷകസംവാദം നടത്തപ്പെട്ടു. പി.എസ്. ഡബ്ല്യു.എസ്. പി.ആർ.ഒ. ഡാന്റീസ് കൂനാനിക്കൽ സ്വാഗതം ആശംസിച്ചു. ഇൻഫാം പാലാ കാർഷികജില്ലാ ഡയറക്ടർ ഫാ. ജോസ് തറപ്പേൽ സംവാദം ഉദ്ഘാടനം ചെയ്തു. ഇൻഫാം ജില്ലാ പ്രസിഡന്റ് ഡോ. കെ.കെ. ജോസ് കരിപ്പാക്കുടിയിൽ മോഡറേറ്ററായിരുന്നു. കർഷകസംഘടനകളെ പ്രതിനിധീകരിച്ച് നിരവധിപേർ സംവാദത്തിൽ പങ്കെടുത്തു സംസാരിക്കുകയും കർഷകരുടെ വിവിധ പ്രശ്നങ്ങൾ ഉന്നയിക്കുകയും ചെയ്തു. കർഷകപ്രശ്നങ്ങളുടെ പരിഹാരം സംബന്ധിച്ച് വിലപ്പെട്ട പല നിർദേശങ്ങളും സംവാദത്തിൽ ഉയർന്നുവന്നു.

സംവാദാനന്തരം നടന്ന പാലാ സാന്തോം പ്രോഡ്യൂസർ കമ്പനിയുടെ പ്രൗഢഗംഭീരമായ ഉദ്ഘാടനസമ്മേളനത്തിൽ ഇൻഫാമിന്റെ ജില്ലാ ഭാരവാഹികൾ ഉൾപ്പെടെ 75 ഇൻഫാം അംഗങ്ങൾ പങ്കെടുത്തു.

**ഫാ. ജോസ് തറപ്പേൽ** (ഡയറക്ടർ)




## JULY 2025

| | | |
|---|---|---|
| 1 | 3.00 pm | ചേർപ്പുങ്കൽ മെഡിസിറ്റി ആശുപത്രിയിൽ ഡോക്ടേഴ്സ് ഡേ ആഘോഷത്തിൽ പങ്കെടുത്ത് സന്ദേശം നൽകി |
| 2 | 10. 30 am | പാളയം ഇടവകയിൽ കുടിയിരിപ്പിൽ മേരിക്കുട്ടിയുടെ മൃതസംസ്കാരകർമ്മത്തിന്റെ വീട്ടിലെ കർമ്മങ്ങൾ നടത്തി. |
| | 6.30 pm | മുളന്തുരുത്തിയിൽ ശ്രേഷ്ഠ കാതോലിക്കാ ആബൂൻ മോർ ബസേലിയോസ് ജോസഫ് ബാവാ തിരുമേനിയുടെ സ്വീകരണയോഗം ഉദ്ഘാടനം ചെയ്തു പ്രഭാഷണം നടത്തി. |
| 3 | 9:30 am | ദുക്റാനതിരുനാളിൽ പാലാ കത്തീഡ്രൽ ദൈവാലയത്തിൽ പരിശുദ്ധ കുർബാനയർപ്പിച്ചു സന്ദേശം നൽകി. |
| | 2.30 pm | കൂട്ടിക്കൽ ഇടവകയിൽ പേഴുംകാട്ടിൽ മറിയാമ്മ തോമസിന്റെ മൃതസംസ്കാരശുശ്രൂഷയിൽ വീട്ടിലെ കർമ്മങ്ങൾ നടത്തി. |
| | 4.00 pm | ബിഷപ്സ് ഹൗസിൽ ബഹു. തോമസ് മൂലയിലച്ചന്റെ പുതിയ ബുക്കിന്റെ പ്രകാശനം നടത്തി. |
| | 5.00 pm | മഞ്ഞാമറ്റം ഇടവകയിൽ പുതുതായി നിർമ്മിക്കുന്ന ദൈവാലയത്തിന്റെ ശിലാസ്ഥാപനകർമ്മം നടത്തി. |
| | 6.00 pm | മെഡിസിറ്റിയിൽ പുതിയ സിഇഒ ആയി ബഹു. അഗസ്റ്റിൻ കൂട്ടിയാനിയച്ചനെ നിയമിച്ചു. |
| 4 | 9.00 am | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| 5 | 10.30 am | കടുത്തുരുത്തിയിൽ നടന്ന 'വടക്കുംകൂർ രാജ്യവും കടുത്തുരുത്തിയും' സംസ്ഥാന ചരിത്ര സെമിനാറിൽ പങ്കെടുത്തു. |
| | 2.45 pm | പാലാ സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ വിന്നേഴ്സ് ഡേ ഉദ്ഘാടനം ചെയ്തു സന്ദേശം നൽകി. വിജയികളെ അനുമോദിച്ചു. |
| 6 | 2.45 pm | ബിഷപ്സ് ഹൗസിൽ നടന്ന അസംഘടിതതൊഴിലാളി സംഗമം ഉദ്ഘാടനം ചെയ്തു. |
| | 4.00 pm | ഏറ്റുമാനൂർ ക്നാനായ പള്ളിയിൽ അഭിവന്ദ്യ മാർ ജോസഫ് പണ്ടാരശേരിപ്പിതാവിന്റെ അമ്മയുടെ മൃതസംസ്കാര കർമ്മത്തിൽ പങ്കെടുത്തു. |

| | | |
|---|---|---|
| 07 | 9.30 am | പ്രവിത്താനം ഇടവകയിൽ കാര്യാങ്കൽ റൂബിയുടെ മൃതദേഹത്തിനുസമീപം ഒപ്പീസ് പ്രാർത്ഥന ചൊല്ലി. |
| | 3.00 pm | ബിഷപ്സ് ഹൗസിൽ ഫൊറോനാവികാരിമാരുടെ മീറ്റിങ്ങിൽ സന്ദേശം നൽകി. |
| | 6.30 pm | ഭരണങ്ങാനം അൽഫോൻസാ തീർഥാടനപ്പള്ളിയുടെ ഗവേണിങ് ബോഡി മീറ്റിങ്ങിൽ സംബന്ധിച്ചു. |
| 08 | 9.00 am | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 3.00 pm | വാലാച്ചിറ ഇടവകയിൽ ചാർത്താംകാലായിൽ കുര്യാക്കോസ് സേവ്യറിന്റെ മൃതസംസ്കാരശുശ്രൂഷയിൽ വീട്ടിലെ കർമ്മങ്ങൾ നടത്തി. |
| 10 | 10.00 am | തൃശ്ശൂരിൽ പൗരസ്ത്യ കൽദായ സുറിയാനി സഭയുടെ മുൻ അധ്യക്ഷൻ മാർ അപ്രേം മെത്രാപ്പോലീത്തായുടെ മൃതസംസ്കാരശുശ്രൂഷയിൽ പങ്കെടുത്തു. |
| | 7.30 pm | രാമപുരം ഇടവകയിൽ പുതിയിടത്തുചാലിൽ പി. റ്റി. ദേവസ്യ പുതിയിടത്തുചാലിന്റെ മൃതദേഹത്തിനു സമീപം ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| 11 | 3.00 pm | മണ്ണാറപ്പാറ ഇടവക ദേവാലയം വൃത്തിയാക്കുന്നതിനിടയിൽ അപകടത്തിൽ മരിച്ച കൈക്കാരൻ ഔസേപ്പച്ചന്റെ മൃതസംസ്കാരശുശ്രൂഷയുടെ ദൈവാലയത്തിലെ കർമ്മങ്ങൾ നടത്തി. |
| | 4.30 pm | ഉദയഗിരി ഇടവകയിൽ തോട്ടത്തിൽ മാത്യുവിന്റെ മൃതദേഹത്തിനു സമീപം ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 7.00 pm | അരുവിത്തുറ ഇടവകയിൽ പാലാത്ത് ഐറിൻ ജിമ്മിയുടെ മൃതദേഹത്തിനു സമീപം ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| 12 | 9.30 am | കവീക്കുന്ന് ഇടവകയിൽ മാളിയേക്കൽ കുടുംബയോഗത്തിൽ സന്ദേശം നൽകി. |
| | 11.30 am | കയ്യൂർ ഇടവകയിൽ ആഘോഷമായ വിശുദ്ധ കുർബാന സ്വീകരണം നടത്തി. |
| | 6.30 pm | ചിറ്റാർ പള്ളിയിൽ ഇടയനടുത്ത സന്ദർശനത്തിന്റെ ഭാഗമായുള്ള പ്രതിനിധിയോഗത്തിലും ജപമാലപ്രാർത്ഥനയിലും സംബന്ധിച്ചു. |
| 13 | 7.45 am | ചിറ്റാർ പള്ളിയിൽ ഇടയനടുത്ത സന്ദർശനം നടത്താനായി എത്തിച്ചേർന്നു. ഇടവകാംഗങ്ങളോടൊത്തു വിശുദ്ധ കുർബാനയർപ്പിച്ചു വചനസന്ദേശം നൽകി. സെമിത്തേരി സന്ദർശനം നടത്തി. തുടർന്നു നടന്ന പൊതുയോഗത്തിലും സംബന്ധിച്ചു. |
| 14 | 2.30 pm | പാലാ മുണ്ടുപാലം സ്റ്റീൽ ഇന്ത്യാ കാമ്പസിൽ പുതുതായി നിർമ്മിച്ച സാൻതോം ഫുഡ് ഫാക്ടറിയുടെ വെഞ്ചരിപ്പു കർമ്മം നിർവഹിച്ചു. |

| | | |
|---|---|---|
| 15 | 3:00 pm | ളാലം പഴയപള്ളിയിൽ സി. മരീന ഡി.എസ്.റ്റിയുടെ മൃതസംസ്കാരശുശ്രൂഷയുടെ ദേവാലയത്തിലെ കർമ്മങ്ങൾ നടത്തി. |
| | 4.30 pm | മുട്ടുചിറ ഇടവകയിൽ ഹോം പാലാ പ്രോജക്ടിന്റെ ഭാഗമായി നിർമ്മിച്ച ഭവനത്തിന്റെ വെഞ്ചരിപ്പുകർമ്മം നിർവഹിച്ചു. |
| 16-17 | | മംഗലപ്പുഴ സെമിനാരി കമ്മീഷൻ സന്ദർശനം നടത്തി. |
| 18 | 9.00 am | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 10.30 am | ചൂണ്ടച്ചേരി സെന്റ് ജോസഫ്സ് കാറ്ററിങ് കോളേജിൽ നടന്ന അന്തർദേശീയ സെമിനാർ ഉദ്ഘാടനം ചെയ്തു. |
| 19 | 11:00 am | ഭരണങ്ങാനം വി. അൽഫോൻസാ ഷ്റൈനിൽ തിരുനാൾ കൊടിയുയർത്തൽ കർമ്മം നടത്തി. |
| | 12.00 | ചൂണ്ടച്ചേരി എൻജിനീയറിങ് കോളജിൽ വച്ചു നടത്തിയ പ്രവാസിസംഗമം ഉദ്ഘാടനം ചെയ്തു സന്ദേശം നൽകി. |
| 20 | 10.00 am | പാലാ അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നടന്ന വിൻസന്റ് ഡി പോൾ സൊസൈറ്റിയുടെ വാർഷികസമ്മേളനം ഉദ്ഘാടനം ചെയ്തു സന്ദേശം നൽകി. |
| 21 | 10.00 am | മൂലമറ്റം ഇടവകയിൽ പൈകട കുട്ടിയച്ചന്റെ മൃതസംസ്കാരശുശ്രൂഷയുടെ വീട്ടിലെ കർമ്മങ്ങൾ നടത്തി. |
| | 4. 00 pm | മലയിഞ്ചിപ്പാറ ഇടവകയിൽ AKCC യുടെ നേതൃത്വത്തിൽ പണിതീർത്ത ഭവനത്തിന്റെ വെഞ്ചരിപ്പുകർമ്മം നിർവഹിച്ചു. |
| 22-23 | | റീജിയണൽ ബിഷപ്സ് ധ്യാനത്തിൽ പങ്കെടുത്തു. |
| 25 | | മോൺ. ജോർജ് ചൂരക്കാട്ടച്ചന്റെ മൃതസംസ്കാരശുശ്രൂഷ നടത്തി. |
| 26 | | രൂപത പ്ലാറ്റിനം ജൂബിലിസമാപനം. |
| 27 | 11.00 am | മീനച്ചിൽ ഇടവകയിൽ പുതുതായി നിർമ്മിക്കുന്ന പാരിഷ് ഹാളിന്റെ ശിലാസ്ഥാപനം നടത്തി. |
| | 5.30 pm | ചെമ്മലമറ്റം ഇടവകയിൽ അഭിവന്ദ്യ മാർ ജോസ് സെബാസ്റ്റ്യൻ തെക്കുംചേരിക്കുന്നേൽ പിതാവിന്റെ സ്വീകരണസമ്മേളനം ഉദ്ഘാടനം ചെയ്തു ആശംസകൾ അറിയിച്ചു. |
| 28 | 10.30 am | വി. അൽഫോൻസാമ്മയുടെ തിരുനാൾദിനത്തിൽ ഭരണങ്ങാനം ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ചുപ്രാർത്ഥിച്ചു. |
| 29 | 9:00 am | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 2.30 pm | രാമപുരം മാർ ആഗസ്തീനോസ് കോളജിൽ നടന്ന ലഹരി വിരുദ്ധ സെമിനാർ ഉദ്ഘാടനം ചെയ്തു സന്ദേശം നൽകി. |

| | | |
|---|---|---|
| 30 | 11.00 am | കടനാട് ഇടവകയിൽ പീടികമലയിൽ ജോർജിന്റെ മൃതസംസ്കാരശുശ്രൂഷയുടെ വീട്ടിലെ കർമ്മങ്ങൾ നടത്തി. |
| | 3.00 pm | ADCP എക്സിക്യൂട്ടീവ് മീറ്റിങ്ങിൽ സംബന്ധിച്ചു. |
| | 6.00 pm | ഛത്തീസ്ഗഡിൽ അറസ്റ്റിലായ സമർപ്പിതർക്കുവേണ്ടി ഭരണങ്ങാനത്ത് നടത്തിയ ജപമാലപ്രദക്ഷിണത്തിൽ പങ്കെടുത്തു സന്ദേശം നൽകി. |
| 31 | 11.00 am | ചേർപ്പുങ്കൽ മെഡിസിറ്റിയിൽ ഹാർട്ട് ഫെയ്‌ലിയർ ക്ലിനിക് ഉദ്ഘാടനം ചെയ്തു. |
| | 3.30 pm | സെന്റ് തോമസ് പ്രസ്സിന്റെ വെഞ്ചരിപ്പുകർമ്മം നിർവഹിച്ചു. |

20.07.2025







വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ വാർഷികസമ്മേളനം
അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ്
ഉദ്ഘാടനം ചെയ്തു സന്ദേശം നൽകുന്നു.

27.07.2025







അഭിവന്ദ്യ മാർ ജോസ് സെബാസ്റ്റ്യൻ തെക്കുംചേരിക്കുന്നേൽ
പിതാവിന് മാതൃ ഇടവകയായ ചെമ്മലമറ്റം പന്ത്രണ്ടു ശ്ലീഹന്മാരുടെ
പള്ളിയിൽ നൽകിയ സ്വീകരണച്ചടങ്ങിൽനിന്ന്.

28.07.2025











ഭരണങ്ങാനം വി. അൽഫോൻസാമ്മയുടെ തിരുനാൾ ദിനത്തിൽ
വി. കുർബാന അർപ്പിച്ചു പ്രാർത്ഥിക്കുന്ന
അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവും
അഭിവന്ദ്യ മാർ ജോസഫ് സ്രാമ്പിക്കൽപിതാവും

29.07.2025







KCBC മദ്യവിരുദ്ധസമിതി പാലാ രൂപത ലഹരി വിരുദ്ധ മാസാചരണ
സമാപനം രാമപുരം സെന്റ് അഗസ്റ്റിൻസ് ഫൊറോന പള്ളി
പാരിഷ്ഹാളിൽ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ്
ഉദ്ഘാടനം ചെയ്തു സന്ദേശം നൽകുന്നു



## സ്നേഹസ്മരണയ്ക്ക്



# മോൺ. ഫാ. ജോർജ്

## ചൂരക്കാട്ട്

നമ്മുടെ മുൻ പ്രോട്ടോ സിഞ്ചെല്ലൂസ് ബഹു. മോൺ. ഫാ ജോർജ് ചൂരക്കാട്ട് 2025 ജൂലൈ 24 വ്യാഴാഴ്ച നിര്യാതനായി. ജോസഫ്–മറിയം ദമ്പതികളുടെ മകനായി 1943 ഡിസംബർ 24 ന് പാദുവായിൽ ജനിച്ച ബഹുമാനപ്പെട്ട അച്ചൻ പ്രാഥമികവിദ്യാഭ്യാസത്തിനുശേഷം തൃശ്ശൂർ സെന്റ് തോമസ് കോളജിൽനിന്നും ഉന്നതവിദ്യാഭ്യാസം നേടി. തുടർന്ന് 1960 ൽ പാലാ രൂപതയുടെ ഗുഡ്ഷെപ്പേർഡ് മൈനർ സെമിനാരിയിൽ ചേർന്ന് വൈദികപരിശീലനം ആരംഭിച്ചു.

തത്ത്വശാസ്ത്ര - ദൈവശാസ്ത്രപഠനങ്ങൾ കർമ്മലഗിരി മംഗലപ്പുഴ സെമിനാരിയിൽ പൂർത്തിയാക്കി. 1968 ഡിസംബർ 19 ന് ഭാഗ്യസ്മരണാർഹനായ അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വയലിൽ പിതാവിന്റെ കൈവയ്പ്പിലൂടെ പാലാ രൂപതയുടെ വൈദികനായി ഉയർത്തപ്പെട്ടു. തുടർന്ന്, മണ്ണാറപ്പാറ, ളാലം ഓൾഡ് എന്നീ പള്ളികളിൽ സഹവികാരിയായി സേവനമനുഷ്ഠിച്ചു. 1972 മുതൽ 1976 വരെ തുടർപഠനം ബെൽജിയം ലൂവൈൻ യൂണിവേഴ്സിറ്റിയിൽ പൂർത്തിയാക്കി. തുടർന്ന് പാലാരിവട്ടം POC ഡയറക്ടറായും, KCBC ഡെപ്യൂട്ടി സെക്രട്ടറിയായും അച്ചൻ 1984 വരെ സേവനം ചെയ്തു.

1984 മുതൽ രൂപതാ മൈനർ സെമിനാരിയിൽ പ്രൊഫസറായി സേവനമനുഷ്ഠിച്ച അച്ചൻ 1986 മുതൽ 1992 വരെ മൈനർ സെമിനാരി റെക്ടറായി. 1992 മുതൽ കത്തീഡ്രൽ പള്ളി വികാരിയായും 2000 മുതൽ 2005 വരെ കടുത്തുരുത്തി ഫൊറോനപ്പള്ളി വികാരിയായും സേവനമനുഷ്ഠിച്ചു. 2005 മുതൽ 2012 വരെ രൂപതയുടെ പ്രോട്ടോ സിഞ്ചെല്ലൂസായും 2015 വരെ സിഞ്ചെല്ലൂസായും അച്ചൻ സ്തുത്യർഹമായ സേവനം ചെയ്തു. 2015 മുതൽ 2019 വരെ മാർ അപ്രേം ഫോർമേഷൻ സെന്ററിന്റെ റെക്ടറായിരുന്ന അച്ചൻ 2019 മുതൽ 2023 വരെ മാർ അപ്രേം പ്രീസ്റ്റ് ഹോം ഡയറക്ടറായി. 2023 മുതൽ വിശ്രമത്തിലായിരുന്ന അച്ചൻ 2025 ജൂലൈ 24 ന് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. 2025 ജൂലൈ 25 വെള്ളിയാഴ്ച ഉച്ചയ്ക്ക് 1.30 ന് വി. കുർബാനയോടെ ആരംഭിച്ച മൃതസംസ്കാരശുശ്രൂഷകൾക്കുശേഷം പാദുവാ സെന്റ് ആന്റണീസ് സെമിത്തേരിയിൽ മൃതദേഹം സംസ്കരിച്ചു.

15.07.2025

## ഹോം പാലാ

മുട്ടുചിറ



21.07.2025

മലയിഞ്ചിപ്പാറ



---

സ്നേഹസ്മരണയ്ക്ക്



### സി. മരീനാ DST
**കല്ലറങ്ങാട്ട്**

ഇടവക : മൂലമറ്റം
ജനനം : 26.07.1933
നിത്യവ്രതം : 22.06.1981
മരണം : 12.07.2025
മൃതസംസ്കാരം : പാലാ

സേവനമണ്ഡലങ്ങൾ:
അരുവിത്തുറ, ഒലിപ്പാറ, മാലാപ്പറമ്പ്
കുടിയാൻമല, പാലമ്പ്ര, ഇടക്കോം
നീലിവയൽ, പാലാ, കുട്ടൻമ്പുഴ
ചോലത്തടം, കരിമ്പൻ
ഇളംതോട്ടം, കുറവിലങ്ങാട്

സ്നേഹസ്മരണയ്ക്ക്



### സി. ലിറ്റിൽ തെരേസ് S.A.B.S
**മഠത്തിക്കുന്നേൽ**

ഇടവക : മുട്ടുചിറ
ജനനം : 30.04.1937
നിത്യവ്രതം : 20.05.1967
മരണം : 19.07.2025
മൃതസംസ്കാരം : നെല്ലിയാനി

സേവനമണ്ഡലങ്ങൾ:
സെന്റ് തോമസ് പ്രസ്സ്,
ക്രൈസ്റ്റ് ഹാൾ, നെല്ലിയാനി

സ്നേഹസ്മരണയ്ക്ക്



### സിസ്റ്റർ ഉദയ SMS
**ഇലഞ്ഞിക്കൽ**

ഇടവക : അയർക്കുന്നം
ജനനം : 11.08.1957
നിത്യവ്രതം : 16.05.1983
മരണം : 07.07. 2025
മൃതസംസ്കാരം : ളാലം

സേവനമണ്ഡലങ്ങൾ:
പാലാ, വൈക്കം, മുണ്ടൻകുന്ന്,
പാലക്കാട്ടുമല, ജഗദൽപൂർ

12.07.2025
13.07.2025

# ഇടയനടുത്ത സന്ദർശനം - ചിറ്റാർ ഇടവക















2025
AUGUST

SANTHWANAPRAKASHAM
PALAI DIOCESAN BULLETIN

# Inauguration
# Platinum Jubilee Conclusion




Printed at St.Thomas Press, Palai and Published by Fr. Sebastian Pendanam